ISSN-0971-8397

# യോജന

മാർച്ച് 2016 | ഒരു വികസന പത്രിക | ₹ 30

## കേന്ദ്ര ബജറ്റ് 2016–17




**ഫോക്കസ്**

**കാർഷിക മേഖലയ്ക്ക് ഉത്തേജനം**
സി.എസ്.സി. ശേഖർ

**അടിസ്ഥാന സൗകര്യ വികസനം നേരിടുന്ന വെല്ലുവിളികൾ**
ജി. രഘുറാം

**സാമ്പത്തിക സർവ്വേ വിശകലനം**
ഡി.എച്ച്.പൈ പനാൻദിക്കർ

**റയിൽവേ ബജറ്റ് : ദീർഘവീക്ഷണത്തിലൂടെ വികസനത്തിലേക്ക്**
ശാന്തി നരേൻ

**പ്രത്യേക ലേഖനം**

**ബാങ്കിങ് മേഖല : പുനരുദ്ധരിക്കാൻ ബജറ്റിനാവുമോ?**
എൻ.ആർ. ഭാനുമൂർത്തി

## റോഡ് സുരക്ഷയ്ക്കായുള്ള സേതു ഭാരതം പദ്ധതി ആരംഭിച്ചു

ദേശീയ പാതയിൽ കൂടി സുരക്ഷിതമായും തടസ്സങ്ങളില്ലാതെയും യാത്ര ചെയ്യാനുപകരിക്കുന്ന 'സേതു ഭാരതം' പദ്ധതിക്ക് ന്യൂഡൽഹിയിൽ പ്രധാനമന്ത്രി തുടക്കം കുറിച്ചു. 2019 ഓടെ ദേശീയ പാതയിൽ റെയിൽവേ ക്രോസിങ്ങുകൾ ഒഴിവാക്കുക എന്നതാണ് ഈ പദ്ധതിയുടെ മുഖ്യ ലക്ഷ്യം. റെയിൽവേ ലെവൽ ക്രോസിങ്ങുകളിൽ തുടർച്ചയായി ഉണ്ടാവുന്ന അപകടങ്ങളും തുടർ മരണങ്ങളും ഇല്ലാതാക്കാൻ ഇതുപകരിക്കും. 20,800 കോടി രൂപ ചെലവിൽ ഏതാണ്ട് 208 റെയിൽവേ മേൽപ്പാലങ്ങളും അണ്ടർ ബ്രിഡ്ജുകളും ഈ പദ്ധതിയുടെ ഭാഗമായി നിർമ്മിക്കപ്പെടും.

208 റെയിൽവേ മേല്പ്പാലങ്ങളുടെ വിശദാംശങ്ങൾ താഴെ പറയുന്നു:

- ആന്ധ്രാപ്രദേശ്- 31
- ഛത്തീസ്ഗഡ്- 5
- ഹിമാചൽ പ്രദേശ്- 5
- കേരളം- 4
- ഒഡിഷ -4
- തമിഴ്നാട് -9
- വെസ്റ്റ് ബംഗാൾ -22
- ആസ്സാം -12
- ഗുജറാത്ത്-8
- ജാർഖണ്ഡ് - 11
- മധ്യപ്രദേശ്-6
- പഞ്ചാബ് -10
- ഉത്തരാഖണ്ഡ് -2
- ബീഹാർ -20
- ഹരിയാന- 10
- കർണാടക -17
- മഹാരാഷ്ട്ര-12
- രാജസ്ഥാൻ-9
- ഉത്തർപ്രദേശ് -9

ഇതിൽ 73 റെയിൽവേ ഓവർബ്രിഡ്ജുകൾക്ക് വേണ്ടിയുള്ള പ്രോജക്ട് റിപ്പോർട്ടുകൾ ഇതിനകം തന്നെ സമർപ്പിക്കപ്പെട്ടിടുണ്ട്, ഇതിൽ 64 എണ്ണത്തിന് 5600 കോടി രൂപ നിർമ്മാണ ചിലവിൽ ഈ സാമ്പത്തിക വർഷം തന്നെ അനുവാദം നല്കുമെന്ന് പ്രതീക്ഷിക്കുന്നു

ഇതിനുപുറമേ ഏതാണ്ട് 1500 ഓളം പഴകിയതോ ജീർണിച്ചതോ ആയ അണ്ടർ ബ്രിഡ്ജുകൾ ഘട്ടം ഘട്ടമായി, ദൃഢപ്പെടുത്താനോ, വീതി കൂട്ടാനോ പുതുതായി നിർമ്മിക്കാനോ പദ്ധതിയുണ്ട്. ഏതാണ്ട് 30,000 കോടിയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. മാർച്ച് 2016 ഓടെ ഇതു സംബന്ധിച്ചുള്ള കൺസൽട്ടൻസി ഉറപ്പിക്കാൻ ആകുമെന്നാണ് കരുതുന്നത്.

ഗതാഗത മന്ത്രാലയം, 'ഇന്ത്യൻ ബ്രിഡ്ജ് മാനേജ്മെന്റ് സിസ്റ്റം' ഉത്തർപ്രദേശിലെ നോയിഡയിലെ ഇന്ത്യൻ അക്കാദമി ഫോർ ഹൈവേ എഞ്ചിനീയർസിൽ വികസിപ്പിച്ചിട്ടുണ്ട്. ഇത് വഴി ഇന്ത്യയിലെ ദേശീയപാതയിലുള്ള പാലങ്ങളെപ്പറ്റി സർവ്വേ നടത്താനും അവയുടെ നിലവിലെ സ്ഥിതിയെപ്പറ്റി വിലയിരുത്താനും മൊബൈൽ ഇൻസ്പെക്ഷൻ യൂണിറ്റ് ഉപയോഗിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി 11 കൺസൽട്ടൻസികളെ ഏർപ്പാടാക്കിയിട്ടുണ്ട്. 50,000 പാലങ്ങൾ ഇതുവരെ പൂർത്തിയാക്കി കഴിഞ്ഞു. 2016 ജൂണോടെ ആദ്യഘട്ടം പൂർണ്ണമാകുമെന്നാണ് കരുതുന്നത്. ഇങ്ങനെ ക്രോഡീകരിക്കപ്പെടുന്ന ഡാറ്റ ബേസ് ഇത്തരത്തിലുള്ളതിൽ ഏറ്റവും വലുതുമായിരിക്കും. അതുപോലെ ദേശീയ പാത വഴിയുള്ള ഭാരമേറിയതും വലിപ്പക്കൂടുതലുമുള്ള ചരക്കു കൈമാറ്റത്തെ ഇത് ലഘൂകരിക്കുമെന്നും കരുതുന്നു.

# യോജന

മാർച്ച് 2016

വാല്യം 44 | ലക്കം 8

മലയാളം പതിപ്പ്



*ചീഫ് എഡിറ്റർ:*
**ദീപിക കച്ചൽ**

*സീനിയർ എഡിറ്റർ:*
**ധന്യ സനൽ കെ.**

*എഡിറ്റർ ഇൻ ചാർജ്:*
**ജെ. മഹേഷ് കുമാർ**





**ഈ ലക്കത്തിൽ**

## കേന്ദ്ര ബജറ്റ് 2016–17


**മലയാളം പതിപ്പ് :** റ്റി.സി 25/139, ഗവണ്മെന്റ് പ്രസ് റോഡ്, തിരുവനന്തപുരം – 695 001. ഫോൺ : 0471 – 2323826
ഇ–മെയിൽ : yojanamal50@yahoo.co.in

**വെബ്സൈറ്റ്** : www.yojana.gov.in

**ഇ–മെയിൽ** : yojanace@gmail.com

വരിസംഖ്യ/ബിസിനസ് സംബന്ധമായ വിവരങ്ങൾക്ക് : pdjucir@gmail.com

ആസൂത്രണവും വികസനവും ലക്ഷ്യമാക്കി മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ബംഗാളി, തമിഴ്, അസമിയ, മറാഠി, തെലുങ്ക്, ഗുജറാത്തി, ഉറുദു, പഞ്ചാബി, കന്നട, ഒറിയ എന്നീ 13 ഭാഷകളിൽ പ്രസിദ്ധീകരിക്കുന്നത്.

ഇംഗ്ലീഷ് യോജനയുടെ വരിസംഖ്യാ സംബന്ധമായ അന്വേഷണങ്ങൾക്ക് എഴുതേണ്ട വിലാസം:
ബിസിനസ് മാനേജർ (സർക്കുലേഷൻ ആന്റ് അഡ്വർടൈസ്മെന്റ്) പബ്ലിക്കേഷൻസ് ഡിവിഷൻ, റൂം നം. 48–53, സൂചനാ ഭവൻ, സിജിഒ കോംപ്ലക്സ്, ലോധി റോഡ് ന്യൂഡൽഹി 110 003

വരിസംഖ്യ: ഒരു വർഷം 230/–, രണ്ടു വർഷം 430/–, മൂന്നു വർഷം 610/–



യോജനയിൽ അച്ചടിച്ചു വരുന്ന ലേഖനങ്ങളിലെ അഭിപ്രായം ലേഖകരുടേതായിരിക്കും; അവ സർക്കാരിന്റേതാകണമെന്നില്ല. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും യോജനയ്ക്ക് ഉത്തരവാദിത്തമില്ല.


യോജനയുടെ ഉദ്ദേശ്യം വികസനത്തിന്റെ സന്ദേശം നാടെങ്ങും എത്തിക്കുകയാണ്. പക്ഷേ ഇതിൽ ഔദ്യോഗികാഭിപ്രായങ്ങൾക്കു മാത്രമല്ല സ്ഥാനം നല്കപ്പെടുക. ജനാഭിലാഷങ്ങളുടെയും നൈരാശ്യങ്ങളുടെയും കണ്ണാടി കൂടിയാണ് യോജന.

കവർ : ജി.പി. ധോപെ







## ലേഖനങ്ങൾ ക്ഷണിയ്ക്കുന്നു

**സമ്പദ് വ്യവസ്ഥ, ആരോഗ്യ, വിദ്യാഭ്യാസ, സാമൂഹ്യക്ഷേമ മേഖലകളിലെ പ്രവണതകൾ എന്നിവ സ്ഥിതിവിവര കണക്കുകളോടെ വിശകലനം ചെയ്യുന്ന**

# ലേഖനങ്ങൾ

**വിദഗ്ദ്ധരിൽനിന്നും ഗവേഷണ വിദ്യാർത്ഥികളിൽനിന്നും**

## ക്ഷണിക്കുന്നു

*വിലാസം:*

പത്രാധിപർ, യോജന, ഗവ. പ്രസ്സ് റോഡ്, തിരുവനന്തപുരം 695 001

ഇ–മെയിൽ :

yojanamal50@yahoo.co.in

യോജന
● മാർച്ച് 2016 ●വാല്യം 44 ●ലക്കം എട്ട്

# ഉള്ളടക്കം

## കേന്ദ്ര ബജറ്റ് 2016–17

7 ഫോക്കസ്
കാർഷിക മേഖലയ്ക്ക് ഉത്തേജനം പകരുന്ന ബജറ്റ്
സി.എസ്.സി. ശേഖർ
11 അടിസ്ഥാന സൗകര്യ വികസനം നേരിടുന്ന വെല്ലുവിളികൾ
ജി. രഘുറാം
15 സാമ്പത്തിക സർവേ വിശകലനം
ഡി. എച്ച്. പൈ പനാൻദിക്കർ
20 സാമ്പത്തിക ഏകീകരണവും ബജറ്റിലെ മാർഗനിർദ്ദേശങ്ങളും
ബി.വി. മധുസൂദൻ റാവു
24 പ്രത്യേക ലേഖനം
ബാങ്കിങ് മേഖല: പുനരുദ്ധരിക്കാൻ ബജറ്റിനാകുമോ?
എൻ. ആർ. ഭാനുമൂർത്തി, മനീഷ് പ്രസാദ്
27 മേക്ക് ഇൻ ഇന്ത്യ, സ്റ്റാർട്ട് അപ്പ് സംരംഭങ്ങളിലൂടെ വൻ തൊഴിലവസരങ്ങൾ
നീരജ് ബാജ്പൈ
32 സാമ്പത്തിക മുൻകരുതൽ വിവിധ കമ്മി സൂചകങ്ങളിലൂടെ
ഡോ. അമിയ കുമാർ മോഹപാത്ര
36 ബജറ്റിലെ നികുതി പരിഷ്ക്കാരങ്ങൾ
ജയന്താ റോയ് ചൗധരി
39 ആരോഗ്യ ബജറ്റ്: ഒരു അവലോകനം
ഉർമി എ. ഗോസ്വാമി
42 വിദ്യാഭ്യാസ മേഖലയ്ക്ക് ബജറ്റ് നൽകുന്ന പ്രതീക്ഷകൾ
പ്രൊദിവ കുണ്ഡു
48 ജൻഡർ ബജറ്റിങ്: ആവശ്യകതയും സാധ്യതകളും
ഡോ. ഷഹിൻ റാസി
51 ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനവും വൈദ്യുതീകരണവും
ഹീരാൻമയ് റോയ്, അനിൽകുമാർ, പ്രസൂം ദ്വിവേദി
55 കേന്ദ്ര ബജറ്റ് : വികസനവും കരുതലും കൈകോർക്കുമ്പോൾ
ഡോ. ജോസ് സെബാസ്റ്റ്യൻ
62 റെയിൽ ബജറ്റ്: ദീർഘവീക്ഷണത്തിലൂടെ വികസനത്തിലേക്ക്
ശാന്തി നരേൻ
65 അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകി റെയിൽ ബജറ്റ്
എം.കെ. ഗോപിനാഥ്, എം. ജയൻ
67 കേരളം പ്രഥമ ഡിജിറ്റൽ സംസ്ഥാനം
സെയ്ദ് ഷിയാസ്
72 കേര ഉത്പന്നരംഗത്ത് വൻ തൊഴിലവസരങ്ങൾ
ആർ. ജ്ഞാനദേവൻ
74 നിങ്ങൾക്കറിയാമോ?

## അടുത്ത ലക്കം

ഏപ്രിൽ 2016

**വടക്കു കിഴക്കൻ മേഖല**

# ഭാരതം വികസനത്തിന്റെ നവ വീഥിയിൽ

ദരിദ്രർക്കും, കർഷകർക്കും മുൻഗണന നൽകി വളർച്ചക്ക് ഊന്നൽ നൽകുന്നു എന്നാണ് 2016-17 ബജറ്റിനെക്കുറിച്ചുള്ള പൊതു അഭിപ്രായം. ഇന്ത്യയുടെ സാമ്പത്തിക മേഖലയിൽ ജി.ഡി.പി.യുടെ 17% വും കാർഷിക മേഖലയാണ് സംഭാവന നല്കുന്നത്. ആകെ തൊഴിൽ ശക്തിയുടെ 50%വും കാർഷിക മേഖലയിലാണ്. 2022-ഓടെ കർഷകരുടെ വരുമാനം ഇരട്ടിപ്പിക്കും എന്നതാണ് ഇത്തവണത്തെ ഗവണ്മെന്റ് നയം. കഴിഞ്ഞതവണത്തേതിൽ നിന്നും ഏതാണ്ട് ഇരട്ടി തുകയാണ് (42000 കോടി രൂപ) കർഷകരേയും കൃഷിയെയും പരിപോഷിപ്പിക്കാനായി സർക്കാർ നീക്കി വച്ചിരിക്കുന്നത്. ഒരു സുരക്ഷിത വരുമാനം എന്ന ചിന്ത കർഷകർക്ക് നല്കുവാൻ ഈ ബജറ്റ് തീർച്ചയായും സഹായിക്കും.

തുടർച്ചയായി രണ്ട് വർഷങ്ങളിൽ ഉണ്ടായ വൃഷ്ടിക്കുറവിന്റെ വെളിച്ചത്തിൽ 'പ്രധാനമന്ത്രി ജലസേചന പദ്ധതി', 'പ്രധാനമന്ത്രി വിള ഇൻഷുറൻസ്' പദ്ധതി എന്നിവ ബജറ്റിൽ ഉൾപ്പെടുത്തി വേണ്ടത്ര തുക വകയിരുത്തിയത് കർഷകർക്ക് ആശ്വാസവും ആത്മവിശ്വാസവും പകരും.

ജനപ്രിയം എന്നതിലുപരി ഈ ബജറ്റ് ലക്ഷ്യംവയ്ക്കുന്നത് വികസനാടിസ്ഥാനത്തിൽ ഓരോ മേഖലയ്ക്കും തുക നീക്കിവയ്ക്കാനാണ്. ഗ്രാമീണ മേഖലയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് 87,75 കോടി രൂപ മൊത്തമായി നീക്കിവച്ചിരിക്കുന്നു. പുതിയ വിഹിതപ്രകാരം 80 ലക്ഷം രൂപ ഓരോ ഗ്രാമപഞ്ചായത്തിനും 21 കോടി രൂപവീതം നഗര സ്വയംഭരണ സ്ഥാപനങ്ങൾക്കും ലഭിക്കും. ഗ്രാമീണ മേഖലയിലെ മറ്റു വികസന പ്രവർത്തനങ്ങൾക്കായി 38,500 കോടി രൂപ MGNREGS പദ്ധതി പ്രകാരം നീക്കി വച്ചിട്ടുണ്ട്.

സാമൂഹിക മേഖലയുടെ സമഗ്രവികസനം, പ്രത്യേകിച്ച്, ആരോഗ്യമേഖലയുടെ വികസനം, സ്ത്രീകളുടെയും കുട്ടികളുടെയും അഭിവൃദ്ധി എന്നിവ ലക്ഷ്യമിട്ട് നല്ലൊരു വിഹിതം ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സ്ത്രീ ശാക്തീകരണത്തിനായുള്ള ദേശീയ പദ്ധതിക്ക് ഇരട്ടി തുക നീക്കി വച്ചതും, നിർഭയ സ്കീമിന് വേണ്ടി കൂടുതൽ തുക നീക്കിവച്ചതും, ഗ്രാമീണ മേഖലയിൽ സ്ത്രീകളുടെ പേരിലുള്ള LPG കണക്ഷന് വേണ്ടി 2000 കോടി രൂപ അനുവദിച്ചതും, 500 കോടി രൂപ പട്ടികജാതി, പട്ടികവർഗ വിഭാഗക്കാർക്കും, വനിത സംരഭകർക്കും 'സ്റ്റാന്റ് അപ്പ് ഇന്ത്യ' എന്ന പദ്ധതിയിൽ പെടുത്തി നീക്കി വച്ചതും ഗുണപരമായ മാറ്റങ്ങളുണ്ടാക്കും.

ഇന്ത്യയെ ലോകത്തിനു മുന്നിൽ വൈദഗ്ധ്യത്തിന്റെ തലസ്ഥാനം ആക്കുക എന്ന ലക്ഷ്യം ആവർത്തിച്ചുറപ്പിച്ചുകൊണ്ട്, 1500 മൾട്ടി സ്കിൽ ട്രെയിനിംഗ് സെന്ററുകൾ തുറക്കാൻ 1700 കോടി രൂപ നീക്കിവച്ചിട്ടുണ്ട്.

സാമ്പത്തിക കമ്മി നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ നികുതി കുറവുകൾ ഒന്നും പ്രഖ്യാപിച്ചിട്ടില്ലെങ്കിലും, തൊഴിൽ മേഖലയെ പുഷ്ടിപെടുത്താൻ, 'മേയ്ക്ക് ഇൻ ഇന്ത്യാ' പ്രകാരം സ്റ്റാർട്ട് ആപ്പുകൾക്ക് 3 വർഷത്തേക്ക് നികുതി ഒഴിവ് എന്ന പദ്ധതി നിലവിലുണ്ട്. കുറഞ്ഞ വരുമാനക്കാർക്കുള്ള HRA നിരക്കുകളിൽ കുറവ് വരുത്തിയപ്പോൾ അതിസമ്പന്നർക്കു 3% സർചാർജ് കൂട്ടി.

ശക്തമായ അടിസ്ഥാന സൗകര്യങ്ങൾ മുന്നിൽ കണ്ട് ഗവണ്മെന്റ് മൊത്തം നീക്കിയിരുപ്പിന്റെ ഒരു പ്രധാന ഭാഗം, 2.21 ലക്ഷം, കോടി രൂപ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി നീക്കി വച്ചിരിക്കുന്നു. തൊഴിൽ സാധ്യതകൾ കൂട്ടുകയും ചെയ്യുന്നു.

സ്പഷ്ടമായി പറഞ്ഞാൽ ഗ്രാമീണ സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയ്ക്ക് ഊന്നൽ നല്കിക്കൊണ്ടും, വ്യാപാര വ്യവസ്ഥകളെ ലഘൂകരിച്ചും, നികുതി സമ്പ്രദായങ്ങൾ ലഘൂകരിച്ചും ഗവണ്മെന്റ് മുന്നോട്ട് വച്ച വികസനത്തിന്റെ ഒൻപത് തൂണുകൾ എന്ന നയം ഇന്ത്യയുടെ യഥാർത്ഥ പ്രശ്നങ്ങൾ അഭിസംബോധന ചെയ്യുകയും, അവ ദീർഘകാലത്തെ വളർച്ചയ്ക്ക് വേണ്ടിയുള്ള വികസന പാതകളായി മാറുമെന്നും പ്രതീക്ഷിക്കാം.



# കാർഷിക മേഖലയ്ക്ക് ഉത്തേജനം പകരുന്ന ബജറ്റ്

സി.എസ്.സി. ശേഖർ

ഇന്ത്യയുടെ കാർഷിക മേഖലയ്ക്കും ഗ്രാമ പുരോഗതിയ്ക്കും ഏറെ ഊന്നൽ നല്കുന്നതാണ് കേന്ദ്ര ധനമന്ത്രി അരുൺ ജെറ്റ്ലി പാർലമെന്റിൽ അവതരിപ്പിച്ച ഏറെ പുതുമകൾ അവകാശപ്പെടാവുന്ന 2016 –17 ലെ ബജറ്റ്. പുതിയ നിരവധി സംരംഭങ്ങളിൽ പ്രത്യേകിച്ച് ജലസേചനം പോലെ ദീർഘകാലാടിസ്ഥാനത്തിലുള്ള വിഷയങ്ങളിൽ ശ്രദ്ധകേന്ദ്രീകരിച്ചു കൊണ്ട് കാർഷിക മേഖലയുടെസമഗ്ര വളർച്ചയ്ക്ക് ബജറ്റ് ഏറെ പ്രാധാന്യം നല്കിയിരിക്കുന്നു. രൂക്ഷമായ വരൾച്ചയുടെ പശ്ചാത്തലത്തിൽ കഴിഞ്ഞ രണ്ടു വർഷമായി രാജ്യത്തെ കാർഷിക മേഖലയിൽ സംഭവിച്ച മാന്ദ്യം കൂടി കണക്കിലെടുത്താണ് ഈ ബജറ്റിൽ തുക വകയിരുത്തിയിരിക്കുന്നത്.

പതിനൊന്നാം പഞ്ചവത്സര പദ്ധതിക്കാലത്ത് വളരെ ആത്മവിശ്വാസം പകർന്ന പ്രകടത്തിനു ശേഷം കാർഷിക മേഖലയുടെ വളർച്ച പെട്ടന്ന് ഇടറി. 2012–13 ൽ കാർഷിക വളർച്ചാ നിരക്ക് 1.5 ശതമാനമായിരുന്നു. അടുത്ത വർഷം അത് 4.2 ശതമാനമായി. തുടർന്ന് 0.2 ശതമാനമായി. 2015–16ലെ വളർച്ചാ നിരക്ക് 1.1 ശതമാനമായിരിക്കുമെന്നാണ് സൂചന. രണ്ടു വർഷം തുടർച്ചയായി അനുഭവപ്പെട്ട വരൾച്ച മാത്രമല്ല, ജലസേചനത്തിലെ പ്രശ്നങ്ങളും വിപണിയിലെ തിരിച്ചടികളും ഈ മാന്ദ്യത്തിന് കാരണമായിട്ടുണ്ട്. അതുകൊണ്ടാണ് കാർഷിക മേഖല അഭിമുഖീകരിക്കുന്ന ദീർഘകാലാടിസ്ഥാനത്തിലുള്ള പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടികൾ ഈ ബജറ്റിൽ സ്വീകരിച്ചിരിക്കുന്നത്. അതിന് അനുകൂലമായ നടപടികൾ എന്ന നിലയ്ക്ക് ജലസേചനം, ഗ്രാമങ്ങളിലെ അടിസ്ഥാന സൗകര്യവികസനം, വിപണനം എന്നിവയ്ക്കാണ് ബജറ്റ് പ്രധാനമായും ഊന്നൽ നല്കുന്നത്.

കാർഷിക മേഖലയുടെ സമഗ്ര വളർച്ച, ഭക്ഷ്യോത്പാദനം, ഭക്ഷ്യവിലക്കയറ്റം എന്നിവയുടെ പശ്ചാത്തലത്തിൽ ബജറ്റ് വിഹിതം ചിട്ടപ്പെടുത്തിയത് അനുകൂലമായ സൂചനകൾ ആണ് നൽകുന്നത്. രാജ്യത്ത് 1990 കളുടെ മധ്യത്തോടെ ഭക്ഷ്യോത്പാദനത്തിലും കാർഷിക വളർച്ചയിലും മുരടിപ്പ് അനുഭവപ്പെട്ടു തുടങ്ങിയതാണ്. 1997 – 98 മുതൽ 2004 –05 വരെയുള്ള കാർഷിക മൊത്ത ആഭ്യന്തര ഉത്പാദന വളർച്ചാ നിരക്ക് പ്രതിവർഷം ശരാശരി 2.2 ശതമാനം മാത്രമായിരുന്നു. അതായത് ഹരിതവിപ്ലവത്തിന് മുമ്പ് ഉണ്ടായിരുന്ന അതേ വളർച്ചാ നിരക്ക്. ഭക്ഷ്യ ഉത്പാദന നിരക്കും വളരെ വേഗത്തിൽ കുറഞ്ഞു വന്നു. ഈ പ്രതികൂല സാഹചര്യത്തിനു പ്രധാന കാരണം കാർഷിക മേഖലയിലുള്ള തുടർച്ചയായ മൂലധന നിക്ഷേപ രാഹിത്യമായിരുന്നു. കൃഷിയിൽ നിന്നുള്ള വരുമാനം കുറഞ്ഞതോടെ കൃഷിയിടങ്ങളിൽ അത്യുത്പാദന ശേഷിയുള്ള വിത്തുകൾ, വളം മുതലായവയുടെ ഉപഭോഗവും കുറഞ്ഞു. ഇതും പ്രശ്നം രൂക്ഷമാക്കി. ഇതിനു പെട്ടെന്ന് ഒരു മാറ്റം ഉണ്ടായത് 2005–06 ലാണ്. ഈ കാലയളവിൽ കൃഷിയിടങ്ങളിൽ മെച്ചപ്പെട്ട വിത്തും വളവും ഉപയോഗിച്ചു. 2007–08 ലും സമാനമായ ചില നടപടികൾ അനുവർത്തിക്കപ്പെട്ടു. അതോടെ കാർഷിക മേഖലയിൽ വളർച്ചയുടെ

ഉണർവ് പ്രത്യക്ഷമായി. ദേശീയ ഭക്ഷ്യ സുരക്ഷാ ദൗത്യം ലക്ഷ്യമാക്കി സംസ്ഥാനങ്ങളിൽ രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സഹായത്തോടെ കാർഷിക മേഖലയിൽ കൂടുതൽ മൂലധന നിക്ഷേപം ഉണ്ടായി. ഭക്ഷ്യ ഉത്പാദനം പൊടുന്നനെ ഉയരാൻ ഇതും കാരണമായി. കഴിഞ്ഞ അഞ്ചു വർഷമായി കാർഷിക മേഖലയുടെ പടിപടിയായുള്ള വളർച്ചയ്ക്ക് ഈ പദ്ധതികൾ സഹായകമായി. പക്ഷേ, ഉത്പാദനത്തിലെ അനിശ്ചിതത്വവും വിപണിയിലെ പ്രതിസന്ധികളും ഇപ്പോഴും ഈ മേഖലയുടെ വിപത്തായി തുടരുന്നു. കാർഷിക മേഖലയിൽ ദീർഘകാലമായി നിലനില്ക്കുന്ന ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാനാണ് ബജറ്റ് 2016 –17 ശ്രമിക്കുന്നത്

## ജലസേചനം

ഇന്ത്യൻ കാർഷിക മേഖലയുടെ ഏറ്റവും വലിയ ബാധ്യത അതിന്റെ മഴക്കാല ആശ്രയത്വമാണ്. രാജ്യത്തെ 45 ശതമാനം കൃഷിയിടങ്ങളിൽ മാത്രമേ ജലസേചന സൗകര്യം ലഭിക്കുന്നുള്ളു. അതുകൊണ്ടു തന്നെ ഉത്പാദനത്തിൽ എന്നും അനിശ്ചിതത്വം നിലനില്ക്കുന്നു. അതിനാൽ തന്നെ ബജറ്റ് ഈ പ്രശ്നത്തിന് പ്രാധാന്യം നല്കി പ്രധാൻ മന്ത്രി കൃഷി സിഞ്ചായ് യോജന (പി.എം.എസ്.കെ.വൈ) എന്ന പദ്ധതി വഴി പരിഹരിക്കാൻ ശ്രമിക്കുന്നു. ഈ ബൃഹത് ജലസേചന പദ്ധതിക്ക് ബജറ്റിൽ 17,000 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇതിലൂടെ രാജ്യത്തെ 28 ലക്ഷം ഹെക്ടർ കൃഷിയിടങ്ങളിൽ ജലസേചന സൗകര്യം എത്തിക്കുക എന്നതാണ് ലക്ഷ്യമാക്കുന്നത്. ആക്സിലറേറ്റഡ് ഇറിഗേഷൻ ബെനഫിറ്റ് പ്രോഗ്രാം (എഐബിപി) പദ്ധതി വഴി രാജ്യത്തെ 89 നിർജ്ജീവ ജലസേചന പദ്ധതികളെ വീണ്ടു പുനരുദ്ധിക്കുന്നതിനുള്ള നിർദ്ദേശവും ബജറ്റിൽ ഉണ്ട്. ഇതുവഴി മറ്റൊരു 81 ലക്ഷം ഹെക്ടർ കൃഷിയിടങ്ങളിൽ കൂടി ജലം എത്തും.ഭൂഗർഭ ജല സ്രോതസുകൾ സംരക്ഷിക്കുന്നതിന് 6000 കോടിയാണ് നീക്കി വച്ചിരിക്കുന്നത്. കൂടാതെ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷിയിടങ്ങളോടനുബന്ധിച്ചുള്ള കുളങ്ങളും കിണറുകളും വൃത്തിയാക്കും. ഇതെല്ലാം കൂടി ഏകദേശം 25000 കോടിയുടെ നിക്ഷേപമാണ് ജലസേചന മേഖലയിൽ നടക്കുക. ഇത് പൂർണമായും കാർഷിക മേഖലയുടെ വളർച്ച ലക്ഷ്യമാക്കിയാണ്.

## വായ്പയും ഇൻഷുറൻസും

കാർഷിക വായ്പ തരപ്പെടുത്താനുള്ള ബുദ്ധിമുട്ട് ഇന്ത്യയിലെ കൃഷിക്കാരെ കുറച്ചൊന്നുമല്ല വലയ്ക്കുന്നത്. കാർഷിക മേഖല നേരിടുന്ന മറ്റൊരു പ്രതിസന്ധിയാണ് ഇതും. കാർഷിക വായ്പാ നിരക്ക് 1999 –2000 ത്തിൽ 10 ശതമാനത്തിൽ നിന്ന് 2012 –13 ൽ 38 ശതമാനമാക്കി വർധിപ്പിക്കുകയുണ്ടായി എങ്കിലും ദീർഘ കാല വായ്പ നൽകൽ അടുത്ത കാലത്തായി കുത്തനെ കുറഞ്ഞു. 2006–07 ൽ ഇത് 55 ശതമാനമായിരുന്നു, 2011 –12 ൽ 38 ശതമാനമായി. കാർഷിക മേഖലയുടെ ദീർഘകാല താല്പര്യം മുൻനിർത്തി ഇത് പരിഹരിച്ചേ പറ്റൂ. ഈ ലക്ഷ്യം മുൻനിർത്തിയാണ് ബജറ്റിൽ കാർഷിക വായ്പയ്ക്കായി 9 ലക്ഷം കോടി രൂപ വകയിരുത്തിയിരിക്കുന്നത്. കഴിഞ്ഞ ബജറ്റിൽ 8.5 ലക്ഷം കോടിയായിരുന്നു ഇത്. കൂടാതെ കാർഷിക വായ്പകളുടെ പലിശ എഴുതി തള്ളുന്നതിനായി 15000 കോടിയുടെ കടാശ്വാസ ഫണ്ടും ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൃഷി ഭൂമിയുടെ ഉടമകളായ യഥാർത്ഥ കൃഷിക്കാർക്കും പാട്ടക്കാരനുമാണ് വായ്പ ലഭിക്കുക. കാലാവസ്ഥാ വ്യതിയാനവും പ്രകൃതി ക്ഷോഭവും മൂലം കൃഷിക്കാരന് വിള നഷ്ടം സംഭവിക്കുക സാധാരണമായിരിക്കുന്നു. ഈ നഷ്ടം നികത്തുന്നതിന് പ്രധാന മന്ത്രിയുടെ ഫസൽ ബീമ യോജന (പിഎംഎഫ്ബിവൈ) എന്ന പുതിയ ഒരു ഇൻഷുറൻസ് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ വിള ഇൻഷുറൻസനായി 5,500 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. വിള നഷ്ടം സംഭവിക്കുന്ന കൃഷിക്കാരന് ഇതുവഴി സംരക്ഷണം ലഭിക്കും. ഭക്ഷ്യ വിളകൾ, എണ്ണക്കുരുക്കൾ എന്നിവയ്ക്ക് 2 ശതമാനവും കാർഷിക വിളകൾ പരുത്തി ,എന്നിവയ്ക്ക് 5 ശതമാനവുമാണ് കൃഷിക്കാർ പ്രീമിയം അടയ്ക്കേണ്ടത്. ഇതിന്റെ ഒരു പ്രത്യേകത എന്നത് എന്ത് സാഹചര്യം ഉണ്ടായാലും അടയ്ക്കുന്ന പ്രീമിയം തുകയിൽ ഒരു തരത്തിലുമുള്ള വർധന ഉണ്ടാകുന്നില്ല എന്നതാണ്. അതേസമയം ഉറപ്പ് നല്കിയിരിക്കുന്ന തുകയിൽ ഒട്ടും കുറവ് വരുകയുമില്ല. വളം സബ്സിഡി നേരിട്ട് കൃഷിക്കാരന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നല്കുന്ന ഒരു പൈലറ്റ് പദ്ധതിക്കും ബജറ്റിൽ നിർദ്ദേശമുണ്ട്. ഈ ആനുകൂല്യങ്ങളെല്ലാം കൃഷിക്കാരന്റെ ഭൂമിയിന്മേലുള്ള അവകാശം അനുസരിച്ചും പാട്ടക്കരാറിന്റെ

സ്വഭാവം അനുസരിച്ചും ആയിരിക്കും എന്നു മാത്രം.



### സംഭരണം, വിതരണം, വിപണനം

സുതാര്യമായ ഘടനയിലൂടെ ഓൺലൈനായി കാർഷികോത്പ്പന്നങ്ങളുടെ വികേന്ദ്രീകൃത സംഭരണം ആരംഭിക്കണമെന്ന് കൂടുതൽ സംസ്ഥാനങ്ങളോട് ബജറ്റിൽ നിർദ്ദേശിച്ചിട്ടുണ്ട്. സംഭരണത്തിലൂടെ പയർവർഗ വിളകളുടെ ഒരു വൻ ശേഖരം രാജ്യത്ത് ഉണ്ടാക്കണം.രാജ്യത്ത് (നിലവിലുള്ള 5.35 ലക്ഷത്തിനു പുറമെ) മൂന്നു ലക്ഷം ന്യായവില ഷോപ്പുകൾ കൂടി ആരംഭിക്കാനും ബജറ്റ് നിർദ്ദേശമുണ്ട്. കാർഷിക സാങ്കേതിക അടിസ്ഥാന ഫണ്ട് ഉപയോഗിച്ച് രാജ്യത്ത് ദേശീയ കാർഷിക വിപണികൾ ആരംഭിക്കാൻ 2015 ജൂലൈയിലെ മന്ത്രിസഭാ യോഗത്തിൽ തീരുമാനം എടുത്തിരുന്നു. ഇതിനായി ബജറ്റിൽ 200 കോടി വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതിയുടെ കീഴിൽ 585 നിയന്ത്രിത വിപണികളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനും ബജറ്റിൽ നിർദ്ദേശമുണ്ട്. പക്ഷെ ഇതിന് വലിയ പ്രതിബന്ധങ്ങളുണ്ട്. ഇത് നടപ്പാക്കണമെങ്കിൽ നിലവിൽ സംസ്ഥാനങ്ങളുടെ കാർഷിക ഉത്പാദക വിപണന കമ്മിറ്റി നിയമം ഭേദഗതി ചെയ്യേണ്ടതുണ്ട്. നിലവിൽ 12 സംസ്ഥാനങ്ങൾ അവരുടെ നിയമം ഭേദഗതി ചെയ്തു കഴിഞ്ഞു. ഇതര സംസ്ഥാനങ്ങൾ കൂടി ഇത് വളരെ വേഗത്തിൽ ഭേദഗതി ചെയ്താൽ മാത്രമേ പദ്ധതി വിജയകരമായി നടപ്പിലാക്കാനാവൂ. പഴം, പച്ചക്കറി കൃഷി മേഖലയിൽ ഇന്ത്യ നേരിടുന്ന പ്രധാന പ്രശ്നം വിളവെടുപ്പിനു ശേഷം സംഭവിക്കുന്ന വൻതോതിലുള്ള നഷ്ടമാണ്. അപേഡ (APEDA, 2007) യുടെ കണക്കുകൾ പ്രകാരം രാജ്യത്ത് ഉത്പാദിപ്പിക്കുന്ന മൊത്തം പഴവർഗങ്ങളിൽ 20-22 ശതമാനം നഷ്ടപ്പെടുന്നു എന്നാണ്. വിളവെടുപ്പിന്റെ വിവിധ ഘട്ടങ്ങളിൽ ഉപയോഗശൂന്യമായി പോകുക വഴിയാണ് ഈ നഷ്ടം സംഭവിക്കുന്നത്. ഇക്കണോമിക് സർവെ 2015-16 ലെ ഏറ്റവു പുതിയ കണക്കുകൾ സൂചിപ്പിക്കുന്നത് ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന പഴം, പച്ചക്കറികളുടെ 15 ശതമാനം ഉപയോഗശൂന്യമാകുന്നു എന്നത്രെ. ഈ നഷ്ടം വളരെ കൂടുതലായതിനാൽ ഇത് നിയന്ത്രിച്ചേ പറ്റൂ. ഇന്ത്യയിൽ നിർമ്മിക്കുന്നതും ഉത്പാദിപ്പിക്കുന്നതുമായ ഭക്ഷ്യവസ്തുക്കളുടെ വിപണനത്തിൽ 100 ശതമാനം വിദേശനിക്ഷേപം അനുവദിക്കുന്നതിനുള്ള തീരുമാനം, രാജ്യത്തെ ഭക്ഷ്യസംസ്കരണ വ്യവസായത്തിന് വലിയ പ്രോത്സാഹനം നല്കും. ഇതുവഴി വിളവെടുപ്പിനു ശേഷം സംഭവിക്കുന്ന നഷ്ടം ഒരു പരിധി വരെ കുറച്ച് കൊണ്ടുവരാൻ സാധിക്കും.

### ഗ്രാമ വികസനം

ബജറ്റിൽ ഗ്രാമങ്ങളുടെ വികസനത്തിനുള്ള വിഹിതം മൊത്തം 87,765 കോടിയായി ഉയർത്തിയിട്ടുണ്ട്. ഇതിൽ 38,500 കോടി തൊഴിലുറപ്പ് പദ്ധതിക്കാണ്. ഗ്രാമീണ മേഖലയ്ക്ക് നീക്കിവച്ചിട്ടുള്ള ഏറ്റവും മുന്തിയ വിഹിതം ഗ്രാമ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കുമുള്ള ഗ്രാന്റാണ്. ഇത് ഏകദേശം 2.87 ലക്ഷം കോടി വരും. അതായത് ഇന്ത്യയിലെ ഓരോ ഗ്രാമ പഞ്ചായത്തിനും ലഭിക്കുന്നത് ഏകദേശം 80 ലക്ഷം രൂപവീതമാണ്. പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജന പദ്ധതിയുടെ കീഴിൽ ഗ്രാമീണ റോഡുകളുടെ വികസനത്തിനും വലിയൊരു തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതും ഈ ദിശയിലുള്ള പുതിയ കാൽവയ്പാണ്. അടുത്തകാലം വരെ ഗ്രാമങ്ങളിലെ കാർഷികേതര മേഖലകളിലുള്ള തൊഴിലവസരങ്ങൾ പ്രധാനമായും നിർമ്മാണം, ഗതാഗതം, സേവനം എന്നിവയിലായിരുന്നു. ഈ മേഖലകൾക്ക് കൂടുതലായി തുക ഇത്തവണ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഗ്രാമീണ തൊഴിലവസരങ്ങൾ കൂടുതൽ സൃഷ്ടിക്കാനുള്ള ശ്രമമാണ് ഇതുവഴി ഉദ്ദേശിക്കുന്നത്.

### ബജറ്റിലെ ന്യൂനതകൾ

ബജറ്റിൽ ചില അപാകതകളും കടന്നു കൂടി

യിട്ടുണ്ട്. ഇതിൽ ആദ്യത്തേത് സംസ്ഥാനങ്ങളിലെ കാർഷിക മേഖലയ്ക്കുള്ള ആനുകൂല്യവുമായി ബന്ധപ്പെട്ടതാണ്. എന്തൊക്കെയായാലും കൃഷി ഒരു സംസ്ഥാന വിഷയമാണ്. ഈ മേഖലയുടെ വളർച്ചയ്ക്ക് സംസ്ഥാനങ്ങൾ കൂടുതലായി നിക്ഷേപം നടത്തുകയും വേണം. എന്നാൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി കാർഷിക മേഖലയിൽ വളരെ വ്യക്തമായ തളർച്ച ദൃശ്യമാണ്. കാർഷിക മേഖലയിലെ മൊത്ത മൂലധന ഘടന 2011 –12 ലെ 18.3 ശതമാനത്തിൽ നിന്ന് 2014 –15 ൽ 15.8 ശതമാനമായി കുറഞ്ഞു. കഴിഞ്ഞ കുറെ വർഷങ്ങളായി മൂലധന നിക്ഷേപത്തിലെ ഈ വീഴ്ച്ച 2004 –05 മുതൽ അനുഭവപ്പെട്ട കുതിപ്പിന് വലിയ തിരിച്ചടിയായിട്ടുണ്ട്. നിക്ഷേപത്തിലെ ഈ വീഴ്ച്ചയാവാം കഴിഞ്ഞ കുറെ വർഷങ്ങളായി കാർഷികമേഖല നേരിടുന്ന തളർച്ചയ്ക്ക് ഒരു കാരണം. ഈ പ്രശ്നം പരിഹരിക്കാൻ ഫലപ്രദമായ നിർദ്ദേശങ്ങളോ, അതിനായി സംസ്ഥാനങ്ങൾക്ക് ആനുകൂല്യ പ്രഖ്യാപനങ്ങളോ ബജറ്റിൽ ഇല്ല.

രണ്ടാമത്തെ വിഷയം സമഗ്ര സമീപനവുമായി ബന്ധപ്പെട്ടതാണ്. വൈവിധ്യമാർന്ന കാലാവസ്ഥ അനുഭവപ്പെടുന്ന ഒരു രാജ്യമാണ് ഇന്ത്യ. വൻതോതിലുള്ള ജലസേചന പരിപാടി, വിള ഇൻഷുറൻസ് പരിപാടി തുടങ്ങി ഈ ബജറ്റിൽ നിർദ്ദേശിച്ചിരിക്കുന്ന പദ്ധതികൾ പ്രാദേശിക അവസ്ഥകളിൽ എത്രമാത്രം ഫലപ്രദമാകുമെന്ന് കണ്ടറിയേണ്ടിയിരിക്കുന്നു. മുകൾത്തട്ടുകൾ മുതൽ താഴെ വരെ നിർദ്ദേശിച്ചിട്ടുള്ള ഏക ശൈലി സമീപനം കാർഷിക മേഖലയുടെ വളർച്ചയ്ക്ക് ഉപകരിക്കില്ല. ഇതിനായി രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ കീഴിൽ സംസ്ഥാനങ്ങൾ തയാറാക്കുന്ന ജില്ലാ കാർഷിക ആസൂത്രണമാണ് പ്രാദേശികമായി അനുയോജ്യമെന്ന് ചിലരെങ്കിലും വാദിക്കുന്നുണ്ട്.

മറ്റൊരു പ്രധാന പ്രശ്നം, കാർഷിക വായ്പ, വിള ഇൻഷുറൻസ്, പാട്ട വ്യവസ്ഥ നവീകരണം ഭൂമി രേഖ പുതുക്കൽ തുടങ്ങിയവയുമായി ബന്ധപ്പെട്ടതാണ്. ഈ ആനുകൂല്യങ്ങളിൽ പലതും ലഭിക്കണമെങ്കിൽ കൃഷിഭൂമിയിന്മേൽ ഗുണഭോക്താക്കളുടെ കൃത്യമായ ഉടമസ്ഥാവകാശം തെളിയിക്കേണ്ടതായി വരും. ഇതിലൂടെ മാത്രമെ യഥാർത്ഥ കർഷകന് ആനുകൂല്യങ്ങൾ ലഭിക്കുകയുള്ളു. അതിനാൽ പാട്ടവ്യവസ്ഥകളുടെ നവീകരണം അടിയന്തിരമായി നടക്കേണ്ടതുണ്ട്. നിലവിൽ ഈ ആനുല്യങ്ങൾ യഥാർത്ഥ കൃഷിക്കാരനല്ല, മറിച്ച് ഭൂവുടമയ്ക്കാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ഇത് മാറണമെങ്കിൽ രേഖകളുടെയും രജിസ്ട്രേഷന്റെയും ഡിജിറ്റലൈസേഷനും കമ്പ്യൂട്ടർവത്ക്കരണവും വളരെ അടിയന്തിരമായി പൂർത്തിയാക്കേണ്ടിയിരിക്കുന്നു.

ഒടുവിലത്തേത് വിജ്ഞാനവ്യാപന സേവനങ്ങളുടെ ആധുനിക വത്ക്കരണമാണ്. ഇത് കൃഷിയിലെ അതിപ്രധാനമായ ഒരു മേഖലയാണ്. ഇതേക്കുറിച്ച് ബജറ്റിൽ പരാമർശം പോലുമില്ല. കാർഷിക മേഖലയിലെ ഗവൺമെന്റ് പദ്ധതികളെ കുറിച്ചോ, പുത്തൻ സാങ്കേതിക വിദ്യകളെ കുറിച്ചോ കൃഷിക്കാർ അറിയുന്നു പോലുമില്ല. കാരണം വിജ്ഞാനവ്യാപന പ്രവർത്തനത്തിന്റെ അപര്യാപ്തത തന്നെ. അതിനാൽ കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ അടിയന്തിരമായി പരിഷ്കരിക്കാതെ കാർഷിക മേഖലയുടെ വളർച്ച ത്വരിതപ്പെടുത്താനാവില്ല.

*(ഡൽഹി യൂണിവേഴ്സിറ്റിയിൽ*
*സാമ്പത്തിക വിഭാഗം അസോസിയേറ്റ്*
*പ്രൊഫസറാണ് ലേഖകൻ)*

*വിജ്ഞാനപാത*

## പ്രധാനമന്ത്രി ജന ഔഷധി സ്കീം (Jan Aushadi)

ഫാർമസ്യൂട്ടിക്കൽ ഡിപ്പാർട്ട്മെന്റും ഫാർമാ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങളും ചേർന്നാണ് ഈ പദ്ധതി നയിക്കുന്നത്. പൊതുജനങ്ങൾക്ക് മേന്മയേറിയ ജനറിക് മരുന്നുകൾ താങ്ങാവുന്ന വിലയ്ക്ക് ലഭ്യമാക്കുന്നു എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. മരുന്നുകളുടെ MRPയും ജനഔഷധി സ്കീമിലൂടെ ഉള്ള അവയുടെ വിലവിവരങ്ങളും janaushadhi.gov.in എന്ന വെബ്സൈറ്റിലൂടെ ജനങ്ങൾക്ക് അറിയുവാനാകും. 164 ജനഔഷധി സ്റ്റോറുകളാണ് ഇന്ന് രാജ്യത്ത് ഉള്ളത്.



# അടിസ്ഥാന സൗകര്യ വികസനം നേരിടുന്ന വെല്ലുവിളികൾ

ജി. രഘുറാം

രാജ്യത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് 2016 –17 ലെ കേന്ദ്രബജറ്റ് 220,000 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്.ശരിയായ ദിശയിലുള്ള ഒരു നീക്കമാണ് ഇത്. ഇതിൽ ഏറ്റവും കൂടുതൽ വിഹിതം ദേശീയ പാതകൾക്കു വേണ്ടിയാണ് – 70,000 കോടി. ഇതിനുള്ള 15000 കോടി കടപ്പത്രങ്ങളിലൂടെ സമാഹരിക്കും.

യഥാർത്ഥത്തിലുള്ള വിഹിതം ഇപ്പോൾ സൂപ്പിച്ചിരിക്കുന്നതിലും കൂടുതലാണ് എന്ന് കരുതേണ്ടിയിരിക്കുന്നു. സംസ്ഥാനങ്ങൾക്കും പഞ്ചായത്തുകൾക്കും മറ്റും ഈ ഇനത്തിൽ വൻ ചെലവുകൾ ഉണ്ട്. അതുപോലെ തന്നെയാണ് റെയിൽവെയുടെ കാര്യവും. ഇതിന് കേന്ദ്ര ബജറ്റിൽ വകയിരുത്തിയിരിക്കുന്നത് 45000 കോടിയാണ്. മറ്റുള്ള സ്രോതസുകൾ റെയിൽവെ തന്നെ വായപ, കടപ്പത്രം, സ്വകാര്യ പങ്കാളിത്തം തുടങ്ങിയവയിലൂടെ ആഭ്യന്തരമായി കണ്ടെത്തേണ്ട വിഹിതമാണ്. ചില വിഹിതം പ്രധാനമന്ത്രിയുടെ ഗ്രാമീണ് സഡക് യോജന പോലുള്ള വയ്ക്കും ഉണ്ട്. ഇതിന് കേന്ദ്രത്തിൽ നിന്ന് 19000 കോടിയും സംസ്ഥാനങ്ങൾ 8000 കോടിയും വകയിരുത്തും. മെട്രോ പദ്ധതികൾക്ക് 10000 കോടിയാണ് വകയിരുത്തിയിട്ടുള്ളത്. മറ്റു വൻ പദ്ധതികൾക്കുള്ള വിഹിതം ഇപ്രകാരമാണ്.

| ക്രമം | പദ്ധതികൾ (റെയിൽ, റോഡ്, മെട്രോ ഒഴികെ) | 2016 –17 (കോടി രൂപയിൽ) |
|---|---|---|
| 1 | പ്രധാനമന്ത്രി ആവാസ് യോജന | 20075 |
| 2 | സ്വച്ഛ്ഭാരത് അഭിയാൻ | 11300 |
| 3 | ദീൻദയാൽ ഉപാദ്ധ്യായ ഗ്രാം ജ്യോതി യോജന, സമഗ്ര ഊർജ്ജ വികസന പദ്ധതി | 8500 |
| 4 | നഗര പുനരുജ്ജീവന ദൗത്യം (അമൃത്, 100 സ്മാർട്ട് സിറ്റികളുടെ വികസനം) | 7296 |
| 5 | ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതി | 5000 |
| 6 | ദേശീയ നിക്ഷേപ അടിസ്ഥാനസൗകര്യ ഫണ്ട് | 4000 |
| 7 | ആണവോർജ്ജ ഉത്പാദനം | 3000 |
| 8 | ദേശീയ വ്യവസായ ഇടനാഴി | 1448 |
| 9 | ഉൾനാടൻ ജലപാതകൾ | 800 |
| 10 | സാഗർമാല | 450 |
| 11 | 169 വിമാനത്താവളങ്ങളുടെ നവീകരണം (ഓരോന്നിനും) | 50 – 100 |

പരമാവധി പ്രാധാന്യം റോഡ്, റെയിൽ എന്നിവയ്ക്കാണ്. തുടർന്ന് ഭവനനിർമ്മാണം, സ്വച്ഛ്ഭാരത് അഭിയാൻ, മെട്രോ, ഊർജ്ജം,നഗരവികസനം എന്നിവയ്ക്കും ഊന്നൽ നല്കുന്നു. നിർണായകമായ ഈ വിഹിതങ്ങൾ നല്കുമ്പോഴും അതിൽ തന്നെ വെല്ലുവിളികളും ഉണ്ട്, പ്രത്യേകിച്ച് ഗുണഭോക്താക്കളുടെ കഴിവ്, ശേഷി തുടങ്ങിയവ മാനദണ്ഡമാക്കുന്ന കാര്യത്തിൽ.

## വെല്ലുവിളികൾ

ആദ്യ വെല്ലുവിളി ആവശ്യമായ തുക നല്കുന്നതിന് ഗവൺമെന്റിന് ശേഷിയുണ്ടോ അതിൽ പിശക് വല്ലതും സംഭവിച്ചിട്ടുണ്ടോ എന്നതാണ്. റോഡുകളുടെ കാര്യത്തിൽ വളരെ നല്ല അനുഭവപരിചയമുള്ള നാഷണൽ ഹൈവെ അതോറിറ്റി ഓഫ് ഇന്ത്യയും നാഷണൽ റൂറൽ റോഡ് ഡവലപ്മെന്റ് ഏജൻസിയും ഉണ്ട് എന്നിരിക്കെ ഉൾനാടൻ ജലഗതാഗത അതോറിട്ടി ഓഫ് ഇന്ത്യ ആ ജോലികൾക്ക് പ്രാപ്തമാണെന്നു തോന്നുന്നില്ല. ഇത് ഉൾനാടൻ ജലഗതാഗത അതോറിട്ടി ഓഫ് ഇന്ത്യയുടെ വെട്ടിക്കുറച്ച വിഹിതത്തിൽ തെളിയുന്നുമുണ്ട്. സാഗരമാല പദ്ധതിയിലും ഇതു തന്നെയാണ് അവസ്ഥ. പദ്ധതികളൊക്കെ ഗംഭീരമാണ്, പക്ഷെ അതിനു കഴിവുള്ള സ്ഥപനങ്ങൾ ഇല്ല. കാലാവസ്ഥ, പരിസ്ഥിതി എന്നിവ കണക്കിലെടുത്ത് രാജ്യം ഇനി പരിഗണന നല്കാൻ പോകുന്നത് ജലഗതാഗതം, റെയിൽ, റോഡ് എന്നീ ക്രമത്തിലായിരിക്കുമെന്ന് 2016 മാർച്ച് 4 ന് നടന്ന റോഡ് ഗതാഗതത്തിനുള്ള മികച്ച അവാർഡ് വിതരണം ചെയ്ത ചടങ്ങിൽ റോഡ് ഗതാഗതത്തിന്റെയും, ദേശീയപാതകളുടെയും കപ്പൽ ഗതാഗതത്തിന്റെയും ചുമതലകളുള്ള ട്രാൻസ്പോർട്ട് മന്ത്രിയിതന്നെ പ്രസ്താവിച്ചിരുന്നു. റോഡ് മേഖലയിൽ കഴിഞ്ഞ കാല അനുഭവവും ഭാവിയിലെ റോഡുകളുടെ അവസ്ഥയും വച്ച് ഒരു പുതിയ സങ്കര മാതൃകയാണ് ഉപകാരികളെ ആകർഷിക്കാൻ ഉരുത്തിരിഞ്ഞു വരേണ്ടത്. ഉൾനാടൻ ജലഗതാഗതം, റെയിൽവെ എന്നിവയ്ക്ക് യോജിച്ച പൊതു സ്വകാര്യ പങ്കാളിത്ത ചട്ടക്കൂടിന് ഇനിയും ഗൃഹപാഠം ആവശ്യമായിട്ടുണ്ട്.

രണ്ടാമത്തെ വെല്ലുവിളി ഈ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താൻ കഴിവും താല്പര്യവുമുള്ള കരാറുകാരും പൊതു സ്വകാര്യ പങ്കാളിത്ത(പിപിപി) ഗുണഭോക്താക്കളും ഉണ്ടോ എന്നതാണ്. കഴിഞ്ഞ അഞ്ചു വർഷമായി റോഡ്, മെട്രോ മേഖലകളിൽ നിന്ന് കരാറുകാർ കൂട്ടത്തോടെ പിന്മാറിക്കൊണ്ടിരിക്കുകയാണ്. പരിസ്ഥിതി അനുമതി, അല്ലെങ്കിൽ സ്ഥലം ഏറ്റെടുക്കൽ എന്നിവയ്ക്കുള്ള കാലതാമസം, കരാറുകളിലെ പ്രശ്നങ്ങൾ എന്നിങ്ങനെ നിരവധി ആശങ്കകളാണ് കാരണം. എന്നാൽ റോഡുകളുടെ പുതിയ സങ്കര ചട്ടക്കൂട് ഇവരിൽ പലരെയും തിരികെ കൊണ്ടുവന്നേക്കാം. എന്നാൽ മറ്റു മേഖലകളിൽ ഇത് അത്ര എളുപ്പമല്ല. കാരണം കരാറുകാർ വളരെ ശ്രദ്ധാലുക്കളായി മാറിക്കൊണ്ടിരിക്കുന്നു. ഉദാഹരണത്തിന് എൽ ആൻഡ് ടി പോലുള്ള പ്രധാനികൾ നിർമ്മാണം മാത്രമെ നടത്തുകയുള്ളൂ. നിർമ്മിച്ച് പ്രവർത്തിപ്പിക്കുന്നതിൽ (ബിൽഡ് ആൻഡ് ഓപ്പറേറ്റ്) അവർക്ക് താല്പര്യം ഇല്ല.

മൂന്നാമത്തെ വെല്ലുവിളി തർക്കപരിഹാര ഇടപാടുകൾ വേഗത്തിലും കാര്യക്ഷമവുമായി നടത്തുന്നതിനുള്ള നിയമപരവും നീതിപൂർവവുമായ ശേഷി നിലവിലുണ്ടോ എന്നതാണ്. ഈ രാജ്യത്തെ എത്രയോ അടിസ്ഥാന നിർമ്മാണ പദ്ധതികളാണ് നിയമ പ്രശ്നങ്ങളുടെ കുരുക്കിൽ പെട്ട് അനന്തമായി നീണ്ടു പോകുന്നത്. ഈ പശ്ചാത്തലത്തിലാണ് അടിസ്ഥാന സൗകര്യ നിർമ്മാണ മേഖലയിലെ തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിന് ധനമന്ത്രി ഒരു പബ്ലിക് യൂട്ടിലിറ്റി ബിൽ കൊണ്ടുവരുമെന്ന് പ്രഖ്യാപിച്ചിരിക്കുന്നത്. കരാറുകളും ആനുകൂല്യ ഉടമ്പടികളും പുനപരിശോധിക്കാനുള്ള നിബന്ധകളും ഉണ്ട്. നിരവധി ബൃഹദ് റോഡ് പദ്ധതികളുടെ നിയമകുരുക്കുകൾ അഴിച്ച് അവയെ യാഥാർഥ്യമാക്കാൻ കഴിഞ്ഞു എന്നതിന്റെ ബഹുമതി ഈ ഗവണ്മെന്റിനുള്ളതാണ്.

നാലാമത്തെ വെല്ലുവിളി, അടിസ്ഥാന സൗകര്യ വികസന പദ്ധതികളുടെ നിർമ്മാണത്തിന് പൊതുമേഖലാ ബാങ്കുകളിൽ നിന്ന് വായ്പയായി സാമ്പത്തിക സഹായം ലഭ്യമാക്കുക എന്നതാണ്. ഈ ബാങ്കുകളിലെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെ ആവശ്യത്തിലധികം നിഷ്ക്രിയ ആസ്തി കുന്നുകൂടി കിടപ്പുണ്ട്. വായ്പകളുടെയും മറ്റും ക്രമീകരണത്തിനായി 25000 കോടിയാണ് പൊതുമേഖലാ ബാങ്കുകൾക്ക് ധന

മന്ത്രി അനുവദിച്ചിരിക്കുന്നത്. ഇത് ആവശ്യത്തിലും എത്രയോ കൂടുതലാണ്. എന്നിട്ടും അടിസ്ഥാന സൗകര്യവികസനത്തിനായി ഈ ബാങ്കുകൾ ധന സഹായം നല്കുന്നതിൽ വിമുഖരാണ്.

അഞ്ചാമത്തെ വെല്ലുവിളി സ്ഥാപനപരമായ ശേഷിയാണ്. പരിശീലനം, വിദ്യാഭ്യാസം ഗവേഷണം വികസനം എന്നിവ ഇവിടെ വളരെ നിർണായകമാണ്. മാനേജ്മെന്റ് സ്ഥാപനങ്ങൾ കഴിഞ്ഞ കുറെ വർഷങ്ങൾ കൊണ്ട് അവരുടെ പരിശീലന ശേഷി വളരെയധികം വർധിപ്പിച്ചിട്ടുണ്ട്. എന്നാലും ഈ മേഖലയിൽ നല്ല വിദ്യാഭ്യാസത്തിന്റെ അഭാവം ഉണ്ട്. മുംബൈ സർവകലാശാലയും ഏതാനും ചില സ്വകാര്യ സർവകലാശാലകളും അദാനി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അൻഫ്രാസ്ട്രച്ചർ മാനേജ്മെന്റ് എന്നിവിടങ്ങളിലും മാത്രമെ ഈ വിഷയത്തിൽ ബിരുദാനന്തര പഠന സൗകര്യമുള്ളു. ഗവേഷണത്തിനും ഉത്പന്ന വികസനത്തിനുമുള്ള സൗകര്യങ്ങൾ അപ്പോഴും ഇല്ല എന്ന് ഓർക്കണം. ലോകത്തിലെ തന്നെ ഏറ്റവും വലിയ പിപിപി വിപണിയാണ് നമ്മുടെ രാജ്യം. അടിസ്ഥാന വികസനത്തിനുള്ള പൊതു സ്വകാര്യ പങ്കാളിത്ത മാതൃകയ്ക്ക് ആവശ്യമായിരിക്കുന്ന പുനരുജ്ജീവനവും നവീകരണവും സംബന്ധിച്ച് ഖേൽക്കർ കമ്മിറ്റി 2015 നവംബറിൽ അതിന്റെ റിപ്പോർട്ട് നല്കിയിട്ടുണ്ട്.

കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച പിപിപി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കേണ്ടതിന്റെ അടിയന്തര ആവശ്യകത ഓരോ ഗുണഭോക്താവും വളരെ ശക്തമായി ഊന്നിപ്പറയുന്നുണ്ട്. കമ്മിറ്റി ശക്തമായി ശിപാർശ ചെയ്യുന്നത് എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു പിപിപി മികവിന്റെ കേന്ദ്രം(സെന്റർ ഫോർ എക്സലൻസ്) ആണ്.

വിവിധ അടിസ്ഥാന സൗകര്യ പദ്ധതികളിൽ ഗവേഷണത്തിനാണ് പ്രാധാന്യം നല്കേണ്ടത്. പദ്ധതി ഘടന, അപകട സാധ്യതാ നിർണയം, അതിന്റെ നിയന്ത്രണം, ചെലവും പ്രയോജനവും തമ്മിലുള്ള അപഗ്രഥനം,സാമ്പത്തിക ലഭ്യത, ലേല രേഖകൾ തയാറാക്കൽ, കരാറുകൾ, നിയമ പ്രശ്നങ്ങൾ, ഭൂമി ഏറ്റെടുക്കൽ തുടങ്ങിയ മേഖലകളിലാണ് അത് അത്യാവശ്യം.

## നയങ്ങൾ

പണത്തിന്റെ മൂല്യം ലക്ഷ്യമാക്കി ഈ വെല്ലുവിളികൾ നേരിടാനുള്ള മികച്ച നയങ്ങൾ ബജറ്റിനെ പിന്തുണയ്ക്കുന്നുണ്ട്. മുമ്പ് സൂചിപ്പിച്ചതു പോലെ ഗവൺമെന്റിന് വിവിധ പരിഗണനകൾ സംബന്ധിച്ച് വ്യക്തത ഉണ്ട്. എളുപ്പമുള്ളതും കൂടുതൽ വ്യക്തവുമായ പ്രവൃത്തികൾ ആദ്യം പൂർത്തിയാക്കുന്നു.

ഉദാഹരണത്തിന് ദേശീയ പാതകളിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുമ്പോൾ നിലവിലുള്ള 96,000 കിലോമീറ്റർ എന്നത് 200,000 കിലോമീറ്ററായി നീളുന്നു. അതായത് 2% ത്തിൽ നിന്ന് വളർച്ച 4% ത്തിലേയ്ക്ക് എന്ന വർധന സ്വാഗതാർഹം തന്നെ. അതെ സമയം ഉൽനാടൻ ജലഗതാഗതം, തീരദേശ കപ്പൽ ഗതാഗതം എന്നിവയ്ക്കാ ആവശ്യമായ സമഗ്ര വികസ നയത്തിനുള്ള ഇച്ഛാശക്തിയുടെ അഭാവം ഇപ്പോഴും ഉണ്ട്. ഉൾനാടൻ ജലഗതാഗതം ഉദ്ദേശിക്കുന്നതിനെക്കാൾ വിശാലമാണ്. സേതുഭാരതം എന്ന റോഡ് സമീപനം, അതായത് ദേശീയ പാതയിൽ നിലവിലുള്ള എല്ലാ ലെവൽ ക്രോസുകളും നീക്കാനുള്ള പദ്ധതി വളരെ നല്ലതുതന്നെ.

സ്വകാര്യ പങ്കാളിത്തത്തോടെ റെയിൽവെ സ്റ്റേഷനുകൾ നവീകരിക്കാനുള്ള പദ്ധതി നല്ല നടപടിയാണ്. ഒരു പ്രശ്നം മാത്രം, ലേല നടപടിയും കരാറും. ഇപ്പോൾ റെയിൽവെസ്റ്റേഷൻ വികസന കോർപ്പറേഷന്റെ വെബ് സൈറ്റിൽ ഏഴു സ്റ്റേഷനുകൾ ലിസ്റ്റ് ചെയ്തിട്ടുണ്ട്. ഇവിയിൽ മൂന്ന് എണ്ണത്തിനു മാത്രം ചില രേഖകൾ ഉണ്ട്. രാജ്യത്തെ 400 ലധികം റെയിൽവെ സ്റ്റേഷനുകളുടെ നവീകരണം സ്വിസ് ചലഞ്ച് മാതൃകയിൽ സ്വകാര്യ വ്യക്തികൾക്ക് ഏൽപ്പിച്ചു കൊടുക്കാനുള്ള ഒരു നിർദ്ദേശവും നിലവിലുണ്ട്. ഇതിലും പ്രശ്നങ്ങൾ ഉണ്ട്. അത് ഖേൽക്കാർ കമ്മിറ്റി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഒരു റെയിൽ വികസന അതോറിറ്റി രൂപീകരിക്കാനുള്ള നിർദ്ദേശവും ഉണ്ട്. ഇതുവന്നാൽ നയങ്ങളുടെയും ചട്ടങ്ങളുടെയും രൂപീകരണവും നിലവിലുള്ള സംവിധാനത്തിൽ നിന്നു വേർതിരിക്കാനാവും. ഈ ബില്ല് പാർലമെന്റ് പാസാക്കിയാൽ മാത്രമെ ഇതേക്കുറിച്ച് കൂടുതൽ വ്യക്തത ലഭിക്കുകയുള്ളു.

100 ശതമാനം ഗ്രാമീണ വൈദ്യുതീകരണം(

ശേഷിക്കുന്ന 13010 ഗ്രാമങ്ങൾ 2018 മെയ് 1നു മുമ്പായി പൂർത്തിയാക്കും), റോഡുകളുമായി അവയെ ബന്ധിപ്പിക്കൽ, (ശേഷിക്കുന്ന 65000 ഗ്രാമങ്ങളെ 2019 ൽ തന്നെ) എന്നിവയ്ക്ക് ഈ ബജറ്റിൽ തുക വകയിരുത്തിയിരിക്കുന്നു. അതേ പോലെ ഭവന നിർമ്മാണത്തിനും.

സ്വച്ഛ്ഭാരത് അഭിയാൻ, സ്മാർട്ട് നഗരങ്ങൾ, വിമാനത്താവളങ്ങളുടെ നവീകരണം എന്നിവയുടെ കാര്യത്തിൽ കൃത്യമായും എത്ര വിഹിതമുണ്ട് എന്ന് ഉറപ്പില്ല. കാരണം ഈ പദ്ധതികളുടെ ഫലപ്രദമായി നിർവഹണത്തിനുള്ള നയങ്ങളിൽ ഇപ്പോഴും അവ്യക്തതയുണ്ട്. സ്മാർട്ട് നഗര സങ്കല്പം തന്നെ ഇനിയും ഉരുത്തിരിയേണ്ടിയിരിക്കുന്നു.

യാത്രക്കാരുടെ ഗതാഗതവുമായി ബന്ധപ്പെട്ട ഒരു നയപ്രഖ്യാപനം വന്നിട്ടുണ്ട്. മോട്ടോർ വാഹന നിയമം പരിഷ്കരിക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നു. പൊതുഗതാഗത മേഖല എല്ലാവർക്കുമായി തുറന്നു കൊടുക്കുക എന്നതാണ് ലക്ഷ്യം. ഇവിടെ സംരംഭകർക്ക് ബസുകൾ ഓടിക്കാം. കാര്യക്ഷമതയും സുരക്ഷിതത്വവുമാണ് മുഖ്യം. പൊതുഗതാഗതം കൂടുതൽ കാര്യക്ഷമമാക്കുക എന്നതാണ് ഉദ്ദേശിക്കുക. ഒപ്പം കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകും. റോഡുകളും വികസിക്കും. ഇത് ഒരു സംസ്ഥാന വിഷയം ആയതിനാൽ തീരുമാനം സ്വീകരിക്കേണ്ടത് സംസ്ഥാന ഗവൺമെന്റുകളാണ്.

കഴിഞ്ഞ കാലത്ത് കൂടുതൽ ആലോചിക്കാതെ നയങ്ങൾ സ്വീകരിച്ചിരുന്നു. അതിൽ ഒന്നാണ് 2 ജി സ്പെക്ട്രം. ആദ്യം വരുന്നവർക്ക് ആദ്യ പരിഗണന. ഇതാണ് വൻ വിവാദത്തിലേയ്ക്ക് നയിച്ചതും മറ്റൊന്ന് തുറമുഖങ്ങളിലെ പിപിപി ടെർമിനലുകളുടെ ലേലമാണ്. ഇവിടെ കോടതി നടപടി ക്രമങ്ങളാണ് കാലതാമസം ഉണ്ടാക്കിയത്.

*(അഹമ്മദാബാദ് ഐഐഎമ്മിൽ പ്രൊഫസറാണ് ലേഖകൻ)*

*വിജ്ഞാനപാത*

## ദീൻദയാൽ ഉപാധ്യായ ഗ്രാമീൺ കൗശൽ യോജന (DDU-GKY)

ഗ്രാമീണ മേഖലയിലെ യുവജനങ്ങളുടെ നൈപുണ്യം വികസിപ്പിക്കുക, ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ കേന്ദ്ര ഗ്രാമ വികസന മന്ത്രാലയമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. രാജ്യത്തെ ഗ്രാമീണ മേഖലയിലെ 15നും 35നും ഇടയിൽ പ്രായമുള്ള യുജനങ്ങളുടെ അന്തർലീനമായ കഴിവുകൾ പ്രയോജനപ്പെടുത്തുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ജമ്മുകാശ്മീരിലെ നിർധന യുവാക്കളുടെ ഉന്നമനത്തിനായുള്ള 'ഹിമായത്' (HIMAYAT), വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലെയും, മാവോയിസ്റ്റ് ബാധിത സംസ്ഥാനങ്ങളിലെയും യുവാക്കൾക്കു വേണ്ടിയുള്ള 'റോഷിനി' (ROSHINI) തുടങ്ങിയ പദ്ധതികൾ ദീൻദയാൽ ഉപാദ്യായ ഗ്രാമീൺ കൗശൽ യോജനയുടെ ഭാഗമാണ്.

## ദീൻദയാൽ ഉപാധ്യായ ഗ്രാംജ്യോതി യോജന (DDU-GJY)

രാജ്യത്തെ ഗ്രാമീണ മേഖലയിൽ വൈദ്യുതി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ഊർജ്ജ മന്ത്രാലയം നടപ്പിലാക്കുന്ന ഈ പദ്ധതിയ്ക്ക് 2015 ജൂലൈ 26ന് പ്രധാനമന്ത്രി തുടക്കം കുറിച്ചു. ഗ്രാമീണ മേഖലയിലെ ഫീഡറുകൾ വേർപെടുത്തിയും സബ്ട്രാൻസ്മിഷൻ ശക്തിപ്പെടുത്തിയും വീടുകൾക്കും കൃഷിയിടങ്ങൾക്കും ഇരുപത്തിനാലു മണിക്കൂറും വൈദ്യുതി ലഭ്യമാക്കുക എന്നത് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. 76000 കോടി രൂപയാണ് പദ്ധതിക്കായി ഗവൺമെന്റ് വകയിരുത്തിയിരിക്കുന്നത്.



# സാമ്പത്തിക സർവേ വിശകലനം

ഡി. എച്ച്. പൈ പനാൻദിക്കർ

ബജറ്റ് രൂപപ്പെടുത്തുന്നതിനുള്ള പശ്ചാത്തല ഒരുക്കങ്ങളാണ് സാമ്പത്തിക സർവേ ചെയ്യുന്നത്. സാമ്പത്തിക സർവേ വസ്തു നിഷ്ഠമാണെന്നു മാത്ര മല്ല ഇപ്പോഴത്തെ സാമ്പത്തികസ്ഥിതിയെക്കുറിച്ചു പ്രത്യാവലോകനം നടത്തുകയും ചെയ്യുന്നു. ഇതോ ടൊപ്പം സമ്പദ്ഘടനയെ ശക്തമായി നിലനിർത്താ നാവശ്യമായ വിശാല നയങ്ങളെക്കുറിച്ചുള്ള സൂച നകളും നല്കുന്നു.

സാമ്പത്തിക ശാസ്ത്രത്തിന് അല്പം പുറ ത്തേക്ക് ബജറ്റ് പോവുക പതിവാണ്. മാത്രവുമല്ല, രാഷ്ട്രീയ പരിഗണനകൾ ചെറുതല്ലാത്ത വിധത്തിൽ ബജറ്റിനെ സ്വാധീനിക്കുകയും ചെയ്യുന്നുണ്ട്. ചെല വുകൾ, വിഭവസമാഹരണം എന്നിവയുടെ മുൻഗണ നകളും ബജറ്റിനെ സ്വാധീനിക്കുന്ന മറ്റ് ഘടകങ്ങ ളാണ്. ധനമന്ത്രാലയത്തിന്റെ കാഴ്ചപ്പാടുകൾ സംഗ്ര ഹിക്കുന്ന വവിധ വിഭാഗങ്ങളാണ് സാമ്പത്തിക സർവേയും ബജറ്റും.

## സാമ്പത്തിക വളർച്ച

2016–17–ൽ 7–7.75 ശതമാനം സാമ്പത്തിക വളർച്ചയാണ് സർവേ അനുമാനിക്കുന്നത്. 2015–16 വർഷത്തിൽ സാമ്പത്തിക സർവേ നല്കിയ വളർച്ചാ പ്രതീക്ഷ അതിമോഹമായിരുന്നുവെന്നു തെളി ഞ്ഞിരിക്കുകയാണ്. ഒരു പക്ഷേ, ആഗോള സമ്പദ്ഘ ടനയിലെ ഇപ്പോഴത്തെ മോശമായ സ്ഥിതി അന്നു വിഭാവനം ചെയ്യുവാൻ സാധിച്ചിരിക്കുകയില്ല. അടു ത്തവർഷം ഇത് എങ്ങോട്ടു വേണമെങ്കിലും തിരിയാ വുന്ന സ്ഥിതിയിലുമാണ്. ഈ അനിശ്ചിതാവസ്ഥ യിലും ഇന്ത്യ താരതമ്യേന സ്ഥിരതയോടെയുള്ള ഉയർന്ന വളർച്ച നേടുന്നുണ്ട്. ദീർഘകാലത്തിൽ 8–10 ശതമാനം വളർച്ച ഇന്ത്യയിൽ സംഭവനീയ മാണെന്നാണ് അനുമാനം.

എല്ലായിടത്തുനിന്നുമുള്ള ചിത്രം ഇരുണ്ടതാ ണ്. ജപ്പാനും യൂറോപ്പും മാന്ദ്യത്തിന്റെ വക്കിലാണ്. യുഎസിന്റെ വളർച്ച 2015–ന്റെ അവസാന പാദത്തിൽ ചുരുങ്ങിയിരിക്കുന്നു. എന്തിന് ബ്രിക്സ് രാജ്യങ്ങളും പ്രശ്നങ്ങളിലാണ്. ബ്രസീൽ, റഷ്യ എന്നിവിടങ്ങളിൽ നാലു ശതമാനം ന്യൂന വളർച്ചയാണ്. ദക്ഷിണാഫ്രി ക്കയുടെ കാര്യവും അലട്ടുന്നതാണ്. ചൈനയുടെ വളർച്ച പഴയ പത്തു ശതമാനത്തിൽനിന്നു 6.5 ശത മാനത്തിലേക്ക് കുത്തനെ വീണിരിക്കുന്നു.

ഒരു രാജ്യത്തിനും ലോകത്തുനിന്നു വിട്ടു നില്ക്കുവാൻ സാധിക്കില്ല. വ്യാപാരം, നിക്ഷേപം എന്നിവ വഴി രാജ്യങ്ങളെല്ലാം കെട്ടുപിണഞ്ഞ അവ സ്ഥയിലാണ്. തങ്ങളുടെ കയറ്റുമതി മേഖലയെ വളർച്ചയ്ക്കു ഉപയോഗപ്പെടുത്തിയ രാജ്യങ്ങളാണ് ആദ്യം ഈ മത്സരത്തിൽനിന്നു പുറത്താവുക. ഇറ ക്കുമതിക്കു പകരം കയറ്റുമതി എന്നുള്ളതായിരുന്നു ഇന്ത്യയുടെ തുടക്കത്തിലുള്ള വികസന തന്ത്രം. 1999 –ലെ സാമ്പത്തിക പരിഷ്കാരങ്ങൾക്കുശേഷവും ഫല പ്രദമായ കയറ്റുമതി വർധനയിലേക്കു കാര്യങ്ങൾ മാറ്റുവാൻ ഇന്ത്യയ്ക്കു സാധിച്ചിട്ടില്ല. ഇപ്പോൾ കുറേ ക്കൂടി വൈവിധ്യവത്കരിച്ച 'മേക്ക് ഇൻ ഇന്ത്യ'യിലേക്കു രാജ്യം എത്തിയിരിക്കുകയാണ്. വളർച്ചയ്ക്ക് ആഭ്യന്തരാവശ്യത്തെ കൂടുതലായി ആശ്രയിക്കുന്നതിനാൽ പുറംലോകവുമായുള്ള നമ്മുടെ ബന്ധം വളരെ നേർത്തതാണ്.

ആഗോള സമ്പദ്ഘടനയിലുണ്ടാകുന്ന ഒരു ശതമാനം വളർച്ചാക്കുറവ് ഇന്ത്യൻ വളർച്ചയെ 0.2 ശതമാനം ചുരുക്കുമെന്നാണ് സാമ്പത്തിക സർവേ ചൂണ്ടിക്കാട്ടുന്നത്. പക്ഷേ, 2008-09-ലേതുപോലുള്ള സാമ്പത്തിക മാന്ദ്യം തീർച്ചയായും ദുരന്തം വിതയ്ക്കും.

മങ്ങലേറ്റ ആഗോള അന്തരീക്ഷത്തിലും ഇന്ത്യയുടെ വളർച്ചയെ നിലനിർത്തുന്നത് എന്താണ് ? കേന്ദ്രത്തിലെ അഴിമതി ഇല്ലാതാക്കിയത്, കൂടുതൽ മേഖലകളെ നേരിട്ടുള്ള വിദേശനിക്ഷേപത്തിനു തുറന്നുകൊടുത്തത്, ബിസിനസ് ചെയ്യുന്നതിനുള്ള ചെലവ് കുറച്ചത്, ജൻധൻ യോജന, തുടങ്ങിയ സാമൂഹ്യക്ഷേമ പദ്ധതികൾ എന്നിങ്ങനെ ചെറിയ ചെറിയ ഉത്തേജനങ്ങൾ സർവേ എടുത്തുകാട്ടുന്നു. പക്ഷേ ഈ നടപടികളൊന്നുംതന്നെ നിക്ഷേപത്തിൽ കാര്യമായ വർധന വരുത്തുവാൻ ഉതകിയിട്ടില്ല.

ജിഡിപിയിൽ വ്യവസായമേഖലയുടെ ഓഹരി 15-16 ശതമാനത്തിൽ ഏതാണ്ട് നിശ്ചലമാണ്. കമ്പനി മേഖലയ്ക്ക് അവയുടെ പ്രകടനം കാര്യമായ മാറ്റമില്ലാതെ നിലനിർത്താൻ സാധിച്ചുവെങ്കിലും അവയുടെ ലാഭക്ഷമത നടപ്പുവർഷത്തിൽ നഷ്ടമായി. ആവശ്യം കുറഞ്ഞതുമൂലം അധികശേഷിയുടെ ഭാരത്തിലാണ് വ്യവസായമേഖല. അതുമൂലം കോർപറേറ്റ് മേഖലയ്ക്കു കടംകൊടുത്ത ബാങ്കുകൾ കടുത്ത ഞെരുക്കത്തിലാണ്.

സമ്പദ്മേഖലയിലെ ചില മേഖലകൾ സംശയമില്ലാത്ത വണ്ണം മികച്ച ചാലകശക്തി കാട്ടുന്നുണ്ട്. ഉദാഹരണത്തിനു സേവന മേഖല. ധനകാര്യസേവന മേഖലയും വിതരണമേഖലയും സമ്പദ്ഘടനയിൽ വലിയ ആവേശവും ഓജസുമാണു കാണിക്കുന്നത്. സ്റ്റാർട്ടപ്പുകൾ ഇന്ത്യയിൽ പുതിയ താവളം കണ്ടെത്തിയിരിക്കുന്നു. വലിയ വർധനയുണ്ടായിട്ടില്ലെങ്കിലും രാജ്യത്തേയ്ക്കു നേരിട്ടുള്ള വിദേശ നിക്ഷേപത്തിനു വേഗം വർധിക്കുകയാണ്. യഥാർത്ഥത്തിൽ മുൻ വർഷങ്ങളിൽ നടത്തിയ ഉയർന്ന നിക്ഷേപത്തിന്റെ വലിയ ഫലങ്ങളാണ് സമ്പദ്ഘടനയിലെ ഈ വളർച്ച.

ഒരിക്കൽക്കൂടി സമ്പദ്ഘടനയെ ത്വരിതപ്പെടുത്താൻ എടുക്കേണ്ട ഏറ്റവും പ്രധാന നടപടിയാണ് ആവശ്യം വർധിപ്പിക്കുകയെന്നുള്ളത്. ഇതിനുള്ള ഏറ്റവും ഫലപ്രദമായ വഴി അടിസ്ഥാനസൗകര്യമേഖലയിൽ പൊതുമേഖല വൻതോതിൽ നിക്ഷേപം നടത്തുകയെന്നതാണ്. അടിസ്ഥാനസൗകര്യമേഖലയിലെ നിക്ഷേപത്തിനു രാജ്യത്തു വലിയ സാധ്യതകളാണുള്ളത്. ഇതു സമ്പദ്ഘടനയിൽ വലിയ ഫലമാണുണ്ടാക്കുക.

സ്വകാര്യ നിക്ഷേപം കുറയുവാനുള്ള ഒരു പ്രധാന കാരണം ഉയർന്നു നില്ക്കുന്ന പലിശ നിരക്കാണ്. പണപ്പെരുപ്പം ഉയർന്നു നില്ക്കുന്നതിനാൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ നേരത്തെ പലിശ നിരക്കുകൾ ഉയർത്തിയിരുന്നു. 2010-11 മുതൽ നാലു വർഷങ്ങൾകൊണ്ട് നാം പണപ്പെരുപ്പത്തെ കീഴ്പ്പെടുത്തിയിരിക്കുകയാണ്. ഈ കാലയളവിൽ സമ്പദ്ഘടനയിൽ പണപ്പെരുപ്പ സമ്മർദ്ദം ഉണ്ടാകാതെതന്നെ ഉയർന്ന തോതിൽ നിക്ഷേപം സംഭവിക്കുകയും ചെയ്തു. കാർഷികോത്പന്നങ്ങൾ, പ്രത്യേകിച്ച് പഴം, പച്ചക്കറികൾ എന്നിവ ആവശ്യത്തിനു ലഭിക്കാത്തതാണ് പ്രധാനമായും പണപ്പെരുപ്പം ഉയരുവാൻ കാരണം.

കഴിഞ്ഞ രണ്ടുവർഷമായി പണപ്പെരുപ്പം മിതമായ തോതിൽ എത്തിയിട്ടുണ്ട്. മൊത്തവില സൂചികയടിസ്ഥാനത്തിലുള്ള വിലക്കയറ്റം ന്യൂന വളർച്ചയിലാണ്. അതായത് മൊത്ത വില മുൻവർഷത്തേക്കാൾ കുറഞ്ഞിരിക്കുന്നു. ചില്ലറ വില അടിസ്ഥാനമാക്കിയുള്ള വിലക്കയറ്റം ആറു ശതമാനത്തിനു താഴെയാണ്. വിലക്കയറ്റം കുറഞ്ഞതിനെത്തുടർന്ന് റിസർവ് ബാങ്ക് റീപോ നിരക്ക് (ബാങ്കുകൾക്കു നല്കുന്ന ഹ്രസ്വകാല വായ്പയ്ക്ക് റിസർവ് ബാങ്ക് ഈടാക്കുന്ന പലിശ നിരക്ക്) 6.75 ശതമാനത്തിലേക്ക് വെട്ടിക്കുറച്ചു. എങ്കിലും ഇതിന്റെ പൂർണ പ്രയോജനം വായ്പ എടുക്കുന്നവർക്കു നല്കുവാൻ ബാങ്കുകൾ തയാറായിട്ടില്ല. പലിശ നിരക്കു കുറയ്ക്കുകയും പണലഭ്യത വർധിപ്പിക്കുകയും ചെയ്യുന്നതു വളർച്ച ശക്തമാക്കുവാൻ ആവശ്യമാണെന്നു സാമ്പത്തിക സർവേ നിർദ്ദേശിക്കുന്നു.

ഇന്ത്യൻ സമ്പദ്ഘടനയുടെ വളർച്ചയിൽ കയറ്റുമതി വലിയ പങ്കൊന്നും വഹിക്കുന്നില്ല എങ്കിൽക്കൂടി അത് വളരെ പ്രധാനപ്പെട്ട മേഖലയാണ്. കാരണം ഇന്ത്യൻ വ്യവസായ മേഖലയുടെ വിറ്റുവരവിൽ ശരാശരി 12 ശതമാനത്തോളം കയറ്റുമതിയിൽനിന്നാണ്. കഴിഞ്ഞ പതിന്നാലു മാസമായി കയ

റ്റുമതി വരുമാനം തുടർച്ചയായി കുറഞ്ഞു വരികയാണ്. അതായത് ലോക വരുമാനത്തിൽ നല്ല കുറവുണ്ടായിരിക്കുന്നു. കൂടാതെ യുഎസ് ഫെഡറൽ റിസർവ് പലിശ നിരക്ക് ഉയർത്തുകയും ചെയ്തു. ഭാവിയിൽ പലിശ നിരക്കു വർധിപ്പിക്കുമെന്നു ഫെഡറൽ റിസർവ് നല്കിയ സൂചനയും ലോകത്തിലെ മിക്ക കറൻസികളുടെയും മൂല്യമിടിച്ചു. രൂപയുടെ മൂല്യം അതിന്റെ ഏറ്റവും താഴ്ചയിലേക്കു നീങ്ങിയെങ്കിലും കയറ്റുമതിയെ ഇതൊട്ടും വർധിപ്പിച്ചില്ല. നമ്മുടെ വാണിജ്യ പങ്കാളികളുടെ കറൻസികളുടെ മൂല്യവും ശോഷിച്ചതാണ് രൂപയുടെ മൂല്യശോഷണത്തിന്റെ ഗുണം നമുക്കു ലഭിക്കാതെ പോകുവാൻ കാരണം. രാജ്യങ്ങൾ തമ്മിലുള്ള ഈ കറൻസി യുദ്ധത്തിനിടയിലും രൂപയെ നന്നായി കൈകാര്യം ചെയ്യുവാൻ റിസർവ് ബാങ്കിനു സാധിച്ചത് നമ്മുടെ മത്സരക്ഷമത ഒരു പരിധി വരെ നഷ്ടപ്പെടാതെ സൂക്ഷിക്കുവാൻ സഹായിച്ചു.

കയറ്റുമതി വരുമാനത്തിൽ ഗണ്യമായ ഇടിവുണ്ടായിട്ടും കറന്റ് അക്കൗണ്ട് കമ്മി 1.1 ശതമാനം മാത്രമാണ്. ഐടി,ഐടി അധിഷ്ഠിത സേവനങ്ങളുടെ കയറ്റുമതിയും ക്രൂഡോയിലിന്റെ രാജ്യാന്തര വില ഇടിഞ്ഞതിനെത്തുടർന്നു ഇറക്കുമതിച്ചെലവിൽ വന്ന കുറവുമാണ് കറന്റ് അക്കൗണ്ട് കമ്മി കുറയുവാൻ കാരണം. 2016-17-ൽ ക്രൂഡോയിലിന്റെ ഇന്ത്യൻ ബാരൽ വില 35 ഡോളറിൽ നില്ക്കുമെന്നാണ് സർവേ പ്രതീക്ഷിക്കുന്നത്. 2015-16-ൽ അത് ബാരലിന് 35 ഡോളറാണ്.

ഈ സഹാചര്യത്തിൽ ഉയരുന്ന അടിസ്ഥാന ചോദ്യമിതാണ്, സമ്പദ്ഘടനയുടെ വളർച്ച നിലനിർത്താനും ത്വരിതപ്പെടുത്താനും നയപരമായ എന്തു നടപടികളാണ് ആവശ്യമായിട്ടുള്ളത്? വളർച്ച അനസ്യൂതം തുടർന്നുകൊണ്ടിരിക്കുമെന്ന് സങ്കല്പിക്കുവാൻ സാധിക്കുകയില്ല. കാരണം പല വളർച്ചാഘടകങ്ങളും ദുർബലമാകുകയും നിക്ഷേപം കുറയുകയും ചെയ്യും. ധനകാര്യ മന്ത്രി ഇക്കാര്യത്തിൽ വളരെ വ്യക്തമായ നയം സ്വീകരിച്ചിട്ടുണ്ട്. നേരത്തെ ഉദ്ദേശിച്ചിരുന്നതുപോലെ തന്നെ ധനകമ്മി ജിഡിപിയുടെ 3.5 ശതമാനത്തിൽ ഒതുക്കി നിർത്തുവാൻ തയാറായിട്ടുണ്ട്. എന്നാൽ ഇപ്പോഴത്തെ ഏറ്റവും വലിയ ആവശ്യം പൊതു ആവശ്യത്തിനുള്ള ചെലവഴിക്കൽ വർധിപ്പിക്കുകയും സാമ്പത്തിക പരിഷ്കാരങ്ങൾ ശക്തിപ്പെടുത്തുകയെന്നതുമാണ്.

'വൺ റാങ്ക് വൺ പെൻഷൻ', ഏഴാം ശമ്പളക്കമ്മീഷൻ ശുപാർശയനുസരിച്ചുള്ള ശമ്പള വർധന തുടങ്ങിയവയ്ക്കു ചെലവഴിക്കാൻ 2016-17 ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. ഗുണപരമായ ചെലവഴിക്കൽ വികസനത്തിൽ നിർണായക പങ്കു വഹിക്കുന്നുണ്ട്. ഇതിനായി നിക്ഷേപം വർധിപ്പിക്കേണ്ട മൂന്നു മേഖലകളെ സർവേ കണ്ടെത്തിയിട്ടുണ്ട്. യഥാർത്ഥത്തിൽ ബജറ്റ് ഈ മേഖലകളിലാണ് വകയിരുത്തൽ നടത്തേണ്ടത്.

ആദ്യത്തേത് വിദ്യാഭ്യാസമാണ്. വിദ്യാഭ്യാസം കൂടാതെ തൊഴിലാളികൾക്കു മികച്ച പ്രകടനം കാഴ്ചവയ്ക്കുവാൻ സാധിക്കുകയില്ല. ഉത്പാദനക്ഷമത ഉയർത്താനും പറ്റില്ല.

രണ്ടാമത്തേത് ആരോഗ്യമേഖലയാണ്. ആരോഗ്യമുള്ള വ്യക്തി കൂടുതൽ ഉത്പാദനക്ഷമത കാണിക്കുന്നു. മരുന്നിനായി കുറഞ്ഞ തുകയേ അവർ ചെലവഴിക്കുന്നുള്ളു. ഇത് അവരുടെ കൈകളിൽ ചെലവഴിക്കാൻ കൂടുതൽ പണം എത്തിക്കുന്നു. അതായത് അവർക്കു കൂടുതൽ വ്യയ ശക്തി ലഭ്യമാകുന്നു.

മൂന്നാമത്തേതാണ് കൃഷി. ജലസേചനം മെച്ചപ്പെടുത്തുക, കൃഷിയെ കൂടുതൽ യന്ത്രവത്കരിക്കുക, വിപണി മെച്ചപ്പെടുത്തുക. കൃഷിക്കാവശ്യമായ വസ്തുക്കളുടെ ലഭ്യത വർധിപ്പിക്കുക, ഉത്പാദനക്ഷമത വർധിപ്പിക്കുക, ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക തുടങ്ങിയവ ആവശ്യമാണെന്നു സർവേ ചൂണ്ടിക്കാട്ടുന്നു. ഇതൊടൊപ്പം ജനിതക മാറ്റം വരുത്തിയ വിത്തുകളും ഉപയോഗിക്കണമെന്നു സർവേ നിർദ്ദേശിക്കുന്നു.

ഉത്പാദനപരമല്ലാത്തതോ കുറഞ്ഞ ഉത്പാദനക്ഷമതയുള്ളതോ ആയ ചെലവുകൾ കുറയ്ക്കാൻ ബജറ്റിൽ ഒരു ശ്രമവും നടത്തിയിട്ടില്ല. ഇക്കാര്യത്തിൽ സർവേ പല നിർദ്ദേശങ്ങളും ആശയങ്ങളും മുന്നോട്ടുവച്ചിട്ടുണ്ട്. ദുർബലവിഭാഗങ്ങൾക്കു പ്രയോജനകരമല്ലാത്ത സബ്സിഡികൾ ഇല്ലാതാക്കാൻ സർവേ നിർദ്ദേശിക്കുന്നു.

ഇക്കാര്യത്തിൽ സർവേ രണ്ടു പ്രധാന നിർദ്ദേശങ്ങൾ മുന്നോട്ടു വയ്ക്കുന്നു. സാമ്പത്തികമായി മുൻനിരയിലുള്ളവർ അനുഭവിക്കുന്ന സബ്സിഡി ആനുകൂല്യം ഇല്ലാതാക്കുകയെന്നതാണ് ആദ്യത്തേ

ത്. ലഘുനിക്ഷേപ സമ്പാദ്യത്തിനു ലഭിക്കുന്ന ഇള വുകൾ, നികുതി ഇളവുകൾ, പാചകവാതകം, റെയിൽവേ, വൈദ്യുതി, വിമാന ഇന്ധനം, സ്വർണം, മണ്ണെണ്ണ തുടങ്ങിയവയ്ക്കു ലഭിക്കുന്ന നികുതി-സ ബ്സിഡികൾ തുടങ്ങിയവ എല്ലാം കൂടി ഒരു വർഷം ഒരു ലക്ഷം കോടി രൂപയോളം വരും.

രണ്ടാമത്തേത് കാർഷിക വരുമാനത്തിനു നികുതി ഏർപ്പെടുത്തുക എന്നതാണ്. പ്രത്യേകിച്ചും ധനാഢ്യരായ കർഷകരുടെ വരുമാനത്തിൽ. ഇതോ ടൊപ്പം വളം സബ്സിഡി യുക്തിസഹമാക്കുകയും വേണം.

പ്രത്യക്ഷത്തിൽ ഈ നിർദ്ദേശങ്ങൾ ധനകാര്യ മന്ത്രിക്കു ഹിതകരമാകാനിടയില്ല. പ്രത്യേകിച്ചും പ്രതി പക്ഷം പാർലമെന്റിൽ 'വ്യക്തമായ തീരുമാന ത്തോടെ' എത്തുകയും വിവിധ സംസ്ഥാന നിയമ സഭകളിലേക്ക് തെരഞ്ഞെടുപ്പ് നടക്കാനിരിക്കുകയും ചെയ്യുമ്പോൾ.

ദേശീയ വികസനത്തിനും രാജ്യത്തിന്റെ താല്പര്യത്തിനും അത്യാവശ്യമായ ചില പ്രധാനപ്പെട്ട സാമ്പത്തിക പരിഷ്കാരങ്ങൾ ഇപ്പോഴും രാജ്യസഭ യുടെ അനുമതി കിട്ടാതെ കിടക്കുകയാണ്.

ചെലവുകൾ നികുതി വരുമാനത്തിൽനിന്നാണ് നിർവഹിക്കുന്നത്. കൂടാതെ കടമെടുക്കുകയും ചെയ്യു ന്നു. അത് ഒഴിവാക്കുവാൻ പറ്റാത്തതാണ്. സർവേ നല്കുന്ന കണക്കുകൾ പരിശോധിച്ചാൽ ഏറ്റവും കുറവു നികുതി ഈടാക്കുന്ന രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ. നികുതി- ജിഡിപി അനുപാതം ഇന്ത്യയിൽ 16.6 ശതമാനമാണ്. മറ്റു ചില 'ബ്രിക്സ്' രാജ്യങ്ങളു മായി താരതമ്യപ്പെടുത്തുമ്പോൾ ഇതു വളരെ കുറ വാണ്. ഉദാഹരണത്തിന്, ചൈനയിലിത് 19.4 ശതമാ നവും റഷ്യയിൽ 23 ശതമാനവും ദക്ഷിണാഫ്രിക്ക യിൽ 28.8 ശതമാനവും ബ്രസീലിൽ 35.6 ശതമാനവു മാണ്. എന്നാൽ ആളോഹരി നികുതി അനുപാതം അത്ര തീരെ താഴ്ന്ന നിലയില്ല. കഴിഞ്ഞ 25 വർഷ ക്കാലത്ത് നികുതിയൊഴിവു പരിധി ആളോഹരി വരു മാനത്തേക്കാൾ വളരെ വേഗം വർധിച്ചിവെന്നാണ് സർവേ ചൂണ്ടിക്കാട്ടുന്നത്.

## നാലു പരിഷ്കാരങ്ങൾ

നാല് പരിഷ്കാരങ്ങൾ വികസന പ്രക്രിയയിൽ നാടകീയമായ മാറ്റങ്ങൾ വരുത്തുവാൻ സഹായിക്കും. പൊതു, സ്വകാര്യ മേഖല സ്ഥാപനങ്ങളുടെ നിക്ഷേ പത്തിനു ഭൂവിനിയോഗ ബിൽ വഴിയൊരുക്കും. ഏതാണ്ട് 25 ശതമാനത്തോളം പദ്ധതികൾ ഭൂമി ഏറ്റെ ടുക്കുന്നതിലെ പ്രശ്നങ്ങൾ മൂലം നടപ്പാക്കാൻ കഴി യാത്ത അവസ്ഥയിൽ പാതി വഴിയിലാണ്. ജിഎസ്ടി സംബന്ധിച്ചുള്ള ചർച്ചകൾ ദീർഘനാളായി തുടരുക യാണ്. പുരോഗതിയെ പിന്നോട്ടു വലിക്കുന്ന വിധ ത്തിൽ ജിഎസ്ടി ബില്ലിന്റെ കാര്യം ഇപ്പോഴും സന്ദേ ഹത്തിലാണ്. ജിഎസ്ടി നടപ്പാക്കുന്നതു കൊണ്ടുമാത്രം ജിഡിപിയിൽ കുറഞ്ഞത് ഒരു ശത മാനം വളർച്ചയുണ്ടാകും. നേരിട്ടുള്ള വിദേശ നിക്ഷേ പത്തിനു ഏറ്റവും തടസമായി നില്ക്കുന്നതാണ് നിർഗ മന നയം. പ്രവേശനം സൗജന്യമാണെങ്കിൽ നിർഗമ നവും സൗജന്യമായിരിക്കണം. എന്നാൽ പുറത്തുപോ കൽ എളുപ്പമല്ലാത്ത സാഹചര്യത്തിൽ പ്രവേശനവും പ്രയാസകരമാകുന്നു. അവസാനമായി തൊഴിൽ നിയ മമാണ്. മെച്ചപ്പട്ട, ഗുണമേന്മയുള്ള തൊഴിൽ സൃഷ്ടി ക്കാൻ ഉതകുന്ന വിധത്തിൽ തൊഴിൽ നിയമത്തിൽ ആവശ്യമായ മാറ്റം വരുത്തണമെന്നു സർവേ നിർദ്ദേ ശിക്കുന്നു.

## അടിയന്തരശ്രദ്ധ വേണ്ട മേഖലകൾ

വളർച്ച ത്വരിതപ്പെടുത്താനും അതിനു സ്ഥിരത നല്കാനുമുള്ള വഴികൾ എന്തൊക്കെയാണ്? നയപര മായി അടിയന്തര ശ്രദ്ധ ആവശ്യമായ ചില മേഖല കൾ സാമ്പത്തിക സർവേ ചൂണ്ടിക്കാണിക്കുന്നു.

- വളർച്ച കൂടുതലായും ആഭ്യന്തര ആവശ്യത്തെ ആശ്രയിച്ചാണിരിക്കുന്നത്. അതിനാൽ അടി സ്ഥാന സൗകര്യമേഖലയിൽ കൂടുതൽ ചെലവ ഴിക്കൽ നടത്തി ആവശ്യം വർധിപ്പിക്കണം.
- ചില സബ്സിഡികൾ വെട്ടിക്കുറയ്ക്കണം. സ്വർണം, ലഘുസമ്പാദ്യനിക്ഷേപത്തിലുള്ള പലിശ, പെൻഷൻ തുടങ്ങിയവയ്ക്കുള്ള പരോക്ഷ നികുതി സൗജന്യങ്ങൾ ഇല്ലാതാക്ക ണം. ഇവയെല്ലാം കൂടി ഏതാണ്ട് ഒരു ലക്ഷം കോടി രൂപയോളം വരും. ഇതാവട്ടെ സമ്പന്ന വിഭാഗത്തിനാണ് കൂടുതലും പ്രയോജനം ചെയ്യു ന്നത്.
- നികുതിദായകരുടെ എണ്ണം വർധിപ്പിക്കണം.

അതിനായി നിലവിലുള്ള നികുതിയിളവു പരിധി ഉയർത്തരുത്.

- വിദ്യാഭ്യാസം, ആരോഗ്യം, കൃഷി എന്നീ മേഖലകൾക്കു മുൻഗണന നല്കണം
- സമ്പന്ന കർഷകരെ നികുതിവലയിൽ കൊണ്ടുവരുന്ന വിധത്തിൽ കാർഷിക വരുമാന നികുതി ഏർപ്പെടുത്തണം.
- വളത്തിനുള്ള സബ്സിഡി യുക്തിസഹമാക്കണം. സബ്സിഡി പ്രയോജനപ്പെടുത്തുന്നവരിൽ നല്ലൊരു പങ്കും വൻകിട കൃഷിക്കാരാണ്.
- റിസർവ് ബാങ്ക് അതിന്റെ ഓഹരി മൂലധനം 16 ശതമാനത്തിലേക്കു താഴ്ത്തുകയും ആ പണം ബാങ്കിംഗ് മേഖലയെ പുനർമൂലധനവത്കരിക്കാൻ ഉപയോഗിക്കുകയും ചെയ്യുക.
- മെച്ചപ്പെട്ട, ഗുണമേന്മയുള്ള തൊഴിൽ സൃഷ്ടിക്കാൻ തൊഴിൽ നിയമത്തിൽ പരിഷ്കരണം ഉണ്ടാവണം.

അടിസ്ഥാന സാമ്പത്തിക പരിഗണനകളേയും അവകാശതുല്യതാ പരിഗണനകളേയും അടിസ്ഥാനമാക്കിയാണ് സർവേ അടിസ്ഥാന വികസന പ്രശ്നങ്ങളെ സമീപിച്ചിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ വികസനസാധ്യതകളെക്കുറിച്ചു ദീർഘകാല കാഴ്ചപ്പാടും സർവേ സ്വീകരിച്ചിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾ സ്വീകരിച്ചാൽപോലും ദീർഘകാലത്തിൽ സ്ഥിരതയുള്ള, ഉയർന്ന വളർച്ചയ്ക്കുള്ള ശരിയായ അന്തരീക്ഷം സൃഷ്ടിക്കുവാൻ വളരെ ദൂരം പോകേണ്ടതായിട്ടുണ്ട്.

മുകളിൽ പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾ അപ്പാടെ നടപ്പിലാക്കുവാൻ സാധ്യതയില്ലെന്നതു കണക്കിലെടുത്തുകൊണ്ടാണ് 2016-17 വർഷത്തിൽ 7-7.75 ശതമാനം വളർച്ച സാമ്പത്തിക സർവേ അനുമാനിച്ചിട്ടുള്ളത്.രാജ്യത്തിന്റെ സാമ്പത്തിക വളർച്ചാസാധ്യത അതുകൊണ്ടുതന്നെ തിരിച്ചറിയപ്പെടാതെ പോകുന്നതായും സർവേ അഭിപ്രായപ്പെടുന്നു.

അതുകൊണ്ടാണ് ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തുവാനും ഒരിക്കൽക്കൂടി തെറ്റുവരുത്താതിരിക്കുവാനും സർവേ ശ്രമിക്കുന്നത്.

*(FICCIയുടെ മുൻ സെക്രട്ടറി ജനറലാണ് ലേഖകൻ)*


ISSN-0971-8397

**യോജന വായിക്കൂ! വരിക്കാരാകൂ!**

**വരിക്കാരാകാൻ കൂപ്പൺ ഉപയോഗിക്കുക**

*യോജനയുടെ വരിക്കാരനാകാൻ ഞാൻ ആഗ്രഹിക്കുന്നു. തുക മണിയോർഡർ/ഡ്രാഫ്റ്റ് ആയി നൽകുന്നു*

☐ **1 വർഷം - 230 രൂപ**

☐ **2 വർഷം - 430 രൂപ**

☐ **3 വർഷം - 610 രൂപ**

*(ടിക്ക് ചെയ്യുക)*

*പേര്* ..............................

*വിലാസം* ..............................

..............................

*ജില്ല*..............................

*പിൻകോഡ്* ..............................

*വരിസംഖ്യയും വിലാസവും പുതുക്കുന്നതിന് വരിസഖ്യാ നമ്പർ കാണിക്കുക* ☐

*അയയ്ക്കേണ്ട വിലാസം :*

*എഡിറ്റർ, യോജന (മലയാളം), ഗവണ്മെന്റ് പ്രസ്സ് റോഡ്, തിരുവനന്തപുരം - 695001*

*ഫോൺ: 0471-2323826, e-mail: yojanamal50@yahoo.co.in*



# സാമ്പത്തിക ഏകീകരണവും ബജറ്റിലെ മാർഗനിർദ്ദേശങ്ങളും

ബി.വി. മധുസൂദൻ റാവു

## ബജറ്റ് കമ്മി : പശ്ചാത്തലം

ഒരു ഗവൺമെന്റിന്റെ മൊത്തം ചെലവും വരവും തമ്മിലുള്ള വ്യത്യാസത്തെയാണ് ഒരു സാമ്പത്തിക വർഷത്തിലെ ബജറ്റ്കമ്മി എന്നു വിളിക്കുന്നത്. ഇതിൽ മൊത്തം ചെലവു എപ്പോഴും മൊത്തം വരവിനേക്കാൾ കൂടിയിരിക്കും. ഇത് വരാനിരിക്കുന്ന സാമ്പത്തിക വർഷത്തേതാണെങ്കിൽ അതിനെ പ്രതീക്ഷിക്കപ്പെടുന്ന കമ്മി എന്ന് വിളിക്കാം. ധനകമ്മി എന്ന് പറയുന്നത്, മൊത്തം ചെലവും വരവും തമ്മിൽ വായ്പ വാങ്ങിയത് ഒഴിവാക്കിക്കൊണ്ടുള്ള കമ്മിയാണ്. ഇത് തന്നെയാണ് മൊത്ത ധനകമ്മി എന്ന് അറിയപ്പെടുന്നത്. റവന്യൂ ചെലവും വരവും തമ്മിലുള്ള വ്യത്യാസമാണ് റവന്യൂ കമ്മി. റവന്യൂ ചെലവ് എപ്പോഴും വരവിനേക്കാൾ കൂടിയിരിക്കുന്നതിനാൽ ആണ് റവന്യൂകമ്മി എന്നു പറയുന്നത്. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ ധനകമ്മികൾ ഒരുമിച്ചു ചേർത്താണ് സംയുക്ത ധന കമ്മിയെന്ന് അറിയപ്പെടുന്നത്. കമ്മി ധനവിനിമയം അല്ലെങ്കിൽ കമ്മി ബജറ്റ് എന്ന ആശയം പ്രശസ്ത സാമ്പത്തിക ശാസ്ത്രജ്ഞൻ ജോൺ മെയ്നാർദ് കേൻസിന്റെ സംഭാവനയാണ്. അദ്ദേഹം സാമ്പത്തിക മാന്ദ്യത്തിന്റെ കാലത്ത് കമ്മി ധന വിനിമയത്തിന്റെ പ്രയോക്താവായിരുന്നു. അദ്ദേഹം തന്റെ പഠനങ്ങൾ 'തൊഴിൽ, ആദായം, ധനം സാർവ്വജനീയ സിദ്ധാന്തം' എന്ന തലക്കെട്ടിൽ 1936ൽ പ്രസിദ്ധപ്പെടുത്തി. വികസനത്തിനും തൊഴിലിനും വേണ്ടി കമ്മി ധനവിനിയോഗം ആവശ്യമാണെന്ന് അദ്ദേഹം ഇതിൽ സമർത്ഥിച്ചു.

അതുവരെ നിലനിന്നിരുന്ന നിലപാടിനും സമ്പദ്ഘടന ഒരു സമതുലിതാവസ്ഥയിൽ നിലനില്ക്കുന്നു എന്ന ആശയത്തിനും തികച്ചും കടകവിരുദ്ധമായ ഒരാശയമായിരുന്നു കേൻസിന്റേത്. പഴയ സിദ്ധാന്ത പ്രകാരം ഉപഭോക്താക്കളുടെ ആവശ്യങ്ങൾ എപ്പോഴും സാധനങ്ങളും സേവനങ്ങളും ഉത്പാദിപ്പിക്കാനുള്ള കഴിവിനേക്കാൾ കൂടുതലാവും. ഇങ്ങനെ ഉത്പാദിപ്പിക്കപ്പെട്ട സാധനങ്ങളും സേവനങ്ങളും അത്യന്തികമായി ഒരു ഉചിത വിലയിൽ എത്തുമ്പോൾ ഉപയോഗിക്കപ്പെടുന്നു. കേയ്ൻസിന്റെ തിയറി പ്രകാരം, തൊഴിലില്ലായ്മ നിലനില്ക്കുന്നത് വഴി സാധനങ്ങളും സേവനങ്ങളും കെട്ടിക്കിടക്കുകയും അതു സമ്പദ്ഘടനയുടെ ചുരുക്കത്തിനു കാരണമാവുകയും ചെയ്യും. വ്യക്തികൾ മിച്ചം വയ്ക്കുന്ന തുകയും സമ്പദ്ഘടനയെ അതിന്റെ മികച്ച സാധ്യതകൾ കൈവരിക്കുന്നതിനു തടയിടുന്നു. ഗവൺമെന്റിന്റെ ധന വിനിയോഗം, മൊത്തത്തിലുള്ള ആവശ്യകത കൂട്ടുകയും തൊഴിലില്ലായ്മ കുറയ്ക്കുകയും ചെയ്യുന്നു. പലിശനിരക്ക് കുറയ്ക്കുന്നതും ഗവണ്മെന്റ് ചിലവുകൾ കൂട്ടുന്നതും (ധനകമ്മി പോളിസി) സമ്പദ് ഘടനയെ പുനരുജ്ജീവിപ്പിക്കാനുള്ള ഒരു ഉപാധിയായി വർത്തിക്കുന്നു. 1937-ൽ അമേരിക്കയിൽ റൂസ്‌വെൽറ്റ് ഈ പോളിസി സ്വീകരിച്ചു, അതിനു ശേഷം മറ്റു രാജ്യങ്ങളും ഇത് സ്വീകരിക്കുകയുണ്ടായി.

## കമ്മി എന്നത് നല്ലതോ ചീത്തയോ?

ഇതിനു ഒരു വ്യക്തമായ ഉത്തരം ഇല്ലെങ്കിലും, കമ്മിയിലുള്ള ധനം ആവശ്യകത കൂട്ടി സമ്പദ്ഘടനയെ ഉദ്ദീപിപ്പിക്കുന്നു. വികസനാത്മകമായ സാമ്പത്തികനയം ഗവൺമെന്റ് ചെലവ് കൂട്ടുകയും ഉയർന്ന പലിശനിരക്കിൽ കടം വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഇത് വിപണിയിലുള്ള പലിശ നിരക്കുകൾ

കൂട്ടുകയും, സ്വകാര്യമേഖലയിലുള്ള നിക്ഷേപ ലഭ്യത കുറയ്ക്കുകയും ചെയ്യുന്നു. എന്നാൽ സമയക്കൂടുതൽ എടുക്കുന്ന വികസനാത്മക സാമ്പത്തികനയത്തിന് പകരം, നികുതിയിൽ കുറവുവരുത്തുന്നത് കുറച്ചു കൂടി നല്ല വശമാണെന്ന വാദവും നിലനിർത്തുന്നുണ്ട്. അതുവഴി വില കുറയാനും, വ്യാപാരം ലാഭത്തിൽ കൊണ്ടുവരാനും, തൊഴിൽ മേഖല അഭിവൃദ്ധിപ്പെടുത്താനും സഹായകമായേക്കുമെന്ന് ചിലർ വാദിക്കുന്നു. ഇത് കൂടാതെ ആ പദ്ധതി നടപ്പിൽ വരുത്താനും എളുപ്പമാണ് (കുറച്ച നികുതി മറ്റൊരു അവസരത്തിൽ കൂട്ടുകയും ചെയ്യാം).

## സാമ്പത്തിക മാന്ദ്യം

1980 കളിൽ ലാറ്റിനമേരിക്കൻ രാജ്യങ്ങളുടെ അന്താരാഷ്ട്രകടം, ആ രാജ്യങ്ങളുടെ സേവനശേഷിയെയും കവിഞ്ഞുപോയിരുന്നു. അതിനു കാരണം ലോണുകൾ മൂലധനനിക്ഷേപം എന്നതിലുപരി ഉപഭോഗ ആവശ്യങ്ങൾക്കായിരുന്നു ഉപയോഗിക്കപ്പെട്ടത് എന്നതായിരുന്നു. ഇതിനുശേഷം അന്താരാഷ്ട്ര നാണയനിധിയും വേൾഡ് ബാങ്കും പദ്ധതികളിൽ ഘടനാപരമായി പല മാറ്റങ്ങളും വരുത്തി. സാമൂഹിക മേഖലയിലുള്ള ചെലവ് ചുരുക്കിയും, (വേതനത്തിലും തൊഴിലിലും കുറവുവരുത്തിയും, സബ്സിഡികളിൽ കുറവുവരുത്തിയും), വ്യവസായമേഖല ഉദാരവൽക്കരിക്കുകയും, വിലനിയന്ത്രണം എടുത്തുകളയുകയും, വിദേശനിക്ഷേപവും ആഭ്യന്തര നിക്ഷേപവും കൂട്ടുകയും ചെയ്തത് അവയിൽ ചിലതാണ്. സാമ്പത്തിക വിവേകം എന്നത് നിയമപരമായ ചട്ടക്കൂടുവഴി ബലപ്പെടുത്തേണ്ട ഒന്നാണെന്ന നിബന്ധന ഈ അവസ്ഥകൾ കാരണം സംജാതമായി.

1991ൽ ഇന്ത്യ സാമ്പത്തിക മാന്ദ്യത്തിന്റെ പിടിയിൽ പെട്ടിരുന്നു. ആ സമയത്ത് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ധനകമ്മി ജി.ഡി.പി. യുടെ 11.24 % ആവുകയും ബാലൻസ് പേമെന്റുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വർധിക്കുകയും ചെയ്തു. ഈ സമയത്ത്, ഘടനാപരമായ നവീകരണങ്ങൾ വരുത്തുകയും രൂപയുടെ മൂല്യം മറ്റു വിദേശ കറൻസികളെ അപേക്ഷിച്ച് വളരെ കുറയുകയും ചെയ്തു. 1996-97 കാലത്ത്, യോജിച്ചുള്ള കമ്മി ജി.ഡി.പി.യുടെ 8.17% ആവുകയും, 1997-ലെ അഞ്ചാം ശമ്പളകമ്മീഷന്റെ അനന്തരഫലമായി സാമ്പത്തിക കമ്മി വീണ്ടും 11% ലേക്ക് ഉയരുകയും ചെയ്തു. 1999-2000ത്തിൽ സംസ്ഥാനങ്ങളുടെ വരുമാന കമ്മി, 3%ത്തിൽ താഴെ ഉണ്ടായിരുന്നത്, റവന്യു ചെലവുകൾ കാരണം 4.6% ലേക്ക് കുതിക്കുകയും ചെയ്തു. സാമ്പത്തിക കമ്മിയുടെ 60%ൽ കൂടുതൽ പങ്കുവരുന്നത് റവന്യു കമ്മിയിൽ നിന്നാണ്. ഇതിൽ തന്നെ ശമ്പള ചെലവുകളും സബ്സിഡികളുമാണ് ഒരു പ്രധാന കാരണമായി വരുന്നത്. അതുകൊണ്ട് തന്നെ നിയമപരമായ നിയന്ത്രണങ്ങൾ ഇല്ലാതെ ഇത് നിയന്ത്രണ വിധേയമാക്കാൻ പറ്റില്ല എന്ന് പറയാം.

## മാസ്ട്രിച്ച് ഉടമ്പടിയും സാമ്പത്തിക കമ്മിയുടെ ലക്ഷ്യവും

യൂറോപ്യൻ രാജ്യങ്ങൾ മാസ്ട്രിച്ചിൽ വച്ച് 1992 ൽ യൂറോപ്യൻ യുണിയൻ രൂപവല്ക്കരിക്കാൻ ഉള്ള ഉടമ്പടിയിൽ ഏർപ്പെട്ടിരുന്നു. യുറോപ്യൻ രാജ്യങ്ങൾക്കു വേണ്ടി യൂറോ എന്ന പൊതുകറൻസിക്ക് രൂപം കൊടുക്കുക എന്നതായിരുന്നു ഈ ഉടമ്പടിയുടെ പ്രധാന ലക്ഷ്യം. ഈ ഉടമ്പടി പ്രകാരം അംഗരാജ്യങ്ങൾ നാണയപ്പെരുപ്പം, സാമ്പത്തിക കമ്മി, മൊത്ത കടം എന്നിവയുടെ മേൽ നിയന്ത്രണം ഏർപ്പെടുത്താനുള്ള അവശ്യകതയ്ക്ക് വേണ്ടി ഒത്തുചേർന്നു. അതുപ്രകാരം അംഗരാജ്യങ്ങൾ ഏറ്റവും കുറഞ്ഞ നാണയപ്പെരുപ്പ നിരക്കുള്ള മറ്റു മൂന്നു അംഗരാജ്യങ്ങളുടെ 1.5% ശരാശരിയിൽ തങ്ങളുടെ നാണയപ്പെരുപ്പനിരക്ക് നിയന്ത്രിക്കാൻ ബാധ്യസ്ഥരാണ്. അതുപോലെ തന്നെ ഓരോ അംഗരാജ്യങ്ങളുടെയും പൊതു കടം ജി.ഡി.പി.യുടെ 60%ത്തിൽ കൂടാൻ പാടില്ല എന്നും സാമ്പത്തികകമ്മി ജി.ഡി.പി.യുടെ 3% നുള്ളിൽ നിലനിർത്തണമെന്നും ഉടമ്പടി പറയുന്നു. എന്നാൽ 12 അംഗരാജ്യങ്ങളിൽ 10ഉം, 3% എന്ന പരിധി 1999-2011 എന്ന 12 വർഷ കാലഘട്ടത്തിൽ ലംഘിച്ചിരുന്നു. ഇന്ത്യ സാമ്പത്തിക കമ്മി, മൊത്തം കടം എന്നിവയുടെ ലക്ഷ്യങ്ങൾ കടമെടുത്തത് മാസ്റ്റ്റിച് ഉടമ്പടിയിൽ നിന്നാണ്. സാമ്പത്തിക കമ്മി 3% ആണെന്നതിന് ഔദ്യോഗികമായി യാതൊരു അടിസ്ഥാനവും ഇല്ലെന്നിരിക്കെ രംഗരാജൻ, സുബ്ബറാവു എന്നിവരുടെ (മുൻകാല റിസർവ്വ് ബാങ്ക് ഗവർണർമാർ) വ്യാഖ്യാനപ്രകാരം ഇന്ത്യയുടെ സേവിങ്സ് എന്നത് ഏതാണ്ട് 13%ത്തോളമാണ്. അതിൽ 5%, 2% എന്നിവ യഥാക്രമം കോർപ്പറേറ്റുകളും

പൊതുമേഖലയും ഉപയോഗപ്പെടുത്തുകയും ബാക്കി 6% എന്നത് കേന്ദ്ര സംസ്ഥാന ഗവണ്മെന്റുകളുടെ സഞ്ചിത കമ്മിയുമാണ് (3% എന്ന തോതിൽ).

## ഫിസ്കൽ റെസ്പോൺസിബിലിട്ടി ആക്ടും ബജറ്റ് മാനേജ്മെന്റ് ആക്ടും

ഇന്ത്യാ ഗവൺമെന്റ് സാമ്പത്തിക ഉത്തരവാദിത്തത്തിനുള്ള നിയമങ്ങൾ നിർമ്മിക്കുന്നതിനു വേണ്ടി ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. ആ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം 2000 ഡിസംബറിൽ ബജറ്റ് മാനേജ്മെന്റ് ബിൽ, ഫിസ്കൽ റെസ്പോൺസിബിലിറ്റി ബിൽ എന്നിവ അവതരിപ്പിച്ചു. പാർലമെന്ററി സ്റ്റാന്റിങ്ങ് കമ്മിറ്റി ഈ ബില്ലിൻമേൽ ചർച്ച നടത്തുകയും പരിശോധിക്കുകയും നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. ഈ നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് പരിഷ്കരിച്ച ബിൽ 2003 ഏപ്രിലിൽ ലോകസഭയിലും, ആഗസ്തിൽ രാജ്യസഭയിലും അവതരിപ്പിക്കപ്പെട്ടു. പ്രസിഡന്റിന്റെ അനുമതിയോടെ 2003 ൽ ഈ ബിൽ നിയമമായി.

ഈ നിയമപ്രകാരം ധനകമ്മിയും, റവന്യു കമ്മിയും ജി.ഡി.പി.യുടെ മൂന്നു ശതമാനമാക്കാനും, റവന്യുകമ്മി 2008 മാർച്ച് 31 നുള്ളിൽ ഇല്ലാതാക്കാനും അതിനുശേഷം റവന്യുവരുമാനം കൂട്ടാനും ഗവണ്മെന്റ് ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് പ്രസ്താവിച്ചിരുന്നു. പരിമിതമായ കമ്മിയിലേക്ക് എത്താൻ വാർഷിക ലക്ഷ്യങ്ങൾ ഗവൺമെന്റ് തീരുമാനിക്കണമെന്നും ഈ നിയമം അനുശാസിക്കുന്നു. പാർലമെന്റിന്റെ ഇരുസഭകളിലും ഗവൺമെന്റ് ഓരോ സാമ്പത്തികവർഷവും മൂന്നു സ്റ്റേറ്റ്മെന്റുകളും വാർഷിക സാമ്പത്തിക കണക്കുകളും, ധനാഭ്യർത്ഥനാവശ്യങ്ങളും അവതരിപ്പിക്കണമെന്നും ഇതിലുണ്ട്. മൂന്നു സ്റ്റേറ്റ് മെന്റുകൾ എന്ന് പറയുന്നത്; ഇടക്കാല ധനകമ്മി സ്റ്റേറ്റ്മെന്റ്, ധനകമ്മി സ്റ്റേറ്റ്മെന്റ്, മാക്രോ എക്കണോമിക് ഫ്രേം വർക്ക് സ്റ്റേറ്റ്മെന്റ് എന്നിവയാണ്. ഇത് കൂടാതെ ഗവൺമെന്റിന്റെ ചെലവുകളെപ്പറ്റി ധനമന്ത്രി ഒരു ത്രൈമാസ അവലോകനം ഇരു സഭകളുടെയും മുന്നിൽ അവതരിപ്പിക്കണമെന്നും ഈ നിയമം അനുശാസിക്കുന്നു. എല്ലാ സംസ്ഥാനങ്ങളും അതാത് നിയമസഭയിൽ റവന്യുകമ്മിയും ധനകമ്മിയും നിയന്ത്രിക്കാൻ സമാനമായ നിയമങ്ങൾ കൊണ്ടു വന്നിട്ടുണ്ട്.

ഈ നിയമത്തിന്റെ അവലോകനത്തിനുശേഷം നമുക്കു മനസിലാവുന്നത് എല്ലാ സംസ്ഥാന ഗവണ്മെന്റുകളും ഈ നിയമം തങ്ങളുടെ സഭയിൽ പാസാക്കിയതിനു ശേഷം അധിക റവന്യു കൈവരിച്ചിട്ടുണ്ട് എന്നാണ്. എന്നാൽ 2009-10 വർഷത്തെ കണക്കുകൾ വ്യത്യസ്തമാണ്. ആഗോള സാമ്പത്തിക മാന്ദ്യം കാരണം ഈ കാലത്ത് മറ്റൊരു തരത്തിലുള്ള സമീപനം ആയിരുന്നു കൈക്കൊണ്ടത്. 3% ധനകമ്മി എന്നത് നേടിയെടുക്കാനും ഇന്ത്യൻ സംസ്ഥാനങ്ങൾക്കായിട്ടുണ്ട്.

## സംസ്ഥാന തലത്തിലുള്ള സാമ്പത്തിക ഏകീകരണ ഉദ്യമങ്ങൾ

സംസ്ഥാന തലത്തിലുള്ള ഇത്തരം ഉദ്യമങ്ങൾ വിവിധ തലങ്ങളിലുള്ളതും കേന്ദ്ര ഗവൺമെന്റും സാമ്പത്തിക കമ്മീഷനും ചേർന്ന് നടപ്പാക്കിയതുമാണ്. ഈ നിയമം നടപ്പിലാക്കിയശേഷം വായ്പ കൈമാറ്റ പദ്ധതി നടപ്പിലാകുകയും ഇതിൻ പ്രകാരം സംസ്ഥാനങ്ങൾക്ക് വിപണിയിൽ നിന്ന് കുറഞ്ഞ നിരക്കിൽ നാണ്യം ശേഖരിക്കാനും 13% പലിശ നിരക്കിലുള്ള ഗവൺമെന്റിന്റെ ലോൺ തിരിച്ചടക്കാനുമുള്ള സൗകര്യം ലഭിക്കുകയും ചെയ്തു. 2002-03, 2004-05 കാലഘട്ടത്തിൽ ഏതാണ്ട് 1.03 ലക്ഷം കോടി രൂപ സംസ്ഥാനങ്ങൾ കേന്ദ്രത്തിനു തിരിച്ചടച്ചു. 12ാം ധനകാര്യ കമ്മീഷൻ ഋണഏകീകരണത്തിനും മറ്റു സഹായങ്ങൾക്കുമായി DCRF എന്ന പദ്ധതി പ്രഖ്യാപിച്ചു. ഇതുപ്രകാരം ഗവൺമെന്റിനു തിരിച്ചടിക്കാനുള്ള ലോണുകൾ 20 തുല്യ ഗഡുക്കളാക്കി 7.5% പലിശനിരക്കിൽ പുനക്രമീകരിച്ചു. വിവിധ സംസ്ഥാനങ്ങൾക്ക് ഏകീകൃത ഋണമോചന ധനം (CSF), ഗ്യാരണ്ടി വീണ്ടെടുപ്പ് ഫണ്ട് (GRF) തുടങ്ങിയവ തിരിച്ചടവുകളെ സഹായിക്കാനും തുടർന്നുള്ള ബാധ്യതകളെ കുറയ്ക്കാനും വേണ്ടി കൊടുക്കുകയുണ്ടായി. ഊർജ്ജമേഖലയിലെ അവശ്യ വസ്തുക്കളുടെ പുനഃസംഘടന, പുതിയ പെൻഷൻ പദ്ധതികളുടെ ആവിഷ്ക്കാരം, നികുതി പരിഷ്ക്കാരം എന്നീ മുൻകരുതലുകൾ എടുക്കുകയും അവ സംസ്ഥാന തലങ്ങളിൽ സാമ്പത്തിക ഏകീകരണത്തിനു സഹായകമാകുകയും ചെയ്തു.

### 2016-17 ലെ സാമ്പത്തിക ഏകീകരണം

2016-17 ബജറ്റിനെ അവലോകനം ചെയ്യുമ്പോൾ

നമുക്ക് മനസിലാവുന്നത്, സാമ്പത്തിക ഏകീകരണ ത്തിലേക്ക് ഇന്ത്യ കാൽവെയ്ക്കുന്നത് ഘടനാപരമായ പ്രവർത്തനങ്ങളിലൂടെയല്ല എന്നാണ്. 2015-16ലെ സാമ്പത്തിക കമ്മി ജി.ഡി.പി.യുടെ 3.5% ആണ്. 2016-17 ലേക്ക് 3.5% ആയി ഇത് നിർണയിച്ചിട്ടുണ്ട്. പ്രതിരോധ വകുപ്പിലെ വൺ റാങ്ക് വൺ പെൻഷൻ പദ്ധതിയും, ഏഴാം ശമ്പളകമ്മീഷൻ പ്രകാരം ഉദ്യോഗസ്ഥർക്കുള്ള ശമ്പള വർദ്ധനയും ഗവ ണ്മെന്റിനു സാമ്പത്തികബാദ്ധ്യത കൂട്ടും. സാമ്പത്തിക കമ്മി എന്ന പ്രശ്നത്തെ അഭിമുഖീകരിക്കാൻ വിശേ ഷപ്പെട്ട യാതൊരു പദ്ധതിയും ഇത്തവണ ബഡ്ജ റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് തന്നെ പറയാം. ഇത് വളരെ വലിയ ഉത്കണ്ഠ ഉണ്ടാക്കുന്ന പ്രശ്നമാണ്. കാരണം റവന്യു കമ്മിയാണ് സാമ്പത്തിക കമ്മിയുടെ 66%ത്തോളം വരുന്നത് (201-17 BE). അതുപ്രകാരം നിക്ഷേപങ്ങൾക്കോ മൂലധനമായോ അധികതുക വിനിയോഗിക്കുന്നില്ല. FRBM നേട്ടങ്ങളെ അവലോ കനം ചെയ്യാനും ഒരു നിശ്ചിത സംഖ്യക്ക് പകരം ഒരു പരിധി എന്നത് നിർദേശിക്കാനും ഒരു കമ്മിറ്റി രൂപവൽക്കരിച്ചേക്കും എന്ന ധനമന്ത്രിയുടെ പരോക്ഷമായ സൂചനയിൽ നിന്നുതന്നെ ഇത് വ്യക്തമാണ് .സാമ്പത്തിക കമ്മി എന്നത് ഒരു മോശം പ്രതിഭാസം അല്ലാതിരിക്കെ, റവന്യു ചെലവുകൾക്ക് വേണ്ടിയുള്ള വാങ്ങലുകൾ, വരുംവർഷങ്ങളിൽ പലിശ ഭാരം ഉയർത്തി സാമ്പത്തിക ഞെരുക്കം ഉണ്ടാക്കും എന്നതിൽ തർക്കമില്ല. സാമ്പത്തിക കമ്മിയുടെ ഭാഗമായുള്ള പലിശ തിരിച്ചടവുകൾ 2014-15 ലെ 79% ത്തിൽ നിന്നും 2016-17ൽ 92% ആയി ഉയർന്നിട്ടുണ്ട്. പദ്ധതിയിൽ പെടാത്ത റെവന്യു ചിലവുകളുടെ 37%, പലിശ അടവുകളാണ്. അത് 2014-15 വർഷത്തെക്കാൾ 1% കൂടുതലാണ്. പലിശ അടവുകൾ ആകെ നികുതി വരുമാനത്തിന്റെ 44.5% (2014-15) ൽ നിന്നും 46.7% ത്തിലേക്ക് (2015-16), 2016-17 വർഷങ്ങളിൽ ഉയർന്നിട്ടുണ്ട് .

## കേന്ദ്ര ഗവൺമെന്റിന്റെ പുതിയ ഉദ്യമങ്ങൾ

പതിനാലാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം സംസ്ഥാനങ്ങളുടെ വിഭജിക്കാവുന്ന നികുതിപൂളിന്റെ പങ്ക് വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത് പ്രകാരം പദ്ധതികളുടെ എണ്ണം വെട്ടിച്ചുരുക്കിയിട്ടുമുണ്ട് (കേന്ദ്ര പദ്ധതികളും കേന്ദ്ര സഹായത്തോടെയുള്ള പദ്ധതികളും). സബ്സിഡികളും ആനുകൂല്യങ്ങളും നേരിട്ട് ഉപഭോക്താക്കളിലേക്ക് എത്തിക്കാൻ വേണ്ടി ആധാറിനു നിയമപരിരക്ഷ നല്കുന്നതാണ് മറ്റൊരു പോളിസി.

2016-17 വർഷത്തിൽ രാസവള സബ്സിഡി DBT വഴി ചില ജില്ലകളിൽ വിതരണം ചെയ്തിരുന്നു. ഒരു ലക്ഷം കോടിയിൽ കൂടുതൽ വരുന്ന സബ്സിഡി വരും വർഷങ്ങളിൽ കുറക്കാനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. 2015-16ലെ സാമ്പത്തിക എകീകരണത്തെ ഏറ്റവും കൂടുതൽ സ്വാധീനിക്കുന്ന ഘടകങ്ങൾ അന്താരാഷ്ട്രതലത്തിൽ കുറഞ്ഞു കൊണ്ടിരിക്കുന്ന ക്രൂഡ് ഓയിൽ വിലയും 8-10 മടങ്ങ് വരെ കൂടുന്ന എക്സൈസ് തീരുവയുമാണ്. 2016-17 ലും ഇതേ അവസ്ഥ തന്നെയായിരിക്കുമെന്നാണ് കരുതുന്നത്. 2015 ൽ സ്പെക്ട്രം ലേലം വഴി 56,000 കോടി രൂപ (കണക്കുകൂട്ടിയിരുന്ന 42,800 കോടിയെക്കാളും കൂടുതൽ) കിട്ടിയിട്ടുണ്ട്. 2016-2017ൽ ഇത് 98,995 കോടിയായി നിജപ്പെടുത്തിയിട്ടുണ്ട്.

സെസ് വഴിയുള്ള നികുതി, റവന്യു കൂട്ടാൻ വേണ്ടി ഉപയോഗിക്കുന്നത്, ഗവണ്മെന്റിനെ സാമ്പത്തിക കമ്മി കൈകാര്യം ചെയ്യാൻ സഹായിച്ചു, ഇത് സംസ്ഥാന ഗവൺമെന്റുകളുടെ സഹായം കൂടാതെയാണ്. ഇൻഫ്രാസ്ട്രക്ചർ സെസ്സ്, കാറു കൾക്ക് 1-4%ഉം, കൃഷി കല്യാൺ സെസ് 0.5%ഉം ക്ലീൻ എനർജി സെസ്സ് (കൽക്കരിക്കു) ടണ്ണിനു 400 രൂപ ആയും ഇരട്ടിപ്പിച്ചത് വലിയ ഫലമാണ് ഉണ്ടാക്കാൻ പോകുന്നത്. കൂടാതെ സ്വച്ഛ് ഭാരത് സെസ്സും കൂടി 3,5000 കോടി സ്വരൂപിക്കാമെന്നാണ് കരുതുന്നത്.

നമ്മുടെ ഗവൺമെന്റു സാമ്പത്തികമേഖലയിൽ മുൻകരുതലുകൾ എടുക്കാൻ പോകുന്നത് പ്രധാന മായും സബ്സിഡികൾ വെട്ടികുറക്കുക വഴിയാ ണെന്ന് കാണുന്നു. നിർണയിച്ചിരിക്കുന്ന ജി.ഡി.പി യിൽ നിന്നും, അത് കുറയാനുള്ള സാധ്യത വളരെ യാണ്. ഇങ്ങനെയുള്ള അവസ്ഥയിൽ കമ്മി ടാർഗെ റ്റുകൾ നിയന്ത്രിക്കുന്നതിന് പുതിയ വെല്ലുവിളികൾ തുറന്നിടുമെന്നാണ് കരുതുന്നത്.

*(ബംഗലുരുവിലെ സെന്റർ ഫോർ ബഡ്ജറ്റ് ആന്റ് പോളിസി സ്റ്റഡീസിൽ ഗവേഷണ വിഭാഗം ഉപദേശകനാണ് ലേഖകൻ)*

പ്രത്യേക ലേഖനം

# ബാങ്കിങ് മേഖല: പുനരുദ്ധരിക്കാൻ ബജറ്റിനാകുമോ?

**എൻ. ആർ. ഭാനുമൂർത്തി, മനീഷ് പ്രസാദ്**

ഇന്ത്യ ഇപ്പോൾ അഭിമുഖീകരിക്കുന്ന രണ്ട് പ്രധാന പ്രശ്നങ്ങൾ സാമ്പത്തിക സർവേ ചൂണ്ടികാണിക്കുന്നുണ്ട്. ഒന്ന് ബാങ്കിംഗ് മേഖലയുടെ പ്രത്യേകിച്ച് പൊതുമേഖലാ ബാങ്കുകളുടെ ദുർബലമായ ബാലൻസ്ഷീറ്റ്; മറ്റൊന്ന് കോർപ്പറേറ്റ് മേഖലയും. രണ്ടും പരസ്പരം ബന്ധിപ്പെട്ടിരിക്കുന്നെങ്കിലും പൊതുബജറ്റിൽ പൊതുമേഖലാ ബാങ്കുകളുടെ രക്ഷക്കായി നിർദ്ദേശങ്ങൾ ഉണ്ടാകുമെന്ന് പ്രതീക്ഷിക്കപ്പെട്ടു. അതനുസരിച്ച്, ചില നടപടികളിലൂടെ ബാങ്കിംഗ് മേഖലയുടെ പുനരുദ്ധാരണത്തിന് ബജറ്റ് ഊന്നൽ നൽകി. ചില നേരിട്ടുള്ള നടപടികളും പരോക്ഷമായ മറ്റു ചില നയ തീരുമാനങ്ങളും. അവയെപ്പറ്റി ചർച്ചചെയ്യുന്നതിന് മുമ്പ് എന്താണ് പ്രശ്നമെന്ന് നമുക്ക് നോക്കാം.

## പ്രശ്നം

ആഗോള സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് മറ്റു പല രാജ്യങ്ങളെയും പോലെ ഇന്ത്യയും സാമ്പത്തിക ഉത്തേജന നടപടികൾ സ്വീകരിച്ചു. സമ്പദ്‌രംഗം പച്ചപിടിക്കാൻ ഈ നടപടികൾ സഹായിക്കുമെങ്കിലും വിവേകപൂർണ്ണമല്ലാത്ത നടപടികൾ മൂലം ഇന്ത്യയുടെ ധനകമ്മി പെരുകാൻ ഇടയായി. 2008-09 ൽ ബജറ്റ് മാനേജ്മെന്റ് ലക്ഷ്യങ്ങൾ ഏതാണ്ട് കൈവരിച്ചുവെന്ന അവസ്ഥയിൽ നിന്ന് ധനകമ്മി ഇരട്ടയക്കത്തിലേക്ക് പോകുന്ന സ്ഥിതി സംജാതമായി. ധനകമ്മി പെരുകിയതിനെ തുടർന്ന് ജി.ഡി.പി വളർച്ചയിൽ ഇടിവ്, ഉയർന്ന നാണയപ്പെരുപ്പം, കറന്റ് അക്കൗണ്ട് കമ്മി വർധന തുടങ്ങിയ പാർശ്വഫലങ്ങൾ രാജ്യം നേരിട്ടു. പലിശ നിരക്ക് ഉയരുന്ന ധനനയത്തിനും ഇതിടയാക്കി. രാജ്യത്ത് സാമ്പത്തിക അസ്ഥിരത ഉടലെടുക്കാൻ ഇവ ആകെതന്നെ ഇടയാക്കി എന്ന് വേണം പറയാൻ. ഭാവി വളർച്ചയെയും ഇത് ബാധിക്കും.

ബാങ്കിംഗ് മേഖല സമ്പദ് രംഗത്തിന്റെ സുപ്രധാന തൂണുകളിലൊന്ന് ആയതിനാലും സാമ്പത്തിക മേഖലയെ മറ്റു മേഖലകളുമായി കൂട്ടിയിണക്കുന്ന കണ്ണി ആയതിനാലും സാമ്പത്തിക അസ്ഥിരത ബാങ്കിംഗ് മേഖലയെയും ബാധിച്ചു. ഇത് രണ്ട് മാർഗ്ഗങ്ങളിലൂടെ സംഭവിച്ചു എന്നാണ് കരുതുന്നത്. ഒന്നാമത് ഗവൺമെന്റിന്റെ ഉയർന്ന കടമെടുപ്പും അതുവഴിയുള്ള ഉയർന്ന ധനകമ്മിയും. രണ്ടാമത്, ഉയർന്ന തോതിലുള്ള പലിശ നിരക്ക് കോർപ്പറേറ്റ് മേഖലയുടെ ലാഭത്തിലുണ്ടാക്കുന്ന ആഘാതം. പൊതുമേഖലാ ബാങ്കുകളുടെ സ്വാധീന അനുപാതം കുത്തനെ കുറയാൻ ഇതിടയാക്കി. അനുപാതം 4.5% വേണമെന്ന് റിസർവ് ബാങ്ക് പറയുമ്പോൾ ബേസൽ - III മാനദണ്ഡമനുസരിച്ചുള്ള കുറഞ്ഞ അനുപാതം 3% ആണ്. എന്നാൽ പല ബാങ്കുകളും ആർ.ബി.ഐ നിഷ്കർഷിച്ചതിൽ നിന്നും താഴെയാണ് നിൽക്കുന്നത്. ഇതിന്റെ ആഘാതം ബാങ്കുകളുടെ നിഷ്ക്രിയ ആസ്തികളിൽ തെളിഞ്ഞ് കാണാം.

പൊതു-സ്വകാര്യ മേഖലാ ബാങ്കുകളുടെ നിഷ്ക്രിയ ആസ്തി താരതമ്യം ചെയ്താൽ ഉയർന്ന വളർച്ചയുള്ള സമയത്ത് രണ്ട് കൂട്ടർക്കും അത് മൂന്ന് ശതമാനത്തിൽ താഴെയാണെന്ന് കാണാം. സ്വകാര്യ ബാങ്കുകളേക്കാൾ ഒരു ശതമാനം കുറവാണ് പൊതുമേഖലാ ബാങ്കുകളുടെ നില. ഇത് കുറഞ്ഞ ധന കമ്മി മൂലമോ ഗവൺമെന്റിന്റെ മെച്ചപ്പെട്ട ധനസ്ഥിതി മൂലമോ ആകാം. എന്നാൽ സാമ്പത്തിക പ്രതിസന്ധിയുടെ കാലം ആരംഭിച്ചതിന് ശേഷം നോക്കിയാൽ പൊതു മേഖലാ ബാങ്കുകളുടെ നിഷ്ക്രിയ ആസ്തി കൂടിയതായി കാണാം. അതേ സമയം സ്വകാര്യ ബാങ്കുകൾ പരിമിതിക്കുള്ളിൽ പിടിച്ച് നിൽക്കാൻ ശ്രമം നടത്തുകയാണ്. ധനവിനിയോഗ ധനകാര്യ ബന്ധമാണ് ഇത് കാട്ടുന്നത്. പൊതുമേഖലാ ബാങ്കുകളുടെ നിഷിക്രിയ ആസ്തി ഇപ്പോൾ 6% ആണെന്നാണ് കണക്ക്. ഇത് ഏറെ ആശങ്കാജനകമാണ്. ഇത് ബാങ്കുകളുടെ ലാഭക്ഷമതയെയും ബാധിക്കും. 2016-17 സാമ്പത്തിക വർഷത്തിന്റെ മൂന്നാം പാദത്തിലേക്ക് ഏതാണ്ട് 11 പൊതു മേഖലാ

ബാങ്കുകൾ നഷ്ടം പ്രഖ്യാപിച്ചു കഴിഞ്ഞു. ഏറെക്കാലത്തിന് ശേഷം ആണ് ഇത്.

പുനഃസംഘടിക്കപ്പെട്ട ആസ്തികൾ, എഴുതി തള്ളിയ വായ്പകൾ എന്നിവയുടെ കാര്യത്തിലും ഇത്തരം പ്രവണതകൾ കാണാം. നിഷ്ക്രിയ ആസ്തി കൾ, ഇതിനകം പുനഃക്രമീകരിച്ച ആസ്തികൾ, എഴുതിതള്ളിയ വായ്പകൾ എന്നിവയുടെ ആകെ തുക പൊതു മേഖലാ ബാങ്കുകളുടെ കാര്യത്തിൽ ആകെ വായ്പയുടെ 17% ആണ്. സ്വകാര്യ ബാങ്കുക ളിൽ ഇത് 6.7% മാത്രം.

ഏതൊക്കെ മേഖലകളാണ് നിഷ്ക്രിയ ആസ്തിയുടെ വളർച്ചക്ക് ഇടയാക്കിയത് എന്ന് പരിശോധിക്കേണ്ടതുണ്ട്. പൊതുവെയുള്ള ധാരണക്ക് വിരുദ്ധമായി നിഷ്ക്രിയ ആസ്തി പെരുകുന്നതിൽ കാർഷിക വായ്പക്കുള്ള പങ്ക് ഏറ്റവും കുറവാണ്. എന്നാൽ 2015-16 ൽ കാർഷിക വായ്പയുടെ കാര്യ ത്തിലും പോരായ്മകൾ ഉണ്ടായി. തുടരെ ഉണ്ടായ വരൾച്ചയാവാം ഇതിന് കാരണം. എന്നാൽ, വ്യവ സായ മേഖലയിൽ പ്രത്യകിച്ച് ഇടത്തരം, ചെറുകിട, മൈക്രോ സംരംഭക മേഖലയിൽ നിഷ്ക്രിയ ആസ്തി കുത്തനെ ഉയർന്നു. വ്യവസായ മേഖലയിൽ തുടരുന്ന മാന്ദ്യം ഈ പ്രവണതക്ക് കാരണമായതാകാം എന്നാണ് വിലയിരുത്തൽ.

### ആഘാതം

ബാങ്കിംഗ് മേഖലയിലെ നിഷ്ക്രിയ ആസ്തി പൊതു സമ്പദ് രംഗത്തെ എങ്ങനെ ബാധിക്കും? വായ്പാ, പലിശ നിരക്ക് എന്നിങ്ങനെ രണ്ടു രീതിക ളിലും കൂടി ഇത് പരിശോധിക്കാം. നാണയപ്പെരുപ്പം നിയന്ത്രിക്കാൻ ലക്ഷ്യമിട്ടുള്ള നടപടികൾ, എണ്ണ വിലയിലുണ്ടായ ഇടിവ് എന്നിവ മൂലം ആഭ്യന്തര നാണയപ്പെരുപ്പം 5.6% ആയി കുറഞ്ഞു. ഇതേത്തു ടർന്ന്, പലിശനിരക്കുകൾ കുറയുമെന്ന് പ്രതീക്ഷിക്ക പ്പെട്ടിരുന്നു. 2014 ഡിസംബറിന് ശേഷം റിസർവ് ബാങ്ക് റിപ്പോ നിരക്കിൽ 125 ബേസിസ് പോയിന്റുകൾ കുറവ് വരുത്തി. എന്നാൽ വായ്പാ പലിശ നിരക്കിൽ ബാങ്കുകൾ വരുത്തിയ കുറവ് ഏകദേശം 40 പോയിന്റു കൾ മാത്രമാണ്. നിക്ഷേപ പലിശനിരക്കുകളിൽ വരുത്തിയ കുറവും പരിമിതമായിരുന്നു എന്നും കാണാം. കൂടുതൽ നിക്ഷേപം ആകർഷിക്കേണ്ടതും ബാങ്കുകളുടെ ആവശ്യമാണല്ലോ. വായ്പാനയ ത്തിന്റെ വിതരണത്തിൽ പരിമിതികൾ ഉണ്ടന്നാണ് ഇത് കാട്ടുന്നത്. റിപ്പോ നിരക്കിലെ കുറവ് നിക്ഷേപ ചക്രത്തെ പുനരുദ്ധരിക്കുന്നതിന് ഇടയാക്കുന്നില്ലെന്ന് ചുരുക്കം. ബാലൻസ് ഷീറ്റുകൾ ക്രമീകരിക്കുവാൻ വേണ്ട ധന ലഭ്യതയാണ് ബാങ്കുകൾക്ക് ഇപ്പോൾ ആവശ്യം. പലിശനിരക്കും നിക്ഷേപവും തമ്മിലുള്ള ബന്ധം മുൻനിർത്തി പലിശനിരക്കിൽ കുറവ് വരുത്താനാണ് റിസർവ് ബാങ്കിന്റെ ഇപ്പോഴത്തെ ശ്രമം.

നിഷ്ക്രിയ ആസ്തികൾ പെരുകുന്നതിൽ അന്താരാഷ്ട്ര നാണയ നിധിയും ആശങ്ക രേഖപ്പെടു ത്തിയിട്ടുണ്ട്. പുറമെ നിന്നുള്ള പ്രതികൂല ഘടകങ്ങൾ, നാണയപ്പെരുപ്പം എന്നിവ കുറഞ്ഞെങ്കിലും നാണയ പ്പെരുപ്പം വർധിക്കാമെന്ന ആശങ്ക നിലനിൽക്കുന്നതും ധനകമ്മിയും സമ്പദ്‌രംഗം നേരിടുന്ന വെല്ലുവിളിക ളാണെന്ന് ഐ.എം.എഫ് ഇന്ത്യക്ക് മുന്നറിപ്പ് നൽകുന്നു. നാണയപ്പെരുപ്പം പിടിച്ചു നിർത്താൻ ധന നയം കർശനമാക്കേണ്ടതുണ്ട്. സബ്സിഡികൾ കുറച്ചും നികുതി പരിഷ്കരണം സമഗ്രമായി നടപ്പാ ക്കിയും ധനരംഗം മെച്ചപ്പെടുത്താം. കോർപ്പറേറ്റുക ളുടെ സാമ്പത്തിക സ്ഥിതിയിലെ അസ്ഥിരതയും ബാങ്കുകളുടെ ആസ്തി നിലവാരവും എല്ലാം വേണ്ട വിധം കണക്കിലെടുത്തില്ലെങ്കിൽ സാമ്പത്തിക സ്ഥിരതയെ ബാധിച്ചേക്കാമെന്ന് ഐ.എം.എഫ് മുന്നറിയിപ്പ് നൽകുന്നു.

### കേന്ദ്ര ബജറ്റ് എന്തു ചെയ്തു?

ബാങ്കുകൾ കൂടുതൽ മൂലധനം ആവശ്യപ്പെ ടുമ്പോൾ തന്നെ കേന്ദ്ര ബജറ്റ് 25000 കോടി രൂപ ഇതിനായി വകയിരുത്തി. ആവശ്യമായി വന്നാൽ കൂടുതൽ നൽകാമെന്നും കേന്ദ്രം വ്യക്തമാക്കി. നേരിട്ടുള്ള ഈ നടപടിക്ക് പുറമേ മറ്റു ചില പരോക്ഷ നടപടികളും ബാങ്കുകളെ സംബന്ധിച്ച് ഉണ്ടായി അവ ചുവടെ വിവരിക്കുന്നു.

- ധനകാര്യ സ്ഥാപനങ്ങളെ സംബന്ധിച്ച് സമഗ്രമായ ചട്ടം കൊണ്ടുവരാൻ നിർദ്ദേശം.
- 2002 ലെ SARFAESI നിയമത്തിൽ ഭേദഗതി.
- ഡെബ്റ്റ് റിക്കവറി ടിബ്യൂണൽ നിയമങ്ങളിൽ ഭേദഗതി കൊണ്ടുവന്ന് അവയെ ഓൺലൈൻ പ്രവർത്തനത്തിന് ഒരുക്കും.
- അനധികൃത നിക്ഷേപ പദ്ധതികൾക്ക് കടിഞ്ഞാ ണിടാൻ സമഗ്ര കേന്ദ്ര നിയമം.

- സെക്യൂരിറ്റി അപ്പലേറ്റ് ടിബ്യൂണലുകളിൽ കൂടുതൽ അംഗങ്ങളും ബഞ്ചുകളും അനുവദിച്ചു.
- പ്രധാന മന്ത്രി മുദ്ര യോജനക്ക് കീഴിൽ അനുവദിക്കുന്ന തുക 180000 കോടി രൂപയായി ഉയർത്തി.

മേൽ വിവരിച്ച നടപടികൾ വായ്പാവിതരണത്തെ സഹായിക്കുകയും യഥാർത്ഥ ആവശ്യക്കാർക്കുള്ള വായ്പാ നിയന്ത്രണങ്ങൾ നീക്കുകയും ചെയ്യും. എന്നാൽ പൊതു മേഖലയുടെ ദോഷങ്ങൾ മാറ്റാൻ ഇവ മാത്രം മതിയോ? ബാങ്കിംഗ് മേഖലയെ ആരോഗ്യ അവസ്ഥയിലേക്ക് തിരിച്ചു കൊണ്ടുവരാൻ ഇനിയും ഏറെ ചെയ്യേണ്ടതുണ്ട്. ബാങ്കിംഗ് മേഖലയുടെ മൊത്തത്തിലുള്ള ഭരണമാണ് അടിയന്തര പരിഗണനയർഹിക്കുന്ന ഒന്ന്. ഇതിനകം തന്നെ സമർപ്പിച്ചു കഴിഞ്ഞ പി.ജെ.നായക് സമിതി റിപ്പോർട്ട് ഗൗരവതരമായി പരിഗണിക്കേണ്ടതുണ്ട്. അതിലെ ചില ശുപാർശകൾ ഇവയാണ്:

- 1970 ലെയും 1980 ലെയും ബാങ്കിംഗ് ദേശസാൽക്കരണ നിയമങ്ങൾ എടുത്തുകളയുക. അതുപോലെ എസ്.ബി.ഐ നിയമവും എസ്.ബി.ഐ (സബ്സിഡിയറി) നിയമവും മാറ്റുക.
- ബാങ്കുകളെ കമ്പനി നിയമത്തിന് കീഴിൽ കൊണ്ടു വരിക. ബാങ്ക് നിക്ഷേപ കമ്പനി രൂപീകരിച്ച് ഗവൺമെന്റ് ഓഹരി പങ്കാളിത്തം ക്രമീകരിക്കുക.
- ബാങ്ക് ബോർഡ് ബ്യൂറോയുടെ സഹകരണത്തോടെ മുഴുവൻ സമയ ഡയറക്ടർമാരെ നിയമിക്കുക.
- ഗവൺമെന്റ് ഓഹരി 50% ലും താഴെ കൊണ്ടുവരിക
- എച്ച്.ആർ നയത്തിൽ മാറ്റം വരുത്തി തലപ്പത്ത് യുവ നിരയെ കൊണ്ടുവരിക.
- ബോർഡ് കൂടിയാലോചനകൾ പരിഷ്കരിക്കുക.
- വികസന ലക്ഷ്യങ്ങളിൽ പൊതു മേഖലാ ബാങ്കുകളെ നിർബന്ധിച്ച് ഭാഗഭാക്കാക്കാതിരിക്കുക.
- പൊതുമേഖലാ ബാങ്കുകൾക്ക് മാത്രമായി നിയന്ത്രണങ്ങൾ പുറപ്പെടുവിക്കാതിരിക്കുക.

ഇതിന് പുറമേ ആസ്തി പുനർ നിർമ്മാണ കമ്പനിയുടെ പങ്ക് ഗവൺമെന്റ് പരിഗണിക്കണം. ദേശീയതലത്തിൽ ഒരു ആസ്തി മാനേജ്മെന്റ് കമ്പനി കൊണ്ടുവന്ന് സമ്മർദ്ദം നേരിടുന്ന ആസ്തികൾ താമസംവിനാ വിറ്റൊഴിയാൻ സാഹചര്യം സൃഷ്ടിക്കാൻ നിർദ്ദേശമുണ്ട്. ഇതിന്പുറമെ ബാങ്കുകൾ നേരിടുന്ന പ്രശ്നങ്ങൾ നേരിടാൻ ഗവണ്മെന്റും റിസർവ് ബാങ്കും വാർഷിക 'ഗ്യാൻ സംഘം' (Gyan Sangam) പരിപാടിയിലൂടെ ശ്രമിക്കുന്നുണ്ട്. കഴിഞ്ഞ പൊതു ബജറ്റ് കഴിഞ്ഞയുടനെ കൂടിയ ഗ്യാൻ സംഘം കടം തിരിച്ച് പിടിക്കൽ, ബാങ്കുകളെ ശക്തിപ്പെടുത്തൽ തുടങ്ങിയ കാര്യങ്ങളിൽ ചില നിർദ്ദേശങ്ങൾ മുന്നോട്ട് വച്ചിരുന്നു. ബജറ്റിലെ ചില പ്രത്യക്ഷ നടപടികൾ ഗവൺമെന്റിന്റെ പരിഗണനയിലുള്ള ചില നിർദ്ദേശങ്ങൾക്ക് വ്യക്തതയും അതിന്റെ നടത്തിപ്പിന് ഊർജവും പകരും. കിട്ടാക്കടങ്ങളുടെ പ്രതിസന്ധി നേരിടാൻ ബാങ്കുകളെ ഇത് സഹായിക്കും. നിക്ഷേപ ചക്രത്തിന്റെ ഇപ്പോഴത്തെ തിരുച്ചുവരവ് തത്ക്കാലം ബാങ്കുകളുടെ ബാക്കി പത്രങ്ങളെ ആശ്രയിച്ച് തന്നെയാണ് നില കൊള്ളുന്നത്.

*(ന്യൂഡൽഹിയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് ഫിനാൻസ് ആന്റ് പോളിസിയിൽ അധ്യാപകരാണ് ലേഖകർ)*

*വിജ്ഞാനപാത*

## ബാങ്ക് ബോർഡ് ബ്യൂറോ (BBB)

പൊതുമേഖലാ ബാങ്കുകളുടെ ഭരണം മെച്ചപ്പെടുത്തുന്നതിനായി പ്രഖ്യാപിച്ച ബാങ്ക് ബോർഡ് ബ്യൂറോ 2016 ഏപ്രിൽ 1ന് നിലവിൽ വരും. 7 അംഗങ്ങൾ ഉള്ള ബ്യൂറോയുടെ പാർട്ട്-ടൈം ചെയർമാനായി മുൻ കംപ്ട്രോളർ & ഓഡിറ്റർ ജനറൽ വിനോദ് റായിയെ നിയമിച്ചു. 2 വർഷമാണ് അംഗങ്ങളുടെ കാലാവധി.




# മേക്ക് ഇൻ ഇന്ത്യ, സ്റ്റാർട്ട് അപ്പ് സംരംഭങ്ങളിലൂടെ വൻ തൊഴിലവസരങ്ങൾ

**നീരജ് ബാജ്പൈ**

“റോമാ സാമ്രാജ്യം പടുത്തുയർത്തിയത് ഒരുദിവസം കൊണ്ടല്ല” (Rome was not built in a day) എന്ന പ്രസിദ്ധമായ ആപ്തവാക്യം പ്രതീകവൽക്കരിക്കുന്നതുപോലെ, നിരന്തരമായി വർധിച്ചുവരുന്ന തൊഴിലില്ലായ്മയെ ആഗിരണം ചെയ്യാൻ ശേഷിയുള്ള, കുതിച്ചുയരുന്ന സ്റ്റാർട്ടപ്പുകൾ, വ്യവസായ യൂണിറ്റുകൾ, മറ്റു വാണിജ്യ സംരംഭങ്ങൾ എന്നിവ ഒരു ചെറുകാലയളവിനുള്ളിൽ സഫലീകൃതമാക്കാൻ കഴിയുന്നതല്ല. ധനമന്ത്രി അരുൺ ജയ്റ്റ്ലിയുടെ ബഡ്ജറ്റ് വിവരണം ഇന്ത്യയുടെ കുതിച്ചുയരുന്ന പ്രതീക്ഷകളുടെയും അടിസ്ഥാന ആവശ്യങ്ങളുടെയും പശ്ചാത്തല യഥാർത്ഥ്യങ്ങൾ സർക്കാർ കണ്ടറിയുന്നു എന്ന സൂചനയാണ് നൽകുന്നത്.

ആഗോളവ്യാപാരം ചുരുങ്ങിവരികയും രൂക്ഷമായ സാമ്പത്തികമാന്ദ്യം ആഗോള ധനകമ്പോളത്തെ കാര്യമായി ബാധിക്കുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിൽ തൊഴിലില്ലായ്മ പരിഹരിക്കുക എന്നത് കൂടുതൽ ക്ലേശകരമായിത്തീരുന്നു. ഈ പ്രതികൂലവാതങ്ങൾക്കിടയിലും ഇന്ത്യൻ സമ്പദ്വ്യവസ്ഥ അതിന്റെ നില ഉറപ്പിച്ചുനിറുത്തുകയും ഒരേയൊരു ‘തിളക്കമുള്ള ഇടമായി’ അന്തർദ്ദേശീയ നാണയനിധി (IMF) നമ്മുടെ സമ്പദ്വ്യവസ്ഥയെ പ്രകീർത്തിക്കുകയും ചെയ്തു. സ്റ്റാർട്ടപ്പുകൾ, മെയ്ക്ക് ഇൻ ഇന്ത്യ, നൈപുണ്യ വികസനം, തൊഴിൽവീഥികളുടെ സൃഷ്ടി, തുടങ്ങിയവ ഉൾപ്പെടെ നിരവധി സാമൂഹ്യ പ്രതിബദ്ധമായ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാനുള്ള സർക്കാരിന്റെ പ്രതിജ്ഞാബദ്ധത സാക്ഷാത്കരിക്കാനുള്ള ആത്മവിശ്വാസം ധനമന്ത്രി ബജറ്റിലുടനീളം പ്രകടിപ്പിക്കുകയുണ്ടായി.

സ്റ്റാർട്ടപ്പുകൾക്ക് അനുകൂല പരിതസ്ഥിതി സജ്ജീകരിക്കുന്നതിന് ബഡ്ജറ്റിൽ ആവശ്യമായ നികുതിപരിഷ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നമ്മുടെ ദളിതരും ഗിരിവർഗ്ഗക്കാരുമായ യുവജനങ്ങൾ ഇപ്പോൾ സംരംഭകരാകാൻ തല്പരരാണ്. ഇനിമേൽ അവർ തൊഴിലന്വേഷകരാകാൻ അല്ല, തൊഴിൽ സ്രഷ്ടാക്കൾ ആകാനാണ് പോകുന്നത്. അവരുടെ

സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനായി ഒരു സംരംഭകത്വ ഹബ്ബ് തുടങ്ങാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

തൊഴിൽ ഉത്പാദനത്തിനുള്ള പ്രധാന ഊന്നലായി ഇന്ന് ഉയർന്നുവരുന്ന 'മെയ്ക് ഇൻ ഇന്ത്യ' പദ്ധതിക്ക് ഒരു വലിയ ഉത്തേജനം നൽകുന്നതിനായി, ആഭ്യന്തര ഉത്പാദന വർദ്ധനവ് ലക്ഷ്യമിട്ട് നികുതി പ്രോത്സാഹനത്തിന്റെ ഒരു ചങ്ങാടം തന്നെ സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ചെറിയ യൂണിറ്റുകൾക്ക് പരമാവധി നേട്ടം എന്നവിധമുള്ള മാനദണ്ഡങ്ങളിൽ വ്യവഹാരങ്ങളിൽ മൃദുസമീപനം, പരാജയപ്പെടുന്ന പക്ഷം മതിയാക്കാനുള്ള അവസരം നൽകൽ എന്നിവയും പെടുന്നു.

ടെലികോം മേഖലയിൽ കസ്റ്റംസും ഇതിനനുസൃതമായ ഡ്യൂട്ടി ഇളവുകളും പിൻവലിക്കുന്നതിലൂടെ മൊബൈൽ ഹാന്റ് സെറ്റുകളുടെ കമ്പോണന്റുകളുടെ ഇറക്കുമതി നിയന്ത്രിക്കാൻ സർക്കാർ ശ്രമിക്കുകയുണ്ടായി. മൊബൈൽ ഫോണുകളുടെയും അനുബന്ധ ഉത്പന്നങ്ങളുടെയും പ്രദേശിക ഉത്പാദനത്തെ സ്വധീനിക്കുംവിധം ഒരു ഉത്തേജനം നൽകാൻ ഈ നടപടി ഉതകേണ്ടതാണ്.

കേന്ദ്ര സർക്കാരും നിരവധി സംസ്ഥാന സർക്കാരുകളും ഇപ്പോൾ സ്റ്റാർട്ടപ്പ്, മെയ്ക്ക് ഇൻ ഇന്ത്യ സംരംഭങ്ങളിലേക്കും അതുവഴി തദ്ദേശീയ വ്യവസായത്തെ സഹായിക്കുംവിധം നിക്ഷേപ ആകർഷണത്തിനുമുള്ള അന്തരീക്ഷം കെട്ടിപ്പടുക്കുകയാണ്. ഇതുവഴി കൂടുതൽ തൊഴിൽ ഉണ്ടാകും. ബഡ്ജറ്റിൽ വാഗ്ദാനം ചെയ്ത ഇളവുകൾ സമഗ്രമായ സാമ്പത്തിക സാമൂഹിക വളർച്ചയ്ക്ക് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കും.

രാജ്യത്തിനകത്തും പുറത്തും നിക്ഷേപക ഉച്ചകോടികൾ നടന്നുവരുന്നു. ഹരിയാനയിൽ ഈയിടെ നടന്ന അത്തരമൊരു ആഗോള സംഗമത്തിൽ ധനമന്ത്രി സംസ്ഥാനങ്ങളെ ഉദ്ബോധിപ്പിച്ചത് നിക്ഷേപകരെ ആകർഷിക്കുന്ന പരിഷ്ക്കാരങ്ങൾ നടപ്പിൽ വരുത്തണം എന്നാണ്. നിക്ഷേപകർ കൂടുതൽ അനുകൂലമായി ബിസിനസ്, രാഷ്ട്രീയ സാഹചര്യങ്ങൾ വാഗ്ദാനം ചെയ്യുന്ന ഇടങ്ങൾക്കായി താല്പര്യപ്പെടുന്നു.

സഹകരണാത്മകമായ ഫെഡറലിസത്തിനപ്പുറം ഇന്ത്യ മത്സരാധിഷ്ഠിത ഫെഡറലിസമായി മാറിക്കൊണ്ടിരിക്കുന്നുവെന്നും ഭാവി മത്സരാധിഷ്ഠിത ഫെഡറലിസത്തിന്റേതാണെന്നും ഈ കാലം നിക്ഷേപങ്ങൾ ആകർഷിക്കുന്നതിൽ സംസ്ഥാനങ്ങൾ തമ്മിലുള്ള മത്സരത്തിന്റേതാണെന്നും ധനമന്ത്രി പറഞ്ഞു. "അവർ (സംസ്ഥാനങ്ങൾ) പരിഷ്ക്കാരത്തിന് തയ്യാറായില്ലെങ്കിൽ അവിടുത്തെ ജനങ്ങൾക്കാണ് കോട്ടം; കൂടുതൽ അനുകൂലമായ സാമ്പത്തിക, ബിസിനസ്, രാഷ്ട്രീയ സാഹചര്യങ്ങൾ നിക്ഷേപകർക്ക് വാഗ്ദാനം ചെയ്യുന്നവർ നേട്ടമുണ്ടാക്കും." ധനമന്ത്രി പ്രസ്താവിച്ചു.

ലോകസഭയിൽ പൊതു ബഡ്ജറ്റ് അവതരിപ്പിക്കവേ ശ്രീ. ജയ്റ്റ്ലി 'സ്റ്റാർട്ടപ്പു'കളെപ്പറ്റി പ്രതിപാദിക്കുകയുണ്ടായി. അവ തൊഴിൽ ഉത്പാദിപ്പിക്കുകയും നൂതന കണ്ടുപിടിത്തങ്ങൾ കൊണ്ടുവരികയും ചെയ്യുന്നതിനുപുറമെ മെയ്ക്ക് ഇൻ ഇന്ത്യ പരിപാടിയിലെ സുപ്രധാന പങ്കാളികളായിത്തീരുമെന്നു പ്രതീക്ഷിക്കുന്നതായും അദ്ദേഹം പറഞ്ഞു.

2016 ഏപ്രിൽ മുതൽ 2019 മാർച്ച് വരെയുള്ള കാലയളവിൽ സ്ഥാപിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് 3 മുതൽ 5 കൊല്ലംവരെ ലഭിക്കുന്ന 100% ലാഭവും അവയുടെ തന്നെ വ്യാപനത്തിനുവേണ്ടി ഉപയോഗിക്കാമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. ഈ സാഹചര്യങ്ങളിൽ, നിയന്ത്രിതമോ വിജ്ഞാപനം ചെയ്തതോ ആയ ഫണ്ടിലോ വിജ്ഞാപനം ചെയ്ത സ്റ്റാർട്ടപ്പുകൾ നടത്തുന്ന വ്യക്തികൾ ഭൂരിപക്ഷം ഓഹരികൾ കൈവശം വെച്ചിരിക്കുന്ന ഫണ്ടുകളിലോ നിക്ഷേപിക്കുന്നപക്ഷം മൂലധന നേട്ടങ്ങളിൽ (Capital gains) നികുതി ചുമത്തുന്നതല്ല.

ഇന്ത്യയിൽ വികസിപ്പിക്കുകയും രജിസ്റ്റർ ചെയ്യുകയും ചെയ്ത ഉത്പന്നങ്ങളിലെ പേറ്റന്റുകളുടെ ലോകവ്യാപകമായ വിനിയോഗം വഴി ലഭിക്കുന്ന വരുമാനത്തിന്മേൽ പത്തുശതമാനം നികുതി ചുമത്താനുള്ള നിർദ്ദേശത്തിലൂടെ ഒരു വിശേഷ പേറ്റന്റ്

യുഗവും ധനമന്ത്രി നിർദ്ദേശിച്ചു. കസ്റ്റംസ്, എക്സൈസ് ഡ്യൂട്ടി ഘടനയ്ക്കും മെയ്ക്ക് ഇൻ ഇന്ത്യ പദ്ധതിയിലൂടെ ഗാർഹിക മൂല്യവർദ്ധന പദ്ധതിക്കും പ്രോത്സാഹനം നൽകേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഇൻഫർമേഷൻ ടെക്നോളജി ഹാർഡ്വെയറുകൾ, മൂലധന സാമഗ്രികൾ, പ്രതിരോധ സാമഗ്രികൾ, തുണിത്തരങ്ങൾ, ധാതു ഇന്ധനങ്ങളും ധാതു എണ്ണകളും, രാസവസ്തുക്കളും പെട്രോകെമിക്കലുകളും, ന്യൂസ് പ്രിന്റുകൾ, എയർക്രാഫ്റ്റുകളുടെ നന്നാക്കലും മെയിന്റനൻസും, കപ്പൽ റിപ്പയറിങ് ഉത്പാദന-മെയിന്റനൻസ് ഗാർഹിക വ്യവസായ മേഖലകളിൽ നടപടിക്രമങ്ങൾ ലളിതവത്കരിക്കുന്നതിലൂടെ ചെലവ് കുറക്കുന്നതിനും മത്സരസ്വഭാവം മെച്ചപ്പെടുത്തുന്നതിനുമായി ഇവയ്ക്കായുള്ള കസ്റ്റംസ്, എക്സൈസ് ഡ്യൂട്ടിനിരക്കുകളിൽ യുക്തമായ ചില മാറ്റങ്ങൾ വരുത്തുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു.

വളരുന്ന വ്യവസായത്തിനായി ആവശ്യാനുസരണം നൈപുണ്യമുള്ളവരെ എത്തിക്കുന്നതിനും തൊഴിൽ സൃഷ്ടിക്കുന്നതിനുമായി രാജ്യത്തുടനീളം 1500 മൾട്ടിസ്കിൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കാൻ ഉദ്ദേശിച്ചുകൊണ്ട് ബഡ്ജറ്റിൽ 1700 കോടി രൂപ മാറ്റിവെച്ചിട്ടുണ്ട്. പ്രധാൻ മന്ത്രി കൗശൽ വികാസ് യോജന (PMKVY) യിലൂടെ യുവജനങ്ങളിൽ സംരംഭകത്വ പ്രവണത വളർത്താനുള്ള സർക്കാരിന്റെ പരിശ്രമത്തിന്റെ ഭാഗമാണിതെന്ന് അദ്ദേഹം വ്യക്തമാക്കി.

സ്കിൽ ഇന്ത്യ മിഷനിലൂടെ രാജ്യത്തെ ജനസംഖ്യയുടെ മുന്നോട്ടുള്ള പ്രയാണത്തിന് മൂർത്തരൂപം നൽകാനാകുമെന്ന് സർക്കാർ കരുതുന്നു. സ്ഥാപിതമായതുമുതൽ നാളിതുവരെ ദേശീയ സ്കിൽ ഡവലപ്മെന്റ് മിഷൻ വിപുലമായ നൈപുണ്യ പരിസ്ഥിതി സൃഷ്ടിക്കുകയും 76 ലക്ഷം യുവജനങ്ങൾക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. അക്കാദമീയ-വ്യവസായ മേഖലകളുടെ പങ്കാളിത്തത്തോടെ സ്കിൽ ഡവലപ്മെന്റ് സർട്ടിഫിക്കേഷനുള്ള ഒരു ദേശീയ ബോർഡ് (National Board for Skill Development Certification) രൂപം കൊടുക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പ്രധാനമന്ത്രി കൗശൽ വികാസ് യോജനയെ അടുത്ത മൂന്ന് വർഷത്തിനകം ഒരുകോടി യുവജനങ്ങൾക്ക് പരിശീലനം നൽകാൻ ഉതകുംവിധം വീണ്ടും ഉയർത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഇത് തൊഴിൽ മേഖലയിൽ ഒരു പുതുയുഗത്തിന്റെ വിളംബരമായിരിക്കുകയും രാജ്യത്തെമ്പാടുമായി ഉത്പാദനക്ഷമത ഗണനീയമാംവിധം വർദ്ധിക്കുകയും ചെയ്യും എന്നാണ് വിദഗ്ധർ പറയുന്നത്.

പദ്ധതിപ്രകാരം 2200 കോളേജുകൾ, 300 സ്കൂളുകൾ, 500 സർക്കാർ ഐ.റ്റി.ഐകൾ, 50 വോക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ എന്നിവയിൽ വിപുലമായ ഓപ്പൺ ഓൺലൈൻ കോഴ്സുകൾ ആരംഭിക്കുകയും അതു വഴി സംരംഭകത്വ, വിദ്യാഭ്യാസ പരിശീലനം ലഭ്യമാക്കുന്നതുമായിരിക്കും. സംരംഭകരെ, പ്രത്യേകിച്ച് രാജ്യത്തെ ഒറ്റപ്പെട്ട പ്രദേശങ്ങളിൽ നിന്നുള്ളവരെ ഇതുവഴി പരിചയ സമ്പന്നരായ ഉപദേഷ്ടാക്കളുമായും ക്രെഡിറ്റ് മാർക്കറ്റുമായും ബന്ധിപ്പിക്കും.

തൊഴിൽ രംഗത്തെ തുടർ നടപടിക്കുള്ള അജണ്ട പ്രകാരം, ഔപചാരിക തൊഴിൽ മേഖലകളിൽ പുതിയതായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പ്രോത്സാഹനത്തിന്റെ ഭാഗമായി, പുതിയതായി EPFO യിൽ പേരുചേർക്കുന്ന എല്ലാ തൊഴിലാളികൾക്കും അവരുടെ എംപ്ലോയീസ് പെൻഷൻ സ്കീം കോൺട്രിബ്യൂഷൻ വിഹിതത്തിന്റെ 8.33% സർക്കാർ അടയ്ക്കുന്നതായിരിക്കും. 15000 രൂപവരെ പ്രതിമാസ വേതനമുള്ളവർക്ക് ബാധകമായ ഈ പദ്ധതിക്കായി 1000 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതിനെല്ലാമുപരി 2016 ലെ ധനകാര്യബിൽ, ഇൻകംടാക്സ് ആക്ട് 80 JJAA സെക്ഷൻ പ്രകാരം തൊഴിൽ ഉത്പാദന പ്രോത്സാഹനത്തിന്റെ സാധ്യത വിപുലപ്പെടുത്താനും ഉദാരവത്ക്കരിക്കാനും ശ്രമിക്കുന്നുണ്ട്.

2015 ജൂലൈയിൽ സമാരംഭിച്ചതാണ് നാഷണൽ കരിയർ സർവീസ് എന്ന് സർക്കാരിന്റെ തൊഴിൽ ഉത്പാദക പദ്ധതിയെ വിശദീകരിച്ചുകൊണ്ട് ധനമന്ത്രി പറഞ്ഞു. ഇതിനോടകം ഈ പ്ലാറ്റ്ഫോമിൽ 35 ദശലക്ഷം തൊഴിൽ അന്വേഷകർ രജിസ്റ്റർ ചെയ്തു




കഴിഞ്ഞു. 2016-17 അവസാനത്തോടെ 100 മാതൃകാ കരിയർ സെന്ററുകൾ പ്രവർത്തിപ്പിച്ചുതുടങ്ങാനാണ് പുതിയ ബഡ്ജറ്റ് പ്രകാരം സർക്കാർ ഉദ്ദേശിക്കുന്നത്.

സംസ്ഥാന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ നാഷണൽ കരിയർ സർവ്വീസ് പ്ലാറ്റ്ഫോറവുമായി പരസ്പരം ബന്ധപ്പെടുത്താനും ഇത് ഉദ്ദേശിക്കുന്നു. 2013 ലെ കമ്പനി നിയമം (Companies Act 2013) ഭേദഗതി ചെയ്യുന്നതിനുള്ള ഒരു ബില്ല് പാർലമെന്റിന്റെ നടപ്പു സമ്മേളനത്തിൽ അവതരിപ്പിക്കുന്നതാണ്. ബിസിനസ് ചെയ്യുന്നതിനുള്ള തടസങ്ങളും പ്രയാസങ്ങളും ഇത് നീക്കം ചെയ്യുമെന്ന് അദ്ദേഹം പറഞ്ഞു.

സ്റ്റാർട്ടപ്പുകൾക്കുവേണ്ടിയുള്ള പരിതസ്ഥിതിയും ഈ ബിൽ സാധ്യമാക്കും. കമ്പനികൾക്കുള്ള രജിസ്ട്രേഷൻ ഒരു ദിവസം കൊണ്ട് നടത്തും. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത് സാമ്പത്തിക വളർച്ചയിലൂടെ പ്രോത്സാഹിപ്പിക്കുകയാണ് ഇത്തരം നിർദ്ദേശങ്ങളുടെ മുഖ്യലക്ഷ്യമെന്ന് ധനമന്ത്രി പറഞ്ഞു. 'മെയ്ക്ക് ഇൻ ഇന്ത്യ'യെ ഉത്തേജിപ്പിക്കുക, പെൻഷൻ സമൂഹത്തിലേക്ക് നീങ്ങുന്നതിനുള്ള നടപടികൾക്ക് പ്രോത്സാഹനം നൽകുക, താങ്ങാവുന്ന ചെലവിൽ വീടുകളുണ്ടാക്കുന്നതിനെ സഹായിക്കുക എന്നിവയാണ് ലക്ഷ്യങ്ങളെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

കിട്ടാക്കടങ്ങൾക്കുള്ള കരുതലായി ആദായത്തിൽ 5% കുറയ്ക്കാൻ ബാങ്കിംഗ് ഇതര ധനകാര്യ കമ്പനികൾക്ക് അർഹത ഉണ്ടായിരിക്കും. ടേൺ ഓവർ 2015 മാർച്ചിൽ അവസാനിക്കുന്ന സാമ്പത്തിക വർഷം 5 കോടി രൂപയിൽ അധികരിക്കാത്ത താരതമ്യേന ചെറിയ സംരംഭങ്ങളുടെ കോർപ്പറേറ്റ് ആദായ നികുതി നിരക്ക് 29% (സർച്ചാർജ്ജും സെസ്സും പുറമേ) ആയി കുറയ്ക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

2016 മാർച്ച് 1 നോ അതിനുശേഷമോ സ്ഥാപിക്കുന്ന പുതിയ മാനുഫാക്ച്ചറിംഗ് കമ്പനികളെ 25% അധികം സർച്ചാർജ്ജും സെസും എന്ന നികുതി നിരക്ക് സ്വീകരിക്കാൻ ബജറ്റ് നിർദ്ദേശം അനുവദിക്കുന്നു. ഇതിനായി അവർ ലാഭ ബന്ധിതമോ നിക്ഷേപ ബന്ധിതമോ ആയ ഇളവുകൾ ആവശ്യപ്പെടാൻ പാടില്ല; ഒപ്പം നിക്ഷേപ അലവൻസുകളോ വർദ്ധിതമായ തേയ്മാനമോ സ്വീകരിക്കാൻ പാടില്ല. ദീൻദയാൽ ഉപാദ്ധ്യായ ഗ്രാമീൺ കൗശൽ യോജനക്കു കീഴിൽ വരുന്ന സേവനങ്ങൾക്കും സ്കിൽ ഡവലപ്പ്മെന്റ് ആന്റ് എന്റർപ്രണർഷിപ്പ് മന്ത്രാലയം എംപാനൽ ചെയ്ത നിർണ്ണയ സമിതികൾ നൽകുന്ന സേവനങ്ങൾക്കുമുള്ള സേവന നികുതിയും ഒഴിവാക്കാൻ നിർദ്ദേശമുണ്ട്.

സേവനമേഖലയിൽ ചില്ലറ വില്പന മേഖലയാണ് ഏറ്റവും വലിയ തൊഴിൽ ദാതാവ്. നടപടിക്രമങ്ങൾ ലഘൂകരിച്ചാൽ ഈ മേഖലയിൽ നിരവധി തൊഴിലുകൾ കൂടി സൃഷ്ടിക്കാൻ കഴിയുമെന്നാണ് സർക്കാരിന്റെ വീക്ഷണം. വൻകിട ഷോപ്പിംഗ് മാളുകൾ ആഴ്ചയിൽ 7 ദിവസവും തുറന്നു പ്രവർത്തിക്കുമ്പോൾ ചെറുകിട-ഇടത്തരം കടകൾക്ക് ഇതെന്തുകൊണ്ട് ആയിക്കൂടാ എന്നു ധനമന്ത്രി ചോദിച്ചു.

ആഴ്ചയിൽ ഒരു ദിവസം അവധി, ദിവസം ജോലി ചെയ്യേണ്ട മണിക്കൂറുകളുടെ ക്ലിപ്തത തുടങ്ങി തൊഴിലാളികളുടെ അവകാശങ്ങൾ പൂർണ്ണമായി സംരക്ഷിച്ചുകൊണ്ട് ആഴ്ചയിൽ 7 ദിവസവും സ്വമേധയ തുറന്നുവയ്ക്കുന്നതിന് ഈ കടകൾക്ക് അവസരം നൽകേണ്ടതാണ്.

സംസ്ഥാനങ്ങൾക്ക് താല്പര്യമുള്ളപക്ഷം സ്വീകരിച്ചു നടപ്പാക്കാൻ കഴിയുംവിധം ഷോപ്പ്സ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ബില്ലിന്റെ ഒരു മാതൃക സർക്കുലേറ്റ് ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

ജനസംഖ്യയുടെ 65 ശതമാനവും 35 വയസ്സിനുതാഴെയുള്ള ഇന്ത്യയിൽ തൊഴിലവസരം സൃഷ്ടിക്കാനുള്ള എല്ലാ മാർഗങ്ങളും സർക്കാർ ആരായുന്നുണ്ട്. വൻതോതിലുള്ള തൊഴിൽ രഹിത യുവജനതയെ ഉൾക്കൊള്ളാൻ തക്കവിധം പരിതസ്ഥിതിയെ കരുത്തുറ്റതാക്കേണ്ടത് വലിയ വെല്ലുവിളിയും അതേ സമയം ന്യായമായ സമയം ആവശ്യപ്പെടുന്നതുമാണ്.

എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടിന്മേൽ (EPF) പലിശ ചുമത്താനുള്ള ബഡ്ജറ്റ് നിർദ്ദേശം നിരവധി ജീവനക്കാരുടെ മനസിൽ സംശയങ്ങൾ സൃഷ്ടിച്ചിരുന്നെങ്കിലും ഇപ്പോൾ അത് പിൻവലിക്കപ്പെട്ടിരിക്കുന്നു. ഇതൊരു നല്ല മാറ്റവും വ്യവസായത്തിന്റെ നട്ടെല്ലായ തൊഴിലാളികൾക്ക് ആരോഗ്യകരമായ അന്തരീക്ഷം സൃഷ്ടിക്കാൻ സഹായകവുമാണ്.

ജോലിയിൽ നിന്നും വിരമിക്കവേ കൂടുതൽ സുരക്ഷിതമായ ജീവിതം ഉറപ്പാക്കുന്നതിനായി പെൻഷൻ പദ്ധതികളിൽ നിക്ഷേപിക്കാൻ പി.എഫ് വരിക്കാരെ പ്രേരിപ്പിക്കുന്നതിനുള്ള ഉദ്ദേശ്യത്തോടെയാണ് നികുതിചുമത്തൽ നിർദ്ദേശം കൊണ്ടുവന്നതെന്ന് ധനമന്ത്രി പറഞ്ഞു. എന്നിരുന്നാലും നിരവധി എം.പിമാരിൽ നിന്നും കുറേയെറെ സംഘങ്ങളിൽ നിന്നും ലഭിച്ച നിവേദനങ്ങളിൽ ചൂണ്ടിക്കാണിച്ചതുപോലെ അദ്ദേഹം ആ തീരുമാനം പിൻവലിച്ചു. അതേ സമയം നാഷണൽ പെൻഷൻ സ്കീമിൻമേലുള്ള നികുതിനിർദ്ദേശം നിലനിൽക്കുമെന്ന് അദ്ദേഹം വ്യക്തമാക്കി. ഈ വരുന്ന ഏപ്രിൽ 1 മുതൽ എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് അക്കൗണ്ടിലെ ജീവനക്കാരുടെ നിക്ഷേപത്തിന്റെ 60% തുക അതു പിൻവലിക്കുന്ന സമയം നികുതിക്കുവിധേയമായിക്കുമെന്നും അതേസമയം 40% നികുതിരഹിതമായിരിക്കുമെന്നും കേന്ദ്രബഡ്ജറ്റിൽ നിർദ്ദേശിച്ചിരുന്നു.

അടുത്ത 5 വർഷത്തിനുള്ളിൽ കർഷകരുടെ വരുമാനം ഇരട്ടിപ്പിക്കുക, തൊഴിലും അടിസ്ഥാനസൗകര്യങ്ങളും ഉറപ്പാക്കുക, ആരോഗ്യരക്ഷ, വിദ്യാഭ്യാസം, നൈപുണ്യവും തൊഴിലും സൃഷ്ടിക്കൽ, അടിസ്ഥാന സൗകര്യവും നിക്ഷേപങ്ങളും, സാമ്പത്തിക ഭരണ പരിഷ്ക്കാരം, ബിസിനസ് ചെയ്യാനുള്ള നടപടികളുടെ ലളിതവത്കരണം, ധനവിനിയോഗ അച്ചടക്കം, നികുതി പരിഷ്ക്കാരങ്ങൾ തുടങ്ങിയ നടപടികളിലൂടെ ഇന്ത്യയുടെ മുഖച്ഛായ മാറ്റാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

*(പ്രസ് കൗൺസിൽ ഓഫ് ഇന്ത്യയുടെ മുൻ മെമ്പറും മുതിർന്ന പത്രപ്രവർത്തകനുമാണ് ലേഖകൻ)*

*വിജ്ഞാനപാത*

## ക്ലീൻ എനർജി സെസ്സ് (Clean Energy Cess)

അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി കേന്ദ്ര ഗവണ്മെന്റ് 2010 ജൂലൈ ഒന്നു മുതൽ കാർബൺ നികുതി നടപ്പിലാക്കിവരുന്നു. ഫിനാൻസ് നിയമം (2010) ന്റെ പത്താം ഷെഡ്യൂളിൽ പറയുന്ന ചരക്ക് സാധനങ്ങൾക്കാണ് ഇത് നടപ്പിലാക്കുന്നത്. 2010ൽ ഒരു ടൺ കൽക്കരിക്ക് 100 രൂപ ക്ലീൻ എനർജി സെസ്സ് നൽകിയിരുന്നത് 2016-17 ബജറ്റിൽ 400 രൂപയായി ഉയർത്തി.



# സാമ്പത്തിക മുൻകരുതൽ വിവിധ കമ്മി സൂചകങ്ങളിലൂടെ

ഡോ. അമിയ കുമാർ മോഹപാത്ര

സാമ്പത്തിക അച്ചടക്കത്തിലൂടെയുള്ള ധനകാര്യ ഏകീകരണം എല്ലാ രാജ്യങ്ങളുടെയും ധനസ്ഥിരതയ്ക്കും സാമൂഹ്യ വികസനത്തിനും അത്യാവശ്യമാണ്. അതിനാൽ സുസ്ഥിര വളർച്ചയും, സാമ്പത്തിക വികസനവും, സാമ്പത്തിക ഏകീകരണവും, വിവേകപൂർണമായ സാമ്പത്തിക നിർവഹണവും ലക്ഷ്യമാക്കി ഇന്ത്യാ ഗവൺമെന്റ് സാമ്പത്തിക ഉത്തരവാദിത്ത ബജറ്റ് നിർവഹണ നിയമം 2003ൽ പ്രാബല്യത്തിൽ വരുത്തിയിരുന്നു. ഈ ഉത്തരവാദിത്തം സാക്ഷാത്ക്കരിക്കുന്നതിന്റെ ഭാഗമായി സാമ്പത്തിക ചട്ടക്കൂടിലൂടെ ഗവൺമെന്റ് കഴിഞ്ഞ കുറെ വർഷങ്ങളായി ചെലവുകളിൽ കാര്യക്ഷമത കൈവരിക്കുകയും പുനർപരിഗണനകളിലൂടെയും യുക്തിപരമായ തീരുമാനങ്ങളിലൂടെയും വരുമാനം വർധിപ്പിച്ചുകൊണ്ട് വരുമാന കമ്മിയും ധനകമ്മിയും നിശ്ചിത തലത്തിലേയ്ക്ക് ഒതുക്കി നിർത്തുവാനും ശ്രമിച്ചുവരുന്നു.

സാമ്പത്തിക ഉത്തരവാദിത്ത ബജറ്റ് നിർവഹണ നിയമവുമായി ബന്ധപ്പെട്ട് കൃത്യമായി നിർവചിച്ചിരിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ സാമ്പത്തിക സാമഗ്രികൾ ഉപയോഗിച്ചുകൊണ്ട് സമ്പദ്‌വ്യവസ്ഥയിൽ അവയുടെ സ്വാധീനം പഠിച്ച്, കേന്ദ്രബജറ്റ് 2016 -17 ന്റെ കാര്യക്ഷമത വിലയിരുത്താൻ സാധിക്കും.

ബജറ്റിന്റെ സുസ്ഥിരത വിശാല സാമ്പത്തിക ശാസ്ത്ര ഫലങ്ങളുടെ പശ്ചാത്തലത്തിൽ വിവിധ കമ്മി സൂചകങ്ങൾ ഉപയോഗിച്ച് അളക്കാൻ സാധിക്കും. ഇതിനുള്ള പ്രധാന സാമ്പത്തിക ഉപാധികൾ ആദായ കമ്മി, സാമ്പത്തിക കമ്മി, പ്രാഥമിക കമ്മി എന്നിവയാണ്. ബജറ്റിന്റെ വിശാല സാമ്പത്തികശാസ്ത്ര ഫലങ്ങൾ അളക്കാനും സമ്പദ് വ്യവസ്ഥയുടെ ദീർഘകാല ലക്ഷ്യങ്ങൾ അഭിമുഖീകരിക്കുന്നതിന് ഗവൺമെന്റ് സ്വീകരിക്കേണ്ട ഭാവി നടപടികളെ നിശ്ചയിക്കുന്നതിനും കമ്മികൾ ആണ് അവശ്യം ഉപയോഗിക്കുന്നത്. രാജ്യത്തിന്റെ വർത്തമാന കാല ആവശ്യങ്ങളും ദീർഘകാല വളർച്ചയും കണക്കിലെടുക്കുന്നതോടൊപ്പം സുസ്ഥിര വികസനത്തിനു കൂടി ഊന്നൽ നല്കിക്കൊണ്ട് ആഗ്രഹിക്കുന്ന തലത്തിൽ ആദായ കമ്മിയെയും സാമ്പത്തിക കമ്മിയെയും എപ്രകാരം ഒതുക്കി നിർത്തുന്നു എന്നതിലാണ് ബജറ്റിന്റെ വിജയം സ്ഥിതിചെയ്യുന്നത്.

## വരുമാന കമ്മിയുടെ പ്രവണതകളും വിവക്ഷയും

വരുമാന വരവ് തീർന്നു കഴിയുന്നതോടെ വരുമാന കമ്മി നികത്തുന്നതിന് ഗവൺമെന്റ് മൂലധന വരവിനെയാണ് ആശ്രയിക്കുക. ഇത് അപകടമാണ്, കാരണം മൂലധന വരവ് ഒന്നുകിൽ ആസ്തി കുറയ്ക്കും, അല്ലെങ്കിൽ ബാധ്യതകൾ വർധിപ്പിക്കും. ബാധ്യതകൾ വർധിക്കുക എന്നാൽ ഭാവിയിൽ പലിശകളുടെ ബാധ്യതകൾ വർധിപ്പിക്കുന്നു എന്നതാണ്. അത് ഭാവിയിൽ വരുമാന ചെലവിന്റെ ഭാഗമായി വരുമാന കമ്മി വീണ്ടും ഉയർത്തും. ഓഹരികൈമാറ്റം അഥവാ ആസ്തി വിൽക്കുക എന്നാൽ തറവാടിന്റെ ആസ്തി വില്ക്കുകയാണ്. വരുമാന സമ്പാദ്യങ്ങൾ കുറയുന്നതിലൂടെ ഇത് വീണ്ടും വരുമാന സാഹചര്യങ്ങളെ കൂടുതൽ വഷളാക്കും. നികുതി-നികുതിയേതര സ്രോതസുകളിൽ നിന്നുള്ള വരുമാന വർധ

നയിലൂടെയും വരുമാന സമാഹരണത്തിലൂടെയും ആദായ കമ്മിയെ ഒരു പരിധി വരെ നിയന്ത്രിക്കാം.

## സാമ്പത്തിക കമ്മിയും സാമ്പത്തിക ജാഗ്രതയും

ഗവൺമെന്റിന്റെ മൊത്തം ചെലവിന്റെ മിച്ചത്തിനു മേൽ ഗവൺമെന്റിന്റെ വായ്പകൾ ഒഴികെയുള്ള മൊത്തം വരുമാനം എന്നാണ് സാമ്പത്തിക കമ്മിയെ നിർവചിച്ചിരിക്കുന്നത്. കുറച്ചുകൂടി വ്യക്തമായി പറഞ്ഞാൽ നമ്മുടെ രാജ്യം ഒരു സാമ്പത്തിക വർഷം കമ്മി നികത്താൻ വേണ്ടി എത്രത്തോളം വായ്പകളെ ആശ്രയിക്കുന്നു എന്ന് അത് സൂചിപ്പിക്കുന്നു. ഒരു രാജ്യത്തിന്റെ സാമ്പത്തിക വളർച്ച, കടബാധ്യതകൾ എന്നിവ അളക്കാനുള്ള ഉപകരണമായി ധനകമ്മി ഉപയോഗിക്കാറുണ്ട്. അതിനുമുപരി രാജ്യത്തെ ജനങ്ങളുടെ ധനകാര്യ ക്ഷേമവും സാമ്പത്തിക സുരക്ഷയും നിശ്ചയിക്കുന്നതും അതാണ്. അതിനാൽ വായ്പകളുമായി ബന്ധപ്പെട്ട് ഗവൺമെന്റിന്റെ ധനാഗമ മാർഗങ്ങളെ കുറിച്ചു കുറച്ചുകൂടി സമഗ്രമായ ഒരു കാഴ്ച്ചപ്പാട് ഇത് നല്കുന്നു.

## ധനക്കമ്മിയുടെ പ്രവണതകളും സൂചനകളും

ഉത്തരവാദിത്ത ബജറ്റ് നിർവഹണ നിയമം നിലവിൽ വന്നതിനു ശേഷം (2004 - 05 മുതൽ 2016 -17 വരെ) നമ്മുടെ രാജ്യത്തിന്റെ തൊട്ടു മുൻ വർഷത്തെ ഫലങ്ങളെയും വർത്തമാന കാല ആവശ്യങ്ങൾക്കുള്ള ഊന്നലിനേയും ഭാവി ഇടപാടുകളുടെ അവസ്ഥയേയും വിലയിരുത്താനാണ് ധനക്കമ്മി ഉപയോഗിക്കുന്നത്. സാമ്പത്തിക ഏകീകരണ നയത്തിനുള്ള ഒരു സംവിധാനമെന്ന നിലയിൽ ഉത്തരവാദിത്ത ബജറ്റ് നിർവഹണ നിയമം നടപ്പാക്കിയതിലൂടെ ധനക്കമ്മി ഒരു പരിധി വരെ ലഘൂകരിക്കാൻ സാധിച്ചു. 2004-2005 മുതൽ 2008-09 ധനകമ്മി വരെ ഏകദേശം 4.4%, 4.3%, 3.8%, 3.3%, 2.5% എന്നിങ്ങനെ ആയിരുന്നെങ്കിൽ ആഗോള സാമ്പത്തിക മാന്ദ്യത്തെ നേരിടാൻ സ്വീകരിച്ച ചില നടപടികളുടെ ഫലമായി 2009 -10 ൽ ധനക്കമ്മി മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ 6.8% മായി ഉയർന്നു.

പക്ഷെ, 2009-10 ന് ശേഷം 2010-11ൽ ധനക്കമ്മി 5.5% ആയി കുറഞ്ഞു. 2011-12 ൽ 4.6% മായി വീണ്ടും കുറഞ്ഞെങ്കിലും 2012-13 ൽ നേരിയ തോതിൽ ഉയർന്ന് 5.1% ആയി. സാമ്പത്തിക മാന്ദ്യവും യൂറോ പ്രതിസന്ധിയും മൂലമായിരുന്നു ഇത്. പിന്നീട് കമ്മി 4.8%, 4.1 % എന്നീ തോതിൽ താഴേയ്ക്ക് വന്ന് 2015 -16 ൽ മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ 3.9 ശതമാനമായി. പക്ഷെ ഖേൽക്കർ കമ്മിറ്റി നിർദ്ദേശത്തെ പിന്തുടർന്ന് ഇക്കഴിഞ്ഞ ബജറ്റിൽ (2016 -17) നമ്മുടെ ധനമന്ത്രി ധനക്കമ്മി കണക്കാക്കിയിരിക്കുന്നത് മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ 3.5% ആണ്. നാണ്യപ്പെരുപ്പം പോലുള്ള ചില ഘടകങ്ങൾ മൂലം ഗവൺമെന്റിന്റെ മൊത്തം വായ്പ പല മടങ്ങായി ഉയർന്നിട്ടുണ്ട്. 2008 -09 മുതൽ 2015 -16 വരെ ധനക്കമ്മിയിൽ വൻ ഉയർച്ചയാണ് വന്നിരിക്കുന്നത്. 1,33,287 കോടിയിൽ നിന്ന് അത് 5,55,649 കോടിയായി ഉയർന്നു. അതായത് കഴിഞ്ഞ ഏഴു വർഷത്തിനിടെ നാലിരട്ടി വർധന. എന്നാൽ ഈ ബജറ്റിൽ ധനക്കമ്മിയുടെ ശതമാനം 5,33,904 ലേയ്ക്ക് കുറച്ചു കൊണ്ടുവരുന്നതിന് ഗവൺമെന്റ് വളരെ ഗൗരവമായ താല്പര്യം കാണിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഇത് വളരെ തൃപ്തികരമാണ്.

## വരുമാന കമ്മിയും ധനക്കമ്മിയും തമ്മിലുള്ള ബന്ധം

ധനക്കമ്മിയുടെ മുഖ്യ ഘടകങ്ങൾ വരുമാന കമ്മിയും മൂലധന വിനിയോഗവുമാണ്. വരുമാന കമ്മി നികത്തുന്നതിനും മൂലധന ചെലവുകൾക്കുമായി ഗവൺമെന്റ് വായ്പകൾ വാങ്ങുന്നു. അതിനാൽ ഗവൺമെന്റ് എപ്രകാരം വരുമാന കമ്മി കൈകാര്യം ചെയ്യുന്നു എന്നതിനെ ആശ്രയിച്ചാണ് സാമ്പത്തിക ജാഗ്രത നിശ്ചയിക്കുന്നത്. വരുമാന വർധനയിലൂടെ ചെലവ് വെട്ടിക്കുറയ്ക്കാതെ തന്നെ സാമ്പത്തിക ഏകീകരണം സാധ്യമാണ്. ഒരു രാഷ്ട്രത്തിന്റെ സാമൂഹ്യ സാമ്പത്തിക ക്ഷേമപ്രവർത്തനങ്ങൾക്കുള്ള ചെലവുകൾ വെട്ടിക്കുറച്ചുകൊണ്ടുള്ള ധനക്കമ്മി നിയന്ത്രണം സ്വാഗതാർഹമായ നടപടിയല്ല. അതിനാൽ കമ്മി കുറയ്ക്കാനുള്ള ഏറ്റവും ഉചിതമായ മാർഗം വരുമാന നികുതി വർധിപ്പിക്കുക എന്നതാണ്. ഇവിടെയാണ് വരുമാന കമ്മിയും ധനക്കമ്മിയും തമ്മിലുള്ള പാരസ്പര്യം ദൃശ്യമാകുന്നത്. വരുമാന കമ്മി 2009-10 ലെ 4.8% ത്തിൽ നിന്ന് 2016-7 ൽ 2.3 % ആയി.

വരുമാന കമ്മി കുറച്ചു കൊണ്ടുവന്നാൽ മാത്രമെ ധന ക്കമ്മി നാം ആഗ്രഹിക്കുന്ന തല ത്തിലേയ്ക്ക് കുറച്ച് കൊണ്ടുവ രാനാവൂ. വരുമാനം വർധിപ്പി ച്ചുകൊണ്ടും വിവേകപൂർവ ചെലവ് ചെയ്തുകൊണ്ടും മാത്രമെ ഇത് സാധിക്കുകയു ള്ളു. സാമ്പത്തിക ഏകീകരണ ത്തിന് ചെലവ് ഫലപ്രദവും കാര്യക്ഷമവുമാക്കണം. അതുകൊണ്ടാണ് പദ്ധതിഇതര ചെലവ് വിവേക പൂർവം ആയിരിക്കണം എന്ന് ചെലവ് പരിഷ്കരണ കമ്മീഷൻ നിരീക്ഷിച്ചിരിക്കുന്നത്.



## സാമ്പത്തിക സുസ്ഥിരതയും ഗുണമേന്മ നിർണയവും

ബജറ്റിന്റെ കാര്യക്ഷമത അതിന്റെ മൊത്തം വകയിരുത്തലിലല്ല, മറിച്ച് സമ്പദ്‌വ്യവസ്ഥയിൻ മൊത്തം അതു സൃഷ്ടിക്കുന്ന സ്വാധീനത്തിലാണ്. ധന കമ്മിയെ നാം ആഗ്രഹിക്കുന്ന തലത്തിൽ നിയ ന്ത്രിച്ച് നിർത്തുക എന്നാൽ അത് അക്കങ്ങളിലുള്ള കളിയല്ല, അതിന് ഗൗരവമായ പരിണതഫലങ്ങളും പ്രത്യാഘാതങ്ങളും ഉണ്ട്. 2016 -17 ബജറ്റിൽ ധനക്ക മ്മിയുടെ സുസ്ഥിര മാതൃകയാണ് സ്വീകരിച്ചിരിക്കു ന്നത്. സാമ്പത്തിക ചട്ടക്കൂടിന്റെ സുസ്ഥിര മാതൃകയിലൂടെ പ്രതീക്ഷിക്കുന്നത് നാം ആഗ്രഹി ക്കുന്ന തലത്തിലേയ്ക്ക് ധനക്കമ്മിയെ കുറച്ച് കൊണ്ടുവരാൻ സാധിക്കും എന്നാണ്. ചെലവ് കുറ ച്ചുകൊണ്ടല്ല, മറിച്ച് വിവിധ മൂലധന ആസ്തികളിലും ക്ഷേമപദ്ധതികളിലും കൂടുതൽ വ്യയം ചെയ്തു കൊണ്ടാണ് ഇത് സാധിക്കുക. അതിനാൽ സ്രോത സുകളിൽ നിന്നുള്ള വരുമാനം വർധിപ്പിക്കുന്നതിന് ഏക മാർഗം വരുമാന കമ്മി കുറയ്ക്കുകയാണ്. ഇതാണ് നമ്മുടെ ധനമന്ത്രി ഈ വർഷത്തെ ബജ റ്റിൽ വ്യക്തമായി മുന്നോട്ടു വച്ചിരിക്കുന്ന ആശയം. അതായത് വരുമാന വർധനവിലൂടെ മൊത്ത ആഭ്യ ന്തര ഉത്പാദനത്തിന്റെ 3.5% സാമ്പത്തിക നേട്ടം. ഇവി ടെയാണ് ഗുണമേന്മയുടെയും സുസ്ഥിരതയുടെയും സൗന്ദര്യം ഒന്നിക്കുന്നത്. കുറച്ചുകൂടി കൃത്യമായി പറ ഞ്ഞാൽ ബജറ്റ് നിർദ്ദേശിക്കുന്നത് പദ്ധതി വിഹിത ത്തിന്റെ 15.3 % കൂടുതൽ ചെലവാക്കുക എന്നതാണ്. കഴിഞ്ഞ വർഷത്തെ പദ്ധതി വിഹിതത്തെക്കാൾ 9 % വർധന.

മറുവശത്ത് അധിക ആദാ യമുള്ളവരിൽ നിന്ന് അധിക നികുതി ഈടാക്കാനാണ് ധന മന്ത്രി നിർദ്ദേശിച്ചിരിക്കുന്നത്. പ്രകൃതിയിലും പരിസ്ഥിതി യിലും പ്രതികൂല ഫലങ്ങളും മനുഷ്യരുടെ ജീവനിലും ആരോ ഗ്യത്തിലും അപകടകരമായ പ്രത്യാഘാതങ്ങളും സൃഷ്ടി ക്കുന്ന ഉത്പന്നങ്ങൾക്കും സേവനങ്ങൾക്കും ഉയർന്ന നികുതിയാണ് ധനമന്ത്രി ബജറ്റിൽ നിർദ്ദേശിക്കുന്ന ത്. അതേ സമയം കാർഷിക മേഖലയ്ക്കും ഗ്രാമങ്ങൾക്ക് പ്രത്യേകിച്ചും വൻ തുകയാണ് ബജ റ്റിൽ ഗവൺമെന്റ് നീക്കിവച്ചിട്ടുള്ളത്. പാർശ്വവത്ക്ക രിക്കപ്പെട്ടവരും നിസഹായരുമായ ജനവിഭാഗങ്ങളുടെ സാമ്പത്തിക ഉന്നമനത്തിനായി കൂടുതൽ പദ്ധതി കളും ബജറ്റിൽ വിഭാവനം ചെയ്യുന്നു.

ഏത് ആഗോള ആഘാതത്തെയും സാമ്പത്തിക അനിശ്ചിതത്വത്തെയും നേരിടാൻ തക്കവിധം ഗവൺമെന്റിനെ സാമ്പത്തികമായി ശാക്തീകരിക്കാൻ തക്കവിധം ധനക്കമ്മിയെ നിയന്ത്രണപരിധിയിൽ നിർത്തേണ്ടതിന്റെ ആവശ്യകത ബജറ്റ് ഊന്നിപ്പറ യുന്നു.

## സാമ്പത്തിക ഏകീകരണത്തിനുള്ള ഗവൺമെന്റ് നടപടികൾ

നാം ഒരു വർഷം പിന്നിലായി എങ്കിലും 2016-17 ൽ മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ 3% ത്തിലേയ്ക്ക് ധനക്കമ്മി കുറയ്ക്കുന്നതിന് ഖേൽക്കാർ കമ്മിറ്റിയുടെ നിർദ്ദിഷ്ട ഉത്തരവാദിത്ത ബജറ്റ് നിർവ ഹണ നിയമം വഴി ഗവൺമെന്റ് പരിശ്രമിക്കുകയാ ണ്. ഈ ലക്ഷ്യം സാധിക്കുന്നതിന് സമ്പദ്‌വ്യവസ്ഥ യുടെ വികസനം, നികുതി വർധനവ്, ഊർജ്ജിത നികുതി സമാഹരണം, മികച്ച നികുതി കാര്യ നിർവ ഹണം, നികുതി - മൊത്ത ആഭ്യന്തര ഉത്പാദന അനു പാത വർധന, യുക്തിപരമായ ചെലവാക്കൽ, സാഹ ചര്യങ്ങൾ മെച്ചപ്പെടുത്തൽ, സദ്ഭരണം എന്നിവയി ലൂടെയാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

## ചെലവുകൾ നീതിപൂർവമാക്കുക

വിവിധങ്ങളായ ചെലവുകളും അവയ്ക്കുള്ള

വിഹിതങ്ങളും യുക്തിപൂർവമാക്കി കൊണ്ട് പണം ചോരുന്ന വഴികളെ നിയന്ത്രിക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നു. കാര്യക്ഷമത വർധിപ്പിച്ചുകൊണ്ടും ഭരണപരമായ ചെലവുകൾ കുറച്ചുകൊണ്ടും അഴിമതി നിയന്ത്രിച്ചുകൊണ്ടും ഇത് നേടാനാണ് ഗവൺമെന്റ് പരിശ്രമിക്കുന്നത്.

### വരുമാന വർധനവ്

നികുതി-നികുതി ഇതര സ്രോതസുകളിൽ നിന്നുള്ള വരുമാനം വർധിപ്പിക്കുക എന്നതാണ് ഈ ഗവൺമെന്റിന്റെ പ്രധാന ലക്ഷ്യം. ഭാവിയിൽ മൊത്ത ആഭ്യന്തര ഉത്പാദന നിരക്കിനെക്കാൾ ഉയർന്ന നികുതി നിരക്കാണ് ബജറ്റിൽ നിർദ്ദേശിച്ചിരിക്കുന്നത്. മികച്ച നികുതി കാര്യ നിർവഹണത്തിലൂടെ നികുതി പിരിവ് ഊർജ്ജിതമാക്കി ഇത് നേടാനാവും എന്നാണ് ധനമന്ത്രി വിശ്വസിക്കുന്നത്. ഇതുവഴി ധനക്കമ്മി ഗണ്യമായി കുറയ്കാം എന്നും ബജറ്റ് നിർദ്ദേശിക്കുന്നു.

### ഉപസംഹാരം

ബജറ്റിന്റെ വിജയം അതിന്റെ തുക വകയിരുത്തലിലല്ല, മറിച്ച് അതിന്റെ ഫലങ്ങളിലാണ്; രാജ്യത്തിന്റെ സമഗ്ര പുരോഗതിക്കും പ്രത്യേകിച്ച് പാർശ്വവത്കൃത വിഭാഗങ്ങൾക്കും നിരാശ്രയർക്കുമായി എങ്ങനെ ഗവൺമെന്റ് വിവിധ ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നു എന്നതിലാണ്. പണം കാര്യക്ഷമവും ഫലപ്രദവുമായി ചെലവ് ചെയ്യുന്നതിലൂടെയും വരുമാനം വർധിപ്പിക്കുന്നതിലൂടെയും നികുതി ഉയർത്തുന്നതിലൂടെയും സാമ്പത്തിക ഏകീകരണവും സാമ്പത്തിക ജാഗ്രതയും പാലിക്കേണ്ടിയിരിക്കുന്നു. ശാസ്ത്രീയമായി നികുതി-നികുതിയിതര നയങ്ങൾ രൂപീകരിച്ചുകൊണ്ട് ആ മേഖലയിൽ നിന്നുള്ള വരുമാനം ഉയർത്താം. ഇതിന് കാര്യക്ഷമത വർധിപ്പിക്കുകയും, അഴിമതി ഇല്ലാതാക്കുകയും, ഭരണചെലവുകൾ കുറയ്ക്കുകയും വേണം. അപ്പോൾ വരുമാന കമ്മിയും ധനക്കമ്മിയും കുറഞ്ഞുവരും. സാമ്പത്തിക ഏകീകരണം സാധ്യമാവുകയും ചെയ്യും. അതുവഴി സുസ്ഥിരതയിലേയ്ക്കുള്ള പാത സുഗമമാകുകയും ചെയ്യും.

*(ന്യൂഡൽഹിയിലെ ഫോർറ്റ്യൂൺ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർനാഷണ (FIIB) ലിൽ അസോസിയേറ്റ് പ്രൊഫസറാണ് ലേഖകൻ)*


**വിജ്ഞാനപാത**

## കൃഷി കല്യാൺ സെസ്സ് (Krishi Kalyan Cess)

എല്ലാ നികുതി നൽകേണ്ടുന്ന സേവനങ്ങൾക്കും .5 ശതമാനം കൃഷി കല്യാൺ സെസ്സ് നികുതി ഏർപ്പെടുത്താൻ ബജറ്റ് നിർദ്ദേശം. ഇത് ജൂൺ 1 മുതൽ നിലവിൽ വരും. കൃഷി സംബന്ധിയായ കാര്യങ്ങൾക്ക് മൂലധന സ്വരൂപണാർത്ഥം തുടങ്ങിയ കൃഷി കല്യാൺ സെസ്സ് കർഷകർക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള 2016-17 ബജറ്റിന്റെ പ്രത്യേകതയാണ്. ഈ സെസ്സിലൂടെ സമാഹരിക്കുന്ന ധനം കർഷകരുടെ ക്ഷേമത്തിനും കാർഷിക മേഖലയുടെ വികസനത്തിനും മാത്രമേ ഉപയോഗിക്കൂ എന്നത് ശ്രദ്ധേയമാണ്.

## കൃഷി കല്യാൺ സർചാർജ് (Krishi Kalyan Surcharge)

കള്ളപ്പണം നേരിടുന്നതിനായി, വ്യക്തികളുടെ കണക്കിൽ പെടാത്ത സ്വത്ത് വെളിപ്പെടുത്തുമ്പോൾ 7.5 ശതമാനം സർചാർജ് നടപ്പിലാക്കുന്നതായി ധനമന്ത്രി കേന്ദ്ര ബജറ്റിൽ പ്രഖ്യാപിച്ചു. ആഭ്യന്തരമായി ഉത്പാദിപ്പിക്കപ്പെടുന്ന കള്ളപ്പണത്തിന്റെ തോത് കുറച്ചുകൊണ്ടു വരുവാൻ ഇതിലൂടെ സാധിക്കുമെന്ന് ധനമന്ത്രി പ്രതീക്ഷിക്കുന്നു. ഈ അധികം ചുമത്തുന്ന സർചാർജിനെ കൃഷി കല്ല്യാൺ സർചാർജ് എന്ന പേരിൽ അറിയപ്പെടുന്നു. ഇതിലൂടെ സമാഹരിക്കുന്ന ധനം കൃഷിക്കും, ഗ്രാമീണ മേഖലയിലെ മറ്റു വികസനങ്ങൾക്കും വേണ്ടി ഉപയോഗിക്കും.




# ബജറ്റിലെ നികുതി പരിഷ്ക്കാരങ്ങൾ

**ജയന്താ റോയ് ചൗധരി**

ആഗോള മാന്ദ്യത്തിന്റെയും കുത്തനെ വീണ എണ്ണവിലയുടെയും പശ്ചാത്തലത്തിൽ ശക്തമായ നികുതി നടപടികൾ വഴി ഇന്ത്യൻ സമ്പദ് വ്യവസ്ഥയെ ശക്തിപ്പെടുത്താനുള്ള അവസരമാണ് 2016 -17 ലെ കേന്ദ്രബജറ്റ് നഷ്ടപ്പെടുത്തിയിരിക്കുന്നത്.

പണപ്പെരുപ്പനിരക്ക് കുത്തനെ ഉയർന്നപ്പോൾ കമ്പനികൾക്കും വ്യക്തികൾക്കും നികുതികൾ കുറയ്ക്കൽ, വരുമാനാടിസ്ഥാനത്തിലുള്ള നികുതി വർധന തുടങ്ങിയ പരിഷ്കാരങ്ങൾ ഇന്ത്യയിൽ ഏർപ്പെടുത്തിയത് കഴിഞ്ഞ കുറെ വർഷങ്ങളായി പണ്ഡിതരിൽ നിന്നും സാധാരണക്കാരിൽ നിന്നും വലിയ പ്രശംസ നേടിയിരുന്നു. എന്നാൽ നിരക്ക് കുറച്ചിട്ടും നേരിട്ടുള്ള നികുതി ഉയർത്തുന്നതിന് സാമ്പത്തിക ശാസ്ത്രസിദ്ധാന്തമായ ലാഫർ കേർവ് സ്വാധീനത്തിനു സാധ്യത ഉണ്ടായിരുന്നു. എന്നിരുന്നാലും ബജറ്റ് 2016-17 ന് അതിൽ തന്നെ ചില നന്മകൾ ഉണ്ട്. അതായത് നാം ദീർഘനാളായി പ്രതീക്ഷിച്ചിരുന്ന നികുതിയുടെ പുനർഘടനയിലൂടെ നികുതികൾ കുറച്ചതും മറ്റും ശക്തമായ നീക്കമാണ്.

## നികുതിദായകരായ വ്യക്തികൾക്ക് ആശ്വാസം

വാടക കെട്ടിടങ്ങളിൽ താമസിക്കുന്ന ചെറുകിട നികുതി ദാതാക്കൾക്ക് നികുതി ഇളവ് വർധിപ്പിച്ചത് ആ വിഭാഗത്തിന് വലിയ ആശ്വാസമായിട്ടുണ്ട്. അഞ്ചു ലക്ഷത്തിൽ താഴെ വരുമാനമുള്ളവരും പ്രതിമാസം 2000 മുതൽ 5000 രൂപയെങ്കിലും വാടക ബത്തയായി ലഭിക്കാത്തവർക്കുമാണ് ഇതിന്റെ ആനുകൂല്യം ലഭിക്കുക.

ആദ്യമായി വീട് വാങ്ങിയവർക്കും 2016-17 വർഷത്തിൽ ഭവന വായ്പയുടെ പലിശയിനത്തിൽ 50,000 രൂപ വാർഷിക കിഴിവ് അനുവദിച്ചിട്ടുണ്ട്. ഇത് വീടുകൾ വാങ്ങുന്നവർക്കും റിയൽ എസ്റ്റേറ്റ് ബിസിനസുകാർക്കും സഹായകമാണ്. പക്ഷെ അമ്പതു ലക്ഷത്തിൽ താഴെയുള്ള വീട് വാങ്ങുന്നവർക്കും അതിനായി 35 ലക്ഷത്തിൽ താഴെ സംഖ്യമാത്രം വായ്പയായി എടുത്തവർക്കുമാണ് ഈ ആനുകൂല്യം. സ്വന്തമായി വീട് നിർമ്മിക്കുന്നവർക്കും വാങ്ങുന്നവർക്കും പണയ വായ്പയുടെ പലിശ ഇളവ് കാലപരിധി മൂന്ന് വർഷത്തിൽ നിന്നും അഞ്ചു വർഷമായി ഉയർത്തി.

## അതി സമ്പന്നർക്കുള്ള നികുതി

ഒരു കോടിയിൽ കൂടുതൽ വരുമാനം സമ്പാദിക്കുന്നവർക്ക് ഈ വർഷത്തെ ബജറ്റിൽ സർച്ചാർജ് 12 ശതമാനത്തിൽ നിന്ന് 15 ശതമാനമായി വർധിപ്പിച്ചിട്ടുണ്ട്. വൻ വരുമാനം നേടുകയും പഴുതുകൾ ഉപയോഗിച്ച് നികുതിയിൽ നിന്ന് രക്ഷപ്പെടുകയും ചെയ്യുന്നവർക്ക് നികുതി ഇരട്ടിയാക്കി. ഇതുവഴി സാമ്പത്തിക മാന്ദ്യത്തിലും നികുതിയുടെ പുതിയ മാർഗങ്ങൾ തുറന്നിരിക്കുകയാണ് ഗവൺമെന്റ്. ധനികർക്ക് കൂടുതൽ ബാധ്യത നൽകിയും എന്നാൽ ദരിദ്രർക്ക്

അത്ര അനുകൂലമല്ലാതെയും ഉള്ള മറ്റൊരു നികുതി നിർദ്ദേശമാണ് ലാഭവിഹിതങ്ങളിന്മലുള്ള 10 ശതമാനം നികുതി. ഇത് 10 ലക്ഷത്തിനു മേൽ വാർഷിക വിഹിതമുള്ള വ്യക്തികൾക്കും ഹിന്ദു കൂട്ടുകുടുംബങ്ങൾക്കും ബാധകമാണ്.

പത്തു ലക്ഷം വരെ വിലയുള്ള ആഢംബര കാറുകൾ വാങ്ങുന്നവരിൽ നിന്ന് ഉറവിടത്തിൽ നിന്നു തന്നെ ഒരു ശതമാനം നികുതി ഈടാക്കുന്നു. 10 -15 ലക്ഷം വരെ വിലയുള്ള കാറുകളെ മാത്രം ആഢംബര ഇനത്തിൽ ഉൾപ്പെടുത്തിയാൽ മതി എന്ന് പല വിദഗ്ധരും അഭിപ്രായപ്പെട്ടതാണ്. എന്നാൽ വലിയ വിഭാഗം ആളുകൾ ദിവസം ഒരു നേരത്തെ ആഹാരത്തിന് ബുദ്ധിമുട്ട് അനുഭവിക്കുമ്പോൾ പത്തു ലക്ഷം മുടക്കി വാങ്ങുന്ന കാറും ആഢംബരം തന്നെ എന്ന് വാദിക്കാവുന്നതാണ്.

## കള്ളപ്പണത്തിൻമേലുള്ള നികുതി

രാജ്യത്തെ കള്ളപ്പണത്തിന്റെ അളവ് കുറക്കുമെന്ന രാഷ്ട്രീയ പ്രതിബദ്ധതയുടെ പേരിൽ ഗവൺമെന്റ് ആഭ്യന്തര കള്ളപ്പണത്തിന്റെ കണക്കെടുപ്പിനായി വരുമാന പ്രഖ്യാപന പദ്ധതി 2016 പ്രഖ്യാപിച്ചിരിക്കുകയാണ്. ഇത് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയാണ്. നികുതി ദായകർക്ക് അവരുടെ വെളിപ്പെടുത്താത്ത വരുമാനം പ്രഖ്യാപിക്കുന്നതിനും അതിന് 30 ശതമാനം നികുതിയും 7.5 ശതമാനം സർച്ചാർജും 7.5 ശതമാനം പിഴയും ഉൾപ്പെടെ മൊത്തം 45 ശതമാനം നികുതി അടച്ച് സുരക്ഷിതമാകാനുള്ള അവസരമാണ് ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്നത്. സമാനമായ ഒരു നടപടി വിദേശത്ത് അനധികൃത പണം നിക്ഷേപിച്ചിരുന്നവർക്കു വേണ്ടിയും പ്രഖ്യാപിച്ചിരുന്നു.

## പ്രോവിഡന്റ് ഫണ്ട്

2016 ഏപ്രിൽ ഒന്നിനു ശേഷം പിൻവലിക്കുന്ന പ്രോവിഡന്റ് ഫണ്ട് നിക്ഷേപങ്ങളുടെ 60 ശതമാനം നികുതി ബാധകമാണ് എന്ന പ്രഖ്യാപനം ബജറ്റിൽ വന്നു എങ്കിലും ജീവനക്കാരുടെയും യൂണിയനുകളുടെയും ഭാഗത്ത് നിന്ന് ഉയർന്ന വൻ പ്രതിഷേധങ്ങളെ തുടർന്ന് ഗവൺമെന്റ് അതിൽ നിന്നു പിന്മാറുകയായിരുന്നു.

## കമ്പനികളുടെ നികുതി കണക്ക്

ആഗോള നിരക്കിൽ കമ്പനികളുടെ നികുതി ലഘുവാക്കാമെന്ന വാഗ്ദാനമനുസരിച്ച് 2016 -17 വാർഷിക ബജറ്റ് ചെറിയ കമ്പനികളുടെ ലാഭവിഹിതത്തിന്മേൽ ഈടാക്കി വരുന്ന നികുതി കുറയ്ക്കുന്നതിനു തുടക്കം കുറിച്ചിരിക്കുകയാണ്. ഇതു പ്രകാരം 2014-15 വർഷത്തിൽ അഞ്ചു കോടിയ്ക്കു താഴെ മൊത്ത വിറ്റുവരവുള്ള കമ്പനികൾ ലാഭവിഹിത നികുതിയായി 29 ശതമാനം നല്കാനാണ് നിർദ്ദേശം. പുതിയ കമ്പനികൾക്ക് ഇത് 25 ശതമാനമാക്കി കുറച്ചിട്ടുണ്ട്. 2016 -നും 19 നും മധ്യേ ആരംഭിക്കുന്ന സ്റ്റാർട്ട് അപ് സംരംഭങ്ങൾക്ക് മൂന്നു വർഷം വരെ നികുതിയിൽ നിന്ന് ഒഴിവാകാം. പക്ഷെ ഇക്കാലയളവിൽ അവർ മറ്റ് ഒരു വക നികുതി ഇളവിനും അപേക്ഷിക്കാൻ പാടില്ല. വ്യക്തിഗത സംരംഭകരെയും ഹിന്ദു കൂട്ടുകുടുംബ സ്റ്റാർട്ട് അപ് സംരംഭങ്ങളെയും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കുടുംബസ്വത്തിൽ നിന്ന് മൂലധനമായി സമാഹരിക്കുന്ന 50 ശതമാനം ഓഹരി നിക്ഷേപത്തിനും ഈ ആനുകൂല്യം ലഭിക്കും.

## ഇളവുകൾ ഉപേക്ഷിക്കൽ

നികുതികളുടെ പുനർഘടനയക്ക് ഒപ്പം നികുതി ഇളവുകളും സാവകാശം അവസാനിക്കുമെന്ന് ഗവൺമെന്റ് നേരത്തെ മുന്നറിയിപ്പ് നല്കിയിരുന്നതാണ്. ഇത് പുത്തൻ നികുതി ദായകർക്ക് പേടിസ്വപ്നവും ചാർട്ടേഡ് അക്കൗണ്ടന്റുമാർക്ക് സന്തോഷവാർത്തയുമാണ്. ഇതിനുള്ള നടപടികളും ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. നിലവിൽ ഇന്ത്യ ഗവൺമെന്റ് വിവിധ മേഖലകളിലുള്ളവർക്ക് നികുതി ഇളവ് നല്കി വരുന്നുണ്ട്. ഊർജ്ജ ഉത്പാദനം, വിതരണം, പ്രത്യേക സാമ്പത്തിക മേഖല, വാർത്താവിനിമയം എന്നിവ കൂടാതെ വടക്ക് കിഴക്കൻ മേഖല, ജമ്മുകാശ്മീർ, ഹിമാചൽ പ്രദേശ് എന്നീ സംസ്ഥാനങ്ങളും ഈ ആനുകൂല്യങ്ങൾ അനുഭവിക്കുന്നു.

ഈ വ്യവസ്ഥ സാവകാശം പിൻവലിച്ചുകൊണ്ട് നികുതി സമ്പ്രദായം പരിഷ്കരിക്കുക എന്നതാണ് പുതിയ ആശയം. പല തരത്തിലുള്ള ഇളവുകളും കഴിഞ്ഞ് ഇപ്പോൾ നിലവിൽ ഗവൺമെന്റിനു ലഭിക്കുന്ന നികുതി 23 ശതമാനം മാത്രമാണ്. ലഭിക്കേ

ണ്ടതാകട്ടെ 30 -33 ശതമാനവും. ഇതുവഴി മാത്രം ഗവൺമെന്റിനു നഷ്ടപ്പെടുന്നത് 62,000 കോടി രൂപയാണ്.

## വിദേശ കമ്പനികൾക്ക് ബദൽ നികുതി

വിദേശ കമ്പനികളുടെ കാര്യത്തിൽ എപ്രകാരം ബദൽ നികുതി പ്രാവർത്തികമാക്കാം എന്ന വിഷയത്തിലാണ് തർക്കം. കാരണം ഈ കമ്പനികളും ഇന്ത്യയും തമ്മിൽ നിലവിലുള്ള കരാറുകളാണ് പ്രതിബന്ധം. ഈ ബദൽ നികുതി പ്രാബല്യത്തിലാക്കുന്നതിന് 2016 -17 ബജറ്റ് ചില നിർദ്ദേശങ്ങൾ മുന്നോട്ട് വയ്ക്കുന്നു. അതായത് സ്ഥാപനം സ്ഥിതി ചെയ്യുന്ന രാജ്യവും ഇന്ത്യയും തമ്മിൽ കരാർ ഇല്ലാതിരിക്കുകയും, സ്ഥാപനം ഇന്ത്യൻ നിയമം അനുസരിച്ച് സ്വകാര്യ ഓഹരി നിക്ഷേപത്തിൽ പ്രവർത്തിക്കുക്കുന്നതും ആണെങ്കിൽ 2001 ഏപ്രിൽ 1 മുതൽ നികുതി നിയമം മുൻകാല പ്രാബല്യത്തോടെ ബാധകമായിരിക്കും.

## ഗൂഗിൾ നികുതി

ഏവരെയും അമ്പരപ്പിച്ചുകൊണ്ട് ബജറ്റ് 2016 -17 ൽ ഉൾപ്പെടുത്തിയിരിക്കുന്ന ഒരു പുതിയ നികുതിയാണ് തുല്യതാ ലെവി. ഇത് ഇംഗ്ലണ്ടിൽ ഗൂഗിൾ ടാക്സ് എന്ന പേരിൽ അവിടുത്തെ ഗവൺമെന്റ് ഇതിനകം നടപ്പാക്കിയിട്ടുള്ളതാണ്. ഇന്ത്യക്കാർ വിദേശ കമ്പനികളിലേയ്ക്ക് ഓൺലൈനായി പണം അയക്കുമ്പോൾ അതിന്മേൽ 6 ശതമാനം നികുതി ചുമത്തുന്ന നടപടിയാണ് ഇത്.

## ശിക്ഷകൾ

രസകരമായ ഒരു കാര്യം, 2016 ഏപ്രിൽ ഒന്നു മുതൽ വരുമാനം വെളിപ്പെടുത്താത്തവരിൽ നിന്ന് 50 ശതമാനം വരെ പിഴ ഈടാക്കാനുള്ള പുതിയ നിർദ്ദേശവും ഈ വർഷത്തെ ബജറ്റ് മുന്നോട്ട് വയ്ക്കുന്നു എന്നതാണ്. തെറ്റായ വിവരങ്ങൾ നല്കുന്നവർക്ക് പിഴ 200 ശതമാനമാണ്. ഇപ്പോൾ ഇത്തരം പിഴ നിരക്കുകൾ നിശ്ചയിക്കുന്നത് അതത് ആദായനികുതി ഉദ്യോഗസ്ഥരാണ്. ഇത്തരം തെറ്റുകൾക്ക് അവർ തോന്നും പടി 100 ശതമാനം മുതൽ 300 ശതമാനം വരെ പിഴ ഈടാക്കുന്നുമുണ്ട്.

## സംസ്ഥാന വരുമാനം

സാമ്പത്തിക സംയുക്ത സംവിധാനം ശക്തിപ്പെടുത്തുന്നതിന് വേണ്ടി വിഭവങ്ങൾ സംസ്ഥാന ഗവൺമെന്റുകൾക്ക് കൈമാറിയതിനാൽ ബജറ്റിലെ മതിപ്പിനെക്കാൾ 12 ശതമാനമെങ്കിലും കൂടുതൽ ചെലവുകൾ മുൻകൂട്ടി അവർ കണക്കാക്കേണ്ടിയിരിക്കുന്നു. പുതിയതായി രൂപീകരിച്ചിരിക്കുന്ന കൃഷി കല്യാൺ സെസ് വഴി 5000 കോടി രൂപ സമാഹരിക്കാനാണ് കേന്ദ്ര ഗവൺമെന്റിന്റെ നീക്കം. കാറുകൾക്ക് ഏർപ്പെടുത്തിയിരിക്കുന്ന സെസ് വഴി 3000 കോടി രൂപയും 2016 -17 ൽ ഇത്തരം ലെവികൾ വഴി 1.9 ലക്ഷം കോടി സമാഹരിക്കാൻ സാധിക്കുമെന്നാണ് ബജറ്റ് നിർദ്ദേശം.

*(ദ ടെലിഗ്രാഫിൽ സീനിയർ എഡിറ്ററാണ് ലേഖകൻ)*

**വിജ്ഞാനപാത**

### പ്രധാനമന്ത്രി സുരക്ഷാ ഭീമാ യോജന (PMSBY)

2015ലെ ബജറ്റ് പ്രഖ്യാപനത്തിൽ ലൈഫ് ഇൻഷുറൻസ് പദ്ധതിയോടൊപ്പം ഉൾപ്പെടുത്തിയ സുരക്ഷാ ഭീമാ പദ്ധതിക്ക് തുടക്കം കുറിക്കുന്നത് 2015 മെയ് 9ന് കൊൽക്കത്തിയിൽ വച്ചാണ്. രാജ്യത്ത് നിലവിൽ 20 ശതമാനത്തിൽ താഴെ വ്യക്തികൾക്കു മാത്രമേ ഇൻഷുറൻസ് പരിരക്ഷ ലഭ്യമാകുന്നുള്ളൂ എന്ന പ്രശ്നത്തിന് ഈ പദ്ധതിയിലൂടെ പരിഹരിക്കാം എന്ന് ഗവണ്മെന്റ് ലക്ഷ്യമിടുന്നു. 18 വയസ്സു മുതൽ 70 വയസ്സു വരെ പ്രായമുള്ളവർക്ക് വാർഷിക പ്രീമിയം 12 രൂപ നൽകി ഈ പദ്ധതിയിൽ അംഗമാകാം. 14 ശതമാനം സർവീസ് ടാക്സ് പ്രീമിയത്തോടെ അധികമായി നൽകണം. അപകട മരണമോ അംഗവൈകല്യമോ സംഭവിച്ചാൽ 2 ലക്ഷം രൂപ വരെ ഇൻഷുറൻസ് ലഭ്യമാകും. ഇൻഷുറൻസ് തുക ബാങ്കുമായാണ് ബന്ധിപ്പിച്ചിരിക്കുന്നത്.




# ആരോഗ്യ ബജറ്റ്: ഒരു അവലോകനം

ഉർമി എ. ഗോസ്വാമി

വിദ്യാഭ്യസവും ഭക്ഷണവും ആരോഗ്യ പരിപാലനവും വേണ്ടവിധം പൊതുജനങ്ങൾക്ക് ഉറപ്പുവരുത്താത്ത ഒരു രാഷ്ട്രീയവും വേണ്ട ഫലം കാണില്ല എന്ന സ്വാമി വിവേകാനന്ദന്റെ വാക്കുകൾ ധനകാര്യ മന്ത്രി തന്റെ ബജറ്റ് പ്രസംഗത്തിൽ പറയുകയുണ്ടായി. 2016ലെ വികസന പദ്ധതികളിൽ വിദ്യാഭ്യാസ, ആരോഗ്യ മേഖലകൾക്കാണ് ഗവൺമെന്റ് പ്രാധാന്യം നൽകുന്നത് എന്ന് വ്യക്തം. കഴിഞ്ഞ ദശാംബ്ദത്തിൽ 1.3% മാത്രമായിരുന്നു നമ്മുടെ ആഭ്യന്തര വളർച്ചാ നിരക്ക്. എന്നാൽ ദേശീയ ബഡ്ജറ്റിൽ ആരോഗ്യ മേഖലക്ക് അനുവദിക്കപ്പെട്ടത് ആഭ്യന്തര വളർച്ചാ നിരക്കിന്റെ 0.25% മാത്രമാണ്. ദേശീയ ആരോഗ്യ നയത്തിൽ പ്രതിപാദിച്ചപോലെ ആഭ്യന്തര വളർച്ചാ നിരക്കിന്റെ 2.5% സർക്കാർ വിഹിതം എന്ന ലക്ഷ്യം ഇപ്പോഴും വളരെ അകലെയാണ്. നമ്മുടെ അയൽ രാജ്യങ്ങളായ ചൈന, ശ്രീലങ്ക എന്നിവയെ അപേക്ഷിച്ച് നമ്മുടെ ആരോഗ്യ മേഖല വളരെ പിറകിലാണ് എന്നതും നാമോർക്കേണ്ടതുണ്ട്.

ഇത്തവണത്തെ ബജറ്റിലൂടെ വീക്ഷിക്കുമ്പോൾ ആരോഗ്യ മേഖലയിൽ പ്രധാനമായി മൂന്നു പ്രശ്നങ്ങളെ നാം നേരിടണം. ഒന്നാമതായി ബജറ്റ് ആവശ്യപ്പെടുന്നപോലെ ആരോഗ്യ മേഖലയുടെ വികസന മുരടിപ്പിന്റെ കാരണങ്ങൾകണ്ടെത്തി പരിഹരിക്കുക. രണ്ടാമത് ആരോഗ്യ സുരക്ഷ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിൽ പുരോഗതി കൈവരിക്കുക. മൂന്നാമതായി ആരോഗ്യ മേഖലയിലെ ഗവേഷണം, അടിസ്ഥാന സൗകര്യങ്ങൾ, ആവശ്യമായ ഡോക്ടർമാർ, പകർച്ചവ്യാധി നിയന്ത്രണം എന്നീ കാര്യങ്ങളിൽ പുരോഗതി കൈവരിക്കുക.


ദാരിദ്ര്യ നിയന്ത്രണത്തിന് ആരോഗ്യ സുരക്ഷാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക എന്നത് നിർണ്ണായകമാണ്. ആരോഗ്യരംഗത്തെ കുറഞ്ഞ സർക്കാർ വ്യയം ആപത്കരമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്നു. ഗുണനിലവാരമുള്ള വായു, ജലം, പൊതു ശുചിത്വ നിലവാരം എന്നിവയിലെ പുരോഗതി രോഗങ്ങളെ ഗണ്യമായി കുറക്കുവാൻ പര്യാപ്തമാണ്. എന്നാൽ ഇതുകൊണ്ട് മാത്രം ആരോഗ്യ മേഖലയിലെ സർക്കാർ ചിലവ് കുറക്കുക സാധ്യമല്ല. മറിച്ച് ആരോഗ്യ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ സർക്കാർ കൂടുതൽ പ്രയത്നിക്കേണ്ടിയിരിക്കുന്നു. ഇത്തവണത്തെ ബജറ്റിൽ ക്ഷേമം, ജീവിത നിലവാരം ഉയർത്തൽ, ഉത്പാദനം, ആരോഗ്യം എന്നിവ തമ്മിലെ സ്പഷ്ടമായ പരസ്പര ബന്ധം വ്യക്തമാക്കിയിട്ടുണ്ട്. ധനകാര്യമന്ത്രി അഭിപ്രായപ്പെട്ടത് "അടുക്കളയിലെ പുക ശ്വസിക്കുക എന്നത് മണിക്കൂറിൽ 400 സിഗരറ്റ് കത്തിക്കുന്നതിന് തുല്യമാണ്" എന്നാണ്. 5 കോടി ബിപിഎൽ കുടുംബങ്ങൾക്ക് എൽപിജി അനുവദിച്ചത് ഇത് മുന്നിൽ കണ്ടാണ്. സ്ത്രീകളുടെ ആരോഗ്യത്തിന് ഗുണകരമായ സംഗതിയാണിത്. കൂടാതെ ചെറിയ പെട്രോൾ കാർ, CNG കാറുകളുടെ നികുതി 1 ശതമാനവും ഡീസൽ കാറുകളുടെ

നികുതി 2.5 ശതമാനവും വലിയ കാറുകൾക്ക് 4 ശതമാനവും ആക്കുകവഴി നഗര പ്രദേശങ്ങളിലെ അന്തരീക്ഷ മലിനീകരണം കുറയ്ക്കാനാകുമെന്ന് കരുതാം.

ശുചിത്വ ജലം, പൊതുശുചിത്വ നിലവാരം എന്നിവ പൊതുജനാരോഗ്യവുമായി പ്രത്യക്ഷത്തിൽ തന്നെ ബന്ധപ്പെട്ട് കിടക്കുന്നു. 2011ലെ സെൻസസ് പ്രകാരം 46.9 ശതമാനം കുടുംബങ്ങൾക്ക് മാത്രമേ ഇന്ത്യയിൽ ശൗച്യാലയ സൗകര്യമുള്ളൂ. 2015–16ൽ അനുവദിച്ച 6525 കോടിരൂപയിൽ നിന്ന് സ്വച്ഛ് ഭാരത് അഭിയാൻ പ്രകാരം ഇത്തവണ 9000 കോടി രൂപ അനുവദിച്ചത് പൊതുജനാരോഗ്യ രംഗത്ത് ഏറെ ഗുണം ചെയ്യും. ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയിലൂടെ 2015–16 ൽ 4373 കോടി രൂപ അനുവദിച്ചെങ്കിൽ ഇത്തവണ ബജറ്റിൽ 5000 കോടി രൂപ വകയിരുത്തി. ശുദ്ധവായു, ശുദ്ധജലം, ശുചീകരണം എന്നിവ മെച്ചപ്പെടുത്തിയതുകൊണ്ട് മാത്രം കാര്യമില്ല; അതോടൊപ്പം ദരിദ്ര ജനവിഭാഗത്തിന് ആരോഗ്യ പരിരക്ഷക്കു വേണ്ട പദ്ധതികളും നടപ്പിലാക്കണം.

സർക്കാർ ആരോഗ്യ മേഖലയിൽ ചെലവിടുന്ന സംഖ്യ കുറവായതുകൊണ്ട് തന്നെ കുടുംബങ്ങൾക്ക് ആരോഗ്യകാര്യങ്ങൾക്കായി മാത്രം തങ്ങളുടെ സ്വന്തം വരുമാനത്തിന്റെ 70–80% ചെലവഴിക്കേണ്ടിവരുന്നു. ഓരോ തവണത്തെ ആശുപത്രി ചെലവ് ഗ്രാമീണ മേഖലയിൽ ശരാശരി 16956 രൂപയും നഗരങ്ങളിൽ 26455 രൂപയുമാണ്. ആശുപത്രിയെ ആശ്രയിക്കേണ്ടാത്ത ചികിത്സക്ക് ഒരു കുടുംബത്തിന് ഗ്രാമത്തിൽ ശരാശരി 509 രൂപയും നഗരത്തിൽ 639 രൂപയും യഥാക്രമം ചെലവാകുന്നു. ബഹു ഭൂരിപക്ഷം ജനങ്ങളും സ്വകാര്യ ആശുപത്രികളെയാണ് ചികിത്സക്ക് ആശ്രയിക്കുന്നത്. സർക്കാർ ആശുപത്രികളെ വെറും 11.5% പേർ മാത്രമേ ചികിത്സക്ക് ആശ്രയിക്കുന്നുള്ളൂ എന്നാണ് റിപ്പോർട്ട്. ഇത് ജനങ്ങളിൽ സാമ്പത്തിക ഭാരം നാലിരട്ടി വർദ്ധിപ്പിക്കുന്നു.

ദരിദ്ര ജനവിഭാഗത്തിന് ഇത് തികച്ചും സാമ്പത്തിക ഞെരുക്കം സൃഷ്ടിക്കുന്നു. ഇക്കാര്യം മുന്നിൽക്കണ്ട് ധനകാര്യ മന്ത്രി ഓരോ കുടുംബത്തിനും 1 ലക്ഷം രൂപ ഇൻഷുറൻസ് പരിരക്ഷ




അനുവദിച്ചിട്ടുണ്ട്. ഇതിൽത്തന്നെ വൃദ്ധജനങ്ങൾക്ക് 30000 രൂപ കൂടുതൽ അനുവദിച്ചു. ഇൻഷൂറൻസിന് 2015–16ൽ അനുവദിച്ചിരുന്ന 595 കോടി രൂപയിൽ നിന്ന് 2016–17ൽ 1500 കോടി രൂപ വകയിരിത്തിയിട്ടുണ്ട്. പൊതുജനാരോഗ്യ ഇൻഷൂറൻസ് വഴി ഗുരുതര രോഗങ്ങൾക്ക് ഉൾപ്പെടെ ആശുപത്രി ചികിത്സ തേടുവാൻ കഴിയും.

WHOയുടെ കണക്കു പ്രകാരം വിവിധ ആരോഗ്യപ്രശ്നങ്ങളാൽ 52 ലക്ഷം ആളുകൾ വർഷംതോറും ഇന്ത്യയിൽ മരണമടയുന്നു. 2021 ആകുമ്പോൾ നഗരപ്രദേശങ്ങളിൽ മരണനിരക്ക് 42% ആവും. ഓരോ നിമിഷവും ഇന്ത്യയിൽ ഒരാൾക്ക് വീതം ആകസ്മിക മരണം സംഭവിക്കുന്നു. 40 വയസ്സിന് താഴെയുള്ള 6ൽ ഒരാൾ കാൻസർ, ഹൃദയ സംബന്ധമായ രോഗങ്ങൾ എന്നിവ മൂലം മരണമടയുന്നു. 2016നും 2030നും ഇടയിൽ രോഗചികിത്സക്ക് വേണ്ടി ഇന്ത്യക്ക് 6.2 ട്രില്യൺ ഡോളറിന്റെ സാമ്പത്തിക ഭാരം ഉണ്ടാകുമെന്ന് കണക്കാക്കപ്പെടുന്നു ആരോഗ്യ ചികിത്സാരംഗത്ത് ലോകത്ത് ഇന്ത്യ കേവലം 157–ാം സ്ഥാനത്താണ്. ഇൻഷൂറൻസ് വഴി ആശുപത്രി ചികിത്സ ലഭ്യമാക്കാമെങ്കിലും നമ്മുടെ PHC, സബ് സെന്റർ എന്നിവ മെച്ചപ്പെടുത്തിയാൽ മാത്രമേ ആരോഗ്യമേഖല അഭിവൃദ്ധിപ്പെടുകയുള്ളൂ. ഇതിന് പരിശീലനം സിദ്ധിച്ച വിദഗ്ധരുടേയും മരുന്നുകളുടേയും ലഭ്യത ആവശ്യമാണ്. മരുന്നുകളുടെ കാര്യത്തിൽ 2008 മുതൽ ജൻ ഔഷധി പദ്ധതി നിലവിലുണ്ടെങ്കിലും പല ഇടങ്ങളിലും അവശ്യ മരുന്നുകൾ വേണ്ടത്ര ലഭ്യമല്ല. ഈ പദ്ധതിയ്ക്കായി 2015–16ൽ 16.9 കോടി രൂപ അനുവദിച്ചിരുന്നു. ധനകാര്യ മന്ത്രി 3000 ജൻ ഔഷധി സ്റ്റോറുകൾ തുറക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനു വേണ്ടി 35 കോടി രൂപ ബജറ്റിൽ അനുവദിച്ചിട്ടുമുണ്ട്.

പൊതുജനാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം പൊതുവെ ശോചനീയമാണ്. പലതും ഫലത്തിൽ പ്രവർത്തിക്കുന്നില്ല.

NRHM 2011ൽ 7 സംസ്ഥാനങ്ങളിൽ നടത്തിയ പഠനം പറയുന്നത് ആരോഗ്യമേഖലയിൽ വേണ്ട പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരുടെ എണ്ണത്തിൽ 95%ത്തോളം കുറവുണ്ടെന്നാണ്. 2015 സെൻസസ് അനുസരിച്ച് ഇന്ത്യയിൽ ഡോക്ടർമാരുടെ 83% കുറവുണ്ട്. ഇന്ത്യയിലെ ആരോഗ്യ സുരക്ഷാ സംവിധാനം കുറ്റമറ്റതും ഫലപ്രദവും ചെലവ് കുറഞ്ഞതും ആവണമെങ്കിൽ സർക്കാർ മേഖലയിലെ സംവിധാനങ്ങൾ നല്ലരീതിയിൽ പ്രവർത്തിക്കണം. അല്ലെങ്കിൽ ഭൂരിപക്ഷം ജനങ്ങളും ചെലവ് കൂടിയ മറ്റ് സംവിധാനങ്ങൾ കണ്ടെത്തുവാൻ നിർബന്ധിതരാകും. ആരോഗ്യ ഇൻഷുറൻസ് പദ്ധതി അതിന് അന്തിമ പരിഹാരമല്ല. നാഷണൽ ഹെൽത്ത് മിഷന് 2015-16ൽ 19122 കോടി രൂപ അനുവദിച്ചിരുന്നത് ഇത്തവണ വർദ്ധിപ്പിച്ച് 20037 കോടി രൂപ ആക്കിയിട്ടുണ്ട്. ഇത്തരുണത്തിൽ സർക്കാർ ആശുപത്രികളിൽ കൂടുതൽ സ്റ്റാഫിനെ നിയമിക്കുകയും ബിൽഡിംഗ്, ആമ്പുലൻസ്, മൊബൈൽ യൂണിറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യണം.

2025ഓടെ രാജ്യത്തെ 70% ജനങ്ങളും ജോലിയിൽ ഏർപ്പെടുന്നവരായി മാറുമെന്ന് കണക്കാക്കപ്പെടുന്നു. ഇന്ത്യയിലെ ജനസംഖ്യാ വളർച്ച രാജ്യത്തിന് വെല്ലുവിളിയും അതോടൊപ്പം വളർച്ചാ അവസരവും ആണ്. ജനസംഖ്യാ വർദ്ധനവ് കൊണ്ട് ഗുണം ലഭിക്കണമെങ്കിൽ സാമൂഹ്യ, വിദ്യാഭ്യാസ, ആരോഗ്യ, ശുചീകരണ രംഗങ്ങളിൽ സർക്കാർ നിക്ഷേപങ്ങൾ വൻതോതിൽ ആവശ്യമാണ്. 2016 ബജറ്റ് ഇതിന് വേണ്ടി ചില പ്രധാന കാൽവെപ്പുകൾ നടത്തിയിട്ടുണ്ടെങ്കിലും ഈ രംഗത്ത് ഒരു കുതിച്ചു ചാട്ടം തന്നെ ആവശ്യമാണ്. ആരോഗ്യമുള്ള സമൂഹം രാജ്യത്തെ ഉത്പാദനം വർദ്ധിപ്പിക്കും. ആരോഗ്യ രംഗത്തെ നിക്ഷേപമാണ് വികസനത്തിന്റെ താക്കോൽ.

*(എക്കണോമിക് ടൈംസിൽ അസിസ്റ്റന്റ് എഡിറ്ററാണ് ലേഖിക)*

**വിജ്ഞാനപാത**

## ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന (IGMSY)

2010 മുതൽ നടന്നുവരുന്ന ഈ പദ്ധതിയുടെ മേൽനോട്ടം കേന്ദ്ര ശിശിക്ഷേമ മന്ത്രാലയത്തിനാണ്. 19 വയസ്സിനു മുകളിൽ പ്രായമുള്ള ഗർഭിണികളോ, മലയൂട്ടുന്നതോ ആയ സ്ത്രീകൾക്ക് ഈ പദ്ധതിയിലൂടെ ചില നിബന്ധനകൾക്കനുസൃതമായി ധനസഹായം ലഭിക്കുന്നു. മേൽപ്പറഞ്ഞ പ്രായത്തിലുള്ള അമ്മമാരുടെ ആദ്യ രണ്ട് പ്രസവങ്ങൾക്കാണ് ഉപാധികളോടെയുള്ള ആനുകൂല്യം ലഭ്യമാകുന്നത്. ഗർഭിണിയാകുമ്പോഴും, കുഞ്ഞിന്റെ ജനനശേഷവും ഉള്ള രജിസ്ട്രേഷൻ, കുഞ്ഞിന് പ്രതിരോധ കുത്തിവയ്പ്പുകൾ നടത്തുക, കുഞ്ഞിനെ 6 മാസംവരെ നിർബന്ധമായും മുലയൂട്ടുക തുടങ്ങിയവ ഉപാധികളിൽ ഉൾപ്പെടുന്നു.

## ജനനി സുരക്ഷാ യോജന (JSY)

പ്രസവാനന്തരമുള്ള മാതൃമരണ നിരക്കും ശിശുമരണ നിരക്കും കുറയ്ക്കുന്നതിനു ലക്ഷ്യംവച്ചും ഗർഭിണിയുടേയും കുഞ്ഞിന്റേയും സുരക്ഷയ്ക്കു വേണ്ടി പ്രസവം ആശുപത്രികളിൽ വച്ച് നടത്തുക എന്ന ലക്ഷ്യം പ്രോത്സാഹിപ്പിക്കുന്നതിനുമായി 2005 ഏപ്രിൽ 12ന് കേന്ദ്രസർക്കാർ ഈ പദ്ധതി നടപ്പിലാക്കി. ആശുപത്രികളിൽ വച്ചു നടത്തുന്ന പ്രസവത്തിനും പ്രസവാനന്തര ശുശ്രൂഷയ്ക്കും കേന്ദ്രസർക്കാർ ധനസഹായം നൽകും. കേന്ദ്ര സർക്കാർ പൂർണ്ണമായും ധനസഹായം നൽകുന്ന ഒരു പദ്ധതിയാണ് ഇത്.



# വിദ്യാഭ്യാസ മേഖലയ്ക്ക് ബജറ്റ് നൽകുന്ന പ്രതീക്ഷകൾ

പ്രൊദിവ കുണ്ഡു

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ സാമ്പത്തിക നയ മേഖലയെ സംബന്ധിച്ചിടത്തോളം 2015 -16 വർഷം അതീവ പ്രാധാന്യമുള്ളതാണ്. ചില നികുതികൾ സംസ്ഥാനങ്ങൾക്കു കൈമാറുക, സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര പദ്ധതി വിഹിതങ്ങൾ കുറയ്ക്കുക, ആസൂത്രണ കമ്മീഷൻ ഉടച്ചുവാർക്കുക തുടങ്ങിയ പതിനാലാം ധന കമ്മിഷന്റെ നിർദേശപ്രകാരമുള്ള നടപടികൾ രാജ്യത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക അടിത്തറയെ സ്വാധീനിച്ച വർഷമാണ് കടന്നുപോയത്. നിർണായകമായ ഈ മാറ്റങ്ങളുടെ പശ്ചാത്തലത്തിൽ ധനമന്ത്രി അവതരിപ്പിച്ച 2016 -17 ലെ കേന്ദ്ര ബജറ്റ് വിദ്യാഭ്യാസ മേഖലയ്ക്ക് എന്തൊക്കെയാണ് നല്കുന്നത് എന്ന് പരിശോധിക്കുകയാണ് ഈ ലേഖനത്തിൽ.

## വിദ്യാഭ്യാസ മേഖലയ്ക്കുള്ള ബജറ്റ് വിഹിതം

ലോകസഭയിൽ തന്റെ മൂന്നാമത്തെ ബജറ്റ് അവതരിപ്പിച്ചുകൊണ്ട് കേന്ദ്ര ധനമന്ത്രി ഊന്നൽ കൊടുത്തത് ഇന്ത്യയെ പരിവർത്തനം ചെയ്യുന്നതിനുള്ള ഒൻപത് വ്യത്യസ്തങ്ങളായ സ്തംഭങ്ങളെയാണ്. ഇതിൽ സാമൂഹിക വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനു പകരം വിദ്യാഭ്യാസം, നൈപുണ്യം, തൊഴിൽസൃഷ്ടി എന്നിവ കൂട്ടിച്ചേർത്ത് പ്രത്യേക നാലാം സ്തംഭം ധനമന്ത്രി നിർദ്ദേശിക്കുകയായിരുന്നു.

2016 -17 ലെ ബജറ്റിൽ കേന്ദ്ര ഗവൺമെന്റ് വിദ്യാഭ്യാസ മേഖലയ്ക്കായി പ്രതീക്ഷിക്കുന്ന ചെലവ് മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ 0.48 ശതമാനമാണ്. കഴിഞ്ഞ ബജറ്റിൽ ഇത് 0.50 ആയിരുന്നു. ഇതിലൂടെ വിദ്യാഭ്യാസത്തിനായി നല്കുന്ന ബജറ്റ് വിഹിതം 3.8 ശതമാനത്തിൽ നിന്ന് 3.7 ശതമാനമായി കുറഞ്ഞിരിക്കുകയാണ്.

മാനവശേഷി വികസന മന്ത്രാലയമാണ് വിദ്യാഭ്യാസത്തിനുള്ള കേന്ദ്ര ഗവൺമെന്റ് വിഹിതത്തിന്റെ 70 ശതമാനവും സംഭാവന നല്കുന്നത്. 2016 -17 ൽ മാനവശേഷി വികസന മന്ത്രാലയത്തിന് 72394 കോടിയാണ് നീക്കിവച്ചിരിക്കുന്നത്. ഇതിൽ 60 ശതമാനം സ്കൂൾ വിദ്യാഭ്യാസ വകുപ്പിനും സാക്ഷരതാ യജ്ഞത്തിനും 40 ശതമാനം ഉന്നതവിദ്യാഭ്യാസ വകുപ്പിനും ആണ്. കഴിഞ്ഞ കാലങ്ങളിലെല്ലാം മാനവശേഷി വികസന മന്ത്രാലയത്തിന്റെ ബജറ്റിൽ ഉന്നത വിദ്യാഭ്യാസത്തിന് പുനർ പരിഗണന നല്കുന്നതിന്റെ വ്യക്തമായ സൂചനകൾ ഉണ്ടായിരുന്നു.

## സ്കൂൾ വിദ്യാഭ്യാസത്തിനുള്ള ബജറ്റ് വിഹിതം

തന്റെ ബജറ്റ് പ്രസംഗത്തിൽ ധനമന്ത്രി സൂചിപ്പിച്ചത് പ്രാഥമിക വിദ്യാഭ്യാസത്തിന്റെ സാർവത്രികവത്ക്കരണത്തെ കുറിച്ചായിരുന്നു. അതിൽ തന്നെ അദ്ദേഹം ഊന്നൽ കൊടുത്തത് നിലവാരമുള്ള വിദ്യാഭ്യാസത്തിനാണ്. അതിശയകരമെന്നു പറയട്ടെ, ബജറ്റിൽ ഒരിടത്തും വിദ്യാഭ്യാസ അവകാശത്തെ കുറിച്ചോ, ഹൈസ്കൂൾ വിദ്യാഭ്യാസത്തെ കുറിച്ചോ സൂചിപ്പിക്കുന്നു പോലുമില്ല. സാർവത്രിക പ്രാഥമിക വിദ്യാഭ്യാസം എന്ന ലക്ഷ്യം ഇന്ത്യ നേടിയെങ്കിലും സ്ഥിതി

## 2016 –17 ലെ കേന്ദ്ര ബജറ്റിൽ വിദ്യാഭ്യാസ മേഖലയ്ക്കുള്ള പ്രഖ്യാപനങ്ങൾ

1. വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനായി 60 പുതിയ നവോദയ വിദ്യാലയങ്ങൾ സ്ഥാപിക്കും.
2. 1000 കോടി ആസ്തിയുള്ള ഒരു ഉന്നത വിദ്യാഭ്യാസ ഫിനാൻസിങ് ഏജൻസി രൂപീകരിക്കും.
3. രാജ്യത്തെ 2200 കോളജുകളിലും 300 സ്കൂളുകളിലും 500 ഗവൺമെന്റ് ഐടിഐകളിലും 50 തൊഴിൽ പരിശീലന കേന്ദ്രങ്ങളിലും ഓൺലൈനായി സംരംഭക വിദ്യാഭ്യാസവും പരിശീലനവും ആരംഭിക്കും.
4. പത്തു ഗവൺമെന്റ് സ്ഥാപനങ്ങളിലും പത്ത് സ്വകാര്യ സ്ഥാപനങ്ങളിലും അന്താരാഷ്ട്രനിലവാരത്തിലുള്ള അദ്ധ്യാപക പരിശീലന ഗവേഷണ സൗകര്യം ഏർപ്പെടുത്തും.

വിവര കണക്കുകൾ അതിനോട് യോജിക്കുന്നില്ല. 6-14 വരെ പ്രായമുള്ള 4.3 കോടി കുട്ടികൾ ഇപ്പോഴും സ്കൂളിനു പുറത്താണ് എന്ന് 2011 ലെ സെൻസസ് വെളിപ്പെടുത്തുന്നു. ഈ പ്രായഗണത്തിൽ പെട്ട കുട്ടികളുടെ 18 ശതമാനത്തോളം വരും ഈ സംഖ്യ.

പേര് വിവരപട്ടിക (Enrolement figures) സൂചിപ്പിക്കുന്നതു മാത്രമല്ല, സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിലവാരച്യുതിയും കഴിഞ്ഞ കുറെ വർഷങ്ങളായി വലിയ ഉത്ക്കണ്ഠ ഉയർത്തുന്നുണ്ട്. രാജ്യത്തെ എല്ലാ കുട്ടികൾക്കും സമയബന്ധിതമായി നിർബന്ധിതവും സൗജന്യവുമായി നിലവാരമുള്ള വിദ്യാഭ്യാസമാണ് വിദ്യാഭ്യാസ അവകാശ നിയമം-2009 ഉറപ്പു വരുത്തുന്നത്. ഇപ്പോഴും നിയമത്തിൽ പറയുന്ന മാനദണ്ഡങ്ങളടങ്ങിയ അടിസ്ഥാന നിലവാരത്തിലേയ്ക്ക് ഉയരാൻ രാജ്യത്തെ എട്ടു ശതമാനം സ്കൂളുകൾക്കു മാത്രമെ സാധിച്ചിട്ടുള്ളൂ. രാജ്യത്തെ ഗവൺമെന്റ് സ്കൂളുകളിൽ 9.4 ലക്ഷം അധ്യാപകരുടെ കുറവുണ്ട്. ഏകദേശം 8.3 ശതമാനം പ്രൈമറി വിദ്യാലയങ്ങളിലും ഒരു അധ്യാപകൻ മാത്രമേയുള്ളൂ. ഗവൺമെന്റ് സ്കൂളുകളിൽ നിലവിലുള്ള അധ്യാപകരിൽ 20 ശതമാനം പേരും പരിശീലനം ലഭിക്കാത്തവരാണ്. കഴിഞ്ഞ അഞ്ചു വർഷംകൊണ്ട് പരിശീലനം നേടിയ അധ്യാപകർ ഏതാണ്ട് വിരമിച്ചുകഴിഞ്ഞു (ഡിസ്ട്രിക്ട് ഇൻഫർമേഷൻ സിസ്റ്റം ഫോർ എജ്യൂക്കേഷൻ റിപ്പോർട്ട് 2014-15). ഈ നിയമം വിജയകരമായി നടപ്പാക്കുന്നതിന് പ്രാഥമിക വിദ്യാഭ്യാസ മേഖലയിലേക്ക് വിവിധ മേഖലകളിൽ നിന്നും സാമ്പത്തിക പിന്തുണ ലഭിക്കണം. എന്നിരുന്നിട്ടും ഈ വർഷത്തെ ബജറ്റിൽ വിദ്യാഭ്യാസ മേഖലയ്ക്ക് നീക്കി വച്ചിരിക്കുന്നത് കഴിഞ്ഞ വർഷത്തെക്കാൾ ഏകദേശം 3.2 ശതമാനം കൂടുതൽ മാത്രമാണ് എന്നത് നിർഭാഗ്യകരമാണ്.


### വിദ്യാഭ്യാസ അവകാശനിയമത്തിനുള്ള സാമ്പത്തിക സഹായം

വിദ്യാഭ്യാസ അവകാശം-2009 നടപ്പാക്കാനുള്ള പ്രധാന ഉപാധിയായ സർവശിക്ഷാ അഭിയാൻ (എസ് എസ്എ) യുടെ പ്രവർത്തനങ്ങൾക്കായി ഈ വർഷം 22500 കോടിയാണ് നല്കിയിരിക്കുന്നത്. കഴിഞ്ഞ വർഷത്തെക്കാൾ വെറും 2.2 ശതമാനം കൂടുതൽ. ഈ സംഖ്യയിൽ 65 ശതമാനവും സമ്പാദിക്കുന്നത് വിദ്യാഭ്യാസ സെസ് മുഖേനയാണ്. 29 ശതമാനം മൊത്ത ബജറ്റ് സഹായമായും ലഭിക്കും. ആറു ശതമാനം ബാഹ്യ പദ്ധതികളിലൂടെ സ്വരൂപിക്കാനാവും. കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ അടുത്ത കാലത്തെ ഒരു റിപ്പോർട്ടിൽ പറയുന്നത്. ബജറ്റ് 2014 -15ൽ എസ്.എസ്.എ.യ്ക്കായുള്ള ഫണ്ട് 27575 കോടിയിൽ നിന്ന് 5256 കോടിയായി വെട്ടിച്ചുരുക്കി എന്നാണ്. വിദ്യാഭ്യാസ സെസ് ലഭിക്കാത്തതാണ് കാരണമായി ചൂണ്ടി കാണിക്കുന്നത് (സിഎജി റിപ്പോർട്ട്, 2015). അതിനുമുപരി നിതി ആയോഗ് ഉപസമിതിയുടെ ശുപാർശയനുസരിച്ച് കേന്ദ്രസഹായത്തോടെ നടപ്പാക്കുന്ന പദ്ധതികൾക്കുള്ള വിഹിതം 65 ശതമാനത്തിൽ നിന്ന് കേന്ദ്ര ഗവൺമെന്റ് 60 ശതമാനമാക്കി വെട്ടി ചുരുക്കുകയാണ്. ഇത് 2016-17 മുതൽ നടപ്പിൽ വരുത്താനാണ് ശുപാർശ. അതിനാൽ വിദ്യാഭ്യാസ അവകാശ നിയമം ഉചിതമായ രീതിയിൽ നടപ്പാക്കണമെങ്കിൽ സംസ്ഥാനങ്ങൾക്ക് അവരുടെ വിഹിതം വർധിപ്പിക്കാതെ ഇനി മറ്റ് മാർഗമില്ല.

ഹൈസ്കൂൾ തലത്തിലെ നിലവാര തകർച്ച ഇതിലും ഗുരുതരമാണ്. ഹൈസ്കൂൾ വിദ്യാഭ്യാസമാണ് പ്രാഥമിക വിദ്യാഭ്യാസത്തെയും ഉന്നത വിദ്യാഭ്യാസസമ്പ്രദായത്തെയും തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണി. പ്രാഥമിക വിദ്യാഭ്യാസത്തിന് രാജ്യത്തെ മുഴു

## Budget 2016-17:

## Education, Skill Development among 9 Pillars for transforming India



വൻ കുട്ടികളും പ്രവേശനം നേടുന്നതായി രേഖ ഉണ്ടെങ്കിലും 62 ശതമാനം മാത്രമാണ് ഹൈസ്കൂളിലേയ്ക്ക് എത്തുന്നത് (എംഎച്ച്ആർഡി റിപ്പോർട്ട്, 2014). ഹൈസ്കൂൾ വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിനായി നടപ്പാക്കിയ രാഷ്ട്രീയ മാധ്യമിക ശിക്ഷാ അഭിയാന് ലഭിച്ചിരിക്കുന്ന ബജറ്റ് വിഹിതം 3700 കോടി രൂപയാണ്. കഴിഞ്ഞ വർഷത്തെക്കാൾ 135 കോടി രൂപയുടെ വർധന. നാഷണൽ എജ്യൂക്കേഷൻ മിഷന്റെ കീഴിലാണ് രാഷ്ട്രീയ മാധ്യമിക ശിക്ഷാ അഭിയാൻ പ്രവർത്തിക്കുന്നത് എങ്കിലും ഇതിനുള്ള വിഹിതം 75 ൽ നിന്ന് 60 ശതമാനമാക്കി കുറച്ചു. അതിനാൽ സംസ്ഥാനങ്ങൾ ഇതിനായി വിനിയോഗിക്കുന്നത് 25 ശതമാനം എന്നുള്ളത് 40 ശതമാനമാക്കി ഉയർത്തണം. (പട്ടിക -1)

സ്കൂൾ തലത്തിൽ യോഗ്യതയും പരിശീലനം നേടിയവരുമായ അദ്ധ്യാപകരുടെ കുറവ് ഉണ്ടായിട്ടും ബജറ്റിൽ അദ്ധ്യാപക പരിശീലന പരിപാടി (26.9 ശതമാനം), വയോജന വിദ്യാഭ്യാസം, മദ്രസ വിദ്യാഭ്യാസം (64.2 ശതമാനം) എന്നിവയ്ക്കായി അനുവദിച്ചിരിക്കുന്ന തുക കഴിഞ്ഞ വർഷത്തേക്കാൾ വളരെ കുറവാണ്. (പട്ടിക-2).

### ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കായുള്ള ബജറ്റ് വിഹിതം.

ബജറ്റ് പ്രസംഗത്തിൽ ധനമന്ത്രി ഊന്നിപ്പറഞ്ഞതു രാജ്യത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിലവാരം ഉയർത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചാണ്. ഇതിനായി 28840 കോടി രൂപ ഉന്നത വിദ്യാഭ്യാസ വകുപ്പിന് നീക്കി വച്ചിട്ടുമുണ്ട്. ഇത് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 13.5 ശതമാനം കൂടുതലാണ്. സർവകലാശാലകൾക്കും പൊതു ഉന്നത വിദ്യാഭ്യാസത്തിനും ബജറ്റ് വിഹിതത്തിൽ നേരിയ വർധന ഉണ്ടായിട്ടുണ്ട്. പുതിയ ഐ.ഐ.ടി.കൾ, ഐ.ഐ.എമ്മുകൾ എന്നിവയ്ക്ക് തുക നീക്കി വച്ചിരിക്കുന്നതിനാൽ സാങ്കേതിക വിദ്യാഭ്യാസത്തിനും അല്പം കൂടുതൽ വിഹിതം ലഭിച്ചു എന്ന് വേണമെങ്കിൽ കരുതാം. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, വിദ്യാഭ്യാസ വായ്പയ്ക്കുള്ള സബ്സിഡി തുടങ്ങി വിദ്യാർത്ഥികൾക്കുള്ള സാമ്പത്തിക സഹായത്തിൽ 2015-16 നെ അപേക്ഷിച്ച് 2.7 ശതമാനം വർധന ഉണ്ട്.

സംസ്ഥാനങ്ങൾക്ക് ഉന്നതവിദ്യാഭ്യാസത്തിന് ആവശ്യമായ തുക ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ നാഷണൽ എജ്യൂക്കേഷൻ മിഷന്റെ കീഴിൽ 2013 ലാണ് സുപ്രധാന പദ്ധതിയായി രാഷ്ട്രിയ ഉച്ചതാർ ശിക്ഷക് അഭിയാൻ (ആർയുഎസ്എ) ആരംഭിച്ചത്. പുതിയ ധനസഹായ രീതിയ്ക്കായി കേന്ദ്ര ഗവൺമെന്റിന്റെ വിഹിതമായ 60 ശതമാനം (1300 കോടി രൂപ) ഇതിന് അനുവദിക്കുകയും ചെയ്തു.

### കേന്ദ്രാവിഷ്കൃത പദ്ധതികളിൻമേൽ നിതി ആയോഗിന്റെ ഉപസമിതി നിരീക്ഷണം

കേന്ദ്രാവിഷ്കൃത പദ്ധതികളെ കുറിച്ചുള്ള നിതി ആയോഗ് ഉപസമിതിയുടെ നിരീക്ഷണങ്ങളെ തുടർന്ന് കേന്ദ്ര ഗവൺമെന്റ് 1500 കേന്ദ്രാവിഷ്കൃത പദ്ധതികൾ 300 കേന്ദ്ര മേഖല പദ്ധതികളായും 30 കേന്ദ്രാവിഷ്കൃത പദ്ധതികളായും പുനർ രൂപകല്പന ചെയ്തു. ഇതിൽ സാമൂഹിക പ്രാധാന്യമുള്ള (പട്ടിക ജാതി, പട്ടിക വർഗ, ഇതര പിന്നോക്ക വിഭാഗങ്ങൾ, ന്യൂനപക്ഷങ്ങൾ, ശാരീരികമായി ക്ലേശിക്കുന്നവർ തുടങ്ങിയവർക്കുള്ള) വിദ്യാഭ്യാസ പദ്ധതികൾ അത്യധികം പ്രാധാന്യമുള്ളവയായി മാറ്റമില്ലാതെ തുടരും.

എസ്എസ്എ, ആർഎംഎസ്എ, വിദ്യാഭ്യാസ വികസനത്തിനുള്ള സഹായം, അദ്ധ്യാപക പരിശീലനം, വയോജന വിദ്യാഭ്യാസം, RUSA തുടങ്ങിയവ നാഷണൽ എജ്യുക്കേഷൻ മിഷന്റെ കുടക്കീഴിൽ കൊണ്ടുവരും. ഇതിനുള്ള വിഹിതം 60 – 40 എന്ന അനുപാതത്തിൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ ചെലവഴിക്കും.

**പട്ടിക 1. വിവിധ വിദ്യാഭ്യാസ പദ്ധതികൾക്കുള്ള ബജറ്റ് വിഹിതം (കോടി രൂപയിൽ)**

| പദ്ധതി | 2014–15 | 2015–16 | 2016–17 |
|---|---|---|---|
| എസ്എസ്എ | 24097 | 22015 | 22500 |
| ആർഎംഎസ്എ | 3398 | 3565 | 33700 |
| അദ്ധ്യാപക പരിശീലനം | 1158 | 1203 | 879 |
| മദ്രസ വിദ്യാഭ്യാസം | 119 | 336 | 120 |
| കേന്ദ്രീയ വിദ്യാലയ സംഘാടനം | 3243 | 3278 | 3795 |
| നവോദയ വിദ്യാലയ സംഘാടനം | 2013 | 2285 | 2471 |
| ഉച്ചഭക്ഷണ പദ്ധതി | 10523 | 9236 | 9700 |

**പട്ടിക 2. ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കുള്ള ബജറ്റ് വിഹിതം (കോടി രൂപയിൽ)**

| വിഭാഗങ്ങൾ | 2015 –16 | 2015 –16 | 2016 –17 |
|---|---|---|---|
| യുജിസി | 9615 | 9315 | 4491 |
| യൂണിവേഴ്സിറ്റി ഗ്രാന്റ്* | | | 6356 |
| വിദ്യാർത്ഥികൾക്കുള്ള ധനസഹായം | 2373 | 2163 | 2221 |
| ഐഐടി/ഐഐഎം | 4949 | 4463 | 5714 |
| ആർയുഎസ്എ (Rashtriya Uchchatar Sikshya Abhiyan) | 1155 | 1055 | 1300 |

* ഇത് മുൻ വർഷങ്ങളിൽ യുജിസി വിഹിതത്തിൽ ഉൾപ്പെടുത്തിയാണ് നൽകിയിരുന്നത്

2015–16 ൽ 245 കോടിയും അനുവദിച്ചിരുന്നു (പട്ടിക 2 കാണുക).

ഇവിടെ ഉത്തരം കിട്ടാതെ അവശേഷിക്കുന്ന ചോദ്യം, ഉന്നത വിദ്യാഭ്യാസ മേഖലയ്ക്കുള്ള സാമ്പത്തിക സഹായത്തിന് വിദ്യാഭ്യാസ സെസുമായുള്ള അനുപാതമാണ്. ഹൈസ്കൂൾ, ഉന്നത വിദ്യാഭ്യാസ സെസ് ഒരിക്കലും മറ്റുള്ള മേഖലകളിലേതു പോലെ ലഭിക്കുന്നതല്ല. ഇത് തുകകൾ വകമാറ്റി ചെലവഴിക്കപ്പെടാനുള്ള സാധ്യതകളിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. ഇത് പരിഹരിക്കപ്പെടണം.

## നൈപുണ്യ വികസനവും വിദ്യാഭ്യാസ പരിഗണനയും

സ്വാതന്ത്ര്യദിനത്തിൽ രാഷ്ട്രത്തെ അഭിസംബോധന ചെയ്തുകൊണ്ട് പ്രധാനമന്ത്രി പറഞ്ഞത് നമ്മുടെ രാജ്യത്തിന്റെ വളർച്ച നൈപുണ്യ വികസനത്തിലൂടെ മാത്രമെ സാധിക്കുകയുള്ളൂ എന്നാണ്. ഈ ദൗത്യത്തിനായി ഇതുവരെ ഈ ഗവൺമെന്റ് നാല് പദ്ധതികളാണ് ആരംഭിച്ചിരിക്കുന്നത്. ദേശീയ നൈപുണ്യ വികസന വായ്പാ ദൗത്യം, നൈപുണ്യ വികസനത്തിനും സംരംഭകത്വത്തിനുമുള്ള ദേശീയ നയം, പ്രധാനമന്ത്രിയുടെ കൗശൽ വികാസ് യോജന, നൈപുണ്യ വായ്പാ പദ്ധതി. ഈ പാത പിന്തുടർന്ന് നൈപുണ്യ സമ്പാദനത്തിലും തൊഴിൽ സൃഷ്ടിയിലും ഊന്നിയുള്ളതായിരുന്ന ബജറ്റ് പ്രസംഗവും.പ്രധാനമന്ത്രിയുടെ കൗശൽ വികാസ് യോജനയ്ക്കു കീഴിൽ 1500 ബഹുമുഖ നൈപുണ്യ പരിശീലന സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് 1700 കോടി ബജറ്റിൽ ധനമന്ത്രി പ്രഖ്യാപിക്കുകയും ചെയ്തു.

സത്യത്തിൽ ഇന്ത്യയിലെ നിമിഷം പ്രതി

വർധിച്ചു വരുന്ന തൊഴിലാളികളുടെ സംഖ്യ അടിയന്തിരമായി ആവശ്യപ്പെടുന്നത് നൈപുണ്യവികസനമാണ്. പക്ഷെ ഏതു നൈപുണ്യ പരിശീലനത്തിനും അടിസ്ഥാന വിദ്യാഭ്യാസം കൂടിയേ തീരൂ. പ്രാഥമിക വിദ്യാഭ്യാസം സാർവത്രികമാക്കുക എന്ന ലക്ഷ്യം നേടാത്തിടത്തോളംകാലം ഇതു പരിഹരിക്കപ്പെടില്ല. 5 മുതൽ 29 വരെ പ്രായത്തിലുള്ള 40 ശതമാനം ആളുകൾ ഒരു വിദ്യാഭ്യാസവും ലഭിക്കാതെ നിരക്ഷരരായി നില്ക്കുന്നത് തൊഴിൽ സൃഷ്ടിക്കുള്ള നൈപുണ്യ വികസനം എന്ന ലക്ഷ്യത്തിന് തടസ്സമാണ്.

**ഉപസംഹാരം**

രാജ്യത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ ആറു ശതമാനമെങ്കിലും വിദ്യാഭ്യാസത്തിനായി ചെലവഴിക്കണം എന്നാണ് പൊതുവേയുള്ള അഭിപ്രായം. 1966 ൽ കോത്താരി കമ്മിഷൻ ശുപാർശ ചെയ്തതാണ് ഇത്. ഇന്നാകട്ടെ സംസ്ഥാന ഗവൺമെന്റും കേന്ദ്ര ഗവൺമെന്റും കൂടി ആകെ ചെലവഴിക്കുന്നത് നാല് ശതമാനം മാത്രം. രാജ്യത്തെ സംസ്ഥാനങ്ങൾ മൊത്തത്തിൽ ചെലവഴിക്കുന്നതിലും കുറവാണ് കേന്ദ്രം വിദ്യാഭ്യാസത്തിനായി ചെലവഴിക്കുന്ന തുക. സംസ്ഥാനങ്ങളെ ഉത്തരവാദിത്തം ഏല്പിച്ച് കേന്ദ്രം ഒഴിഞ്ഞു മാറുന്ന കാഴ്ചയാണ് ഇവിടെ കാണുന്നത്. സംസ്ഥാന തലത്തിൽ വിദ്യാഭ്യാസത്തിനുള്ള പൊതു വിഹിതത്തിലെ ഈ മാറ്റത്തിനു കാരണം സാമ്പത്തിക നയത്തിലെ പൊളിച്ചെഴുത്താണ്. വിദ്യാഭ്യാസ മേഖലയ്ക്ക് സംസ്ഥാനങ്ങൾ എത്രത്തോളം വിഹിതം നീക്കി വയ്ക്കുന്നു എന്ന് നിരീക്ഷിക്കാൻ സമയമായിരിക്കുന്നു.

എന്തൊക്കെയായാലും വിദ്യാഭ്യാസ മേഖലയുടെ ഉത്തരവാദിത്തത്തിൽ നിന്ന് സംസ്ഥാന ഗവൺമെന്റുകൾക്കും കേന്ദ്ര ഗവൺമെന്റിനും അന്യോന്യം പഴിപറഞ്ഞ് ഒഴിഞ്ഞുമാറാനാവില്ല. രണ്ടു ഗവൺമെന്റുകളും ഈ മേഖലയുടെ വികസനത്തിനും പുരോഗതിക്കും ആവശ്യമായ ഫണ്ട് ബജറ്റിൽ നീക്കി വയ്ക്കണം. എങ്കിൽ മാത്രമെ രാജ്യത്തെ വിദ്യാഭ്യാസ നിലവാരം ഉയരുകയുള്ളൂ. അതുവഴി വികനസത്തിലേയ്ക്ക് കുതിക്കുവാനും കഴിയുകയുള്ളൂ.

*(സെന്റർ ഫോർ ബഡ്ജറ്റ് ആന്റ് ഗവേണൻസ് അക്കൗണ്ടബിലിറ്റിയിൽ സീനിയർ റിസർച്ച് ഓഫീസറാണ് ലേഖിക)*

*വിജ്ഞാനപാത*

## പഹൽ (PAHAL)

ഗാർഹിക ഉപഭോഗത്തിനുപയോഗിക്കുന്ന എൽ.പി.ജി സബ്സിഡി നേരിട്ട് ഉപഭോക്താക്കളിലേക്ക് എത്തിക്കുന്ന പഹൽ (PAHAL) വിജയകരമായി നടപ്പിലാക്കി. 54 ജില്ലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ തുടങ്ങിയ ഈ പദ്ധതി രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്രഭരണ പ്രദേശങ്ങളിലും ഇതിനകം പ്രാബല്യത്തിലായി കഴിഞ്ഞിട്ടുണ്ട്. തുടക്കത്തിൽ ആധാർ നിർബന്ധമാക്കിയിരുന്നെങ്കിലും ഇപ്പോൾ ആധാർ ഇല്ലാതെയും പഹൽ ഗുണഭോക്താവാകാവുന്നതാണ്.

## പ്രധാനമന്ത്രി ഉജ്ജ്വൽ യോജന (UDAY)

ദരിദ്രരായ സ്ത്രീകൾക്ക് ഗാർഹിക ഇന്ധനം ലഭ്യമാക്കുന്ന പദ്ധതിയായ പ്രധാനമന്ത്രി ഉജ്ജ്വൽ യോജനക്കായി ക്യാബിനറ്റിന്റെ സാമ്പത്തികകാര്യ കമ്മറ്റി 8000 കോടി രൂപ അനുവദിച്ചു. ഇതിലൂടെ 50 ദശലക്ഷം ഗാർഹിക ഇന്ധന കണക്ഷനുകൾ ലഭ്യമാക്കുവാൻ കഴിയും. ഒരു എൽ.പി.ജി. കണക്ഷൻ എടുക്കുമ്പോൾ ഓരോ വ്യക്തിക്കും 1600 രൂപയുടെ സാമ്പത്തിക സഹായം ലഭ്യമാകും. സംസ്ഥാന സർക്കാരുമായും, കേന്ദ്ര ഭരണ പ്രദേശങ്ങളുമായും സഹകരിച്ചാണ് ഗുണഭോക്താവിനെ കണ്ടെത്തുന്നത്.

FORM – IV

(Statement of ownership and other particulars about newspaper Yojana (Malayalam) to be published in the first issue of every year after the last day of February)

| | | |
|---|---|---|
| 1. | Place of Publication | : Thiruvananthapuram |
| 2. | Periodicity of its publication | : Monthly |
| 3. | Printer's Name & Nationality | : Dr. Sadhana Rout,<br>(Indian<br>Soochna Bhavan,<br>Publications Division<br>New Delhi-110 003. |
| 4. | Publisher's Name, Nationality & Address | : Dr. Sadhana Rout,<br>Indian,<br>Soochna Bhavan,<br>Publications Division,<br>New Delhi -110 003. |
| 5. | Editor's Name, Nationality &Address | : Dhanya Sanal.K<br>Indian<br>Govt. Press Road,<br>Thiruvananthapuram-695 001 |
| 6. | Name and addresses of individuals Who own the newspaper and partners or shareholders holding more than One per cent of the total capital. | : Wholly owned by Ministry of I&B<br>Govt. of India, New Delhi-110 001. |

I, Sadhana Rout hereby declare that the particulars given above are true to the best of my knowledge and belief.

Date:

(Dr. Sadhana Rout)
(Signature of Publisher)



# ജൻഡർ ബജറ്റിങ്: ആവശ്യകതയും സാധ്യതകളും

ഡോ. ഷഹിൻ റാസി

കൃഷിക്കാർ, പാവപ്പെട്ടവർ, സ്ത്രീകൾ, ചെറുകിട നാമമാത്ര സംരംഭകർ, ഇടത്തരക്കാർ എന്നിങ്ങനെ പ്രധാനമന്ത്രിയുടെ വിവിധ ക്ഷേമപദ്ധതികളുടെ ആനുകൂല്യങ്ങൾ അനുഭവിക്കുന്ന വിഭാഗങ്ങൾക്ക് 2016 –17 ലെ കേന്ദ്രബജറ്റിൽ അർഹമായ വിഹിതം നല്കിയിരിക്കുകയാണ് ധനമന്ത്രി. ഇന്ത്യയെ പരിവർത്തനം ചെയ്യുന്നതിനു വിഭാവനം ചെയ്തിരിക്കുന്ന നവസ്തംഭങ്ങൾക്ക് ഊന്നൽ നൽകുന്നതിലൂടെ ബജറ്റ് ഉറപ്പു വരുത്തുന്നത് ഇന്ത്യൻ സമ്പദ്ഘടനയുടെ സമഗ്ര വളർച്ചയാണ്.

നൈപുണ്യവികസനം, വിദ്യാഭ്യാസം, കാർഷികാദായ പദ്ധതികൾ, ആരോഗ്യ ഇൻഷുറൻസ്, അടിസ്ഥാന വികസന നിക്ഷേപം എന്നിവ ഉൾപ്പെടുന്ന സാമൂഹ്യ ഗ്രാമീണ മേഖലകൾക്ക് തുല്യ പ്രാധാന്യമാണ് ധനമന്ത്രി ബജറ്റിൽ നല്കിയിരിക്കുന്നത്. സാമ്പത്തിക പരിഷ്കാരങ്ങൾ, വ്യവസായ നയമാറ്റങ്ങൾ, സാമ്പത്തിക അച്ചടക്കം, നികുതി പരിഷ്കരണം പോലുള്ള നിയന്ത്രണങ്ങൾ തുടങ്ങിയവയ്ക്കും ബജറ്റ് ഊന്നൽ നല്കുന്നു.

ലിംഗസമത്വം ലക്ഷ്യമാക്കിയുള്ള ആസൂത്രണം, വിഹിതം നീക്കി വയ്ക്കൽ, കണക്കുകളുടെ പരിശോധന എന്നിവയും 2016–17 ബജറ്റ് ഉറപ്പാക്കുന്നു. ലിംഗ അസമത്വം ഇന്ത്യയുടെ വികസനത്തിന് നിർണായക വെല്ലുവിളിയാണ് ഉയർത്തുന്നത്. സ്ത്രീകൾക്കും പെൺകുട്ടികൾക്കും എതിരെയുള്ള അക്രമങ്ങൾ പൊതു സ്ഥലങ്ങളിലും സ്വകാര്യ സ്ഥലങ്ങളിലും വർധിക്കുന്നു. ആഗോള ലിംഗ അന്തര സൂചിക 2014 പ്രകാരം 142 രാജ്യങ്ങളിലെ ഇന്ത്യയുടെ സ്ഥാനം 114 മാത്രമാണ്. സാമ്പത്തിക പങ്കാളിത്തം, അവസരങ്ങൾ, വിദ്യാഭ്യാസം, രാഷ്ട്രീയ ശാക്തീകരണം, ആരോഗ്യം, നിലനില്പ് എന്നീ മേഖലകളിൽ സ്ത്രീ-പുരുഷ അന്തരം കുറച്ച് കൊണ്ടുവരുന്നതനുസരിച്ചു മാത്രമേ മെച്ചപ്പെട്ട സ്ഥാനം നേടാനാവൂ.

ഈ വെല്ലുവിളികളോടുള്ള പ്രതികരണം എന്ന നിലയിൽ ഇന്ത്യ സ്ത്രീകളുടെ അവകാശങ്ങളോടു നീതി പുലർത്തുന്ന (ജണ്ടർ റസ്പോൺസീവ് ബജറ്റിങ്) സമീപനം 2005 മുതൽ ബജറ്റിൽ സ്വീകരിച്ചുവരികയാണ്. ഇത് ബജറ്റിന്റെ ആസൂത്രണത്തിലും പദ്ധതികളിലും സ്വീകരിക്കുന്ന ഒരു ലളിതമായ രീതിയാണ്. ലിംഗസമത്വവും സ്തീകളുടെ അവകാശങ്ങളും ബജറ്റിൽ ഉറപ്പാക്കാൻ ഈ രീതി സഹായിക്കുന്നു. നിലവിൽ കേന്ദ്ര ഗവൺമെന്റിന്റെ 57 മന്ത്രാലയങ്ങൾ /വകുപ്പുകൾ ജണ്ടർ ബജറ്റിങ് സെല്ലുകൾ രൂപീകരിച്ചു കഴിഞ്ഞു. രാജ്യത്തെ കോടിക്കണക്കിന് സാധാരണ സ്ത്രീകളുടെ ജീവിതങ്ങളെ സ്വാധീനിക്കാൻ പോന്ന ഒരു വലിയ കാൽവയ്പ്പാണ് ഇത്.

പുരുഷന്മാരിൽ എന്ന പോലെ സ്ത്രീകൾക്കിടയിലും വികസനത്തിന്റെ ആനുകൂല്യങ്ങൾ ഉറപ്പാക്കുന്നതിനും സ്ത്രീകളെ ജീവിതത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുന്നതിനുമുള്ള ശക്തമായ ഉപാധിയാണ് ജൻഡർ ബജറ്റിങ്. വിഭവങ്ങളുടെ വിഭജന രീതിയിലെ വൈവിധ്യം മൂലം വ്യത്യസ്ത രീതിയിലാണ് പുരുഷന്മാരെയും സ്ത്രീകളെയും കേന്ദ്ര ബജറ്റ് സ്വാധീനിക്കുന്നത് എന്ന തിരിച്ചറിവിൽ നിന്നാണ് ഈ ആശയം ഉരുത്തിരിഞ്ഞത്. ഇന്ത്യൻ ജനസംഖ്യയുടെ 48 ശതമാനം സ്ത്രീകളാണ്. എന്നാൽ ആരോഗ്യം, വിദ്യാഭ്യാസം, സാമ്പത്തിക അവസരങ്ങൾ തുടങ്ങി പല സൂചകങ്ങളിലും അവരുടെ സ്ഥാനം പുരുഷന്മാരുടെ പിന്നിലാണ്. ഗവൺമെന്റ് ഈ ബജറ്റിൽ വിഭവങ്ങൾ നീക്കിവച്ചിരിക്കുന്നത് ഈ ലിംഗ അസമത്വങ്ങൾ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയാണ്. അതായത് ജൻഡർ ബജറ്റിങ്ങിലൂടെ

സ്തീകളെ കൂടി മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാനുള്ള ബൃഹത്തായ ശ്രമത്തിനാണ് തുടക്കം കുറിച്ചിട്ടുള്ളത്.

ഇന്ത്യയെ പരിവർത്തനം ചെയ്യാനുള്ള ധനമന്ത്രിയുടെ ബജറ്റ് ലക്ഷ്യം പ്രാവർത്തികമാകണമെങ്കിൽ ലിംഗ അസമത്വ പ്രശ്നം നാം അടിയന്തിരമായി പരിഹരിച്ചേ പറ്റൂ. അതു മുന്നിൽ കണ്ട് വനിതാ വികസന മന്ത്രാലയത്തിനും ജണ്ടർ ബജറ്റ് സ്റ്റേറ്റ്മെന്റിനും(ജി.ബി.എസ്)വിഹിതങ്ങൾ നീക്കിവച്ചതു വഴി 2016-17 വർഷത്തെ ബജറ്റിൽ സ്ത്രീകളുടെ അവകാശങ്ങളോടുള്ള പ്രതിസ്പന്ദനം സർക്കാർ വ്യക്തമാക്കിയിരിക്കുന്നു. വനിതാശാക്തീകരണത്തിനുള്ള ദേശീയ ദൗത്യത്തിന്റെ വിഹിതം ഇരട്ടിയാക്കി (50 കോടി) ഇരട്ടിയാക്കിയിട്ടുണ്ട്. കൂടാതെ സ്ത്രീകളുടെയും കുട്ടികളുടെയും വികസനം സംബന്ധിച്ച മന്ത്രാലയത്തിനുള്ള വിഹിതവും ദേശീയ വനിത കമ്മീഷനുള്ള വിഹിതവും ഗണ്യമായി വർധിപ്പിച്ചിട്ടുണ്ട്. മന്ത്രാലയങ്ങൾ ലിംഗപരിഗണനയ്ക്ക് എത്രമാത്രം പ്രാധാന്യം നല്കുന്നു എന്ന് ജണ്ടർ ബജറ്റ് സ്റ്റേറ്റ്മെന്റ് വ്യക്തമാക്കുന്നു.

സ്ത്രീകൾക്കു നേരേയുള്ള അക്രമം പോലെ ഗുരുതരമായ പ്രശ്നങ്ങൾ അവസാനിപ്പിക്കാൻ ബജറ്റിൽ കൂടുതൽ തുക നീക്കി വച്ചിരിക്കുന്നു. സ്ത്രീകളെ തട്ടിക്കൊണ്ടുപോകൽ തടയുക, കൗമാരക്കാരായ പെൺകുട്ടികളെ ശാക്തീകരിക്കുക എന്നീ ലക്ഷ്യങ്ങൾക്കായി പുതിയ പദ്ധതികളും പണവിഹിതവും ഈ ബജറ്റിലുണ്ട്. തൊഴിൽ വിപണിയിൽ കുറഞ്ഞുവരുന്ന സ്ത്രീ സാന്നിധ്യം ആശങ്ക ഉയർത്തുന്ന മറ്റൊരു മേഖലയാണ്. സംയോജിത ശിശു വികസന സേവനങ്ങൾ, ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന എന്നിവയ്ക്കും അർഹമായ വിഹിതം നീക്കി വച്ചിട്ടുണ്ട്. 2013-ൽ ഇന്ദിരാഗാന്ധി മാതൃത്വ സഹയോഗ് യോജന പ്രകാരം ലഭിക്കുന്ന പ്രതിവർഷ സഹായധനം 4000 രൂപയിൽ നിന്നും 6000 രൂപയായി ഉയർത്തിയിരുന്നു. ദേശീയ ഭക്ഷ്യസുരക്ഷാ നിയമം 2013 ൽ വ്യവസ്ഥ ചെയ്തതു പ്രകാരമാണിത്. സാർവദേശീയ നിലവാരം അനുസരിച്ച് ഈ ബജറ്റിൽ 400 കോടി രൂപ ഇതിനായി നീക്കി വച്ചിട്ടുണ്ട്. 200 ജില്ലകളിൽ പൈലറ്റ് പദ്ധതികൾ നടപ്പാക്കാനാണ് നിർദ്ദേശം. തൊഴിലുറപ്പ് പദ്ധതി സ്ത്രീകൾക്ക് വലിയ തൊഴിലവസരങ്ങളാണ് നല്കുന്നത്. ഇതിൽ 55 ശതമാനം തൊഴിലാളികളും വനിതകളാണെന്നത് അഭിനന്ദനാർഹമായ നേട്ടമാണ്. ഇതിന് ബജറ്റിലെ വിഹിതം 38500 കോടി രൂപയാണ്. ഗ്രാമീണ തൊഴിൽ പദ്ധതികളിൽ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിക്ക സംസ്ഥാനങ്ങളിലും അവസാന നാല് മാസം പണമില്ലാത്തതിനാൽ നിറുത്തിവയ്ക്കുകയാണ് പതിവ്. അതിനാൽ 2016 -17 ബജറ്റിൽ 11 ശതമാനം കൂടുതൽ തുക നീക്കിവച്ചിട്ടുണ്ട്. തുക മുഴുവൻ ചെലവഴിച്ചാൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്കുള്ള ഏറ്റവും വലിയ ബജറ്റ് ചെലവായിരിക്കും ഇപ്പോഴത്തേത് എന്ന് ധനമന്ത്രി വ്യക്തമാക്കിയിരുന്നു. 2015 -16 ൽ അനുവദിച്ച 34600 കോടിയെക്കാൾ 3900 കോടി അധികമാണ് ഇപ്പോഴത്തെ പദ്ധതിവിഹിതം.

നിർധനരായ വീട്ടമ്മമാരുടെ പേരിൽ പാചക വാതക കണക്ഷന് പ്രത്യേക ദൗത്യം പ്രഖ്യാപിച്ചുകൊണ്ടും ബജറ്റ് സ്ത്രീകളോട് പക്ഷം ചേരുന്നു. 2016 -17 ബജറ്റിൽ 2000 കോടിയാണ് പാചക വാതക കണക്ഷൻ പദ്ധതിക്കു വേണ്ടി അനുവദിച്ചിരിക്കുന്നത്. അതി പ്രധാനമായ രണ്ടു പ്രശ്നങ്ങൾക്കാണ് ഗവൺമെന്റ് ഈ നടപടിയിലൂടെ പരിഹാരം തേടുക. ഒന്ന് സ്ത്രീകളുടെ ആരോഗ്യസംബന്ധമായ ഉത്കണ്ഠ. പ്രത്യേകിച്ച് പരമ്പരാഗത ജൈവ ഇന്ധനങ്ങളായ വിറക്, ചാണകം കാർഷിക അവശിഷ്ടങ്ങൾ തുടങ്ങിയവ അനുദിന പാചകത്തിനായി ഉപയോഗിക്കുന്ന ഗ്രാമീണ വീട്ടമ്മമാരുടെ ആരോഗ്യം. രണ്ട്, നിലവിലുള്ള പരിസര മലിനീകരണത്തിന്റെ അളവ് കുറയ്ക്കൽ. പുതിയ മാർഗത്തിലൂടെ സ്ത്രീകളെ, ബോധവത്കരിക്കാനും ശാക്തീകരിക്കാനും അവരുടെ ആരോഗ്യം സംരക്ഷിക്കാനും സാധിക്കും. ഇത് പാചകത്തിന്റെ അധ്വാനഭാരവും സമയവും ലഘൂകരിക്കും. മാത്രവുമല്ല, പാചകവാതക വിതരണ ശൃംഖലയിൽ ഗ്രാമങ്ങളിലെ യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്യും.

ഗാർഹിക വായുമലിനീകരണം സംബന്ധിച്ച് നടത്തിയ വിവിധ പഠനങ്ങൾ അനുസരിച്ച് ഇന്ത്യയിൽ പ്രതിവർഷം ഇത്തരത്തിലുള്ള ദുരിതം മൂലം മരിക്കുന്നവരുടെ സംഖ്യ അഞ്ചു ലക്ഷത്തോളം വരും. എനർജി ആൻഡ് റിസോഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് (TERI)ലെ എർത്ത് സയൻസ് ആൻഡ് ക്ലൈമറ്റ് ചെയിഞ്ച് വിഭാഗത്തിൽ ഗവേഷകനായ ഡോ. അരിന്ദം ദത്തിന്റെ അഭിപ്രായത്തിൽ 2016-17 ലെ കേന്ദ്രബജറ്റ് ദാരിദ്ര്യരേഖയ്ക്കു താഴെ ജീവിക്കുന്ന ഗ്രാമീണ ഭവനങ്ങൾക്ക്

സൗജന്യ നിരക്കിൽ പാചക വാതകം ലഭ്യമാക്കുക വഴി പരിഹരിച്ചിരിക്കുന്ന ഏറ്റവും പ്രധാന പ്രശ്നം രാജ്യത്തെ ഗ്രാമീണ ഭവനങ്ങളിലെ വായുമലിനീക രണം കൊണ്ടുള്ള പ്രശ്നങ്ങളാണ്. ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള 1.5 കോടി വീടുകൾക്ക് 2016 -17 ൽ ഈ ദൗത്യത്തിന്റെ പ്രയോജനം ലഭിക്കുമെന്ന് ഗവൺമെന്റ് പ്രതീക്ഷിക്കുന്നു. ഇവർക്ക് കുറഞ്ഞ പക്ഷം അടുത്ത രണ്ടു വർഷത്തേയ്ക്കു കൂടി ഈ പദ്ധതിയുടെ ഗുണഫലം ലഭിക്കും.

ഒരുകാലത്ത് പാചക വാതകം സമൂഹത്തിലെ ഉന്നത ശ്രേണിയിൽ ജീവിക്കുന്നവർ അവരുടെ ജീവി തനിലവാരത്തിന്റെ അടയാളമായി കുത്തകവത്കരി ച്ചിരുന്നെങ്കിൽ ഇന്ന് രാജ്യത്തെമ്പാടും അതിന്റെ ലഭ്യത സാർവത്രികമായി ഉറപ്പാക്കാനാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. ദാരിദ്ര്യ രേഖയ്ക്കു താഴെ ജീവിക്കുന്ന കുടുംബങ്ങൾക്കും ഇനി മുതൽ ഗവൺമെന്റിന്റെ സബ്സിഡിയോടെ സൗജന്യ നിര ക്കിൽ പാചക വാതകം ലഭ്യമാകും.

2000 കോടിയുടെ 'ഉജ്ജ്വല' എന്ന പുതിയ പദ്ധതി വഴി ദാരിദ്ര്യരേഖയ്ക്കു താഴെ ജീവിക്കുന്ന രാജ്യത്തെ 1.5 കോടി സ്ത്രീകൾക്ക് മാലിന്യരഹിത ഗുണമേൻമയേറിയ ഇന്ധനം 2016-17 വർഷത്തിൽ സൗജന്യനിരക്കിൽ വിതരണം ചെയ്യും. ഇതുവഴി ഗ്രാമങ്ങളിലെ സ്ത്രീകളുടെ ആരോഗ്യവും സാമൂഹിക പരിസ്ഥിതിയും സംരക്ഷിക്കപ്പെടും എന്ന താണ് ഏറ്റവും വലിയ നേട്ടം. പാവപ്പെട്ടവർക്ക് പാചക വാതക കണക്ഷൻ നല്കുന്നതിന് ബജറ്റിൽ തുക വക കൊള്ളിക്കുന്നത് ഇതാദ്യമായിട്ടാണ്. ഓരോ ബിപിഎൽ കുടുംബത്തിനും ഗാർഹിക എൽ.പി.ജി കണക്ഷൻ നല്കുന്നതിന് ഗവൺമെന്റ് 1600 രൂപ സബ്സിഡി അനുവദിക്കും. ഗൃഹനാഥയായ സ്ത്രീയുടെ പേരിലാവും തുക അനുവദിക്കുക.

നേരത്തെ, സംസ്ഥാനങ്ങളിലെ ഇന്ധന വിത രണ കമ്പനികളുടെ കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ടുകളിൽ നിന്നായിരുന്നു ഇതിനുള്ള പണം കണ്ടെത്തിയിരുന്നത്. രാജ്യത്തെ ദാരിദ്ര്യ രേഖയ്ക്കു താഴെ വസിക്കുന്ന 5 കോടി കുടും ബങ്ങൾക്ക് പ്രയോജനപ്പെടുന്ന ഈ പദ്ധതി മൂന്നു വർഷമെങ്കിലും തുടർന്ന് കൊണ്ടു പോകാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. പുതിയ പാചക വാതക സിലണ്ടറുകൾ അനുവദിക്കുമ്പോൾ, പാവ പ്പെട്ടവർക്ക് വളരെ കുറച്ച് കണക്ഷനുകൾ മാത്രം നല്കിയിട്ടുള്ള സംസ്ഥാനങ്ങൾക്ക്, പ്രത്യേകിച്ച്, വടക്ക് കിഴക്ക് മേഖലയ്ക്കായിരിക്കും ആദ്യ പരിഗ ണന. സുതാര്യമായ പഹാൽ (PAHAL) സംവിധാന ത്തിലൂടെ യാണ് യഥാർത്ഥ ഗുണഭോക്താക്കൾക്ക് പാചക വാതക സബ്സിഡി അവരുടെ ബാങ്ക് അക്കൗ ണ്ടുകളിലേയ്ക്ക് ഗവൺമെന്റ് നേരിട്ട് നല്കുന്നത്. ലോകത്തിലെ തന്നെ ഇത്തരത്തിലുള്ള ആദ്യ സംവി ധാനമാണ് ഇത്. രാജ്യത്ത് പാചക വാതകത്തിന്റെ പ്രയോജനം ഇപ്പോൾ ലഭിക്കുന്നത് 60 ശതമാനത്തിനു മാത്രമാണ്. ആ സംഖ്യ ഉയർത്തുക എന്നതാണ് ഗവൺമെന്റിന്റെ ലക്ഷ്യം.

പട്ടിക ജാതി പട്ടികവർഗ വിഭാഗങ്ങളെ സംരം ഭകത്വത്തിലൂടെ ശാക്തീകരിക്കുന്നതിന് 2016-17 ബജറ്റ് നീക്കി വച്ചിരിക്കുന്നത് 500 കോടി രൂപയാണ്. സ്റ്റാൻഡ് അപ് ഇന്ത്യ എന്നാണ് പദ്ധതിയുടെ പേര്. ഇത് ഉപ യോഗിച്ച് സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭക മന്ത്രാലയത്തിൽ ദേശീയ പട്ടികജാതി/പട്ടികവർഗ കേന്ദ്രം ആരംഭിക്കാനാണ് ബജറ്റ് നിർദ്ദേശം. ഈ പദ്ധ തിയിലൂടെ രണ്ടര ലക്ഷം സംരംഭകരെ മുന്നിൽ കാണുമ്പോൾ അവരിൽത്തന്നെ വനിതാ സംരംഭ കർക്കാണ് മുന്തിയ പരിഗണന നല്കുക. ഓരോ ബാങ്ക് ശാഖയിൽ നിന്നും രണ്ടു പ്രോജക്ടുകൾക്കു വീതം വായ്പ ലഭ്യമാക്കും. ഈ കേന്ദ്രത്തിന് രാജ്യത്തെ വ്യവസായികളുടെ സംഘടനകളുമായി പങ്കാളിത്തമുണ്ടാകും. അവരുടെ പിന്തുണ പട്ടിക ജാതി പട്ടിക വർഗ സംരംഭകർക്ക് ലഭിക്കും.

ലിംഗസമത്വപരമായി ചിന്തിക്കുമ്പോൾ ഈ വാർഷിക ബജറ്റ് സമയോചിതമായ ഒരു തിരുത്താ ണ്. ഇത് ഊന്നൽ നല്കുന്നത് പ്രധാനപ്പെട്ട സ്ഥാപ നങ്ങളെ ശാക്തീകരിക്കുന്നതിലാണ്, സ്ത്രീകളുടെ വികസനത്തിനുള്ള പദ്ധതികൾക്കും ആവശ്യമായ നിക്ഷേപങ്ങൾക്കുമാണ്, അവയുടെ ഫലപ്രദമായ നിർവഹണത്തിനാണ്.

ലോകം സാമ്പത്തിക മാന്ദ്യത്തിലൂടെ നീങ്ങു മ്പോഴും ഇന്ത്യയെ തിളങ്ങുന്ന കേന്ദ്രമായി മാറ്റുക എന്നതാണ് ബജറ്റ് 2016-17 ഉറപ്പാക്കുന്ന ലക്ഷ്യം. അതിനാൽ വികസനത്തിന് സ്ത്രീശാക്തീകരണവും ലിംഗസമത്വവുമല്ലാതെ വേറെ ഫലപ്രദമായ മാർഗ വുമില്ല.

*(പ്രമുഖ സാമ്പത്തിക വിദഗ്ധനാണ് ലേഖകൻ)*



# ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനവും വൈദ്യുതീകരണവും

ഹീരാൻമയ് റോയ്, അനിൽകുമാർ, പ്രസൂം ദ്വിവേദി

ഇന്ത്യൻ സാമ്പത്തികരംഗം വളർച്ചയുടെ ശരിയായ പാതയിലാണ്. 2014-15 വർഷത്തേതിനേക്കാൾ സാമ്പത്തിക പുരോഗതിയാണ് 2015-16 വർഷത്തിൽ ഇന്ത്യ കൈവരിച്ചത്. ഗ്രാമീണ കൃഷി മേഖല, പൊതുമേഖല, ബാങ്കിങ് തുടങ്ങിയ അവശ്യ മേഖലകൾക്കായി വലിയ ശ്രദ്ധ കൊടുത്തുകൊണ്ടുള്ളതായിരുന്നു ഇത്തവണത്തെ ബജറ്റ്. വലിയൊരു മാറ്റത്തിനായുള്ള ചുവടുവയ്പ്പായി ഇതിനെ കണക്കാക്കാം.

## വിഷൻ 2016

ഇത്തവണത്തെ ബജറ്റ് അടിസ്ഥാനമായി വികസനത്തിന്റെയും വളർച്ചയുടെയും ഒൻപത് തൂണുകളാണ് ഒരുക്കിയിട്ടുള്ളത്.

1. കൃഷിയുടെയും കർഷകരുടെയും അഭിവൃദ്ധി.
2. ഗ്രാമീണ തൊഴിലിനും, അടിസ്ഥാന സൗകര്യ വികസനത്തിനും ഊന്നൽ നൽകുക.
3. ആരോഗ്യമേഖല ഉൾപ്പെടെയുള്ള പൊതുമേഖലയുടെ ശാക്തീകരണം.
4. വിദ്യാഭ്യാസവും നൈപുണ്യ വികസനവും
5. അടിസ്ഥാന സൗകര്യ വികസനവും നിക്ഷേപവും.
6. ധനകാര്യമേഖലയിലെ നവീകരണം.
7. വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള നടപടികളുടെ ലളിതവത്കരണവും ധനസഹായം ഉറപ്പുവരുത്തലും.
8. ധനകാര്യ അച്ചടക്കം.
9. നികുതി പരിഷ്കരണം.

## അടിസ്ഥാന സൗകര്യ വികസനം

വളർച്ചയുടെയും വികാസത്തിന്റെയും നട്ടെല്ല് എന്ന് പറയുന്നത് അടിസ്ഥാന സൗകര്യവികസനത്തിൽ അധിഷ്ഠിതമാണ്. യുണൈറ്റഡ് സ്റ്റേറ്റ്സിന്റെ 42-ാം പ്രസിഡന്റ് വില്യം.ജെ.ക്ലിന്റൺ ഒരിക്കൽ പറയുകയുണ്ടായി, ''എല്ലാവർക്കും തുല്യത നൽകുന്നതും സാമ്പത്തിക ഭദ്രത ഉറപ്പാക്കുന്നതുമാണ് സമ്പദ്‌വ്യവസ്ഥയ്ക്ക് എല്ലായ്പ്പോഴും നല്ലത്. എന്തെന്നാൽ വേർതിരിവും, ദാരിദ്ര്യവും, അവഗണനയും വളർച്ചയെ മുരടിപ്പിക്കുന്നവയാണ്. വിദ്യാഭ്യാസമേഖലയിലും, ശാസ്ത്ര സാങ്കേതിക ഗവേഷണങ്ങളിലും പണം നിക്ഷേപിക്കുന്നത് പുതിയ തൊഴിലവസരങ്ങൾക്കും, സാമ്പത്തിക പുരോഗതിയ്ക്കും കാരണമായേക്കും''. ഇത് ഇന്ത്യയുടെ ഇന്നത്തെ സാഹചര്യത്തിന് വളരെയധികം അനുയോജ്യമാണ്. ഏകദേശം 2.21 ലക്ഷം കോടിയുടെ നീക്കിയിരിപ്പാണ് റെയിൽവേ, റോഡ് തുടങ്ങി അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

മൊത്ത ആഭ്യന്തര വരുമാനത്തിന്റെ ഏകദേശം 10 ശതമാനത്തോളമാണ് നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യം. ഏകദേശം 1 ട്രില്യനോളം നിക്ഷേപമാണ് ഈ മേഖലയിൽ 5 വർഷത്തിൽ ഉണ്ടാവേണ്ടത്. ഇതിന്റെ പകുതി സ്വകാര്യമേഖലയിൽ നിന്നും കണ്ടെത്തണം. അതിനാൽ തന്നെ ബജറ്റ് വിഹിതം വളരെ പ്രധാനപ്പെട്ടതാണ്.

## റോഡ് മേഖല

റോഡ് മേഖലയ്ക്കായി മൊത്തം 97,000 കോടി

യുടെ നീക്കിയിരിപ്പാണുള്ളത്. 55,000 കോടി ഗവൺമെന്റിന്റേതാണ്. 15,000 കോടി രൂപവരെ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI) യ്ക്ക് നികുതി രഹിത നിക്ഷേപം വഴി ആകർഷിക്കാവുന്നതാണ്. ഇതിൽ 27,000 കോടി രൂപ ഗ്രാമീണ റോഡുകളുടെ വികസനത്തിനായി പ്രധാൻമന്ത്രി ഗ്രാമ സഡക് യോജന (PMGSY) യിൽ പെടുന്നു.

അടിസ്ഥാന സൗകര്യ വികസനത്തിനായി എളുപ്പം പണം ലഭ്യമാക്കുന്നതിനുള്ള ഒരു പുതിയ പദ്ധതി അവലംബിച്ചിട്ടുണ്ട്. ഇതു പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ 10,000 കിലോമീറ്റർ ദൈർഘ്യത്തിൽ റോഡുകൾ നിർമ്മിക്കാനും, മറ്റു 10,000 കിലോമീറ്റർ ദൈർഘ്യത്തിൽ റോഡുകളുടെ അറ്റകുറ്റപണികൾ ചെയ്തുതീർക്കാനും ലക്ഷ്യമിട്ടുണ്ട്. മോട്ടോർ വാഹന നിയമം ഭേദഗതി ചെയ്ത് കാൽനട യാത്രികരുടെ യാത്ര സുരക്ഷിതമാക്കാൻ പുതിയ പദ്ധതി കൊണ്ടുവരാനും ലക്ഷ്യമിടുന്നുണ്ട്.

പെട്രോളിയം കാറുകൾ, സി.എൻ.ജി. കാറുകൾ എന്നിവയിൽ നിന്നും സെസ്സ് ഇനത്തിൽ 10 ശതമാനവും ഡീസൽ കാറുകളിൽ നിന്ന് 2.5 ശതമാനവും മറ്റ് വലിയ വാഹനങ്ങൾക്ക് നിന്ന് 4 ശതമാനവും തുക ഈടാക്കും.

## വൈദ്യുതിയും ഊർജ്ജമേഖലയും

രാജ്യത്തിന്റെ വളർച്ചയ്ക്ക് ഒഴിച്ചു കൂടാനാവാത്ത ഒന്നാണ് വൈദ്യുതിയും ഇതര ഊർജ്ജ വിഭവങ്ങളും. ബജറ്റ് പ്രകാരം കഴിഞ്ഞ രണ്ടു ദശാബ്ദങ്ങളിലായി കൽക്കരി ഉത്പാദനം ഏറ്റവും നല്ല രീതിയിലാണ്. അതുപോലെ തന്നെ വിദ്യുത് ചാലകങ്ങളുടെ വിതരണ കാര്യത്തിലും എൽ.ഇ.ഡി. ബൾബുകളുടെ വിതരണകാര്യത്തിലും രാജ്യം വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടുണ്ട്.

## ഗ്രാമീണ വൈദ്യുതീകരണവും പുനരുത്പാദന ഊർജ്ജവും

2015 ഏപ്രിൽ 1 വരെയുള്ള കണക്കുകൾ പ്രകാരം 18542 ഗ്രാമങ്ങളിൽ വൈദ്യുതി ഇല്ലായിരുന്നു. ദീൻ ദയാൽ ഗ്രാമീൺ വിദ്യുത്കരൺ യോജന (DDGVY) പദ്ധതിയിലൂടെയും IPDS പദ്ധതിയിലൂടെയും മെയ് 2018-ഓടെ 100 ശതമാനം ഗ്രാമങ്ങളും വൈദ്യുതീകരിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായുള്ള രണ്ടു പദ്ധതികൾക്കായി 8500 കോടിയാണ് നീക്കി വച്ചിരിക്കുന്നത്. പുനരുത്പാദന ഊർജ്ജത്തിനായി കാറ്റിൽ നിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനായുള്ള പ്രോജക്ട് 2017 മാർച്ചിൽ മുന്നോട്ടു വയ്ക്കാനും ലക്ഷ്യമിടുന്നുണ്ട്.

## ആണവോർജ്ജം

അടുത്ത 15-20 വർഷങ്ങളിലേയ്ക്കുള്ള ആണവോർജ്ജ വികസനത്തിനായുള്ള തുക ബജറ്റിൽ നീക്കിവച്ചിട്ടുണ്ട്. തോറിയത്തിന്റെ വലിയൊരു ശേഖരം തന്നെ ഉള്ളത് ആണവോർജ്ജ ഉത്പാദത്തിന് ഏറെ പ്രയോജനകരമാണ്. 3000 കോടിയുടെ ബജറ്റാണ് ഇതിനായി നീക്കി വച്ചിരിക്കുന്നത്.

## ക്ലീൻ എനർജി സെസ്സ്

കൽക്കരി, ലിഗ്നൈറ്റ്, പീറ്റ് എന്നിവയിൽ 'ക്ലീൻ എനർജി സെസ്സ്' ചുമത്തി ടണ്ണിന് 200 രൂപയെന്നത് 400 രൂപയാക്കി. ഇത് 'ക്ലീൻ എൻവയോൺമെന്റ് സെസ്സ്' ആയി പുനർ നാമകരണം ചെയ്യും. ഇത്തരത്തിൽ സെസ് ചുമത്തുന്നത് കൽക്കരി ഉത്പാദന പ്ലാന്റുകളെ ക്രമേണ നിരുത്സാഹപ്പെടുത്തുകയും മറ്റു ഇന്ധന സ്രോതസ്സുകളെ കൂടുതൽ ഉപയോഗയോഗ്യമാക്കാൻ സഹായിക്കുകയും ചെയ്യും.

## എണ്ണയും വാതക മേഖലയും

എണ്ണയുടെയും വാതകങ്ങളുടെയും ലഭ്യതയ്ക്കായി ആഴക്കടലും ജലസംഭരണികളും ഖനനം ചെയ്യാൻ തദ്ദേശീയമായി കഴിയുമെങ്കിൽ ആഭ്യന്തരമായി തൊഴിലവസരങ്ങൾ വർധിക്കുന്നതിനും എണ്ണ, വാതക മേഖലയിൽ വികാസത്തിനും കാരണമാകും. മറ്റു രാഷ്ട്രങ്ങളെ സമീപിക്കുന്നതൊഴിവാക്കി, രാജ്യത്തു തന്നെ ഖനനം ചെയ്യുന്നത് നമുക്ക് വൻ സാമ്പത്തിക ലാഭം ഉണ്ടാക്കിത്തരും എന്നതും എടുത്തുപറയേണ്ട കാര്യമാണ്.

## പൊതു-സ്വകാര്യ-പങ്കാളിത്തം (PPP)

പൊതു-സ്വകാര്യ-പങ്കാളിത്തം [Public Private Partnership (PPP)] ബജറ്റിലെ പ്രധാന ആകർഷണമാണ്. പൊതുവേ സ്വകാര്യമേഖലാ നിക്ഷേപകരാണ് എല്ലാ മേഖലകളിലും പുരോഗമനം വേഗത്തിലാക്കു

ന്നത്. ഇത് പൊതുമേഖലയുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ കുറയ്ക്കും, കൂടുതൽ മികവുറ്റതുമാക്കും. ഇന്ത്യാ ഗവൺമെന്റ് പൊതു-സ്വകാര്യ-പങ്കാളിത്തത്തിന് ഊന്നൽ കൊടുക്കാൻ ഒരുങ്ങുകയാണ്.

PPP മോഡലിനെ ആയാസകരവും, വ്യക്തവും, വേഗതയേറിയതുമാക്കുവാൻ സഹായിക്കുന്ന 'ഡിസ്പ്യൂട്ട് റെസലൂഷൻ' ഇത്തവണ ബജറ്റിൽ പരാമർശിച്ചിട്ടുണ്ട്.

## FDI പോളിസി

വിദേശ നിക്ഷേപവും (FDI) മാറ്റത്തിന്റെ പാതയിലാണ്. ഭക്ഷ്യ ഉത്പാദന-സംഭരണ വ്യവസായത്തിൽ 100 ശതമാനം വിദേശനിക്ഷേപം കൊണ്ടുവരാനുള്ള പദ്ധതിവഴി ഗവൺമെന്റിന് ധാരാളം വിദേശ നിക്ഷേപകരെ ഇന്ത്യയിലേയ്ക്ക് ക്ഷണിക്കാനാകും.

## കൃഷിയ്ക്കായുള്ള അടിസ്ഥാന സൗകര്യ വികസനം

ജനങ്ങളുടെ 50 ശതമാനത്തോളം കായികശേഷിയും കാർഷിക മേഖലയിലാണ് (മത്സ്യകൃഷി, പച്ചക്കറികൃഷി തുടങ്ങിയവ) ഉപയോഗിക്കുന്നത്. അടിസ്ഥാന സൗകര്യ വികസനകാര്യത്തിൽ താഴെപ്പറയുന്നവ മെച്ചപ്പെടുത്തേണ്ടതുണ്ട്.

1. ഭക്ഷ്യ സുരക്ഷയ്ക്കായി ഭക്ഷ്യ സംഭരണം കൂട്ടുക.
2. ജൈവ വളങ്ങൾ കൂടുതലായി ഉപയോഗിക്കുക.
3. ഭൂഗർഭജല ഉപഭോഗം കുറയ്ക്കുക.
4. ജലസേചനം കൂട്ടുക.
5. ഓൺലൈൻ വിപണന കേന്ദ്രങ്ങൾ കൊണ്ടുവരിക.
6. വളങ്ങളുടെ സബ്സിഡിയ്ക്കായി നേരിട്ടുള്ള വിതരണരീതി.

## ഗ്രാമീണ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം

ഇന്ത്യയിൽ ഗ്രാമീണ ജനസംഖ്യ മൊത്തം ജനസംഖ്യയുടെ 72.2 ശതമാനമാണ് ഇന്ത്യയിൽ.

അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച ചില നിരീക്ഷണങ്ങൾ ചുവടെച്ചേർക്കുന്നു:

1. 300 ഗ്രാമ-നഗര പ്രദേശങ്ങൾ ശ്യാമപ്രസാദ് മുഖർജി റർബൻ (RURBAN) മിഷനു കീഴിൽ വളർച്ചയുടെ പാതയിലാണ്.
2. 100 ശതമാനം ഗ്രാമങ്ങളും 2018 മെയ് 1-ഓടെ വൈദ്യുതീകരിക്കും.
3. പുതിയ ഡിജിറ്റൽ സാക്ഷരതാ മിഷൻ (DISHA) അടുത്ത 3 വർഷത്തിനുള്ളിൽ സ്ഥാപിക്കും.
4. കേന്ദ്ര പദ്ധതികൾക്കായി പ്രത്യേക നീക്കിയിരിപ്പ് നടത്തേണ്ടതുണ്ട്.

പ്രധാനമന്ത്രി ഗ്രാമ സഡക് യോജന (PMGSY) നടപ്പിലാക്കുന്നതിനായി 2012-13, 2013-14 വർഷങ്ങളിൽ 8,885 കോടിയും, 9,805 കോടി രൂപയുമാണ് നീക്കി വച്ചത്. 2016-17-ൽ ഇത് 19,000 കോടിയായി വർധിപ്പിച്ചിട്ടുണ്ട്.

അടിസ്ഥാന സൗകര്യ വികസനത്തിന്റെ കാര്യത്തിൽ ഈ വർഷത്തെ ബജറ്റ് ഒരു 'വിസ്ഫോടനം' തന്നെയാണ്. ഗ്രാമീണ മേഖലയുടെ വികസനത്തിനായി അത്രത്തോളം നീക്കിയിരിപ്പ് നടത്തിയിട്ടുണ്ട്. വിദേശ, സ്വദേശ നിക്ഷേപകരിലൂടെ പ്രധാന വെല്ലുവിളികളെയെല്ലാം തന്നെ തരണം ചെയ്യാനും പൊതു-സ്വകാര്യ-പങ്കാളിത്തം സാധ്യമാക്കാനും അതിലൂടെ പുതിയ വളർച്ച സാധ്യമാക്കാനും ഗവൺമെന്റ് ശ്രമിക്കുന്നുണ്ട്.

ഈ ബജറ്റ് വിലയിരുത്തുകയാണെങ്കിൽ അടിസ്ഥാന സൗകര്യ മേഖലയിലെ നിക്ഷേപം വഴി പൊതു പണം കൂടുതൽ കാലം ഉപയോഗിക്കാൻ ഗവൺമെന്റ് ശ്രമിക്കുന്നുണ്ട് എന്ന് മനസ്സിലാക്കാം. നഗര പ്രദേശങ്ങൾ മാത്രമല്ല, ഗ്രാമ പ്രദേശങ്ങൾക്കും ഗവൺമെന്റ് ഒരേപോലെ ഊന്നൽ നൽകുന്നുണ്ട്. ചുരുക്കത്തിൽ എല്ലാ മേഖലകളും ഉൾപ്പെടുത്തി സമഗ്ര വികസനം ലക്ഷ്യമിട്ടുള്ള ബജറ്റാണിത്.

*(ലേഖകർ ഡെറാഡൂണിലെ യൂണിവേഴ്സിറ്റി ഓഫ് പെട്രോളിയം അന്റ് എനർജി സ്റ്റഡീസി (UPES) ൽ അധ്യാപകരാണ്)*

सूक्ष्म,लघु और मध्यम उद्यम मंत्रालय, भारत सरकार
MINISTRY OF MICRO, SMALL & MEDIUM ENTERPRISES
GOVERNMENT OF INDIA

भारत सरकार Govt. of India
सत्यमेव जयते

कयर बोर्ड
COIR BOARD

# Coir Udyami Yojana

***For facilitating sustainable development of the Coir Industry***



**Shri. Narendra Modi**
Hon'ble Prime Minister of India

40% - Govt. subsidy
5% - Beneficiary contribution
55% - Bank loan

And Marketing Support Assistance to the Beneficiaries



**Shri. Kalraj Mishra**
Hon'ble Union Minister for MSME



**Shri. Giriraj Singh**
Hon'ble Union Minister of State for M S M E

**Open to:** ✔ Individuals ✔ Companies ✔ Self Help Groups ✔ Non Governmental Organizations ✔ Coir Co-operatives etc.

> Entrepreneurship/Employment creation in rural areas
> Training to equip the applicants
> Providing more employment opportunities for women also
> Generating wealth from waste material
> Income generation through the utilization of coconut husk

**Project Cost**

Upto ₹10 lakhs for any coir unit plus working capital (Not to exceed 25% of the project cost) as composite loan

**NODAL AGENCIES**

- Field offices of Coir Board
- District Industries Centre
- Banks
- Panchayati Raj Institutions
- NGOs

हरित व्यापार के अवसर



Anugraha Loom



Anupam Loom



Swarna Mobile Defibering Machine



Vajra Automatic Spinning Machine

For details contact:
Coir Board, PB No. 1752, MG Road, Kochi - 682016 | Ph: 0484 2351900, Fax: 0484 2370034
For more details: www.coirboard.gov.in | Toll free no. 1800 425 9091



# കേന്ദ്ര ബജറ്റ് :
# വികസനവും കരുതലും കൈകോർക്കുമ്പോൾ

**ഡോ. ജോസ് സെബാസ്റ്റ്യൻ**

ഒരു രാജ്യത്തിന്റെ വാർഷിക ബജറ്റിനെ പല കോണുകളിൽ നിന്നും നോക്കിക്കാണാം. എങ്ങനെ നോക്കികണ്ടാലും ചില ചോദ്യങ്ങൾ ഒഴിവാക്കാനാവുകയില്ല. ആരിൽനിന്ന്, എങ്ങനെ പൊതുവിഭവങ്ങൾ സമാഹരിക്കപ്പെടുന്നു? സമാഹരിക്കുന്ന പൊതുവിഭവങ്ങൾ എങ്ങനെ ചെലവഴിക്കപ്പെടുന്നു? ആർക്കാണ് അതിന്റെ പ്രയോജനം ലഭിക്കുക? അത് രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയ്ക്ക് ഉതകുമോ? ഈ ചോദ്യങ്ങൾക്ക് ഉത്തരം തേടിക്കൊണ്ട് 2016-17ലെ ബജറ്റിനെ വിലയിരുത്താനുള്ള ശ്രമമാണ് ഈ ലേഖനം.

എൻ.ഡി.എ സർക്കാരിന്റെ മൂന്നാമത്തെ ബജറ്റ് തയ്യാറാക്കുമ്പോൾ ധനകാര്യമന്ത്രി ആരുൺ ജെയ്റ്റ്‌ലിയെ ചൂഴ്ന്നുനില്ക്കുന്ന ആഗോള-ആഭ്യന്തര സമ്പദ്‌വ്യവസ്ഥകൾ വ്യത്യസ്തമാണ്. ആഗോള സമ്പദ്‌വ്യവസ്ഥ അങ്ങേയറ്റം പ്രവചനാതീതമായി തുടരുകയാണ്. എങ്കിലും ഇന്ത്യയ്ക്ക് ആശ്വസിക്കാനുള്ള വകയുണ്ട്. മോശമല്ലാത്ത സാമ്പത്തികവളർച്ചയും ധനകാര്യ സുസ്ഥിരതയും ഉള്ള ഇന്ത്യ ആടിയുലയുന്ന പല രാജ്യങ്ങളുടെയും അസൂയയ്ക്ക് താല്ക്കാലികമായെങ്കിലും പാത്രീഭവിച്ചിട്ടുണ്ട് എന്ന കാര്യം നിഷേധിക്കാനാവുകയില്ല. പെട്രോളിയം ഉത്പന്നങ്ങളുടെ വില ബാരലിന് 100 ഡോളർ എന്ന നിലയിൽ നിന്നും ബാരലിന് 30 ഡോളറിന് താഴെ എത്തിനില്ക്കുന്നത് ഗൾഫ് രാജ്യങ്ങൾ അടക്കമുള്ള പെട്രോളിയം കയറ്റുമതി ചെയ്യുന്ന രാജ്യങ്ങൾക്ക് വൻ ഭീഷണി ഉയർത്തിയിട്ടുണ്ട്. ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഈ ഇനത്തിലുള്ള വിദേശനാണ്യ ചോർച്ച കുറയുന്നതുമൂലമുള്ള നേട്ടം ധനമന്ത്രിക്ക് വലിയ ആത്മവിശ്വാസമാണ് പകർന്നു നൽകിയിട്ടുള്ളത്. അതോടൊപ്പം കഴിഞ്ഞ 15 മാസക്കാലം തുടർച്ചയായി മൊത്തവില സൂചിക വർദ്ധിക്കാതെ തുടരുന്നു എന്ന കാര്യവും പരിഗണിക്കണം. സാമ്പത്തിക സർവ്വേ കുറേ ആശങ്കകൾ പങ്കുവെയ്ക്കുന്നുണ്ടെങ്കിലും ധനമന്ത്രിക്ക് ധൈര്യം കൊടുക്കുന്ന ഒട്ടേറെ കാര്യങ്ങൾ പുറത്തു വന്നിട്ടുണ്ട്. 'ഒത്തുപിടിച്ചാൽ മലയും പോരും' എന്നുതന്നെയാണ് സാമ്പത്തിക സർവ്വേ വരികൾക്കിടയിലൂടെ വായിച്ചാൽ മനസ്സിലാവുക. 8.9% സാമ്പത്തികവളർച്ച എന്ന ലക്ഷ്യം അതിമോഹമൊന്നുമല്ല; പ്രത്യേകിച്ചും മേൽപറഞ്ഞ അനുകൂല ഘട

കങ്ങൾ പരിഗണിക്കുമ്പോൾ. വളരെവേഗം വളരുന്ന സേവനമേഖല, വ്യാവസായികോത്പാദന സൂചിക കാണിക്കുന്നതുപോലെ തരക്കേടില്ലാത്ത വ്യാവസായികോത്പാദനം എന്നിവയൊക്കെ ഈ പ്രതീക്ഷയെ പിൻതുണയ്ക്കുന്നതാണ്.

ഈ പശ്ചാത്തലം ഏതൊരു ധനമന്ത്രിയേയും പ്രലോഭിപ്പിക്കുന്നതാണ്. കഴിഞ്ഞ രണ്ട് ബജറ്റുകളിലൂടെ സമ്പദ് വ്യവസ്ഥയെ വളർച്ചയുടെ പാതയിൽ എത്തിച്ചുകഴിഞ്ഞു. ഇതിനുവേണ്ടി ധനകാര്യ സുസ്ഥിരതയുടെ കാര്യത്തിൽ ഒത്തുതീർപ്പിനൊന്നും തയ്യാറായതുമില്ല. എങ്കിൽ അല്പം സാഹസമെടുത്ത് ധനകാര്യ സുസ്ഥിരത എന്ന ലക്ഷ്യത്തിൽ നിന്ന് അല്പം മാറിചവിട്ടി വൻ വളർച്ചയുടെ പാത സ്വീകരിച്ചാലോ? വൻ വളർച്ചയെ പിൻതുണയ്ക്കുന്ന സാമ്പത്തിക പരിഷ്കരണ നടപടികൾക്ക് പറ്റിയ സമയം ഇതല്ലേ? അതോ വളർച്ചയും ധനകാര്യ സുസ്ഥിരതയും സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു പാത സ്വീകരിക്കണോ? ധനകാര്യമന്ത്രിയെ ധർമ്മസങ്കടത്തിലാക്കുന്ന സാഹചര്യമാണിത്. ഈ രണ്ടുപാതകളിൽ ഏതിലൂടെ മുന്നേറിയാലും പിൻതുണയ്ക്കാൻ ധനശാസ്ത്ര വിദഗ്ധരും ബുദ്ധിജീവികളുമുണ്ട്. പക്ഷേ ഒരു രാജ്യത്തിന്റെ ബജറ്റ് എന്നത് തന്റെ ധനകാര്യ പാണ്ഡിത്യം പ്രദർശിപ്പിക്കാനുള്ള അവസരമല്ലെന്ന് ധനമന്ത്രിക്കറിയാം. അതിന്റെ രാഷ്ട്രീയമാനം കാണാതിരിക്കുന്നത് കാടുകാണാതെ മരംകാണുന്നതിന് തുല്യമാണ്. 7-ാം ശമ്പളകമ്മീഷൻ ബാദ്ധ്യതകളും 'ഒരു റാങ്കിന് ഒരു പെൻഷൻ' എന്ന തത്വം സൃഷ്ടിച്ചിട്ടുള്ള ബാദ്ധ്യതകളും അദ്ദേഹത്തിന്റെ മുൻപിലുണ്ട്. അന്താരാഷ്ട്ര രംഗത്തെ അനിശ്ചിതത്വങ്ങളും കഷ്ടപ്പെട്ട് നേടിയെടുത്ത ധനകാര്യ സുസ്ഥിരിതാ പാതയിൽ നിന്ന് വ്യതിചലിക്കുന്നതിനിടെ ഉളവായിട്ടുള്ള സാഹസങ്ങളും വൻ വളർച്ചയ്ക്കുള്ള നടപടികൾ നടത്തിയെടുക്കുന്നതിൽ നമ്മുടെ രാജ്യത്തിന്റെ പരിമിതികളുമൊക്കെ അദ്ദേഹത്തെ കുറേയൊക്കെ പിൻതിരിപ്പിച്ചിട്ടുണ്ട് എന്നതിൽ സംശയമില്ല.

ഈ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് ബജറ്റിലെ പൊതു വ്യയത്തെയും വിഭവ സമാഹരണത്തെയും സംബന്ധിച്ച നിർദ്ദേശങ്ങൾ വിമർശനാത്മകമായി പരിശോധിക്കാം.

## വളർച്ചയെ പിൻതുണയ്ക്കുന്ന പൊതുവ്യയം

ദുർലഭമായ പൊതുവിഭവങ്ങൾ എവിടെ എങ്ങനെ വിന്യസിക്കുന്നു എന്നത് ഒരു വികസ്വര രാജ്യത്തെ സംബന്ധിച്ചിടത്തോളം നിർണ്ണായകമാണ്. ജനങ്ങളെ താല്ക്കാലികമായി സന്തോഷിപ്പിക്കുന്ന നടപടികളേക്കാളേറെ ദീർഘകാലാടിസ്ഥാനത്തിൽ തൊഴിലവസരങ്ങളും വരുമാനവും ഉറപ്പുവരുത്തുന്ന പദ്ധതികൾക്കാണ് പ്രസക്തി. ഇന്ത്യയുടെ വർത്തമാനകാല സാഹചര്യത്തിൽ സ്വകാര്യമേഖലയുടെ ആത്മവിശ്വാസം അത്ര ശക്തമല്ല. ഇതുമൂലം ചോദനത്തിലുണ്ടാകുന്ന ആകെമാനമുള്ള കുറവ് കൂടുതൽ പൊതുമുതൽ മുടക്കിലൂടെ പരിഹരിക്കേണ്ടതുണ്ട്. 'ഇന്ത്യയിൽ ഉത്പാദിപ്പിക്കുക' എന്ന ധീരമായ മുദ്രാവാക്യം ഉയർത്തുകവഴി പ്രധാനമന്ത്രി നരേന്ദ്രമോഡി രാജ്യത്തെ ആകമാനം ചലനാത്മകമാക്കികഴിഞ്ഞു. പക്ഷേ ഇന്ത്യയിൽ ഉത്പ്പാദിപ്പിച്ച് കയറ്റുമതിചെയ്ത് വൻ വളർച്ച നേടാവുന്ന സ്ഥിതിയിലല്ല അന്താരാഷ്ട്ര രംഗം. 125 കോടിയിൽപരം ജനങ്ങളുള്ള ഈ രാജ്യം ബൃഹത്തായ ഒരു വിപണിയാണ്. നമ്മുടെ ഗ്രാമീണ മേഖലയിലെ ജനങ്ങളുടെ ക്രയശേഷി വർദ്ധിപ്പിക്കുന്ന ഏതൊരു നടപടിയും 'ഇന്ത്യയിൽ ഉൽപാദിപ്പിക്കുക' എന്ന മുദ്രാവാക്യത്തെ പിൻതുണയ്ക്കുന്നതാണ്. കഴിഞ്ഞ രണ്ടു ബജറ്റുകളിലും ഗ്രാമീണ മേഖലയ്ക്ക് കൈയയച്ച പിന്തുണ നല്കിയില്ല എന്ന പഴി ധനമന്ത്രിക്ക് കേൾക്കേണ്ടിവന്നിട്ടുണ്ട്. ഈ ബജറ്റിൽ കാർഷിക-ഗ്രാമീണ മേഖലകൾക്കുള്ള വിഹിതത്തിലുണ്ടായ വൻ വർദ്ധന ഈ കുറവ് പരിഹരിച്ചു എന്ന് നിസംശയം പറയാം. കൃഷിക്കും കർഷകക്ഷേമത്തിനുമായി 35984 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കാർഷിക വായ്പാലക്ഷ്യമായി 9 ലക്ഷം കോടി രൂപ നിശ്ചയിച്ചിരിക്കുന്നു.

നമ്മുടെ കാർഷിക മേഖലയിലെ പ്രശ്നങ്ങൾ വെറും വിഭവങ്ങളുടേത് മാത്രമല്ല. എക്കാലവും ഇന്ത്യയിലെ കാർഷികരംഗം കാലാവസ്ഥയുമായുള്ള ഒരു ചൂതുകളിയായിരുന്നു. സ്വാതന്ത്ര്യം കിട്ടിയിട്ട് വർഷങ്ങൾ 68 കഴിഞ്ഞുവെങ്കിലും വഞ്ചി തിരുനക്കര തന്നെയാണ്. ഉദ്ദേശം 28.5 ലക്ഷം ഹെക്ടർ ഭൂമിയിൽ ജലസേചന സൗകര്യം ഏർപ്പെടുത്താൻ ലക്ഷ്യമിടുന്ന

പദ്ധതിയുടെ പ്രസക്തി ഇവിടെയാണ്. കൂടാതെ പൂർത്തിയാകാതെ കിടക്കുന്ന 89 ജലസേചന പദ്ധതികൾ വേഗത്തിൽ പൂർത്തിയാക്കി 80.6 ലക്ഷം ഹെക്ടറിൽ കൂടി ജലസേചനം വ്യാപിപ്പിക്കാനുള്ള പദ്ധതിയുമുണ്ട്.

അതിവൃഷ്ടിയും വരൾച്ചയും വിലയിലെ അപ്രതീക്ഷിതമായ ഏറ്റക്കുറച്ചിലുകളും ഒക്കെയായി 'കൃഷികൊണ്ട് രക്ഷയില്ല' എന്ന ഒരു മനോഭാവം രാജ്യത്താകെയുണ്ട്. ഇതിന്റെ ഫലമായി പട്ടണങ്ങളിലേക്കും മറ്റു സംസ്ഥാനങ്ങളിലേക്കും കർഷകർ കുടിയേറുന്ന അവസ്ഥ സുപരിചിതമാണ്. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ എന്ന സ്ഥാപനം നടത്തിയ പഠനത്തിൽ കണ്ടത് കേരളത്തിൽ മാത്രം 25 ലക്ഷം അന്യസംസ്ഥാന തൊഴിലാളികൾ ഉണ്ടെന്നാണ്. കർഷകരുടെ വരുമാനം 5 വർഷം കൊണ്ട് ഇരട്ടിയാക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രധാനമന്ത്രിയുടെ പദ്ധതി ഈ സ്ഥിതി വിശേഷത്തിൽ വലിയ മാറ്റമുണ്ടാക്കും. കാർഷികാവശ്യങ്ങൾക്കുള്ള വായ്പയിന്മേൽ കുറഞ്ഞ പലിശനിരക്കും വിള ഇൻഷുറൻസ് പോലുള്ള പ്രോത്സാഹനങ്ങളും ഒക്കെച്ചേർന്നാലേ കർഷകരെ കൃഷിയിൽ പിടിച്ചുനിർത്താനൊക്കൂ. രണ്ടു വരൾച്ചയിലൂടെ കടന്നുപോയ നമ്മുടെ കർഷകരുടെ ആത്മവിശ്വാസം ഉയർത്താനുതകുന്നതാണ് 15000 കോടി രൂപ പലിശയിളവും 5500 കോടി രൂപയുടെ വിള ഇൻഷുറൻസ് പദ്ധതിയും.

ഇന്ത്യയിലെ കാർഷിക മേഖലയിലെ ഒരു പ്രധാന പ്രശ്നമാണ് വിളവെടുപ്പിനു ശേഷമുള്ള കാർഷികോത്പന്നങ്ങളുടെ സംസ്കരണവും വിപണനവും. പച്ചക്കറികളും പഴങ്ങളും പോലുള്ള കാർഷികോൽപന്നങ്ങൾക്ക് ശീതീകരണ സംവിധാനമുണ്ടെങ്കിൽ വളരെ കുറഞ്ഞ വിലയ്ക്ക് വിറ്റ് ഒഴിവാക്കുന്ന സ്ഥിതിവിശേഷത്തിന് മാറ്റമുണ്ടാകും. ഈ മേഖലയിൽ 100% നേരിട്ടുള്ള വിദേശനിക്ഷേപം അനുവദിക്കാനുള്ള നിർദ്ദേശം ധീരവും സ്വാഗതാർഹവുമാണ്.

എടുത്തുപറയേണ്ട മറ്റൊരു നിർദ്ദേശമാണ് രാസവളങ്ങളുടെ കാര്യത്തിൽ നേരിട്ട് പണം നൽകൽ പദ്ധതി. പാചകവാതകത്തിന്റെ കാര്യത്തിൽ വിജയം കണ്ട ഈ സംവിധാനം പക്ഷേ രാസവളത്തിന്റെ കാര്യത്തിൽ എത്രമാത്രം ഫലപ്രദമാവും എന്ന കാര്യം സംശയമാണ്. കാർഷികമേഖലയ്ക്കുള്ള ബജറ്റ് നിർദ്ദേശങ്ങൾ മൊത്തത്തിൽ എടുക്കുമ്പോൾ ഒരു ദീർഘകാല പരിപ്രേക്ഷ്യം ദൃശ്യമാണ്. ഗ്രാമീണ റോഡുകളുടെ വികസനം, ജലസേചനം, മണ്ണിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള കാർഡുകൾ എന്നു തുടങ്ങി ഏറെക്കുറെ എല്ലാ നിർദ്ദേശങ്ങളും ദീർഘകാല പരിപ്രേക്ഷ്യവുമായി ഒത്തുപോകുന്നതാണ്.

വ്യവസായമേഖലയുമായി ബന്ധപ്പെട്ട ഏതാണ്ട് എല്ലാ ബജറ്റ് നിർദ്ദേശങ്ങളും 'ഇന്ത്യയിൽ നിർമ്മിക്കുക' എന്ന അടിസ്ഥാന മുദ്രാവാക്യത്തിന് പിൻതുണയേകുന്നതാണ്. ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്ന ഉൽപന്നങ്ങൾക്ക് മൂല്യവർദ്ധന പ്രോത്സാഹിപ്പിക്കുംവിധം കസ്റ്റംസ്, എക്സൈസ് എന്നീ നികുതികളുടെ നിരക്കിലും ഘടനയിലും പല മാറ്റങ്ങളും വരുത്തിയിട്ടുണ്ട്. കോർപ്പറേറ്റ് വരുമാനനികുതിയിൽ കാര്യമായ കുറവ് വരുത്തിയിട്ടില്ലെങ്കിലും പുതിയ വ്യവസായങ്ങൾക്ക് 25% എന്ന കുറഞ്ഞ നിരക്ക് ബാധകമാക്കിയിട്ടുണ്ട്. ചെറുകിട വ്യാവസായികോൽപന്ന കമ്പനികൾക്ക് ആശ്വാസം ലഭ്യമാക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള 29% എന്ന നികുതിനിരക്ക് ഈ മേഖലയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കാൻ പര്യാപ്തമാകും.

പുതുതായി തുടങ്ങുന്ന ചെറുകിട ഇടത്തരം വ്യവസായങ്ങൾക്ക് തുടർച്ചയായി മൂന്നുവർഷങ്ങളിൽ 'നികുതി അവധി' നല്കുന്ന നിർദ്ദേശം പ്രധാനമന്ത്രിയുടെ പുതുസംരംഭ പ്രോത്സാഹന പദ്ധതിക്ക് കൊടുക്കുന്ന നല്ലൊരു പിൻതുണയാണ്. പുതുസംരംഭങ്ങൾ എപ്പോഴും പ്രശ്നങ്ങളുടെ നിലയില്ലാ കയത്തിലായിരിക്കും. ഈ സംരംഭക ശിശുക്കൾക്ക് സ്വന്തം കാലിൽ നില്ക്കാൻ ആകുന്നതുവരെ പ്രോത്സാഹനം കൊടുത്താൽ അവ സമ്പദ്വ്യവസ്ഥയ്ക്ക് വൻ സംഭാവന തന്നെ നൽകും.

ഇന്ത്യയിലെ വ്യവസായരംഗം നികുതി ഇളവുകളെക്കാളേറെ പ്രതീക്ഷിക്കുന്നത് സുതാര്യവും പ്രവചിക്കാവുന്നതുമായ ഒരു നികുതി വ്യവസ്ഥയാണ്. അങ്ങേയറ്റം സങ്കീർണ്ണമായ ഇന്ത്യയിലെ നികുതിവ്യവസ്ഥ സംരംഭകരുടെ മത്സരക്ഷമത കാര്യമായി കുറ

യ്ക്കുന്നുണ്ട്. ചരക്കുസേവന നികുതി അവർ പ്രതീക്ഷയോട ഉറ്റുനോക്കിക്കൊണ്ടിരുന്നതാണ്. നിർഭാഗ്യവശാൽ ചരക്കുസേവന നികുതിയുടെ കാര്യത്തിൽ ഇനിയും വ്യക്തത കൈവന്നിട്ടില്ല. എങ്കിലും നികുതിയുടെ കാര്യത്തിലുള്ള തർക്കങ്ങൾ സത്വരമായി പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ കസ്റ്റംസ്, എക്സൈസ്, സേവനനികുതി എന്നിവയുടെ 11 പുതിയ ട്രിബ്യൂണൽ ബഞ്ചുകൾ സ്ഥാപിക്കാൻ ധനമന്ത്രി നിർദ്ദേശിച്ചിട്ടുണ്ട്.

## സാമൂഹിക സേവന മേഖല : പ്രതീക്ഷയ്ക്ക് ഒത്ത് ഉയർന്നോ?

മാനവ വികസന സൂചികയിൽ വളരെ പിന്നിൽ നില്ക്കുന്ന രാജ്യമാണ് ഇന്ത്യ. ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ കൂടുതൽ പൊതുമുതൽ മുടക്കിലൂടെയാണ് മിക്ക വികസിത രാജ്യങ്ങളും മാനവവികസനം ഉറപ്പാക്കിയത്. മറ്റുപല രാജ്യങ്ങളെയും അപേക്ഷിച്ച് ജനസംഖ്യയിൽ യുവാക്കളുടെ എണ്ണം കൂടുതലുള്ള രാജ്യമാണ് ഇന്ത്യ. ഈ അനുകൂല ഘടകം പരമാവധി പ്രയോജനപ്പെടുത്തണമെങ്കിൽ ആരോഗ്യ വിദ്യാഭ്യാസ മേഖലകളിൽ കൂടുതൽ പൊതുമുതൽ മുടക്ക് ആവശ്യമുണ്ട്. എന്നാൽ ഈ മേഖലകളിലുള്ള വകയിരുത്തലുകൾ പ്രതീക്ഷയ്ക്ക് ഒത്ത് ഉയർന്നിട്ടുണ്ട് എന്ന് പറയാനാകില്ല. വിദ്യാഭ്യാസത്തിനുള്ള മൊത്തം വകയിരുത്തൽ 71, 139 കോടി രൂപയാണെങ്കിലും ദേശീയ വരുമാനത്തിന്റെ ശതമാനമായി എടുക്കുമ്പോൾ ഇത് കഴിഞ്ഞ വർഷത്തേക്കാൾ അല്പം കുറഞ്ഞതായി കാണാം. അതേ സമയം തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനും നൈപുണ്യ വികസനത്തിനും കൊടുത്തിട്ടുള്ള ഊന്നൽ ഇന്ത്യയെ ഒരു ഉത്പാദനാധിഷ്ഠിത രാജ്യമാക്കി മാറ്റാനുള്ള ദൃഢനിശ്ചയത്തിന്റെ ഭാഗമായി കാണാം. ആരോഗ്യമേഖലയുടെ കാര്യത്തിലും ഏകദേശം 10% വർദ്ധനയുണ്ടെങ്കിലും ദേശീയ വരുമാനത്തിന്റെ ശതമാനമായി എടുക്കുമ്പോൾ നിലവിലെ വകയിരുത്തൽ അപര്യാപ്തമാണെന്ന് പറയേണ്ടിയിരിക്കുന്നു. വൃദ്ധജനങ്ങൾക്കും അംഗവൈകല്യമുള്ളവർക്കും വിധവകൾക്കുമുള്ള സഹായങ്ങളുടെ കാര്യത്തിലും 9000 കോടിയിൽ നിന്ന് 9500 കോടിയായുള്ള വർദ്ധന അപര്യാപ്തമാണ്. പുതുതായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ഓരോ കുടുംബത്തിനും ഒരുലക്ഷം രൂപയുടെ ആരോഗ്യ ഇൻഷുറൻസ് പദ്ധതി ഈ പരിമിതികളെ ഒരു പരിധിവരെ മറികടക്കുമെന്ന് പ്രതീക്ഷിക്കാം.

## അടിസ്ഥാന സൗകര്യ മേഖലയും ഗാർഹിക മേഖലയും

ഗ്രാമീണ റോഡുകൾ അടക്കം ഗതാഗത മേഖലയ്ക്കുമുള്ള വകയിരുത്തലിൽ 10,000 കോടി രൂപയുടെ വർദ്ധന പ്രതീക്ഷയ്ക്ക് വകനല്കുന്നു. അതേസമയം ഊർജ്ജമേഖലയ്ക്ക് കുറേകൂടി ഉയർന്ന വകയിരുത്തൽ വേണ്ടിയിരുന്നു. കാരണം 'ഇന്ത്യയിൽ നിർമ്മിക്കുക' എന്ന പദ്ധതിക്ക് ഇത് കുറേക്കൂടി ഉത്തേജനം നല്കുമായിരുന്നു. ഇന്ത്യയിലെ ഗ്രാമങ്ങളിൽ വൈദ്യുതി എത്തിച്ചേരാത്തതായി ആയിരക്കണക്കിന് ഗ്രാമങ്ങളുണ്ട്. വൈദ്യുതി എത്തിച്ചേർന്ന ഗ്രാമങ്ങളുടെ കാര്യത്തിൽപോലും വൈദ്യുതിയുടെ ഗുണനിലവാരം ഒരു പ്രശ്നമായി തുടരുന്നു. പാരമ്പര്യേതര ഊർജ്ജ വികസനത്തിന് 5036 കോടി രൂപയുടെ വകയിരുത്തൽ ഉണ്ട് എങ്കിലും രാജ്യത്തിന്റെ വർദ്ധിച്ചുവരുന്ന ഉർജ്ജ ആവശ്യങ്ങൾ പരിഗണിക്കുമ്പോൾ കുറേക്കൂടി മെച്ചപ്പെട്ട വകയിരുത്തൽ വേണ്ടിയിരുന്നു എന്നു തോന്നുന്നു.

പാർപ്പിട മേഖലയിൽ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള പദ്ധതികൾ സമ്പദ്‌വ്യവസ്ഥക്ക് പൊതുവെ ഉണർവ്വ് നല്കുന്നതാണ്. കാരണം പാർപ്പിടമേഖല, സിമന്റ്, സ്റ്റീൽ, പെയിന്റ്, തുടങ്ങി ഒട്ടനവധി വ്യവസായങ്ങളുമായി ബന്ധപ്പെട്ടതാണ്. നഗരങ്ങളിലെ ദുർബ്ബല വിഭാഗങ്ങൾക്കുള്ള പാർപ്പിട പദ്ധതി തീർച്ചയായും പ്രതീക്ഷ നല്കുന്ന ഒരു പദ്ധതിയാണ്.

## വിഭവ സമാഹരണം: പ്രതീക്ഷകൾ പൂവണിയുമോ?

ധനകാര്യ സുസ്ഥിരതാ പാതയിൽ നിന്ന് വ്യതിചലിക്കാതെ മുന്നോട്ടു പോകണമെങ്കിൽ വിഭവസമാഹരണ ലക്ഷ്യം കൈവരിക്കേണ്ടതുണ്ടെന്ന് ധനമന്ത്രിക്ക് അറിയാം. പക്ഷേ ഈ ലക്ഷ്യങ്ങൾ വലിയൊരളവോളം സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയേയും അന്താരാഷ്ട്ര സമ്പദ്‌വ്യവസ്ഥയുടെ സാഹചര്യത്തേയും ആശ്രയിച്ചാണിരിക്കുന്നത്. പ്രതീക്ഷിക്കുന്ന സാമ്പത്തിക വളർച്ച ഉണ്ടായില്ലെങ്കിൽ നികു

തിവരുമാനം കൂപ്പുകുത്തും. അതുകൊണ്ടു തന്നെയാണ് റവന്യൂ കമ്മിയെ സംബന്ധിച്ച് ഒരു ഒത്തുതീർപ്പിനും തയ്യാറാകാത്ത ഒരു ബഡ്ജറ്റ് ധനമന്ത്രി അവതരിപ്പിച്ചത്.



വിഭവ സമാഹരണത്തിന് ധനമന്ത്രിയുടെ മുൻപിൽ പല പോംവഴികളുമുണ്ടായിരുന്നു. ചരക്കു സേവനനികുതിയെ സംബന്ധിച്ച് രാഷ്ട്രീയ തലത്തിൽ അഭിപ്രായ സമന്വയം ഉണ്ടാകാത്തത് തീർച്ചയായും അദ്ദേഹത്തെ നിരാശനാക്കിയിട്ടുണ്ടാകും. ചരക്കു സേവനനികുതി രണ്ടോ മൂന്നോ ശതമാനം വർദ്ധിപ്പിക്കാമായിരുന്നു. പ്രധാനമായും പരോക്ഷനികുതികളെയാണ് വിഭവസമാഹരണത്തിനായി ആശ്രയിച്ചിട്ടുള്ളത്. പരോക്ഷ നികുതികളുടെ ഭാരം താഴ്ന്ന വരുമാനക്കാരെയും പാവപ്പെട്ടവരെയുമാണ് നേരിട്ട് ബാധിക്കുക. എക്സൈസ് ഡ്യൂട്ടിയുടെ കാര്യത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വർദ്ധന പണപ്പെരുപ്പത്തിന് കാരണമാകില്ലേ എന്ന സന്ദേഹവും അസ്ഥാനത്തല്ല. നിലവിൽ പണപ്പെരുപ്പനിരക്ക് കുറഞ്ഞിരിക്കാനുള്ള ഒരുകാരണം എണ്ണവില ഏറെക്കുറെ സ്ഥിരമായി നില്ക്കുന്നതാണ്. ഈ സ്ഥിതി തുടരുമെന്ന് പ്രതീക്ഷിക്കാനാവില്ല. ഏതെങ്കിലും കാരണവശാൽ എണ്ണവില ഉയർന്നാൽ പരോക്ഷ നികുതികളും കൂടി ച്ചേർന്ന് വിലനിലവാരം പിടിച്ചുനിർത്താനാവാത്ത വിധം ഉയർന്നേക്കാം.

ശമ്പളക്കാരെ സംബന്ധിച്ചിടത്തോളം ബജറ്റ് നിരാശാജനകമാണെന്ന് ഒരു തോന്നൽ പൊതുവെയുണ്ട്. പക്ഷേ ഇവിടെ ഓർക്കേണ്ട ഒരു കാര്യമുണ്ട്. സാമ്പത്തികസർവ്വേ ചൂണ്ടിക്കാണിച്ചതു പോലെ ശമ്പളക്കാരിൽ വെറും 5.5% മാത്രമാണ് ആദായനികുതി ഒടുക്കുന്നത്. വോട്ടർമാരിൽ 4% മാത്രമാണ് നികുതിദായകർ. ഈ സാഹചര്യത്തിൽ ആദായനികുതിയുടെ പരിധി ഉയർത്തുന്നത് നിലവിലുള്ള നികുതി വരുമാനത്തെ സാരമായി ബാധിക്കും. കൂടുതൽ നികുതിദായകരെ വരുമാനനികുതിയുടെ പരിധിയിൽ കൊണ്ടുവന്ന് നികുതി അടിത്തറ വിപുലമാക്കിയതിനുശേഷം ആദായനികുതിയുടെ പരിധി ഉയർത്താവുന്നതേയുള്ളൂ. വിവര സാങ്കേതികവിദ്യയും ആധാറും ഇന്റർനെറ്റും വഴിയുള്ള സാമ്പത്തിക ഇടപാടുകളുടെ ദ്രുതഗതിയിലുള്ള വ്യാപനവും ഒരു പുതിയ നികുതി നല്കൽ സംസ്കാരത്തിലേക്ക് രാജ്യത്തെ പിടിച്ചുയർത്തും എന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. ലളിതവും സുതാര്യവും പ്രവചനാത്മകവുമായ ഒരു നികുതിവ്യവസ്ഥ സമ്പദ്‌വ്യവസ്ഥയുടെ വളർച്ചക്കും അധിക നികുതി വരുമാനത്തിനും വഴിവയ്ക്കും. ഈ ദിശയിലുള്ള പല നിർദ്ദേശങ്ങളും ഈ ബജറ്റിലുണ്ട്.

ഒന്നോർത്താൽ നികുതിഭാരത്തെക്കുറിച്ച് ബജറ്റ് അവതരണ വേളയിൽ പ്രകടിപ്പിക്കപ്പെടാറുള്ള ആശങ്കകൾക്ക് വലിയ അടിസ്ഥാനമില്ല. നമ്മുടെ നികുതി-ദേശീയ വരുമാന അനുപാതം വെറും 16.6% മാത്രമാണ്. നേരേമറിച്ച് മിക്ക വികസിത രാജ്യങ്ങളിലും ഇത് 35% ന് മേലെയാണ്. പൊതുസേവനങ്ങളും അളവും ഗുണനിലവാരവും വർദ്ധിപ്പിക്കണമെങ്കിൽ ഈ അനുപാതം 25% ലേക്ക് എങ്കിലും ഉയരുകതന്നെ വേണം.

പല സ്രോതസുകളിൽ നിന്നായി വൻതോതിൽ നികുതിയേതര വരുമാനം സമാഹരിക്കാം എന്ന പ്രതീക്ഷ ധനമന്ത്രിക്കുണ്ട്. പലവിധ സെസ്സുകളും പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരിവില്പനയും പ്രധാനപ്പെട്ട സ്രോതസ്സുകളാണ്. സ്പെക്ട്രം വില്പനയിലൂടെ മാത്രം 98,994 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്. കഴിഞ്ഞ വർഷത്തേക്കാൾ 75% വർദ്ധനയാണ് ഈ സാമ്പത്തികവർഷം ലക്ഷ്യമിടുന്നത്.

സമ്പദ്‌വ്യവസ്ഥയുടെ ഇപ്പോഴത്തെ നില പരിഗണിക്കുമ്പോൾ നികുതിയേതര വരുമാനത്തിന് ഊന്നൽ കൊടുത്തുകൊണ്ടുള്ള വിഭവസമാഹരണ തന്ത്രത്തിന് സാമ്പത്തികശാസ്ത്ര യുക്തിയുണ്ട്. പൊതുവെ ചോദനം കുറഞ്ഞിരിക്കുന്ന അവസ്ഥയിൽ

അധിക നികുതി ചുമത്തിയാൽ അത് ചോദനത്തെ മന്ദീഭവിപ്പിക്കുകയേയുള്ളു. നേരേമറിച്ച് നികുതിയേതര വരുമാനം സ്വരൂപിച്ച് കൂടുതൽ പൊതുവിഭവങ്ങൾ ഗ്രാമീണമേഖലയിലേക്ക് എത്തിക്കാനായാൽ ആഭ്യന്തര ഉപഭോഗം വർദ്ധിക്കുകയും നികുതി വരുമാനം സ്വാഭാവികമായി തന്നെ ഉയരുകയും ചെയ്യും.

പക്ഷേ ഇവിടെയും തന്റെ മുൻപിലുള്ള പോംവഴികൾ എല്ലാം ധനമന്ത്രി പ്രയോജനപ്പെടുത്തി എന്ന് പറയാനാകില്ല. സ്വകാര്യ മേഖലയുടെ നിക്ഷേപം കാര്യമായി വർദ്ധിക്കാത്ത സാഹചര്യത്തിൽ എങ്ങനെയും പൊതു മൂലധന നിക്ഷേപം കുറേക്കൂടി വർദ്ധിപ്പിക്കാൻ ശ്രമിക്കാമായിരുന്നു. തീർച്ചയായും റവന്യൂകമ്മിയെ സംബന്ധിച്ച ലക്ഷ്യത്തിൽ നിന്ന് വ്യതിചലിക്കാതെ ഇതെങ്ങനെ സാധിക്കും എന്ന ചോദ്യമുണ്ട്. ഉത്പാദനക്ഷമമല്ലാത്ത റവന്യൂ ചെലവുകൾ വെട്ടിച്ചുരുക്കി മൂലധന നിക്ഷേപം വർദ്ധിപ്പിക്കുക എന്ന തന്ത്രം സ്വീകരിക്കാമായിരുന്നു. എണ്ണ വില ഇത്ര കുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ 2.5 ലക്ഷം കോടി രൂപയുടെ ഈ ഇനത്തിലുള്ള സബ്സിഡിക്ക് വലിയ ന്യായീകരണമുണ്ടെന്ന് തോന്നുന്നില്ല. അതുപോലെ തന്നെ വൻതോതിൽ പൊതു വിഭവങ്ങൾ പാഴായിപ്പോകുന്ന ഒരു മേഖലയാണ് രാസവളങ്ങളുടെ കാര്യത്തിലെ സബ്സിഡി. കഴിഞ്ഞ 10 വർഷത്തിനിടയിൽ യൂറിയയുടെ വില വർദ്ധിപ്പിച്ചിട്ടേയില്ല. യൂറിയയുടെ കുറഞ്ഞ വില ഇതിന്റെ ഉപഭോഗം രാസവളം ഒഴിച്ചുള്ള മേഖലകളിലേക്ക് തിരിച്ചുവിടുന്നതിന് കാരണമായിട്ടുണ്ട്. ഭക്ഷ്യമേഖലയിലെ സബ്സിഡികൾ അർഹിക്കുന്നവർക്കു മാത്രമായി പരിമിതപ്പെടുത്തി വൻതോതിൽ റവന്യൂ ചെലവുകൾ കുറയ്ക്കാനാകുമായിരുന്നു. സാമ്പത്തികസർവ്വേ എടുത്തുകാട്ടിയ ഒരുകാര്യം ഇന്ത്യയിലെ സബ്സിഡികൾ വൻതോതിൽ സമ്പന്നരിലേക്കും മദ്ധ്യവർഗ്ഗത്തിലേക്കും പോകുന്നു എന്നതാണെന്നോർക്കണം.

2016-17 ൽ 2.47 ലക്ഷം കോടി രൂപയുടെ മൂലധന നിക്ഷേപമാണ് ബജറ്റിൽ വകയിരുത്തപ്പെട്ടിട്ടുള്ളത്. ഇതു പക്ഷേ കഴിഞ്ഞ വർഷത്തേക്കാൾ വെറും 3.9% വർദ്ധന മാത്രമാണ്. കഴിഞ്ഞ സാമ്പത്തിക വർഷം 21% വർദ്ധന രേഖപ്പെടുത്തിയ സമയത്താണ് ഇതെന്നോർക്കണം. യഥാർത്ഥത്തിൽ ദേശീയ വരുമാനത്തിന്റെ ശതമാനമെന്ന നിലയിൽ എടുത്താൽ ഇത് കഴിഞ്ഞ സാമ്പത്തികവർഷത്തെ 1.8% എന്ന നിലയിൽ നിന്ന് 1.6% ലേക്ക് താഴ്ന്നിരിക്കുകയാണ് എന്ന് കാണാം.

സർച്ചാർജുകളെയും സെസ്സുകളെയും ആശ്രയിച്ചുള്ള പൊതു വിഭവ സമാഹരണം 'സഹകരണാധിഷ്ഠിത കേന്ദ്രസംസ്ഥാന ബന്ധം' എന്ന തത്വത്തിന് നിരക്കുന്നതല്ല എന്ന ദോഷവുമുണ്ട്. നികുതിവഴിയുള്ള അധികവരുമാനം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കാനുള്ള ഭരണഘടനാപരമായ ഉത്തരവാദിത്തം ധനകാര്യ കമ്മീഷനുകൾ ഉറപ്പുവരുത്തുന്നുണ്ട്. സർച്ചാർജുകളും സെസ്സുകളും വഴിയായുള്ള അധികവരുമാനം പക്ഷേ ഇത്തരത്തിൽ സംസ്ഥാനങ്ങളുമായി പങ്കുവെയ്ക്കേണ്ടതില്ല. 2015-16ലെ മതിപ്പ് കണക്കുകൾ പ്രകാരം കേന്ദ്രത്തിന്റെ മൊത്തം നികുതിവരുമാനത്തിന്റെ 36.2% സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ടതായിരുന്നു. പക്ഷേ പുതിയ കണക്കുകൾ കാണിക്കുന്നത് ഇത് 34.7% ആയി കുറയുമെന്നാണ്. സംസ്ഥാനങ്ങളുടെ വിഹിതം കുറയുന്നത് സംസ്ഥാനങ്ങളുടെ ധനകാര്യത്തെ പ്രതികൂലമായി ബാധിക്കും. റവന്യൂ ചെലവുകൾ മിക്കതും 'ഏറ്റുപോയ' ചെലവുകൾ ആകയാൽ മൂലധനച്ചെലവ് കുറയ്ക്കുക എന്ന എളുപ്പവഴി സംസ്ഥാനങ്ങളും സ്വീകരിക്കും. ഇങ്ങനെ കേന്ദ്രതലത്തിലും സംസ്ഥാന തലത്തിലും മൂലധന നിക്ഷേപം കുറയുന്നത് സാമ്പത്തിക വളർച്ചയെ ദോഷകരമായി ബാധിക്കാൻ സാധ്യതയുണ്ട്.

ഇന്ത്യയുടെ പ്രത്യേക സാഹചര്യത്തിൽ പൊതു മൂലധന നിക്ഷേപം പോലെ തന്നെ പ്രധാനമായ ഒരു കാര്യമാണ് ബിസിനസ്സ് ചെയ്യാനുള്ള എളുപ്പം. ബിസിനസ്സ് ചെയ്യാനുള്ള എളുപ്പത്തിന്റെ അടിസ്ഥാനത്തിൽ ലോകബാങ്ക് രാജ്യങ്ങളെ എല്ലാ വർഷവും റാങ്ക് ചെയ്യാറുണ്ട്. ഇന്ത്യയുടെ റാങ്ക് എക്കാലത്തും നൂറിനു മുകളിലാണ്. ബിസിനസ്സുകാർക്ക് പൊതുവെ സങ്കീർണ്ണമായ നികുതിവ്യവസ്ഥ പേടിസ്വപ്നമാണ്. മിക്ക വികസിത രാജ്യങ്ങളിലെയും നികുതിവ്യവസ്ഥ ലളിതവും കൃത്യതയുള്ളതുമാണ്. ബിസിനസ്സ് ചെയ്യാനുള്ള എളുപ്പത്തിന്റെ കാര്യത്തിൽ ഇന്ത്യയുടെ റാങ്ക് ഉയരണമെങ്കിൽ ലളിതമായ ഒരു നികുതിവ്യവസ്ഥയിലേക്ക് മാറേണ്ടത് അത്യന്താപേക്ഷിതമാണ്. ചരക്കു സേവനനികുതി ഈ ദിശയിലുള്ള ഒരു പ്രധാന കാൽവയ്പാണ്. ഇക്കാര്യത്തി

ലുള്ള കാലതാമസവും കൂടി കണക്കിലെടുത്താവണം, നികുതി സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കാനും മുൻകാല പ്രാബല്യത്തോടെ നികുതിനിയമങ്ങൾ നടപ്പാക്കുന്നത് ഒഴിവാക്കാനും പല നിർദ്ദേശങ്ങളും ഈ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

ഇന്ത്യയെപ്പോലുള്ള ഒരു വികസ്വര രാജ്യത്ത് ബജറ്റ് നിർദ്ദേശങ്ങളെക്കാളും പ്രഖ്യാപനങ്ങളെക്കാളും പ്രധാനം നടത്തിയെടുക്കൽ തന്നെയാണ്. സത്യത്തിൽ വളരെ ഭാവനാസമ്പന്നമായ പല ബജറ്റുനിർദ്ദേശങ്ങളും പരാജയമടയുന്നതിനു കാരണം മോശമായ നടത്തിപ്പാണ്. ഗ്രാമീണ മേഖലയിലെ പല പദ്ധതികളും പരാജയപ്പെടുന്നത് വൈദ്യുതിയുടെ അഭാവവമോ മോശമായ ഗുണനിലവാരമോ മൂലമാണ്. ഇതുമൂലം ജലസേചനത്തിനുള്ള വകയിരുത്തലുകൾ പ്രയോജനപ്പെടുത്താനാവാതെ വരുന്നു. ഗ്രാമീണ റോഡുകളുടെ വികസനം, ജലസേചനം എന്നീ മേഖലകളിലുള്ള പദ്ധതികൾ വർഷങ്ങളോളം നീണ്ടുപോകുന്നതിന്റെ കാരണം കണ്ടെത്തി 'മിഷൻ മോഡ്' സമ്പ്രദായം സ്വീകരിക്കേണ്ടിയിരിക്കുന്നു. ആധാർ കാർഡുകൾ ഏറെക്കുറെ എല്ലാപേർക്കും ലഭ്യമായിട്ടുണ്ടെങ്കിലും ഇന്റർനെറ്റ് കണക്ടിവിറ്റിയുടെയും ബാങ്ക് ശാഖകളുടെയും കുറവു മൂലം രാസവള സബ്സിഡികൾ പണമായി നല്കുന്ന പദ്ധതി അവതാളത്തിലായേക്കാം. ഇക്കാര്യങ്ങളിലൊക്കെ ഭരണപരമായ നടപടികൾ സത്വരവും സുതാര്യവുമാക്കാനുള്ള നീക്കങ്ങൾ വേണ്ടിയിരിക്കുന്നു.

എന്തായാലും ഒരുകാര്യം ഉറപ്പിച്ചുപറയാം. ഈ ബജറ്റ് വളർച്ചയും സാമൂഹികമായ കരുതലും സംയോജിപ്പിച്ചുകൊണ്ടു പോകാനാണ് ലക്ഷ്യമിടുന്നത്. കഴിഞ്ഞ രണ്ടു ബജറ്റുകളിലെ നഗരാഭിമുഖ്യം രാജ്യത്തെ ചില പാഠങ്ങൾ പഠിപ്പിച്ചിട്ടുണ്ട്. വിദേശ രാജ്യങ്ങളിലെ ചോദനത്തെ മാത്രം ആശ്രയിച്ചുള്ള വ്യവസായവത്ക്കരണത്തോടൊപ്പം ആഭ്യന്തര ചോദനവും പ്രധാനമാണെന്ന് അംഗീകരിക്കപ്പെട്ടു. ഗ്രാമീണ ജനതയുടെ ക്രിയാശേഷി വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികൾ ഫലം കണ്ടാൽ ഒറ്റയടിക്ക് ഇന്ത്യ നേരിട്ടുകൊണ്ടിരിക്കുന്ന ഒട്ടനവധി പ്രശ്നങ്ങൾക്ക് പരിഹാരമാവും. വിവിധ സാമൂഹിക വിഭാഗങ്ങളും പ്രദേശങ്ങളും തമ്മിലും ഗ്രാമങ്ങളും നഗരങ്ങളും തമ്മിലുമുള്ള സാമ്പത്തിക അസമത്വമാണ് പല പല അസ്വസ്ഥതകളായി ഇന്ത്യയുടെ പല ഭാഗങ്ങളിൽ നിന്നും ദിവസേനയെന്നോണം ഉയർന്നുവന്നുകൊണ്ടിരിക്കുന്നത്. വികസനവും കരുതലും കൈകോർത്ത് മുന്നേറാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള ഈ ബജറ്റിന് എന്തെല്ലാം പരിമിതികൾ ഉണ്ടെങ്കിലും അവയെ മറികടക്കുന്ന ധനശാസ്ത്ര യുക്തിയുണ്ടെന്ന് സമ്മതിക്കണം. അങ്ങേയറ്റം പ്രവചനാതീതമായ ഇന്നത്തെ സാഹചര്യത്തിൽ ഒരു ധനമന്ത്രിയിൽ നിന്ന് ഇതിൽ കൂടുതൽ പ്രതീക്ഷിക്കാനാവില്ല.

*(ലേഖകൻ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷനിലെ ഫാക്കൽറ്റിയംഗമാണ്.)*

**വിജ്ഞാനപാത**

## പ്രധാനമന്ത്രി ജീവൻ ജ്യോതി ഭീമ യോജന (PMJJBY)

2015 ലെ ബജറ്റ് പ്രഖ്യാനത്തിൽ ഉൾപ്പെട്ട ലൈഫ് ഇൻഷുറൻസ് പദ്ധതിയായ പ്രധാനമന്ത്രി ജീവൻ ജ്യോതി ഭീമ യോജനക്ക് 2015 മെയ് 9-ന് കൊൽക്കത്തയിൽ പ്രധാനമന്ത്രി തുടക്കം കുറിച്ചു. 18 വയസ്സുമുതൽ 50 വയസ്സു വരെ പ്രായപരിധിയിൽ ഉള്ളവർക്ക് 330 രൂപ വാർഷിക പ്രീമിയത്തിൽ ഇൻഷുറൻസ് പദ്ധതിയിൽ അംഗമാകാവുന്നതാണ്. പ്രീമിയത്തിന് 14 ശതമാനം സർവീസ് ടാക്സും നൽകേണ്ടതുണ്ട്. ഇൻഷുറൻസ് സ്കീമിൽ അംഗമാകുന്ന വ്യക്തിക്ക് ബാങ്ക് അക്കൗണ്ട് നിർബന്ധമാണ്. ഏതു രീതിയിലുള്ള മരണം സംഭവിച്ചാലും 2 ലക്ഷം രൂപ ബാങ്ക് അക്കൗണ്ട് വഴി നോമിനിക്ക് ലഭിക്കുന്നതാണ്.



# റെയിൽ ബജറ്റ്: ദീർഘവീക്ഷണത്തിലൂടെ വികസനത്തിലേക്ക്

**ശാന്തി നരേൻ**

സൃഷ്ടിപരമായ വിഭവസമാഹരണ തന്ത്രത്തിലൂടെ റെയിൽ അടിസ്ഥാനസൗകര്യ വികസനം മെച്ചപ്പെടുത്താൻ വഴി കണ്ടെത്തുകയായിരുന്നു ബജറ്റിലൂടെ റെയിൽവേ മന്ത്രി. ഈ രംഗത്ത് അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകുന്നതു യുക്തിസഹമായ നീക്കമാണ്. ദശാബ്ദങ്ങളായി വേണ്ടത്ര മുതൽമുടക്കു നടത്താത്തതിനാൽ ഇന്ത്യൻ റെയിൽവേയുടെ പല പാതകളിലും ഉൾക്കൊള്ളാവുന്നതിന്റെ പരമാവധി ട്രെയിനുകളാണ് ഓടുന്നത്. റെയിൽവേയെ സംബന്ധിച്ചിടത്തോളം അടിസ്ഥാനസൗകര്യമൊരുക്കൽ കേവലം ഒരിക്കൽ ചെയ്താൽ പോരാത്തതാണെന്നും തുടർച്ചയായി ചെയ്തുകൊണ്ടിരിക്കേണ്ട ഒന്നാണെന്നും അംഗീകരിക്കുന്നത് കൂടിയാണ് ഇത്തവണത്തെ ബജറ്റ്. 2014-15ൽ 60,000 കോടി രൂപയാണ് ഇതിനായി നീക്കിവെച്ചിരുന്നതെങ്കിൽ 2015-16ൽ ഒരു ലക്ഷം കോടി രൂപയായും 2016-17ൽ 1,21,000 കോടി രൂപയായും വിഹിതം ഉയർത്തിയിട്ടുണ്ട്. അഞ്ചു വർഷത്തിനകം, അതായത്, 2020-21 ആകുമ്പോഴേക്ക് ആകെ 8.54 ലക്ഷം കോടി രൂപ മുതൽമുടക്കാൻ ലക്ഷ്യമിട്ടുള്ള സമഗ്രപദ്ധതിയുടെ ഭാഗമാണ് ഇപ്പോൾ നടക്കുന്ന പ്രവർത്തനങ്ങളെന്നതും ശ്രദ്ധേയമാണ്.

ബജറ്റിൽ കൈക്കൊണ്ട മറ്റൊരു നിർണായക തീരുമാനം പാതകളുടെ ശേഷി വർധിപ്പിക്കാനുള്ള ജോലിക്കു മുൻഗണന നൽകിയതാണ്. റെയിൽവേക്കു ലാഭം പ്രദാനം ചെയ്യാത്ത പദ്ധതികളെ സംബന്ധിച്ച്, സംസ്ഥാന ഗവൺമെന്റുകൾ പ്രത്യേക പദ്ധതി പ്രകാരം നിക്ഷേപം നടത്തി സംയുക്ത സംരഭങ്ങളായി കാണാൻ തയ്യാറുള്ള പ്രവൃത്തികൾ മാത്രം നടത്തിയാൽ മതിയെന്ന തീരുമാനം കൈക്കൊള്ളുകയും ചെയ്തു. പാത ഇരട്ടിപ്പിക്കലും പ്രത്യേക ചരക്കുപാതകൾ, തുറമുഖ പാതകൾ ഉൾപ്പെടെയുള്ള ലൈനുകളുടെ ശേഷി വർധിപ്പിക്കലും ഉൾപ്പെടെയുള്ള പ്രവൃത്തി, പ്രതിദിനം ശരാശരി 13 കിലോമീറ്റർ പൂർത്തിയാക്കുംവിധമാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. തൊട്ടുമുൻപുള്ള ആറു വർഷം ഇതു കേവലം 4.3 കിലോമീറ്ററായിരുന്നു.

### ബജറ്റിന്റെ മറ്റു ചില ശ്രദ്ധേയമായ സവിശേഷതകൾ:

വിവരസാങ്കേതികവിദ്യയുടെ ഉപഭോഗം മെച്ചപ്പെടുത്തുന്നതിന് ഊന്നൽ നൽകിയിട്ടുണ്ട്. ടിക്കറ്റ് വിതരണത്തിലും മറ്റും ഇതു സഹായകമാകും. റെയിൽവേ സ്റ്റേഷനുകളിൽ യാത്രക്കാരുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എസ്കലേറ്ററുകൾ സ്ഥാപിക്കുകയും പാസഞ്ചർ ലോഞ്ചുകളും മറ്റും യാഥാർഥ്യമാക്കുകയും ചെയ്തു. ഭക്ഷണവിതരണം മേൻമയാർന്നതും വൃത്തിയും വെടിപ്പുമുള്ളതുമാക്കിത്തീർക്കുന്നതിനായി ഘട്ടംഘട്ടമായി ഈ മേഖല പൂർണമായി ഐ.ആർ.സി.ടി.സിയുടെ കീഴിലേക്കു മാറ്റും. ഐ.ആർ.സി.ടി.സി. നടത്തുന്ന അടുക്കളകളുടെ എണ്ണം ക്രമേണ ഉയർത്തിക്കൊണ്ടുവരും. ഇ-കാറ്ററിങ് പദ്ധതിയാണു മറ്റൊരു പുതുമ.

കാവൽക്കാരുള്ളതും ഇല്ലാത്തതുമായ ലെവൽ ക്രോസിങ്ങുകൾ ഇല്ലാതാക്കുകയെന്നതിനും പ്രാധാന്യം കൽപിച്ചിട്ടുണ്ട്. റോഡ് മേൽപ്പാലങ്ങളോ

റോഡ് അടിപ്പാലങ്ങളോ ഇതിനായി നിർമിക്കും. റെയിൽ അപകടങ്ങളിൽ 40 ശതമാനവും ലെവൽ ക്രോസുകളിലാണു സംഭവിക്കുന്നത്.

റെയിൽവേ ബോർഡിന്റെ തീരുമാനങ്ങൾ വൈകുന്നത് ഒഴിവാക്കാൻ ഭരണപരമായ സംവിധാനം രൂപീകരിച്ചു. ഇതു നയരൂപീകരണം യഥാസമയം നടക്കാനും പദ്ധതികൾ യഥാസമയം നടപ്പാക്കാനും സഹായകമാകും. ഏഴു പ്രധാന ദൗത്യങ്ങൾക്കു രൂപം നൽകിയിട്ടുണ്ട്. ഓരോന്നിനും ഓരോ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മിഷൻ ഡയറക്ടർമാർ പ്രവർത്തന പുരോഗതി നേരിട്ട് റെയിൽവേ ബോർഡ് ചെയർമാനെ അറിയിക്കണം. വാർഷികാടിസ്ഥാനത്തിൽ പൂർത്തിയാക്കിയിരിക്കേണ്ട കാര്യങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. സമയബന്ധിതമായി ഇതു മുന്നോട്ടുപോകുന്നുവെന്നു മിഷൻ ഡയറക്ടർമാർ ഉറപ്പുവരുത്തേണ്ടതാണ്. ഏഴു ദൗത്യങ്ങളിൽ ഒന്ന്, ശേഷി ഉപയോഗപ്പെടുത്തുന്നതു സംബന്ധിച്ചുള്ളതാണ്. അതിന്റെ ചുമതല പ്രത്യേക ചരക്കുനീക്ക പാതകൾ യാഥാർഥ്യമായാൽ അതു പൂർണമായി എങ്ങനെ ഉപയോഗപ്പെടുത്താമെന്ന രൂപരേഖ തയ്യാറാക്കലാണ്. ചരക്കുനീക്കത്തിൽ റെയിൽവേക്കുള്ള പങ്ക് കുറഞ്ഞുവരുന്ന സാഹചര്യത്തിലാണ് ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തുന്നത്. ഇലക്ട്രിക്കൽ ഉപകരണങ്ങൾ, പാർസലുകൾ, ഓട്ടോമൊബൈൽ മേഖലയിലെ ചരക്കുനീക്കം തുടങ്ങിയവ കൂടി നേടിയെടുക്കുകയും അതുവഴി ചരക്കുനീക്കത്തിൽ റെയിൽവേ ഇപ്പോൾ നേരിടുന്ന മാന്ദ്യം മറികടക്കുകയുമാണു ലക്ഷ്യം.

കൂടുതൽ സൗകര്യമേർപ്പെടുത്തുമ്പോൾ ചരക്കുഗതാഗതം വർധിപ്പിക്കുന്നതിനായി ഒരു വിപണനപദ്ധതി തന്നെ വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. ചില നയതീരുമാനങ്ങൾ ഇതിനാവശ്യമാണ്.

എ) ഇപ്പോൾ എക്സിം കണ്ടെയ്നർ ചരക്കുനീക്കത്തിന്റെ 20 ശതമാനമാണു റെയിൽവേ വഴി നടക്കുന്നത്. നിരക്കുകൾ ആകർഷകമാക്കുകവഴി ഇത് 40 മുതൽ 50 വരെ ശതമാനമായി ഉയർത്തണം. കണ്ടെയ്നർ കമ്പനികളിൽനിന്ന് ഈടാക്കുന്ന ചരക്കുകൂലി തുടർച്ചയായി ഉയർത്തിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ റോഡ് മാർഗമുള്ള ചരക്കുനീക്കം വർധിച്ചു. ഇതു പിടിച്ചുനിർത്തേണ്ടതുണ്ട്.

ബി) പാഴ്സലുകൾ റോഡ് മാർഗം കൊണ്ടുപോകുന്നതു ദേശീയ സമ്പദ്‌വ്യവസ്ഥയ്ക്കു നഷ്ടമാണ്. റെയിൽ കൂടി ഉപയോഗപ്പെടുത്തി മൾട്ടി-മോഡൽ റൂട്ട് സംവിധാനം ഇതിനായി ഉപയോഗപ്പെടുത്തണം.

സി) ചരക്കുനിറച്ച ട്രക്കുകൾ റെയിൽവേ വഴി കടത്തുന്നതിനു റോൾ-ഓൺ, റോൾ-ഓഫ് സേവനങ്ങൾ ആരംഭിക്കുക. ഇതു സാധ്യമായാൽ ഹൈവേകളിലെയും നഗരപാതകളിലെയും തിരക്കു കുറയും.

ഡി) ചരക്കെത്തിച്ചശേഷം ഒഴിഞ്ഞ വാഗണുകൾ തിരികെ കൊണ്ടുവരേണ്ടിവരുന്ന നഷ്ടം കുറയ്ക്കാൻ മത്സരാധിഷ്ഠിത നിരക്കിൽ ചരക്കു കടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തണം.

ഇ) വൻകിട ചരക്കുനീക്കത്തിന്റെ കാര്യത്തിൽ നിലവിലുള്ള ഉപഭോക്താക്കൾക്ക് അളവിൽ ഇളവനുവദിക്കുക വഴി റോഡ് വഴിയുള്ള ചരക്കുനീക്കം റെയിൽ മുഖാന്തിരമാക്കാൻ സാധിക്കണം.

മേൽപറഞ്ഞ സവിശേഷതകൾ ബജറ്റിനുണ്ടെങ്കിലും അവഗണിക്കപ്പെട്ട ഒരു മേഖലയുണ്ട്. അതു യാത്രാക്കൂലി യുക്തിപൂർവം പരിഷ്കരിക്കലാണ്. യാത്രാതീവണ്ടികൾ നിമിത്തം റെയിൽവേയ്ക്കു പ്രതിവർഷമുണ്ടാകുന്ന 30,000 കോടി രൂപയുടെ നഷ്ടം നികത്തുന്നതു ചരക്കുഗതാഗതം വഴിയാണ്. പണപ്പെരുപ്പത്തിന്റെ തോതിനനുസരിച്ചു പോലും യാത്രാനിരക്ക് ഉയർത്താത്ത സാഹചര്യത്തിൽ ദശാബ്ദങ്ങളായി റെയിൽവേ ചരക്കുകൂലി കൂട്ടാൻ നിർബന്ധിതമായിത്തീരുകയാണ്. ഇതാകട്ടെ, ആഗോളതലത്തിൽ ഇന്ത്യയിൽ വാണിജ്യ, വ്യവസായ മേഖലകൾ പിന്നിലാകുന്നതിനു കാരണമായിത്തീരുകയും ചെയ്തു. രാജ്യാന്തര നിലവാരവുമായി താരതമ്യം ചെയ്താൽ നമ്മുടെ ചരക്കുകടത്തുകൂലി ഇരട്ടിയിലേറെയാണ്.

യാത്രക്കാർക്കായുള്ള സേവനങ്ങൾ മെച്ചപ്പെടുത്താനുള്ള ശ്രദ്ധാപൂർവമുള്ള ശ്രമങ്ങൾ ഈ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നപക്ഷം യാത്രാനിരക്കിലുള്ള ചെറിയ വർധന

താങ്ങാൻ ജനങ്ങൾ മടിക്കില്ലെന്ന റിപ്പോർട്ടുകൾ മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെട്ടിരുന്നു. പക്ഷേ, ഇതിനായുള്ള ഒരവസരംകൂടി നഷ്ടപ്പെടുത്തുകയാണ് ഇത്തവണ ചെയ്തത്. ഈ ഗവൺമെന്റിന് ഇനിയുള്ള കാലാവധിയിൽ പ്രതിവർഷം 10 ശതമാനം വീതം യാത്രാനിരക്കു കൂട്ടുകയാണെങ്കിൽത്തന്നെ യാത്രാക്കൂലി നിർണയത്തിലെ അപാകത ഒരുപരിധിവരെ പരിഹരിക്കാൻ സാധിക്കും. ഇക്കാര്യത്തിൽ ഇനിയും തീരുമാനമെടുക്കാവുന്നതാണ്.

കഴിഞ്ഞ ബജറ്റിൽ കൈക്കൊണ്ട പ്രധാനമായ ഒരു നയതീരുമാനം റെയിൽ റെഗുലേറ്ററി അതോറിറ്റി ആരംഭിക്കാനായിരുന്നു. യാത്രാക്കൂലി നിർണയം ശാസ്ത്രീയമാക്കുന്നതിൽ ഗണ്യമായ പങ്കു വഹിക്കാൻ സാധിക്കുന്ന ഈ സ്ഥാപനം ഇനിയും യാഥാർഥ്യമായിട്ടില്ല. ഒട്ടും വൈകാത സ്വതന്ത്രാധികാരത്തോടെ ഇതു യാഥാർഥ്യമാക്കേണ്ടതാണ്.

മറ്റൊരു വീക്ഷണകോണിലൂടെ നോക്കുമ്പോൾ, ദുർബല ജനവിഭാഗങ്ങൾക്കു നൽകുന്ന എല്ലാ സബ്സിഡികളും പുനഃപരിശോധിക്കാൻ ഈ ഗവൺമെന്റ് തയ്യാറായിരിക്കുകയാണെന്നു മനസ്സിലാക്കാം. സബ്സിഡി അർഹതയുള്ളവർക്കു തന്നെയാണു ലഭിക്കുന്നതെന്ന ഉറപ്പുവരുത്താനാണു പുനഃപരിശോധനയെന്നതിനാൽ ഈ നീക്കം സ്വാഗതാർഹമാണുതാനും. നഗരങ്ങളിൽ യാത്രാക്കൂലിയിളവിന് അർഹതയുള്ളതു സംരംഭകർക്കു മാത്രമാണ്. കാരണം, മറ്റുള്ളവർക്കെല്ലാം പ്രത്യക്ഷമായോ പരോക്ഷമായോ തൊഴിൽദാതാക്കളിൽനിന്നു യാത്രാക്കൂലി ലഭിക്കുന്നുണ്ട്. ഗ്രാമീണർ പോലും, ട്രെയിനുകൾ കുറവായതിനാൽ ട്രെയിനുകളെ അപേക്ഷിച്ചു നിരക്കു നാലിരട്ടി കൂടുതലാണെങ്കിലും റോഡ് വഴി യാത്രചെയ്യാൻ തയ്യാറാകുന്നു. വിദ്യാലയങ്ങളിലേക്കു പോകുന്ന വിദ്യാർഥികൾക്കാവട്ടെ, യാത്രാസൗജന്യം ലഭിക്കുന്നുണ്ടു താനും.

അസ്വസ്ഥത സൃഷ്ടിക്കുന്ന മറ്റൊരു വസ്തുത നടത്തിപ്പു ചെലവിലുണ്ടാകുന്ന ഭീമമായ വർധനയാണ്. അനുപാതക്കണക്കു പ്രകാരം 2014-15ൽ ഇത് 88.2 ശതമാനം ഉയർന്നപ്പോൾ 2015-16ൽ വർധിച്ചതു 90 ശതമാനമാണ്. 2016-17ൽ പ്രതീക്ഷിക്കുന്നതാകട്ടെ, 92 ശതമാനവും. വരുമാനം വർധിപ്പിക്കുകയും ചെലവു ചുരുക്കുകയും ചെയ്യേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഇതു വിരൽ ചൂണ്ടുന്നത്. സാമ്പത്തിക തളർച്ചയ്ക്കു കാരണങ്ങളുണ്ടാവുമ്പോൾ സംതൃപ്തിക്ക് ഒരു സാധ്യതയുമില്ല. വരുന്ന ചെലവുകളെല്ലാം ഉത്പാദനക്ഷമതയുള്ളതായിത്തീരുകയും ഇതു സാധ്യമാക്കാൻ ഫലപ്രദമായ മാനേജ്മെന്റ് സംവിധാനം ഉണ്ടായിരിക്കുകയും വേണം. അതിലൂടെ സമയനഷ്ടമോ ധനനഷ്ടമോ ഉണ്ടാവുന്നില്ലെന്ന് ഉറപ്പുവരുത്തണം. നിരീക്ഷണസംവിധാനം ശക്തിപ്പെടുത്തുകയും മാനേജ്മെന്റ് പാടവം ഉണ്ടായിരിക്കുകയും ചെയ്യേണ്ടത് മൂലധനനിക്ഷേപത്തെക്കുറിച്ചുള്ള പ്രതീക്ഷകൾ യാഥാർഥ്യമാക്കുന്നതിൽ പ്രധാനമാണ്.

അവസാനമായി, പൊതുസ്വകാര്യ പങ്കാളിത്തത്തിലൂടെയോ റെയിൽവേ ഭൂമി ഉപയോഗപ്പെടുത്തിയോ ബജറ്റിനു പുറത്തുള്ള വിഭവങ്ങൾ കണ്ടെത്താൻ സാധിക്കാത്തതെന്തുകൊണ്ടെന്നു ഗൗരവമായി വിലയിരുത്തപ്പെടണം. സാധ്യതകളുള്ള ഒരു മേഖല വിനോദസഞ്ചാര, തീർഥാടന കേന്ദ്രങ്ങളിൽ ബജറ്റ് ഹോട്ടലുകൾ ആരംഭിക്കലാണ്. വകുപ്പുതല അഭിപ്രായ ഭിന്നതകൾ നിമിത്തം ഒന്നര ദശാബ്ദത്തിലേറെയായി തീരുമാനമെടുക്കാതെ കിടക്കുന്ന നിർദേശമാണിത്. ഉന്നതതലങ്ങളിൽനിന്ന് ഇക്കാര്യത്തിൽ പെട്ടെന്നു തീരുമാനം ഉണ്ടാവേണ്ടതുണ്ട്. സ്ഥലം കണ്ടെത്തിയെങ്കിലും ഹോട്ടൽഭീമൻമാരുമായി ബന്ധം സ്ഥാപിക്കുന്നതിനും മറ്റുമായി ഏകജാലക സൗകര്യത്തോടുകൂടിയ ഒരു കോർപറേറ്റ് സംവിധാനം അനിവാര്യമാണ്. വാണിജ്യവിജയം പരിഗണിക്കുമ്പോൾ ഐ.ആർ.സി.ടി.സി. ഇതിനു യോഗ്യമായ സ്ഥാപനമാണ്. ഏതു സ്ഥാപനമായാലും അതു സംബന്ധിച്ച തീരുമാനം ഉടനെ കൈക്കൊള്ളേണ്ടതാണ്. റെയിൽവേയുടെ ആധുനികവൽക്കരണമാണു ഗുണകരമാക്കിയെടുക്കാവുന്ന മറ്റൊരു മേഖല. വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ സാധിക്കുന്ന ഒരു ഏജൻസി ഈ പ്രവർത്തനത്തിനും കൂടിയേ തീരൂ.

*(ഇന്ത്യൻ റെയിൽവേ സർവീസ് ഉദ്യോഗസ്ഥനായ ലേഖകൻ ഇപ്പോൾ ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിൽ റെയിൽവേ വികസന വിഭാഗം ഉപദേശകനായി സേവനമനുഷ്ഠിച്ചുവരുന്നു)*

# അടിസ്ഥാന സൗകര്യ വികസനത്തിന് ഊന്നൽ നൽകി റെയിൽ ബജറ്റ്

എം.കെ. ഗോപിനാഥ്, എം. ജയൻ

കേരളത്തിന്റെ റെയിൽവേ വികസനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകികൊണ്ടുള്ളതാണ് ഇത്തവണത്തെ റെയിൽവേ ബഡ്ജറ്റ് (2016-2017). പുതിയ സാമ്പത്തികവർഷം കേരളത്തിന്റെ റെയിൽവേ വികസനത്തിനായി നീക്കിവെച്ചിരിക്കുന്നത് 1041 കോടി രൂപയാണ്. ബഡ്ജറ്റിനു പുറമെയുള്ള നിക്ഷേപമായും സോണൽ റെയിൽവേയുടെയും ഡിവിഷൻ മുൻഗണന നൽകുന്ന പദ്ധതികളിലുമായി കൂടുതൽ നിക്ഷേപവും അതുപോലെ പദ്ധതികളും വിഭാവനം ചെയ്യുന്നുണ്ട് എന്നതാണ് ഈ ബഡ്ജറ്റിന്റെ പ്രത്യേകത. യാത്രകൾക്കുള്ള സൗകര്യവികസനത്തിനായുള്ള പദ്ധതികൾക്ക് പുറമേയാണിത്.

## പുതിയ പദ്ധതികളും സർവ്വേ പ്രവർത്തനങ്ങളും

### കണ്ണൂർ-മട്ടന്നൂർ പാത

പുതിയതായി നിലവിൽ വരുന്ന കണ്ണൂർ വിമാനത്താവളവുമായി റെയിൽവേ ബന്ധം ലക്ഷ്യമാക്കി രൂപംകൊടുത്തിട്ടുള്ള കണ്ണൂർ മട്ടന്നൂർ പദ്ധതി ഉത്തര കേരളത്തെ സംബന്ധിച്ച് ഏറെ പ്രതീക്ഷ നൽകുന്നതാണ്. 23 കിലോമീറ്റർ ദൈർഘ്യം വരുന്ന പദ്ധതിയ്ക്ക് 400 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ബഡ്ജറ്റിനു പുറമേയുള്ള സാമ്പത്തിക നിക്ഷേപം ലക്ഷ്യമിട്ടു കൊണ്ടാണ് പദ്ധതിയെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പങ്കാളികളെ കണ്ടെത്തിയോ റെയിൽവേ തന്നെ മുൻകൈയ്യെടുത്തോ ഈ പദ്ധതി സമയബന്ധിതമായി തീർക്കാവുന്നതേയുള്ളൂ. വിമാനത്താവളവുമായുള്ള റെയിൽ ബന്ധം ഭാവിയിൽ റെയിൽവേയുമായി ബന്ധപ്പെട്ടു കേരളത്തിൽ നടക്കാനിരിക്കുന്ന വികസനത്തിനു മുന്നോടിയാവും. സബർബൻ റെയിൽവേ പദ്ധതിയായാലും അതിവേഗ റെയിൽവേ പദ്ധതിയായാലും എയർപോർട്ടുമായുള്ള ബന്ധം തീർത്തും യാത്രക്കാർക്ക് ഗുണം ചെയ്യുന്നതായിരിക്കും.

### നഞ്ചൻഗോഡ് - നിലമ്പൂർ റെയിൽവേ പദ്ധതി

താരതമ്യേന ഉയരക്കൂടുതലുള്ള പ്രദേശങ്ങളിലൂടെ കടന്നുപോകുന്ന നടപ്പാക്കാൻ വിഷമതകളുള്ള പദ്ധതിയാണെങ്കിലും നഞ്ചൻഗോഡ്-നിലമ്പൂർ റെയിൽ പദ്ധതിയും ഇത്തവണത്തെ റെയിൽവേ ബഡ്ജറ്റിൽ സ്ഥാപനം പിടിച്ചിട്ടുണ്ട്. താരതമ്യേന അവികസിതമായ സ്ഥലങ്ങളെ കൂട്ടിയിണക്കുന്നതും അതുപോലെ വികസിത പ്രദേശങ്ങളെ ബന്ധിപ്പിക്കുന്നതിനുള്ള എളുപ്പവഴി എന്ന നിലയിലും ഈ പാത പ്രാധാന്യമർഹിക്കുന്നുണ്ട്. സംസ്ഥാന സർക്കാരുകളുമായി റെയിൽവേ ഒപ്പുവച്ച ധാരണാപത്രം ഫലപ്രാപ്തിയിൽ എത്തുകയാണെങ്കിൽ ഈ പാത യാഥാർത്ഥ്യമാവും എന്നതിൽ സംശയമില്ല. റെയിൽവേയ്ക്കു പുറമേ കർണാടക സംസ്ഥനവും കേരളവും ഈ പദ്ധതിയിൽ സഹകരിക്കേണ്ടി വരും. 236 കിലോമീറ്റർ ദൂരമുള്ള പാത നിർമ്മിക്കാൻ 6000 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. റെയിൽവേയ്ക്കു പുറമെ ഇതിൽ പങ്കാളികളാവുന്ന സംസ്ഥാനങ്ങളുടെയും ഇച്ഛാശക്തിയെ ആശ്രയിച്ചാണ് ഈ പദ്ധതിയുടെ ഭാവി.

### ദിണ്ഡിഗൽ-ശബരിമല പദ്ധതി

ശബരിമലയും ദക്ഷിണ തമിഴ്നാടുമായി ബന്ധം സാധ്യമാക്കുന്നതാണ് ഈ പദ്ധതി. വനപ്രദേശങ്ങളും ഉയരക്കൂടുതലുള്ള പ്രദേശങ്ങളും വഴി കടന്നുപോകുന്ന പാതയായിരിക്കും ഇത്. സ്വാഭാവികമായും ഈ കടമ്പകൾ കടന്നുവേണം പദ്ധതി ഫലപ്രാപ്തിയിലെത്താൻ. പദ്ധതിയുടെ സർവേ പ്രവർത്തനങ്ങൾക്കാണ് റെയിൽവേ ബഡ്ജറ്റ് 2016-17 അനുമതി നൽകിയിട്ടുള്ളത്. 201 കിലോമീറ്റർ ദൂരം വരുന്നതാണ് പദ്ധതി. 30 ലക്ഷം രൂപയാണ് സർവ്വേ പ്രവർത്തനങ്ങൾക്ക് റയിൽവേ മന്ത്രാലയം ഇപ്പോൾ അനുവദിച്ചിട്ടുള്ളത്.

പുതിയ പാതകളുടെ സാധ്യതകൾ മുന്നോട്ടു വച്ച റെയിൽവേ ബഡ്ജറ്റ് നിലവിലുള്ള രണ്ട് പാത

കളുടെ വൈദ്യുതീകരണവും ലക്ഷ്യമിടുന്നു. സംസ്ഥാന സർക്കാരിന്റെ സഹകരണത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന ഈ നൂറുകിലോമീറ്ററിലധികം വരുന്ന പാതയുടെ വൈദ്യുതീകരണം റയിൽവേയെ സംബന്ധിച്ച് വളരെയധികം ഗുണകരമാവുന്ന പദ്ധതിയാണ്.

**റെയിൽവേ ബജറ്റ്**
**പാത ഇരട്ടിപ്പിക്കലിനായി**

കായംകുളം - കോട്ടയം - എറണാകുളം - 217 കോടി
കായംകുളം - ആലപ്പുഴ - എറണാകുളം - 243 കോടി
തിരുവനന്തപുരം - കന്യാകുമാരി - 320 കോടി
എന്നിങ്ങനെയും വിലയിരുത്തിയിട്ടുണ്ട്.

**ഷൊർണൂർ-നിലമ്പൂർ പാതയുടെ വൈദ്യുതീകരണം**

കേരളത്തിലെ പ്രധാന റെയിൽവേ ജംഗംഷനായ ഷൊർണ്ണൂരിനെയും നിലമ്പൂരിനെയും ബന്ധിപ്പിക്കുന്ന 66 കിലോമീറ്റർ വരുന്ന പാത വൈദ്യുതീകരിക്കപ്പെടുന്നതോടെ റെയിൽവേയെ സംബന്ധിച്ച് യാത്രാ, ചരക്കുവണ്ടികളുടെ സംഘാടനം വളരെ എളുപ്പമാവും. മംഗലാപുരം വരെയുള്ള റെയിൽവേയുടെ വൈദ്യുതീകരണം അതിവേഗം പുരോഗമിക്കുകയാണ്. 2016ൽ തന്നെ മംഗലാപുരം വരെ ഇലക്ട്രിക് എഞ്ചിൻ ഘടിപ്പിച്ച വണ്ടികളുടെ സർവ്വീസ് ആരംഭിക്കുവാൻ കഴിയുമെന്ന പ്രതീക്ഷയിലാണ് റെയിൽവേ. ഇതോടനുബന്ധിച്ചു തന്നെ യാത്രാവണ്ടികൾ - പാസഞ്ചർ വണ്ടികളും രണ്ട് എക്സപ്രസ് വണ്ടികളും - ഓടുന്ന ഷൊർണ്ണൂർ നിലമ്പൂർ പാത വൈദ്യുതീകരിക്കാനായാൽ ഇതിന്റെ പ്രയോജനം യാത്രക്കാർക്കും അതുപോലെ റെയിൽവേയ്ക്കും ലഭിക്കും. പൂർണ്ണമായും ഇലക്ട്രിക് എഞ്ചിനുകളിലേയ്ക്കു മാറുന്നതോടെ വണ്ടികൾ സ്റ്റേഷനിൽ സ്വീകരിക്കുന്നതും അയയ്ക്കുന്നതും എളുപ്പമാവും. കൂടുതൽ വേഗത്തിൽ ഓടുന്ന, കൂടുതൽ യാത്രക്കാരെ ഉൾകൊള്ളുന്ന ഇലക്ട്രിക് മൾട്ടിപ്പിൾ യൂണിറ്റുകളുടെ സർവീസ് ഈ പാതയിൽ ആരംഭിക്കാനുള്ള സാധ്യതയാണ് യാത്രക്കാർക്ക് ഗുണകരമാവുന്നത്. എഞ്ചിൻ മാറ്റി ഘടിപ്പിക്കേണ്ടതില്ലാത്ത ഇത്തരം വണ്ടികൾ ഷൊർണൂർ പോലുള്ള തിരക്കേറിയ സ്റ്റേഷനുകൾക്കു നൽകുന്ന ആശ്വാസം, മറ്റു യാത്രാവണ്ടികളുടെ സമയക്രമം പാലിക്കുന്നതിനും അതുപോലെ കേരളത്തിലെ മൊത്തം റയിൽവേ യാത്രക്കാർക്കും ഗുണകരമാവുന്ന ഒന്നാണ്.

**കൊല്ലം-പുനലൂർ പാതയുടെ വൈദ്യുതീകരണം**

ഷൊർണ്ണൂർ-നിലമ്പൂർ പോലെ വൈദ്യുതീകരണം കൊല്ലം-പുനലൂർ പാതയ്ക്കും വലിയ സാധ്യതകളാണ് തുറന്നുവെയ്ക്കുന്നത്. കൂടുതൽ യാത്രക്കാരെ കൈകാര്യം ചെയ്യാൻ കഴിയും എന്നതും വണ്ടികളുടെ എഞ്ചിൻ മാറ്റമൊന്നും കൂടാതെ വിവിധ ദിശകളിലേക്ക് എളുപ്പത്തിൽ വണ്ടി ഓടിക്കാനാകുമെന്നതും ഷൊർണൂർ പോലെ തിരക്കുള്ള കൊല്ലത്തിനും ആശ്വാസകരമാവും.

**പാത ഇരട്ടിപ്പിക്കൽ**

കേരളത്തിനായി പാത ഇരട്ടിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികളൊന്നും ഈ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടില്ല. നേത്രാവതി മഗലപുരം 1.5 കിലോമീറ്റർ പാത ഇരട്ടിപ്പിക്കൽ, മംഗലാപുരം സെൻട്രലിലേയ്ക്ക് പോകുന്നതും അതുപോലെ മാംഗലൂരുവിൽ നിന്ന് കേരളത്തിലേയ്ക്ക് വരുന്നതുമായ വണ്ടികളുടെ സമയകൃത്യത ഉറപ്പുവരുത്തുന്നതിൽ വളരെയധികം ഗുണം ചെയ്യും. വണ്ടികൾ പുറപ്പെടുന്നതും അവസാനിക്കുന്നതുമായ ഇടത്തിലെ ഈ കടമ്പ നീക്കണമെന്നത് കേരളത്തിലെയും കർണാടകത്തിലെയും യാത്രക്കാരുടെ നീണ്ടകാലത്തെ ആവശ്യമാണ്.

**റെയിൽവേ ട്രാഫിക് കം ഫസലിറ്റീസ് വർക്സ്**

യാത്രാവണ്ടികലുടെയും ചരക്കുവണ്ടികളുടെയും സുഗമമായി കൈകാര്യം സാധ്യമാക്കുന്നതിനുള്ള ഇന്റർമീഡിയറ്റ് ബ്ലോക്ക് സെക്ഷനുകൾക്കും ബഡ്ജറ്റിൽ അംഗീകാരം ലഭിച്ചിട്ടുണ്ട്. പാലക്കാട് ഡിവിഷന്റെ പരിധിയിൽ വരുന്ന തിക്കോടി-വടകര സെക്ഷനിലെ ഇന്റർമിഡിയറ്റ് ബ്ലോക് സെക്ഷനും അത്തരത്തിൽ ബഡ്ജറ്റിൽ ഇടംപിടിച്ച പദ്ധതികളാണ്. ദീർഘമേറിയ സെക്ഷനുകളെ ചെറിയ സെക്ഷനുകളായി പിരിക്കുന്നതിലൂടെ ഒന്നിൽ കൂടുതൽ വണ്ടികൾ സുരക്ഷിതമായി സ്റ്റേഷനുകൾക്കിടയ്ക്ക് തുടർച്ചയായി അയയ്ക്കുന്നതിന് ഇതുവഴി കഴിയുന്നു.

*(ലേഖകർ യഥാക്രമം ദക്ഷിണ റയിൽവേയുടെ പാലക്കാട് ഡിവിഷനിൽ പി.ആർ.ഒ.യും തിരുവനന്തപുരം ഡിവിഷനിൽ പബ്ലിസിറ്റി ഇൻസ്പെക്ടറുമാണ്)*

# കേരളം പ്രഥമ ഡിജിറ്റൽ സംസ്ഥാനം

സെയ്ദ് ഷിയാസ്

ഡിജിറ്റൽ ഇന്ത്യക്ക് ഒരു മികച്ച കേരളാ മോഡൽ സമ്മാനിച്ചുകൊണ്ട് കഴിഞ്ഞ രണ്ടു ദശാബ്ദക്കാലത്തെ വിവര സാങ്കേതിക വിദ്യാരംഗത്ത് നമ്മുടെ സംസ്ഥാനം നടത്തിയ കുതിച്ചുചാട്ടം രാജ്യത്തെ ആദ്യ സമ്പൂർണ ഡിജിറ്റൽ സംസ്ഥാനം എന്ന പദവി കേരളത്തിന് സമ്മാനിച്ചിരിക്കുകയാണ്. 2016 ഫെബ്രുവരി 27ന് കോഴിക്കോട് നടന്ന സമ്മേളനത്തിൽ രാഷ്ട്രപതി പ്രണബ് മുഖർജിയാണ് ഇത് സംബന്ധിച്ച പ്രഖ്യാപനം നടത്തിയത്.

സംസ്ഥാനത്ത് സദാ ഉയർന്നുകൊണ്ടിരിക്കുന്ന ഡിജിറ്റൽ സാക്ഷരതാ നിരക്ക്, വിവര സാങ്കേതിക വിദ്യാരംഗത്തെ അനുകൂല മാറ്റങ്ങൾ എന്നിവയ്ക്കൊപ്പം സംസ്ഥാനത്തെ ഇന്റർനെറ്റ്, മൊബൈൽഫോൺ ഉപഭോക്താക്കളുടെ എണ്ണത്തിലെ വളർച്ചയുമാണ് ഓരോ പൗരന്റേയും ആവശ്യങ്ങൾ വേഗത്തിലും കാര്യക്ഷമമായും നടപ്പിലാക്കാൻ ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായം തേടാൻ സർക്കാരിന് പ്രേരണയേകിത്. മൊബൈൽ ഫോണുകളുടെ ഉപഭോഗത്തിൽ സംസ്ഥാനത്ത് റിക്കോർഡ് വളർച്ചയാണുണ്ടായിട്ടുള്ളത്. ഏകദേശം 34 ദശലക്ഷം ആളുകളുള്ള സംസ്ഥാനത്ത് 31 ദശലക്ഷം പേർ മൊബൈൽ ഉപയോഗിക്കുന്നു എന്ന് പറയുമ്പോൾ തന്നെ മൊബൈൽ കണക്ഷനുകളുടെ എണ്ണത്തിൽ കഴിഞ്ഞ ഏതാനും വർഷങ്ങളിൽ ഉണ്ടായ വളർച്ച ഊഹിക്കാവുന്നതേയുള്ളൂ. സംസ്ഥാനത്തെ 20 ശതമാനം വീടുകളിലും ബ്രോഡ്ബാന്റ് കണക്ഷനുണ്ട്. 15 ശതമാനംപേർ മൊബൈൽ ഫോണിലൂടെയും ഇന്റർനെറ്റ് സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നുണ്ടെന്ന് ട്രായി (TRAI) പുറത്തിറക്കിയ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

കേവലം 38,863 ചതുരശ്ര കിലോമീറ്റർ സ്ഥലത്ത് വ്യാപിച്ചു കിടക്കുന്ന ഈ ചെറു സംസ്ഥാനം ഇന്റർനെറ്റ് കണക്റ്റിവിറ്റിയുടെ കാര്യത്തിൽ മുൻപന്തിയിലാണ്. സുസ്ഥിരമായ സാമ്പത്തിക വളർച്ച ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾക്കൊപ്പം മികച്ച ഡിജിറ്റൽ അറിവ് നേടിയ ഒരു സമൂഹത്തെ സൃഷ്ടിക്കാൻ സംസ്ഥാന സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. സാമൂഹിക ഐക്യവും, ജീവിതത്തിന്റെ സമസ്ത മേഖലയിലുള്ള ഉയർന്ന ഗുണമേന്മയും ഉറപ്പാക്കുന്ന വിധത്തിൽ സമൂഹത്തിലെ നിരാലംബ വിഭാഗങ്ങളെയും കൂടി ഉൾപ്പെടുത്തി ഡിജിറ്റൽ അധിഷ്ഠിത പദ്ധതികൾ ആവിഷ്കരിക്കാൻ സംസ്ഥാനത്തിന് കഴിഞ്ഞു. ഇതു വഴി ഡിജിറ്റൽ ഉപരിവർഗ വിഭാഗങ്ങളുടെ പങ്കാളിത്തത്തോട് കൂടിത്തന്നെ ഡിജിറ്റൽ ലോകത്ത് പാർശ്വവത്ക്കരിക്കപ്പെടാനിടയുള്ളവരുടെ എണ്ണം കുറയ്ക്കാനുള്ള ശ്രമങ്ങൾ നടത്താൻ ഈ കാലയളവ് സംസ്ഥാനത്തിന് ധാരാളം അവസരങ്ങൾ നൽകി.

പൗരന്മാർക്കായുള്ള സേവനങ്ങളുടെ സുതാര്യത, കാര്യക്ഷമത, ഗുണനിലവാരം എന്നിവ ഉറപ്പാക്കുന്നതിനായി ഐസിടി ഉപയോഗപ്പെടുത്താൻ സംസ്ഥാനത്തിന് കഴിഞ്ഞു. അതോടൊപ്പം തന്നെ സമ്പദ് വ്യവസ്ഥയുടെ എല്ലാ മേഖലകളിലും ഐസിടി സാധ്യത ഉപയോഗിച്ച് വിഭവങ്ങളെ ക്രിയാത്മകമായി ചൂഷണം ചെയ്യുന്നതിനും, ബന്ധപ്പെട്ട മേഖലകളിലെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാനും സംസ്ഥാനം നടത്തിവരുന്ന ശ്രമങ്ങൾ ശ്ലാഘനീയമാണ്. ഐസിടി മേഖലയിലെയും ഐടിഇഎസ് (ഐടി എനേബിൾഡ് സർവീസ്) രംഗത്തെയും ദീർഘകാല നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുകയും നിക്ഷേപ സാധ്യതകൾ പരമാവധി ചൂഷണം ചെയ്യുകയുമാണെങ്കിൽ സ്ഥിരതയാർന്ന തൊഴിൽരംഗം സംസ്ഥാനത്ത് സംജാതമാകുമെന്നത് സംശയത്തിനിടയില്ലാത്ത വസ്തുതയാണ്.

## ഡിജിറ്റൽ സംസ്ഥാനം - നാൾവഴികൾ

പൊതു സാക്ഷരതയ്ക്കൊപ്പം ഏറ്റവും കൂടുതൽ ഇ-സാക്ഷരരെ സൃഷ്ടിച്ച സംസ്ഥാനം കൂടിയാണ് കേരളം. സംസ്ഥാനത്ത് 'അക്ഷയ' എന്ന ഇ-സാക്ഷരതാ പദ്ധതിയാണ് ഇതിന് അടിത്തറ പാകിയത്. ഓരോ കുടുംബത്തിലെയും കുറഞ്ഞത് ഒരു അംഗത്തിനെങ്കിലും ഡിജിറ്റൽ സാക്ഷരതയുടെ വാതായനങ്ങൾ തുറന്ന് നൽകാൻ ലക്ഷ്യമിട്ടുള്ളതായിരുന്നു ഈ പദ്ധതി. ഇതൊടൊപ്പം 2001ൽ സംസ്ഥാനത്ത് ആരംഭിച്ച ഐടി@സ്കൂൾ പദ്ധതി ഈ നീക്കത്തിന്റെ ചാലക ശക്തിയായി മാറി. മികച്ച സാരഥ്യത്തിന്റെ ചിറകുകളിലേറി കുതിച്ച ഈ പദ്ധതി ആണ്ടുതോറും സ്കൂളുകളിൽ നിന്ന് കമ്പ്യൂട്ടർ സാക്ഷരതയും മികച്ച ഐടി പരിജ്ഞാനവും നേടിയ 5,00,000 ലധികം വിദ്യാർത്ഥികളെ സമൂഹത്തിന് സമ്മാനിക്കാൻ ലക്ഷ്യമിട്ടുള്ള മഹത് ശ്രമമായിരുന്നു.

ഈ പദ്ധതികളുടെ ഫലമായും അല്ലാതെയും ജനങ്ങളുടെ ഇടയിൽ വർദ്ധിച്ചുവന്ന ഡിജിറ്റൽ സാക്ഷരത, അക്ഷയ കേന്ദ്രങ്ങൾ മുഖേനയും മറ്റും ഓൺലൈൻ വഴിയുള്ള സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നവരുടെ എണ്ണത്തിൽ വ്യാപകമായ വർധനവ് സൃഷ്ടിച്ചു. ഇതിന്റെ തുടർച്ചയെന്നോണം 2005ൽ സംസ്ഥാനത്ത് ഒരു ഡാറ്റാ സെന്റർ സ്ഥാപിക്കപ്പെടുകയും ഡിജിറ്റൽ സേവനങ്ങളുടെ വ്യാപനത്തിനും അവയുടെ വിവര ശേഖരണത്തിനും ഈ സംരംഭം ഒരു പരിധി വരെ സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കുകയും ചെയ്തു. ഇതോടെ ഏതാനും ഇ-ഗവേണൻസ് ആപ്ലിക്കേഷനുകൾ നിർമ്മിക്കാനും ശ്രമങ്ങൾ ആരംഭിച്ചു.

ഭാരത സർക്കാർ 2006ൽ ആവിഷ്കരിച്ച ദേശീയ ഇ-ഭരണ പദ്ധതി (എൻഇജിപി) സംസ്ഥാനത്തെ ഇ-ഗവേണൻസ് സംരംഭങ്ങളെ ഏറെ പ്രോത്സാഹിപ്പിക്കുകയുണ്ടായി. തുടർന്ന് എൻഇജിപിയുടെ മേൽനോട്ടത്തിൽ കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക് (KSWAN), ഇ-ഡിസ്ട്രിക്റ്റ്, ഇ-പ്രോക്യൂർമെന്റ് തുടങ്ങിയ ഏതാനും മിഷൻ മോഡ് പ്രോജക്ടുകൾ ഈ കാലയളവിൽ നടപ്പാക്കാനായി. വിവിധ വകുപ്പുകൾ കൈകാര്യം ചെയ്യുന്ന ഫയലുകളിന്മേൽ കാര്യക്ഷമത, വേഗത, സുതാര്യത എന്നിവ കൊണ്ടുവരുവാൻ ലക്ഷ്യമിട്ട് 2014ൽ കേരള സെക്രട്ടേറിയറ്റിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കിയ ഇ-ഓഫീസ് പദ്ധതി സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

സംസ്ഥാനത്തെ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക ലക്ഷ്യമിട്ട് 2013ൽ സ്ഥാപിച്ച സ്റ്റാർട്ടപ്പ് വില്ലേജ് മറ്റ് സംസ്ഥാനങ്ങൾക്ക് പോലും മാതൃകയായി മാറി. ഐസിടി മേഖലയിൽ കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കാൻ സംസ്ഥാനത്ത് അങ്ങോളമിങ്ങോളമുള്ള ജില്ലകളിൽ സൈബർ പാർക്കുകൾ ആരംഭിക്കാനും ഈ കാലഘട്ടത്തിൽ സാധ്യമായി. ഇ-ഭരണം ജനങ്ങളുടെ പടിവാതിൽക്കൽ ലഭ്യമാക്കാനുള്ള സംരംഭമായ 2300 അക്ഷയ കേന്ദ്രങ്ങൾ സംസ്ഥാനത്ത് 1000 ഗ്രാമ പഞ്ചായത്തുകളിലായി വ്യാപിച്ചു കിടക്കുന്നു. ആകെ ജനസംഖ്യയുടെ 95% പേരെയും ആധാർ പട്ടികയിൽ ഉൾപ്പെടുത്തിയതും 2013-2015 കാലയളവിൽ 65% ആളുകൾ തങ്ങളുടെ ബാങ്ക് അക്കൗണ്ടുകൾ ആധാർ നമ്പരുമായി ലിങ്ക് ചെയ്ത് ഡയറക്ട് ബെനിഫിഷ്യറി ട്രാൻസ്ഫർ പോലുള്ള സേവനങ്ങൾ ലഭ്യമാക്കി തുടങ്ങിയതും രാജ്യത്തിനു മികച്ച മാതൃകയാണ്.

പൊതു വിദ്യാഭ്യാസ മേഖലയിൽ ഐടി@സ്കൂൾ പദ്ധതിയുടെ നേതൃത്വത്തിൽ അവതരിപ്പിക്കപ്പെട്ട ഡിജിറ്റൽ കൊളാബറേറ്റീവ് സംരംഭം മറ്റൊരു ശ്രദ്ധാകേന്ദ്രമാണ്. പുസ്തകങ്ങളുടെ സാധാരണ സ്കാൻ പകർപ്പിന് പുറമെ ഓഡിയോ വീഡിയോ ഫോർമാറ്റുകളുടെ രൂപത്തിൽ പാഠഭാഗങ്ങളെ പരിചയപ്പെടുത്തുന്ന ഈ സംരംഭം പൊതുമേഖല സ്കൂളുകളിലെ 3.7 ദശലക്ഷം വിദ്യാർത്ഥികൾക്കും 2 ലക്ഷം അധ്യാപകർക്കും പ്രയോജനം ചെയ്യുമെന്നു കരുതുന്നു. ഇതിനോടൊപ്പം സർക്കാർ ജീവനക്കാർക്കിടയിൽ ഐടിയിൽ മികച്ച ശേഷിയുള്ളവരെ കോർത്തിണക്കി വെർച്വൽ ഐടി കേഡർ പോലെയുള്ള ചില അതിനൂതന സംരംഭങ്ങളും ഏറെ താമസിയാതെ നടപ്പിലാക്കുമെന്ന് കരുതുന്നു.

ഭാരത സർക്കാർ വിഭാവനം ചെയ്തിരിക്കുന്ന 'ഡിജിറ്റൽ സ്റ്റേറ്റ്' എന്ന നിലയിൽ കേരളം മികച്ച നേട്ടം കൈവരിച്ചിരിക്കുകയാണ്. ദേശീയ ഒപ്റ്റിക്കൽ ഫൈബർ നെറ്റ്‌വർക്ക് (NoFN) പദ്ധതി പ്രകാരം NoFN

ശൃംഖല വഴി ബന്ധിപ്പിക്കപ്പെടുന്ന രാജ്യത്തെ ആദ്യ ജില്ല എന്ന ഖ്യാതി ഇടുക്കി ജില്ല കരസ്ഥമാക്കികഴിഞ്ഞു. ഈ നേട്ടങ്ങളിലൂടെ കേരളം ഡിജിറ്റൽ ഇന്ത്യ പദ്ധതിക്ക് മാതൃകയായി മാറിയിരിക്കുകയാണ്. അതോടൊപ്പം രാജ്യത്ത് ക്ലൗഡ് അടിസ്ഥാന ഡാറ്റാ സെന്റർ സജ്ജമാക്കുന്ന രണ്ടാമത്തെ സംസ്ഥാനമെന്ന പദവിയും കേരളത്തിനുണ്ട്. 2015 മധ്യത്തോടെ കേന്ദ്ര സർക്കാരിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കിയ ഡിജിറ്റൽ ലോക്കർ പദ്ധതി പരിചയപ്പെടുത്താൻ തിരഞ്ഞെടുത്ത സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളത്തിനു പ്രഥമ പരിഗണന ലഭിച്ചത് ഈ നേട്ടങ്ങളുടെ വെളിച്ചത്തിലാണ്.

## കേരളത്തിലെ ഇ-സംവിധാനങ്ങളുടെ വിന്യാസം

ഇ-ഗവേണൻസിൽ മാത്രം ശ്രദ്ധ ചെലുത്താതെ 'ഡിജിറ്റൽ സ്റ്റേറ്റ്' എന്ന അംഗീകാരം ലഭിക്കാൻ തക്ക വിധം വിവിധ മേഖലകളിലെ പ്രവർത്തനങ്ങൾ ഡിജിറ്റൽ സംവിധാനം വഴി മെച്ചപ്പെടുത്താൻ സംസ്ഥാനം ശ്രദ്ധിച്ചിട്ടുണ്ട്.

1. അവശ്യ സേവനം എന്ന നിലയിൽ ഓരോ പൗരനും ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ലഭ്യമാക്കുക.
2. ആവശ്യാനുസരണം ഇ-ഗവേർണൻസ്, ഇ-സേവനങ്ങൾ ലഭ്യമാക്കുക.
3. പൗരന്മാരുടെ ഡിജിറ്റൽ ശാക്തീകരണം.
4. ഐടി പാർക്കുകൾ, സ്റ്റാർട്ട്-അപ്പ് സംരംഭങ്ങൾ എന്നിവ രൂപീകരിക്കുക. ഇവയിലൂടെ സംസ്ഥാനത്തെ ഐടി - വളർച്ചയ്ക്ക് ഉതകുന്ന ഒരു പരിസ്ഥിതി സൃഷ്ടിച്ചെടുക്കുക.

ഈ ഘടകങ്ങളെല്ലാം സമാന തോതിൽ പരിഗണിച്ചുകൊണ്ടാണ് 'ഡിജിറ്റൽ സ്റ്റേറ്റ്' എന്ന ലക്ഷ്യം കേരളം കൈവരിച്ചത്.

## 'ക്ലൗഡ്' അധിഷ്ഠിത ഇ-ഗവേണൻസ്

ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്കു മാത്രമായി കേരളം സജ്ജമാക്കിയ രാജ്യത്തെ തന്നെ ഇത്തരത്തിലുള്ള ആദ്യ ഡാറ്റാ സെന്റർ തിരുവനന്തപുരം നഗര മദ്ധ്യത്തിലുള്ള കോ-ബാങ്ക് ടവേഴ്സിലാണ് സ്ഥിതി ചെയ്യുന്നത്. 2005ൽ പ്രവർത്തനമാരംഭിച്ച ഈ സംവിധാനം പുതിയ ഡാറ്റാ സെന്ററിന്റെ വരവോടെ സ്റ്റേറ്റ് ഡാറ്റാ സെന്റർ-1 എന്ന് പുനർനാമകരണം ചെയ്തിട്ടുണ്ട്.

2012 ജനുവരിയിൽ തിരുവനന്തപുരം ടെക്നോപാർക്കിൽ കേന്ദ്ര ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി വകുപ്പിന്റെ ധനസഹായത്തോടെ ആരംഭിച്ച സ്റ്റേറ്റ് ഡാറ്റാസെന്റർ-2, രാജ്യത്തെ ക്ലൗഡ് അടിസ്ഥാന ഡാറ്റാ സെന്റർ സജ്ജമാക്കുന്ന രണ്ടാമത്തെ സംസ്ഥാനമെന്ന ഖ്യാതി കേരളത്തിന് നേടിത്തരുകയും ചെയ്തു. ക്ലൗഡ് അടിസ്ഥാന സെർവർ സൗകര്യം നിലവിൽ വന്നതോടെ ഓരോ വകുപ്പിലേക്കും പ്രത്യേകം സെർവർ വാങ്ങാതെയും വളരെയെളുപ്പത്തിലും പൊതുവായ വിവരങ്ങൾ പങ്കിടുന്നതിനു കഴിയും. ഈ സേവനം കൊണ്ട് ഡൗൺടൈം കുറയ്ക്കുക, ഓട്ടോമാറ്റിക് സോഫ്റ്റ്വെയർ ഇന്റഗ്രേഷൻ എളുപ്പത്തിലുള്ള ബാക്ക് അപ്പ് & റിക്കവറി എന്നിവ സാധ്യമാണ്.

## കണക്ടിംഗ് കേരള

കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് (KSWAN), നാഷണൽ നോളജ് നെറ്റ്‌വർക്ക് (NKN) എന്നിവ ചേരുമ്പോൾ സംസ്ഥാനത്തെ ജില്ലാ ഭരണ കേന്ദ്രങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്ന നെറ്റ്‌വർക്കിങ് ബാക്ബോൺ സംജാതമാകും.

## കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് (KSWAN)

3 നെറ്റ്‌വർക്ക് ഓപ്പറേറ്റിങ് സെന്ററുകളേയും (NOCs), 14 ജില്ലാ ഹെഡ്ക്വാർട്ടേഴ്സുകളേയും, 152 ബ്ലോക്ക് ഹെഡ്ക്വാർട്ടേഴ്സുകളെയും മിനി പോയിന്റ് ഓഫ് പ്രസന്റേഷനുകളേയും (POP) പരസ്പരം ബന്ധിപ്പിക്കുന്ന സ്റ്റേറ്റ് നെറ്റ്‌വർക്കിന്റെ നട്ടെല്ലാണ് കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്‌വർക്ക് (KSWAN).

## ദേശീയ ഒപ്റ്റിക്കൽ ഫൈബർ നെറ്റ്‌വർക്ക് (NOFN)

ദേശീയ ഫൈബർ നെറ്റ്‌വർക്ക് (NOFN) എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും ഹൈസ്പീഡ് കണക്ടിവിറ്റി നൽകുന്നു. NOFN ശൃംഖല വഴി ബന്ധിപ്പിക്ക

പ്പെടുന്ന രാജ്യത്തെ ആദ്യ ജില്ല എന്നത് ഇടുക്കി ജില്ലയ്ക്ക് സ്വന്തമാണ്.

## നാഷണൽ നോളജ് നെറ്റ്‌വർക്ക് (NKN)

നാഷണൽ നോളജ് നെറ്റ്‌വർക്ക് (NKN) സംവിധാനം വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് വളരെ ഉയർന്ന ബാൻഡ് വിഡ്ത്ത് നൽകുന്ന കണക്ടിവിറ്റി വാഗ്ദാനം ചെയ്യുന്നു.

## സംരംഭകത്വ വികസനവും ഐടി കയറ്റുമതിയും

പഠനശേഷം തൊഴിൽ തേടിയലയുന്ന കാലം ഒഴിവാക്കി സ്വന്തമായി തൊഴിലവസരങ്ങൾ സൃഷ്ടിച്ച് സ്വയം തൊഴിൽ കണ്ടെത്തുന്നതിനോടൊപ്പം മറ്റുള്ളവർക്ക് തൊഴിലവസരങ്ങളും നൽകുക എന്നതാണ് 2014ൽ കേരള സർക്കാർ പ്രഖ്യാപിച്ച സ്റ്റാർട്ടപ്പ് പോളിസി ലക്ഷ്യമിടുന്നത്. കേരളത്തിലെ വിദ്യാർത്ഥികളും യുവാക്കളും സംരംഭകരാകുന്നതിന് ഇത്തരമൊരു പദ്ധതിയിലൂടെ കളമൊരുങ്ങുകയാണ്. നിലവിൽ അഞ്ഞൂറോളം സ്റ്റാർട്ടപ്പ് സംരംഭങ്ങൾ ഇതിനകം ഈ പദ്ധതിയുടെ ഭാഗമായി തുടക്കമിട്ടു കഴിഞ്ഞു. ഐ.ടി/ടെലികോം മേഖലയിലെ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഈ പദ്ധതി ടൂറിസം, ഭക്ഷ്യസംസ്കരണം, കൃഷി, ജനിതകശാസ്ത്രം എന്നീ മേഖലകളിലും വ്യാപിപ്പിക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

'യുവ സംരംഭക ഉച്ചകോടി' എന്ന നൂതന ആശയത്തിലൂടെ മികച്ച ആശയവുമായെത്തുന്ന യുവാക്കളെ സംരംഭകരാക്കാൻ സംസ്ഥാനത്തിന് സാധിച്ചു. സംസ്ഥാന സംരംഭക വികസന മിഷന് രൂപം നൽകുകയും 20 ലക്ഷം വരെ പലിശരഹിത വായ്പ നൽകുന്നതിനുള്ള പദ്ധതിയും ഇതിനികം ആരംഭിച്ചു കഴിഞ്ഞു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകൾ എന്ന തലത്തിലേക്ക് പറിച്ചുനടപ്പെട്ടത് മാതൃകാപരമായ പദ്ധതിയായാണ് അറിയപ്പെടുന്നത്. തിരുവനന്തപുരം ടെക്നോപാർക്കിലെ ടെക്നോളജി ബിസിനസ് ഇൻകുബേറ്റർ സൗകര്യവും യുവാക്കളായ സംരംഭകരെയാണ് ലക്ഷ്യമിടുന്നത്.

സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ (എം.എസ്.എ.ഇ) എണ്ണത്തിലും, മികച്ച തൊഴിൽ ദാതാവ് എന്ന നിലയിലും സ്റ്റാർട്ടപ്പ് പോളിസിയിലൂടെ ശ്രദ്ധേയമായ നേട്ടമാണ് സംസ്ഥാനം കൈവരിച്ചത്. കഴിഞ്ഞ നാല് സാമ്പത്തികവർഷങ്ങളിലായി 51,889 പുതിയ എം.എസ്.എം.ഇ.കളാണ് സംസ്ഥാനത്തുണ്ടായത്. ഇവയിലൂടെ 2,97,369 പേർക്ക് തൊഴിലും 8225.05 കോടിയുടെ നിക്ഷേപവും സാധ്യമായി.

കൊച്ചി ഇൻഫോപാർക്കിലെ സ്റ്റാർട്ടപ്പ് വില്ലേജിൽ സ്ഥാപിച്ചിട്ടുള്ള പ്രത്യേക ഇന്നവേഷൻ സോൺ സംസ്ഥാനത്തെ മിടുക്കരായ യുവതീയുവാക്കൾക്ക് അവരുടെ കഴിവും അറിവും പരമാവധി പ്രയോജനപ്പെടുത്തുന്നതിനനുസൃതമായ അന്തരീക്ഷം സൃഷ്ടിക്കുകയെന്ന ലക്ഷ്യം മുന്നിൽ കണ്ടുള്ളതാണ്.

1995ൽ കാര്യവട്ടത്തെ കേരളാ യൂണിവേഴ്സിറ്റി കാമ്പസിലെ വൈദ്യൻകുന്നെന്ന സ്ഥലത്ത് നിന്നും പ്രവർത്തനമാരംഭിച്ച രാജ്യത്തിനാകെ മാതൃകയായ തിരുവനന്തപുരം ടെക്നോപാർക്കിനു ഇതിനകം 25 വയസ് പൂർത്തിയായി. ഇന്ത്യയിലെ ഏറ്റവും വലിയ ഐടി പാർക്കെന്ന ബഹുമതിയും ഇന്ന് ഈ ഐടി അനുബന്ധ വ്യവസായ സമുച്ചയത്തിനു സ്വന്തം.

പ്രഖ്യാപിത തൊഴിലവസരങ്ങളും സോഫ്റ്റ്‌വെയർ രംഗത്തെ വിദേശ വിപണന പ്രതീക്ഷകളും പലപ്പോഴും കണക്കുകൂട്ടലുകൾ തെറ്റിച്ചപ്പോൾ രാജ്യത്തെ അഭ്യസ്തവിദ്യരുടെയും കേരളത്തിന്റെയാകെയും പ്രത്യേകിച്ച് തിരുവനന്തപുരം നഗരത്തിന്റെ പ്രതീക്ഷകളുയർത്തി ടെക്നോപാർക്ക് അഭിമാനപാതയിൽ മുന്നേറുകയാണ്. പരോക്ഷമായി മൂന്നുലക്ഷം പേർക്ക് തൊഴിൽ നൽകി വികസനത്തിന്റെ കൊടിപിടിക്കുന്ന ഇവിടം കേരളത്തിനുള്ളിൽ മലയാളിയുടെ പുതിയ തൊഴിൽ സംസ്കാരത്തിന് നിർവചനമേകിയ സംരംഭം കൂടിയാണ്.

## പ്രധാന ഡിജിറ്റൽ സംരംഭങ്ങൾ

വിവിധ സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് സൗകര്യപ്രദമായി വീടിനടുത്തുള്ള പൊതുജന സേവന കേന്ദ്രങ്ങളിൽ നിന്നോ അക്ഷയ കേന്ദ്രങ്ങളിൽ നിന്നോ വളരെ വേഗത്തിൽ ലഭ്യമാകുന്നതിനു ഡിജിറ്റൽ സംവിധാനത്തിലൂടെ സാധിക്കുന്നു.

അതാത് വകുപ്പുകളിൽ നടപ്പിലാക്കിയ കമ്പ്യൂട്ടർവത്ക്കരണം പരമാവധി പ്രയോജനപ്പെടുത്തി

സുതാര്യമായും നിഷ്പക്ഷമായും വേഗതയിലും സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്ന താണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. പ്രാരംഭഘട്ട ത്തിൽ കേരളത്തിൽ കണ്ണൂരും പാലക്കാടുമാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കിയത്. കേരള സ്റ്റേറ്റ് ഐ.ടി. മിഷന്റെ നേതൃത്വത്തിലാണ് ഈ പദ്ധതിയുടെ നിർവഹണം നടക്കുന്നത്.

കേരളത്തിൽ ഏകദേശം 17 ലക്ഷത്തിൽപരം അപേക്ഷകളിന്മേൽ ഡിജിറ്റൽ ഒപ്പോടുകൂടി സർട്ടി ഫിക്കറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. മൂന്നര മാസ ങ്ങൾക്കുള്ളിൽ എല്ലാ ജില്ലകളിലും ഇ-ഡിസ്ട്രിക്ട് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് നമുക്ക് കഴിഞ്ഞു.

കൂടാതെ ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ കുറ്റമറ്റ നടത്തിപ്പിനായി വിപുലമായ സാങ്കേതിക സൗകര്യ ങ്ങളും അനുബന്ധ സേവനങ്ങളുമാണ് ഐ.ടി. മിഷൻ ഒരുക്കിയിട്ടുള്ളത്. കേരളത്തിലെ വില്ലേജ് ഓഫീസു കൾ കമ്പ്യൂട്ടർവത്ക്കരിച്ച് അതാത് വില്ലേജ് ഓഫീ സർമാർക്ക് ഇന്റർനെറ്റ് സൗകര്യത്തോടെയുള്ള ലാപ്ടോപ്പുകൾ നൽകിയിട്ടുണ്ട്.

ഈ പദ്ധതിയുടെ ആദ്യഘട്ടത്തിൽ റവന്യൂവ കുപ്പിന്റെ 23 സേവനങ്ങളാണ് പൊതുജനങ്ങൾക്ക് ലഭി ക്കുന്നത്. മോട്ടോർ വാഹനവകുപ്പ്, തദ്ദേശ സ്വയംഭ രണ വകുപ്പ് തുടങ്ങിയവയുടെ സേവനങ്ങൾ ഇപ്പോൾ തന്നെ ഓൺലൈനിൽ ലഭ്യമാണ്. ഇവയടക്കം മറ്റു വകുപ്പുകളുടെ സേവനങ്ങളും താമസിയാതെ ഇ-ഡി സ്ട്രിക്ട് പദ്ധതി വഴി ലഭ്യമാകും. ഇതുവഴി എല്ലാ രേഖകളും പരസ്പരം കാണാനും പരിശോധിക്കാനു മുള്ള സൗകര്യം എല്ലാ സർക്കാർ ജീവനക്കാർക്കും ലഭ്യമാകും. അപേക്ഷ സമർപ്പിക്കുമ്പോഴും തുടർന്നുള്ള ഘട്ടങ്ങളിലും എസ്.എം.എസ് സന്ദേശ ങ്ങൾ അപേക്ഷകന് ലഭിച്ചുകൊണ്ടിരിക്കും. സർട്ടിഫി ക്കറ്റ് ഡിജിറ്റൽ ഒപ്പോടുകൂടി അംഗീകരിക്കുന്ന മുറയ്ക്ക് സർട്ടിഫിക്കറ്റ് നമ്പറും, പ്രിന്റ് ചെയ്യുന്നതി നുള്ള രഹസ്യ കോഡും എസ്.എം.എസ് വഴി അപേ ക്ഷകന് ലഭിക്കും. ഇതുപയോഗിച്ച് എത്രതവണ വേണമെങ്കിലും സർട്ടിഫിക്കറ്റുകളുടെ പകർപ്പ് എടു ക്കാവുന്നതാണ്. സർട്ടിഫിക്കറ്റുകളുടെ ആധികാരി കത ഏതു സമയത്തും ഓൺലൈനിൽ പരിശോധിച്ച് ബോധ്യപ്പെടാവുന്നതാണ്. റേഷൻ കാർഡ്, ഡ്രൈവിംഗ് ലൈസൻസ് തുടങ്ങിയ തിരിച്ചറിയൽ രേഖകളുടെ പകർപ്പ് നൽകുന്ന രീതിയ്ക്ക് പകരം അവയുടെ നമ്പർ നൽകിയാൽ മതിയാകും. ഒരു തവണ അക്ഷയാ കേന്ദ്രങ്ങൾ വഴി അപേക്ഷ നൽകി ക്കഴിഞ്ഞാൽ പിന്നീട് ഏതു സമയത്തും ഇന്റർനെറ്റ് സൗകര്യമുള്ള ഏതു കമ്പ്യൂട്ടറിൽ നിന്നും സർട്ടിഫി ക്കറ്റ് പ്രിന്റ് എടുക്കുന്നതിനുള്ള സൗകര്യം നിലവി ലുണ്ട്.

## സമ്പൂർണ ഡിജിറ്റൽ സംസ്ഥാനം

ഇ-ഡിസ്ട്രിക്ട് പദ്ധതിക്കു പുറമേ നിരവധി ഇ-സേവനങ്ങളും സംസ്ഥാന സർക്കാർ നൽകുന്നുണ്ട്. ഫ്രണ്ട്സ്, എം ഗവേണൻസ്, സിറ്റിസൺസ് കോൾ സെന്റർ എന്നിവയാണ് മറ്റു പ്രധാന സേവനങ്ങൾ. ഇവ കൂടാതെ സിവിൽ രജിസ്ട്രേഷൻ, വിദ്യാഭ്യാസം (വിവിധ സ്കോളർഷിപ്പുകൾ, ഐടി വിദ്യാഭ്യാസം തുടങ്ങിയവ), തൊഴിൽ (കേരള പി.എസ്.സി.), ലാൻഡ്, ട്രാൻസ്പോർട്ട് (ഇ-പേമെന്റ്), നികുതി (വാ ണിജ്യ നികുതി, പ്രോപ്പർട്ടി ടാക്സ്), ഹോം (ട്രാഫിക് നിയമ ലംഘനങ്ങൾ), സംസ്കാരം, വിനോദം (വിസ ഓൺ അറൈവൽ, ഓൺലൈൻ ടൂറിസ്റ്റ് ഇൻഫോ; ഇ-ഹോട്ടൽ രജിസ്ട്രേഷൻ) തുടങ്ങിയ ഗവൺമെന്റ്-റ്റു-സിറ്റിസൺസ് സംരംഭങ്ങളും; ഇ-ഓഫീസ്, ഇ-പ്രോക്യുർമെന്റ്, സ്പാർക്ക്, ഇൻഫർമേഷൻ ആന്റ് ഡാറ്റാ എക്സ്ചേഞ്ച് അഡ്വാൻസ്ഡ് സിസ്റ്റം (ഐ ഡിയാസ്), വീഡിയോ കോൺഫറൻസിംഗ്, ഇ-മെ യിൽ മാനേജ്മെന്റ് സിസ്റ്റം തുടങ്ങിയ ഗവൺമെന്റ്റു ഗവൺമെന്റ് സംരംഭങ്ങളും സർക്കാർ നൽകുന്നുണ്ട്.

രാജ്യത്തെ ആദ്യ ഡിജിറ്റൽ സംസ്ഥാനമായി കേരളത്തെ പ്രഖ്യാപിക്കവേ, സംസ്ഥാനത്തെ നില വിലുള്ള സാഹചര്യം ശക്തിപ്പെടുത്തുന്നതിനുള്ള ഒരു ഡിജിറ്റൽ എംപവർമെന്റ് കാമ്പെയ്നു കൂടി രാഷ്ട്ര പതി തുടക്കം കുറിക്കുകയുണ്ടായി. 2020-ഓടു കൂടി സംസ്ഥാനത്തെമ്പാടും ഡിജിറ്റൽ സാങ്കേതിക വിനി മയം കൂടുതൽ അർത്ഥവത്തായും ഫലവത്തായും നട പ്പിലാക്കാനുള്ള ഈ കൂട്ടായ യത്നത്തിൽ നമുക്കും പങ്കാളികളാകാം.

*(സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസ ചാനലായ വിക്ടേർസിന്റെ സ്റ്റുഡിയോ മാനേജരാണ് ലേഖകൻ)*

# കേര ഉത്പന്ന രംഗത്ത് വൻ തൊഴിലവസരങ്ങൾ

ആർ. ജ്ഞാനദേവൻ

കേര കർഷകരുടെ ചിരകാല സ്വപ്നമായ നീരയും നീര ഉത്പന്നങ്ങളും വിപണിയിൽ സജീവമായി കഴിഞ്ഞതോടെ സംസ്ഥാനത്ത് വൻതോതിലുള്ള തൊഴിലവസരങ്ങളാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ആരോഗ്യ ദായകവും പോഷക പ്രധാനവുമായ ഉത്പന്നം എന്ന നിലയിൽ ആഭ്യന്തര വിപണിയിലും അന്താരാഷ്ട്ര വിപണിയിലും നീരയ്ക്ക് ആവശ്യകത ഏറി വരുന്നു. നീര വ്യവസായത്തിന് തടസ്സമായി നിന്ന ഉത്പാദനം, വിപണനം എന്നിവ സംബന്ധിച്ച അബ്കാരി നിയമ നിയന്ത്രണവും നീര വാണിജ്യാടിസ്ഥാനത്തിൽ ഉത്പാദിപ്പിച്ച് സംസ്ക്കരിക്കാനുള്ള സംവിധാനങ്ങളുടെ അപര്യാപ്തയും ഇന്ന് നീങ്ങിക്കഴിഞ്ഞു. കേരളത്തിലെ 14 ജില്ലകളിലായി ഇതിനകം 438 നാളികേര ഉത്പാദക ഫെഡറേഷനുകൾക്ക് നീര ഉത്പാദിപ്പിക്കാനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. ഒരു ഫെഡറേഷന് 5000 തെങ്ങെന്ന നിലയിൽ 21,90,000 തെങ്ങുകളിൽ നിന്ന് നീര ഉത്പാദിപ്പിച്ച് വിപണനം നടത്താൻ സാധിക്കും. അതായത്, ഒരു ടെക്നീഷ്യന് 10 തെങ്ങ് എന്ന നിലയ്ക്ക് 219000 ടെക്നീഷ്യൻമാരുടെ തൊഴിലവസരങ്ങൾ ഈ മേഖലയിൽ ഉണ്ട്. കൂടാതെ 8 നാളികേര ഉത്പാദക കമ്പനികളിലായി ഏകദേശം 1 ലക്ഷം ലിറ്റർ നീര പ്രതിദിനം സംഭരിച്ച് സംസ്ക്കരിച്ച് വിപണനം നടത്താനുള്ള നീര പ്ലാന്റുകൾ നിലവിൽ വന്നു കഴിഞ്ഞു. പക്ഷേ, നീര വ്യവസായത്തിന് തടസമായി നിൽക്കുന്ന നീര ടെക്നീഷ്യൻമാരുടെ അപര്യാപ്തത ഇന്നും പൂർണ്ണമായി പരിഹരിക്കാനായിട്ടില്ല.

നീര ഉത്പാദിപ്പിക്കുന്നതിന് ആവശ്യമായ സജ്ജീകരണങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് പരിശീലനം ലഭിച്ച നീര ടെക്നീഷ്യൻമാരുടെ ലഭ്യതയാണ്. നല്ല വരുമാനം ലഭിക്കുന്ന ഒരു തൊഴിൽ ആണെങ്കിൽ പോലും നമ്മുടെ നാട്ടിൽ തൊഴിലില്ലാതെ അലയുന്ന യുവതീ-യുവാക്കൾ ഈ മേഖലയിലേക്ക് കടന്നു വരുന്നില്ല. പരമ്പരാഗതമായ തെങ്ങ് ചെത്ത് പോലുള്ള ഒരു തൊഴിൽ എന്ന നിലയിലാണ് പലരും ഈ തൊഴിലിനെ കാണുന്നത്. എന്നാൽ പ്രകൃതിദത്ത ആരോഗ്യപാനീയമായ നീര പുളിക്കാതിരിക്കാനുള്ള സാങ്കേതിക വിദ്യകളെല്ലാം ചട്ടപ്പടി സ്വീകരിച്ചുകൊണ്ടുള്ള ഒരു ഉത്പാദന രീതിയാണ് നീര ടെക്നീഷ്യൻമാർ അനുവർത്തിക്കുന്നത്. ഒരു നീര ടെക്നീഷ്യന് 10 തെങ്ങിൽ നിന്ന് നീര ഉത്പാദിപ്പിക്കാൻ കഴിഞ്ഞാൽ ഒരു മാസം 15000 മുതൽ 25000 രൂപ വരെ വരുമാനം ലഭിക്കും. എന്നാൽ നല്ല വൈദഗ്ധ്യത്തോടു കൂടി തന്റെ ജോലി ചെയ്യാൻ താത്പര്യമുള്ള ഒരാളാണെങ്കിൽ തെങ്ങിന്റെ എണ്ണം കൂടുന്നതനുസരിച്ച് പരമാവധി 45000 രൂപ മുതൽ 50000 രൂപ വരെ കിട്ടുന്ന നിലയിലേക്ക് വരുമാനം ലഭിക്കുന്ന തൊഴിലാണിത്.

നാളികേര വികസന ബോർഡിന്റെ ആലുവ ആസ്ഥാനമായി പ്രവർത്തിക്കുന്ന സി.ഡി.ബി. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നീര മാസ്റ്റർ ടെക്നീഷ്യൻമാരാകാനുള്ള നൈപുണ്യ വികസന പരിശീലനം നൽകുന്നുണ്ട്. പരമ്പരാഗത ചെത്തു തൊഴിലാളിക്ക് രണ്ടാഴ്ചത്തെ തീവ്ര പരിശീലനത്തിനൊടുവിൽ മാസ്റ്റർ നീര ടെക്നീഷ്യൻമാരാകാം. പുതിയതായി ഈ രംഗത്തേക്ക് കടന്നു വരുന്നവർക്ക് ആറാഴ്ചത്തെ നീര ടെക്നീഷ്യൻ പരിശീലനം നാളികേര കമ്പനികൾ/ഫെഡറേഷനുകൾ മുഖേനയാണ് നടത്തുന്നത്. നാളികേര കമ്പനികളുടെ നേതൃത്വത്തിൽ മാസ്റ്റർ ടെക്നീഷ്യൻമാരെ ഉപയോഗിച്ചുകൊണ്ടാണ് ഈ പരിശീലനം നടത്തുന്നത്. ഇതുവരെ 469 മാസ്റ്റർ ടെക്നീഷ്യൻമാരും, 2000ഓളം നീര ടെക്നീഷ്യൻമാരും പരിശീലനം പൂർത്തിയാക്കി ഈ മേഖലയിൽ പ്രവർത്തിച്ചു വരുന്നു. നീര ടെക്നീഷ്യൻമാരുടെ ലഭ്യതക്കുറവ് പരിഹരിക്കാനായി പല നീര സംസ്ക്കരണ കമ്പനികളും ആസ്സാം, ബംഗാൾ, ഒഡീഷ, ജാർഖണ്ഡ് തുടങ്ങിയ അന്യസംസ്ഥാനങ്ങളിൽ നിന്നുമുള്ള യുവാക്കൾക്ക് പരിശീലനം നൽകിയാണ് നീര ഉത്പാദനം നടത്തിപ്പോരുന്നത്.



**രാജഗിരി കോളജിൽ നീര ടെക്നീഷ്യൻ പരിശീലനം**

ടാപ്പ് ചെയ്ത് കൊടുക്കുന്ന നീരയുടെ അളവിനനുസരിച്ചാണ് നീര ടെക്നീഷ്യൻമാരുടെ വേതനം നിശ്ചയിക്കുന്നത്. ശരാശരി നല്ല ആരോഗ്യമുള്ള ഒരു തെങ്ങിൽ നിന്ന് രണ്ടു മുതൽ നാലു ലിറ്ററോളം നീര ലഭിക്കുന്നു.

കൂടാതെ നീര ടെക്നീഷ്യൻ രംഗത്തെ തൊഴിൽ സാദ്ധ്യതകൾ മനസ്സിലാക്കി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് സ്ത്രീകളുടെ കൂട്ടായ്മയായ കുടുംബശ്രീയുടെ നേതൃത്വത്തിൽ വിവിധ സി.ഡി.എസുകളിൽ നിന്നായി 500 ഓളം വനിതകൾക്കുള്ള പരിശീലന പരിപാടി ആവിഷ്ക്കരിച്ചു വരുന്നു. 20 യുവതികളും 5 യുവാക്കളും അടങ്ങിയ ആദ്യ ബാച്ച് നീര ഉത്പാദിപ്പിക്കുന്നതിനുള്ള തയ്യാറെടുപ്പ് തുടങ്ങിക്കഴിഞ്ഞു. പ്രൊഫഷണൽ വിദ്യാഭ്യാസത്തിന് പുതിയ മാനം നൽകിക്കൊണ്ട് കളമശ്ശേരി രാജഗിരി കോളേജ് നാളികേര വികസനബോർഡിന്റേയും കുടുംബശ്രീയുടേയും സഹകരണത്തോടെയാണ് പരിശീലന പരിപാടി നടത്തുന്നത്. ഗ്രാമീണ ജനതയുടെ പുരോഗതിക്കുവേണ്ടി ഭാരത ഗ്രാമ വികസന മന്ത്രാലയം നടപ്പാക്കി വരുന്ന ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ കൗശൽ യോജന (DDU - GKY) എന്ന പദ്ധതിയുടെ ഭാഗമായാണ് മൂന്നു മാസം ദൈർഘ്യമുള്ള നീര ടെക്നീഷ്യൻ പരിശീനം ആരംഭിച്ചിരിക്കുന്നത്. പൂർണ്ണമായും സൗജന്യമായ ഈ കോഴ്സിൽ എല്ലാ പഠിതാക്കൾക്കും സൗജന്യ യൂണിഫോം, പഠന സാമഗ്രികൾ എന്നിവ ലഭ്യമാക്കുന്നതോടൊപ്പം സ്റ്റൈഫന്റും കൊടുക്കുന്നു. തെങ്ങിൽ കയറി നീര ഉത്പാദിപ്പിക്കുന്ന രീതികൾ ശാസ്ത്രീയമായി പഠിപ്പിക്കുന്നതോടൊപ്പം സോഫ്റ്റ് സ്കിൽ, കമ്പ്യൂട്ടർ പരിജ്ഞാനം, സ്പോക്കൺ ഇംഗ്ലീഷ് എന്നിവയിലും പരിശീലനം ലഭ്യമാക്കുന്നു. പരിശീലനം വിജയകരമായി പൂർത്തിയാക്കിയതിനുശേഷം നാളികേര വികസന ബോർഡിനു കീഴിലുള്ള നാളികേര ഉത്പാദക ഫെഡറേഷനുകളിൽ ഇവരെ നീര ടെക്നീഷ്യൻമാരായി നിയമിക്കുന്നതാണ്. പുതിയ ബാച്ചിന്റെ തെരഞ്ഞെടുപ്പ് പ്രക്രിയകൾ ഇക്കഴിഞ്ഞ ഫെബ്രുവരി മാസത്തോടെ ആരംഭിച്ചിട്ടുണ്ട്. പങ്കെടുക്കാൻ താല്പര്യമുള്ളവർക്ക് www. coconutboard.gov.in ൽ നിന്നും ബന്ധപ്പെട്ട ഫോം ഡൗൺലോഡ് ചെയ്ത് പരിശീലനത്തിന് അപേക്ഷിക്കാവുന്നതാണ്.

*(കൊച്ചി നാളികേര വികസന ബോർഡിൽ ഡെപ്യൂട്ടി ഡയറക്ടറാണ് ലേഖകൻ)*

*വിജ്ഞാനപാത*

## ഭിന്നശേഷിക്കാർക്കായി DISHA

കേന്ദ്ര സമൂഹ്യനീതി ശാക്തീകരണ മന്ത്രാലയം ഭിന്നശേഷി ഉള്ള കുട്ടികളുടെ ഉന്നമനത്തിനായി DISHA പദ്ധതി നടപ്പിലാക്കി. 10 വയസ്സുവരെ പ്രായമുള്ള കുട്ടികളുടെ പരിപാലനമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. വിവിധ തെറാപ്പികൾ, ട്രെയ്നിംഗുകൾ തുടങ്ങിയവ DISHA കേന്ദ്രങ്ങളിൽ ലഭ്യമാക്കും. ഡേ കെയർ സേവനം DISHA യിലൂടെ ഉറപ്പാക്കാനാകും.

## നിങ്ങൾക്കറിയാമോ?

# വില സ്ഥിരതാ ഫണ്ടുകൾ (Price Stabilisation Fund)

കാർഷിക, വാണിജ്യോത്പന്നങ്ങളുടെ വിപണി വില ക്രമാതീതമായി താഴേക്ക് പോകുമ്പോൾ കർഷകരെ സഹായിക്കാനാണ് വില സ്ഥിരതാഫണ്ടുകൾ. ദീർഘകാലത്തേക്കും സ്ഥിരമായതുമായ സഹായം കൃഷിക്കാരനു ഇതുപ്രകാരം ലഭിക്കുന്നു. തുടർച്ചയായി ഉത്പന്നങ്ങളുടെ വിപണിവില നിരീക്ഷിച്ചാകും വില സ്ഥിരതാ ഫണ്ട് നിശ്ചയിക്കുക.

കഴിഞ്ഞ കുറച്ചു കാലങ്ങളായി റബ്ബർ , തേയില, കാപ്പി, പുകയില എന്നിവയ്ക്ക് അന്താരാഷ്ട്ര വിപണിയിലും ആഭ്യന്തര വിപണിയിലും വില കുറവാണ്. ഇത് കർഷകർക്ക് വലിയ ദുരിതമാണ് സൃഷ്ടിക്കുന്നത്. ഇത് പരിഹരിക്കാനായി വാണിജ്യ നികുതി വകുപ്പ് വില സ്ഥിരതയ്ക്കുവേണ്ടിയുള്ള ഫണ്ടുകൾ പ്രഖ്യാപിക്കുകയും, 2002ലെ കാബിനെറ്റ് കമ്മിറ്റി (CCE) തത്വത്തിൽ അംഗീകരിക്കുകയും ചെയ്തു. 2003 ഏപ്രിലിൽ ഇത് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

പങ്കാളിത്ത വ്യവസ്ഥയിലാണ് ഇത് പ്രവർത്തിക്കുന്നത്. ഗവണ്മെന്റും കൃഷിക്കാരനും, തങ്ങളുടെ പങ്ക് ഇതിൽ നിക്ഷേപിക്കണം. ഉത്പാദനം സാധാരണ നിലയിലാണെങ്കിലും, കൂടുതലാണെങ്കിലും, കുറവാണെങ്കിലും ഇത് ബാധകമാണ്. സാധാരണ ഉത്പാദനം നടന്ന വർഷം ആണെങ്കിൽ ഗവണ്മെന്റും കർഷകനും 500 രൂപ വീതം നിക്ഷേപിക്കണം. ഇത് പിൻവലിക്കാൻ പറ്റില്ല. അധിക ഉത്പാദനം ഉള്ള വർഷമാണെങ്കിൽ കർഷകൻ 1000 രൂപയാണ് നിക്ഷേപിക്കേണ്ടത്. എന്നാൽ ഉത്പാദനം കുറഞ്ഞ വർഷം ആണെങ്കിൽ ഗവണ്മെന്റ് ഓരോ കർഷകനും 1000 രൂപ വീതം നിക്ഷേപിക്കുന്നു. കർഷകന് ഇത് പിൻവലിക്കാനുള്ള സൗകര്യം ഉണ്ട്. കർഷകർ ഒരു ചുമതലപ്പെട്ട ബാങ്കിൽ അക്കൗണ്ട് തുടങ്ങുകയാണ് ഇതിന്റെ ആദ്യ പടി. ഒരു ചെറുകിട കർഷകന് 500 രൂപ ഡെപ്പോസിറ്റ് തുകയായി നല്കി ഇതിൽ ഭാഗഭാക്കാവാൻ പറ്റും.

ഈ പദ്ധതി 10 വർഷക്കാലം പ്രവർത്തിച്ചിരുന്നു (ഏപ്രിൽ 1 , 2003 മുതൽ 2013 മാർച്ച് 31 വരെ). 12.77 ലക്ഷം ചെറുകിട കർഷകരിൽ നിന്നും 3.42 ലക്ഷം കർഷകരെയാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടായിരുന്നത്, പ്രത്യേകിച്ചും 4 ഹെക്ടറിലോ അതിൽ കുറഞ്ഞ തോതിലോ കൃഷി ചെയ്തിരുന്നവരെ. ഇതിനുവേണ്ടിയുള്ള ഫണ്ട് ഗവണ്മെന്റിന്റെ പൊതു അക്കൗണ്ടിലായിരുന്നു നിക്ഷേപിച്ചിരുന്നത്. നിക്ഷേപിച്ച തുകയുടെ പലിശ മാത്രമാണ് PSF നു വേണ്ടി ഉപയോഗിച്ചത്. വിപണി ഇടപെടലുകളെ സഹായിക്കാനായി 2016-17 കേന്ദ്ര ബജറ്റിൽ 900 കോടി രൂപയാണ് PSF നു വേണ്ടി മാറ്റിവച്ചിരിക്കുന്നത്.

## Dry fish to tasty dish

# ഞൊടിയിടയിൽ




ഡ്രിഷ് അവതരിപ്പിക്കുന്നു നിറത്തിലും സ്വാദിലും വ്യത്യസ്തമായ
അഷ്ടമുടിക്കായലിലെ ചെമ്മീനിന്റെ പുതിയ രുചിഭേദം. നൂതനമായ പാക്കിംഗിൽ, സൗരോർജ്ജ
പാനലുകൾ ഉപയോഗിച്ച് ശുദ്ധമായ ഡ്രൈയിംഗ് സംവിധാനം വഴി തയ്യാറാക്കിയത്.

**ഇനി ആസ്വദിക്കൂ ടേസ്റ്റിയായ ഡിഷുകൾ.**

*ഡ്രിഷിന്റെ മറ്റ് രുചിഭേദങ്ങൾ*

നീണ്ടകര ഡ്രൈഡ് മറൈൻ ഷ്രിംപ്

മലബാർ ഡ്രൈഡ് ആങ്കോവി

- Standardised by HACCP, FSSAI
- Rich in Omega-3 Fatty Acids
- UV Protected & 100% Natural (No preservatives)
- Winner of India Star Award 2015

STARK.Tvm.7297

Drish KERALA

KSCADC

Produced & Marketed by
**Kerala State Coastal Area Development Corporation,**
Vazhuthacaud, Thiruvananthapuram - 695 014, www.keralacoast.org
For trade enquiries, contact: 0471 2321520, Email: drishkerala@gmail.com

Technology from Central Institute of Fisheries Technology

**Yojana (Malayalam) March, 2016 Price Rs.30/- RNI No.22588/72 Postal Regn.KL/TV(S)/29/2015-17**
Licensed to post without pre-payment : KL/TV(S)/WPP/172/2015-17
Published on 1st March 2016




ഇന്ത്യാ ഗവണ്മെന്റിന്റെ പബ്ലിക്കേഷൻസ് ഡിവിഷനുവേണ്ടി **അഡീഷണൽ ഡയറക്ടർ ജനറൽ ഡോ. സാധനാ റാവുത്**
എസ്.ബി. പ്രസ്സ് (പ്രൈവറ്റ്) ലിമിറ്റഡിൽ അച്ചടിച്ച് തിരുവനന്തപുരത്തെ ഗവ. പ്രസ്സ് റോഡിലുള്ള യോജന ഓഫീസിൽ നിന്ന് പ്രസാധനം ചെയ്യുന്നത്.
**ചീഫ് എഡിറ്റർ - ദീപിക കച്ചൽ, സീനിയർ എഡിറ്റർ - ധന്യ സനൽ കെ.**